# തെങ്കൈലനാഥോദയം

പ്രബന്ധം

# തെങ്കൈലനാഥോദയം

പ്രബന്ധം

NATIONAL BOOK STALL
SPCS LTD.
KOTTAYAM

Sree Rama Varma Granthavali

# TENKAILANATHODAYAM

Prabandham

Book of the Erstwhile Malayalam
Improvement Committee.

Published by
The Kerala Sahitya Akademi
Malayalam Literature fund.

Third Impression, June, 1968
Copies One Thousand.

Printed at
The Prabuddhakeralam Press,
Puranattukara, Trichur.

(Rights held by The Kerala Sahitya Akademi
Malayalam Literature Fund.)

Price Rs. 2

ശ്രീ രാമവർമ്മഗ്രന്ഥാവലി

38156

# തെങ്കൈലനാഥോദയം

## പ്രബന്ധം

### (ടിപ്പണിസഹിതം)

കേരളസാഹിത്യ അക്കാദമിയിൽനിന്നു് പ്രസിദ്ധപ്പെടുത്തുന്ന
മുൻകൊച്ചി ഭാഷാപരിഷ്കരണകമ്മിററി വക ഗ്രന്ഥം.

പകർപ്പവകാശം
കേരളസാഹിത്യ അക്കാദമി മലയാളസാഹിത്യനിധിക്കു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

വില ക. 2.

1968

മൂന്നാംപതിപ്പ്
ആയിരം കോപ്പി

തൃശ്ശിവപേരൂർ പുറനാട്ടുകര
പ്രബുദ്ധകേരളം പ്രസ്സിൽ അച്ചടിച്ചത്

# അവതാരിക

കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മെററിയിൽനിന്നു 'ശ്രീരാമവമ്മഗ്രന്ഥാവലി'യുടെ 38-ാംനമ്പരായി പ്രസിദ്ധപ്പെടുത്തുന്ന ഈ തെക്കൈലനാഥോദയം പ്രബന്ധത്തിലെ വിഷയം കേരളഭൂമിയുടെ ഹാരമായ തൃശ്ശിവപേരൂർ നഗരത്തിലുള്ള സാക്ഷാൽ വടക്കുന്നാഥക്ഷേത്രത്തിലെ മൂലപ്രതിഷ്ഠയുടെ മഹിമാനുവണ്ണനമാണു്. ഇതിലെ കഥയുടെ സംഗ്രഹം താഴെ കാണിക്കുന്ന വിധത്തിലാകുന്നു.

ശ്രീ പരശുരാമൻ ക്ഷത്രവൈരാഗ്നി കത്തിയടങ്ങി ശാന്തത വരാത്തതായ മനസ്സിന്നു ശാന്തി സിദ്ധിക്കുവാൻ വേണ്ടി മഹേന്ദ്രപവ്വതത്തിൽ തപസ്സുചെയ്തുംകൊണ്ടിരിക്കുന്ന കാലത്തു് ഒരിക്കൽ സന്ന്യാസിമാരും യാജ്ഞികന്മാരുമായ ചില ബ്രാഹ്മണവരന്മാർ അദ്ദേഹത്തെ കാണ്മാനായി അവിടെ ചെന്നുചേന്നു. തപോനിഷ്ഠനായ പരശുരാമൻ അവരെ യഥോചിതം ആസനങ്ങളിലിരുത്തി ഭക്തിപൂവ്വം ആതിത്ഥ്യപൂജ ചെയ്തു് ആശീവ്വാദം സ്വീകരിച്ചതിന്നുശേഷം താനും ആസനസ്ഥനായി സ്വാഗതം പറഞ്ഞു കുശലപ്രശ്നംചെയ്തു് അവരുടെ ആഗമനപ്രയോജനമെന്തെന്നു ചോദിച്ചു. അപ്പോഠം അവരുടെ പ്രതിനിധിയായിട്ടു് ഒരു വൃദ്ധൻ ബ്രഹ്മഘാതിയായ കാത്തവീര്യാജ്ജുനനെ കൊന്നു് ''അഖിലക്ഷത്രിയജാതിവിഘാതം'' ചെയ്തു് ക്ഷത്രദുർഭരണംനിമിത്തം നാമാവശേഷമായിത്തീന്ന വണ്ണാശ്രമധമ്മമര്യാദയെ പുനഃസ്ഥാപിച്ച ആ മുനീന്ദ്രൻെറ അപദാനങ്ങളെ അത്യന്തം ശ്ലാഘിക്കുകയും വിഹിതകമ്മങ്ങളനുഷ്ഠിക്കുന്നതിന്നുവേണ്ടി സമ്പത്സമൃദ്ധമായ ഒരു ഭൂഭാഗം

തങ്ങൾക്ക കല്പിച്ചുതരണമെന്നു് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ വിശിഷ്ടമായ ഒരു യാഗത്തിൽ തൻെറ സവ്വധന ങ്ങളും ദാനംചെയ്തു കഴിഞ്ഞിരുന്നതിനാൽ അദ്ദേഹത്തിനു വൃദ്ധൻെറ വാക്ക കേട്ടപ്പോറം വലിയ വ്യാകുലതയാണു തോന്നിയതു്. വിഭവമെല്ലാമൊടുങ്ങി പരാധീനനായി ട്ടാണു താൻ അപ്പോറം വസിക്കുന്നതു്; ബ്രാഹ്മണരുടെ അപേക്ഷ തീൎച്ചയായും സാധിപ്പിക്കേണ്ടതുമാണു്. ആ അവസ്ഥയിൽ എന്താണു ചെയ്യേണ്ടതെന്നു ധ്യാനപൂൎവ്വം ആ ലോചിച്ചപ്പോറം ഒരു വഴികണ്ടു. പശ്ചിമസമുദ്രത്തിൻെറ വലിപ്പം കുറഞ്ഞൊന്നു ചുരുക്കി ആ കടലൊഴിഞ്ഞു കര വെച്ചുണ്ടാകുന്ന ഭൂമി ബ്രാഹ്മണൎക്കു ദാനം ചെയ്യുകയെന്ന താണു് ആ വഴി. അപ്രകാരം ചെയ്വാനുറച്ചു ശ്രീപരശു രാമൻ പശ്ചിമസമുദ്രതീരം പ്രാപിച്ചു വരുണനെ വിളിച്ചു സമുദ്രത്തിൻെറ നിഷ്ഫലമായ വിസ്താരം അല്പം കുറയ്ക്കണ മെന്നും അങ്ങനെ നികന്നുകിട്ടുന്ന സ്ഥലം ബ്രാഹ്മണൎക്കു ദാനംചെയ്വാൻവേണ്ടി തനിക്കു തരേണമെന്നും യാചിച്ചു. അതുകേട്ടു വരുണൻ പ്രത്യക്ഷീഭവിച്ചു് ''അങ്ങയെപ്പോ ലെയുള്ളവൎക്കു് 'മൎയ്യാദ കൈവിട്ടൊരു വചനം' യോഗ്യ മല്ല; എങ്കിലും ഇതു കൂടിയേ കഴിയൂ എങ്കിൽ ഒന്നു നിശ്ച യിക്കുക, യജ്ഞായുധമായ ഈ ശൂൎപ്പം സമുദ്രത്തിലേക്കെ റിഞ്ഞാൽ എവിടെ ചെന്നുവീഴുമോ അവിടംവരെയുള്ള സ്ഥലം അങ്ങയ്ക്കു് ഒഴിച്ചുതരാം.'' എന്നു പറഞ്ഞു ശൂൎപ്പം കൊടുത്തു. പരശുരാമൻ അതു സമ്മതിച്ചു ശൂൎപ്പം വാങ്ങി എറിവാൻ ഭാവിച്ചപ്പോറം സമുദ്രത്തിൽ കുറെ അകലത്താ യി സൂക്ഷ്മമായ അഗ്നിജ്വാലപോലെയുള്ള നിശ്ചലമായ ഒരു തേജസ്സു് കാണുമാറായി. കണ്ട ഉടനെതന്നെ അതു മറയുകയുംചെയ്തു. ആ തേജസ്സുകണ്ട പ്രദേശത്തേക്കു പരശു രാമൻ ശൂൎപ്പം എറിയുകയും, തൽക്ഷണം ആ സ്ഥലംവരെ സമുദ്രം ഒഴിഞ്ഞു കര നികന്നു മനോഹരമായ ഒരു ഭൂഭാഗം പ്രത്യക്ഷമാകയുംചെയ്തു. ആ ഭൂഭാഗത്തെ ഭൃഗുരാമൻ കൎമ്മി

കളായ ബ്രാഹ്മണക്ക ദാനംചെയ്തു. തെക്ക കന്യാകുമാരിയോളവും വടക്ക ഗോകണ്ണത്തോളവും നീണ്ട സഹ്യാദ്രിയുടെ പടിഞ്ഞാറുഭാഗത്തു കിടക്കുന്ന ആ ഭൂഭാഗത്തിനു കൊങ്കണമെന്നു പേരാകുന്നു. നിസ്തുലമായ ഐശ്വര്യത്തിന്നിരിപ്പിടമായ ആ കൊങ്കണഭൂമിയിൽ വിശിഷ്ടന്മാരായ ബ്രാഹ്മണർ വാസവും തുടങ്ങി. പിന്നെ അദ്ദേഹം ബ്രാഹ്മണക്ക ദാനംചെയ്ത ആ കമ്മഭൂമിയെ പരിപാലിക്കുന്നതിനു സൂര്യവംശാലങ്കാരമായ കേരളനെന്ന രാജാവിനെ നിയോഗിക്കുകയുംചെയ്തു.

അവിടെനിന്നു ഭാഗ്ഗവൻ ശിവനെ സേവിക്കുവാൻ വേണ്ടി കൈലാസത്തിലേക്കു പോയി. കൈലാസത്തിൽ ശിവപാരിഷദന്മാരായ നന്ദികേശ്വരപ്രഭൃതികൾ ഭക്തിപൂവ്വം സ്വീകരിച്ചു മുമ്പിൽ നടന്നു കാട്ടികൊടുത്ത മാഗ്ഗത്തിലൂടേ ചെന്നു് അദ്ദേഹം സ്വാമിയുടെ തിരുമുമ്പിൽ എത്തി. സനകസനന്ദാദികളായ യോഗീന്ദ്രന്മാരുടെ മദ്ധ്യത്തിൽ വച്ചു ശ്രീനാരദൻ ശ്രീ പരശുരാമനും കാത്തവീര്യാജ്ജുനനും തമ്മിലുണ്ടായ യുദ്ധത്തെ വണ്ണിക്കുന്നതു കേട്ടു തലകുലുക്കിക്കൊണ്ടിരിക്കുന്ന സമയത്താണു് ഭഗവാനെ പരശുരാമൻ കണ്ടതു്. കണ്ടഉടനെ അദ്ദേഹം തൃക്കാല്ക്കൽ വീണു സാഷ്ടാംഗം നമസ്കരിച്ചു. പാദപതിതനായ ആ 'ധർമ്മസൂനു'വിനെ പാവ്വതീപരമേശ്വരന്മാർ വാത്സല്യപൂവ്വം എടുത്തു മുറുകെ പുണന്നു മൂദ്ധാവിൽ മുകന്നു സംഭാവനം ചെയ്തു. അപ്പോൾ അദ്ദേഹം അടുക്കൽ നില്ക്കുന്ന സുബ്രഹ്മണ്യനേയും ഗണപതിയേയും പാഷ്ദന്മാരെയും കണ്ടു മന്ദസ്മിതം ചെയ്തു് ഭക്തിപൂവ്വം തലകുനിച്ചു്, താൻ സമുദ്രത്തെ അകലത്തു നീക്കിയതും അത്ഥികളായ ബ്രാഹ്മണക്ക ഭൂമിദാനംചെയ്തതും സ്വാമിയെ ഉണർത്തിച്ചു് അവിടുന്നു ശ്രീപാവ്വതീസമേതനായി താൻ നിർമ്മിച്ച ആ ഭൂഖണ്ഡത്തിൽ എഴുന്നള്ളി നിത്യസന്നിധാനം ചെയ്യണമെന്നപേക്ഷിച്ചു.

ശിവനാകട്ടെ, കമ്മങ്ങളുടെ നിലനില്പിനുവേണ്ടി ബ്രാഹ്മണക്ക ഭൂമിദാനം ചെയ്യതിനെ അഭിനന്ദിച്ചതിനുശേഷം ഏതാനും ദിവസം തന്നോടൊരുമിച്ചു കൈലാസത്തിൽ പാക്കണമെന്നും അതിനുമേൽ അഭീഷ്ടം സാധിപ്പിച്ചുതരാമെന്നുമാണ് അരുളിച്ചെയ്യതു്. അതു കേട്ടപ്പോറം പരശുരാമൻ അഭീഷ്ടസിദ്ധിയിൽ വരുന്ന വിളംബമോത്തു വൈമനസ്യംപൂണ്ടു മുഖം താഴ്ത്തി കാൽവിരൽകൊണ്ടു നിലംവരച്ചുംകൊണ്ടുനിന്നു. പുത്രനുണ്ടായ ആ ആശാഭംഗം കണ്ടപ്പോറം ശ്രീപാവ്വതി കരുണാപരവശയായി ഭവിച്ചു. ഭക്തനായ ഭൃഗുരാമൻെറ അപേക്ഷ 'അഖിലലോകാഭ്യുദയകര'മായ ഒരു കാര്യത്തെ പുരസ്സരിച്ചാകയാലും ഭക്തത്രാണം ഭഗവാൻെറ വ്രതമാകയാലും അക്കാര്യത്തിൽ കാലവിളംബം വരുത്തുന്നതു് ഉചിതമല്ലെന്നു ദേവി അഭിപ്രായപ്പെട്ടു. ആ അഭിപ്രായം അംഗീകരിച്ചു് അപ്പോറംതന്നെ ഭഗവാൻ പരശുരാമക്ഷേത്രത്തിലേക്ക സപരിവാരം എഴുന്നള്ളുവാൻ ഒരുങ്ങുകയുംചെയ്യു.

പാവ്വതീപരമേശ്വരന്മാർ വൃഷഭാരൂഢരായി സുബ്രഹ്മണ്യനോടും ഗണപതിയോടുംകൂടി പരശുരാമനോടൊരുമിച്ചു് എഴുന്നള്ളത്തു പുറപ്പെട്ടു. ബ്രഹ്മാദികളായ ദേവന്മാർ ഭഗവാനെ സേവിച്ചു. മഹഷിമാർ അവിടത്തെ മഹനീയമായ അനുഭാവത്തെ സ്തുതിച്ചു. നന്ദികേശ്വരൻ, ഭൃംഗിരിടി തുടങ്ങിയ ഗണഭടന്മാർ തിരുമുമ്പിൽ അകമ്പടി സേവിച്ചു. കൈലാസവാസികളായ സകലരും എഴുന്നള്ളത്തോടൊപ്പം അനുയാത്രചെയ്യു. ഭൂതഗണങ്ങളുടെ പദതാഡനങ്ങളാൽ ഭുവനം മുഴുവൻ കലുങ്ങി. ശിഷ്യാഗ്രഗണ്യനായ പരശുരാമൻ അഞ്ജലിബന്ധം ചെയ്യുകൊണ്ടു് ഭഗവാൻെറ അരികെത്തന്നെ യാത്രചെയ്യു. ഭഗവാൻ അദ്ദേഹത്തോടു മന്ദസ്മിതപൂവ്വം ലോകവാത്തകളെക്കുറിച്ചു കല്പിച്ചു ചോദിക്കുകയും അദ്ദേഹം ഉണത്തിച്ച വൃത്താന്തങ്ങറം കേട്ടുരസിക്കു

കയും ചെയ്തു. അങ്ങനെ സർവ്വപ്രകാരേണയും ആഡംബര ത്തോടുകൂടിയ എഴുന്നള്ളത്തു് കൊങ്കണഭൂമിയിൽ എത്തി. കൊങ്കണഭൂമിയുടെ മദ്ധ്യത്തിലെത്തിയപ്പോൾ ഭഗവാനെ വഹിച്ചുംകൊണ്ടുപോകുന്ന വൃഷരാജൻ പൊടുന്നനവേ ഒരു സ്ഥലത്തു 'സംവാസകൌതുഹലി'യായിട്ടു നില്പായി. ആ സ്ഥലത്തു പരശുരാമൻ ഒരു തേജസ്സു കാണുകയും ചെയ്തു. തദവസരത്തിൽ ഭഗവാൻ പരശുരാമന്റെ അഭീഷ്ടപൂരണ ത്തിനുവേണ്ടി ആ സ്ഥലത്തുതന്നെ എഴുന്നള്ളി ഇരുന്നരുള്ളു വാൻ തിരുമനസ്സിലുറയ്ക്കുകയും ചെയ്തു.

അനന്തരം പരമശിവൻ വിഷ്ണുഭഗവാനെ സ്മരിച്ചു. സ്മരണമാത്രത്തിൽത്തന്നെ വിഷ്ണു തിരുമുമ്പിൽ പ്രത്യക്ഷീ ഭവിച്ചു. ശിവൻ പുഞ്ചിരിപൂണ്ടു വിഷ്ണുവിനെ മാനിച്ചു് തെക്കുഭാഗത്തിരിക്കുവാൻ നിയോഗിക്കുകയും താൻ ജ്യോ തിർമ്മയമായ സ്വരൂപമവലംബിച്ചു വടക്കുഭാഗത്തു സന്നി ധാനം ചെയ്യുകയും ചെയ്തു. പിന്നെ വിചാരിച്ചു് ഭഗവാൻ മോഹാഭിഭൂതരായ മനുഷ്യർക്കു് അഭേദബുദ്ധിയുളവാക്കുന്ന തിനുവേണ്ടി ശ്രീനാരായണനോടുകൂടിച്ചേർന്നു് തെക്കും വട ക്കുമുള്ള മൂർത്തികളുടെ നടുവിൽ വസിച്ചു. ഗണപതി ഭഗ വാൻ ശ്രീപാർവ്വതിയുടെ ''ഘനകൃപാർദ്രകടാക്ഷലീലാസം വാദ''മനുസരിച്ചു സുപ്രസന്നനായിട്ടു് പിതാവിന്റെ മുമ്പിൽ അടുത്തായിട്ടു് ഇരുന്നരുളി. സർവ്വാംഗസുന്ദരിയും സകലാഭീഷ്ടദായിനിയുമായ ശ്രീപാർവ്വതീദേവി ശിവന്റെ പിന്നിൽ കുടികൊണ്ടു. ഏകനെങ്കിലും ലോകാനുഗ്രഹത്തി നുവേണ്ടി മൂന്നായിത്തിരിഞ്ഞു വസിക്കുന്ന പരമശിവനെ സേവിച്ചുംകൊണ്ടു് പരശുരാമനും തത്സമീപത്തിൽ സ്ഥിതിചെയ്തു.

അങ്ങനെയിരിക്കുന്ന കാലത്തു് കൊങ്കണരാജ്യം വാഴു ന്ന കേരളൻ ഗുണഗണങ്ങളെക്കൊണ്ടു് രാജ്യത്തിനുകൂടി തന്റെ പേരിൽ പ്രസിദ്ധിവരുത്തി വിധിപ്രകാരം രാജ്യ

പരിപാലനംചെയ്തു് വാദ്ധക്യം വന്നപ്പോൾ തപസ്സുചെയ്വാനുറച്ചു് തെങ്കൈലഭൂമിയിൽ വന്നു. അദ്ദേഹം അവിടെ സന്നിധാനം ചെയ്യുന്ന വൃഷരാജനെയും തെക്കും വടക്കും നടുക്കും വസിക്കുന്ന മൂർത്തികളെയും ശ്രീപാർവ്വതിയേയും സ്തുതിച്ചു ഭക്തിപൂർവ്വം സേവിച്ചുകൊണ്ടു കുറെക്കാലം അവിടെ പാർത്തു തപസ്സുചെയ്തു. ഒരുദിവസം അദ്ദേഹം പരബ്രഹ്മധ്യാനംചെയ്തു പരമാനന്ദാമൃതം അനുഭവിച്ചതിനു ശേഷം തെല്ലൊന്നു കണ്ണടച്ചപ്പോൾ സ്വപ്നത്തിൽ പരമശിവൻ പ്രത്യക്ഷനായി ആശീർവ്വാദം നല്കി തനിക്കു് ആ തെങ്കൈലസ്ഥാനം സാക്ഷാൽ കൈലാസത്തെക്കാൾ പ്രിയതരമാണെന്നും ഇവിടെ ക്ഷേത്രവും മതിലും ഗോപുരങ്ങളും മററും പണിയിക്കേണമെന്നും മേലിൽ കേരളരാജവംശത്തിൽ ജനിക്കുന്ന ഒരു രാജാവു് കൊങ്കണഭൂഖണ്ഡത്തിൽ തന്നെയുള്ള ചെല്ലൂർഗ്രാമത്തിൽ തൻെറ ബിംബം പ്രതിഷ്ഠിക്കുകയും അതുവഴി രാജവംശത്തിനു ശാശ്വതമായ ഐശ്വര്യം കൈവരികയും ചെയ്യുമെന്നും അരുളിച്ചെയ്തു് അന്തർദ്ധാനംചെയ്തു. സ്വപ്നത്തിൽനിന്നുണർന്നതിനുശേഷം രാജാവു് ''ആനന്ദാശ്ചര്യകൌതുഹലഭരിതമന''സ്സായിട്ടു് പരമശിവൻെറ അരുളപ്പാടുപോലെത്തന്നെ അവിടെ ക്ഷേത്രം, മതിൽ, ഗോപുരങ്ങൾ, സരസ്സുകൾ മുതലായവയും മതിൽക്കുപുറമെ മനോഹരമായ ഒരു പ്രദക്ഷിണവഴിയും മതിലിൻെറയും പ്രദക്ഷിണവഴിയുടേയും ഇടയിൽ പ്രമഥഗണങ്ങളുടെ വാസസ്ഥാനമായിട്ടു് ഒരു വേപ്പിൻതോപ്പും പണിയിച്ചു. പിന്നെ ക്ഷേത്രത്തിലെ മൂർത്തികൾക്കു് ദിവ്യമംഗളവിഭവങ്ങളോടുകൂടിയ കലശാഭിഷേകം കഴിപ്പിക്കുകയും ധാരാളം മുതലെടുപ്പുള്ള അനേകം ദേശവഴികൾ ദേവസ്വമായി വിട്ടുകൊടുക്കുകയും ക്ഷേത്രത്തിൽ ''മഹിമപെരിയനാനോപഹാര''ങ്ങൾക്കു പതിവുവെക്കുകയും വിശേഷിച്ചു രാത്രിയിൽ ''ദേവർഷിസേവാസമുചിത''മായ ഒരു തൃപ്പുക ഏർപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ക്ഷേത്ര

ത്തിൽ ദേവന്നു ചാത്തുവാൻ ''മണമിളകിന''മാലകരം അർപ്പിക്കുന്നതിനുവേണ്ടി ''പുഷ്പാരാമങ്ങരം'' തീർപ്പിച്ചു. മാലകെട്ടുന്നതിനു ശില്പകലാനൈപുണ്യമുള്ള വിഷ്ണുദാസന്മാരെ അടുക്കൽത്തന്നെ കുടിയിരുത്തുകയും ക്ഷേത്രത്തിൽ വേണ്ടുന്ന ''വിധിനിഷേധപ്രവൃത്തി''കരം ശാസ്ത്രനൈപുണ്യമുള്ള ഇരുപത്തിരണ്ടില്ലക്കാരായ ബ്രാഹ്മണരെ നാലു ദിക്കിലുമായി കുടുംബസമേതം താമസിപ്പിക്കുകയുംചെയ്തു. ഈ സ്ഥലം ആദ്യംകണ്ടെത്തു ശിവവാഹനമായ വൃഷേന്ദ്രനാകയാൽ വൃഷക്ഷേത്രമെന്നും കൈലാസത്തിലെന്നപോലെ പരമശിവൻെറ നിത്യസാന്നിദ്ധ്യമുണ്ടാകയാൽ തെക്കും കൈലാസമെന്നും ശിവൻെറ ശ്രീപുരമാകയാൽ തൃശ്ശിവപേരൂരെന്നും ഈ ദിവ്യക്ഷേത്രത്തിനു പ്രസിദ്ധിവരികയും ചെയ്തു. തെങ്കൈലാസനാഥോദയം എന്നു പ്രസ്തുതഗ്രന്ഥത്തിനു ചിലർ പേർ കൊടുക്കുന്നതു് അബദ്ധംതന്നെ. 'കൈലൈ' എന്നു തമിഴിലും പഴയമലയാളത്തിലും കൈലാസത്തിനു പര്യായമുണ്ടു്. 'തെങ്കൈലയിൽ പോയ്' എന്നും മററും പ്രാചീന മണിപ്രവാളപദ്യങ്ങളിൽ പ്രയോഗവുമുണ്ടു്. തെങ്കൈല എന്നാൽ തെക്കൻകൈലാസം എന്നത്ഥം.

ഈ പ്രബന്ധത്തിൻെറ ഉൽപത്തിയെപ്പററി വിശദമായ ഒരു വിവരണം കവിതന്നെ ഉപോദ്ഘാതരൂപേണ രേഖപ്പെടുത്തീട്ടുണ്ടു്. കൊച്ചിരാജ്യത്തിൽ 'രാമവമ്മാ' എന്ന തിരുനാമത്തോടുകൂടി അത്യന്തം പരാക്രമികളായ രണ്ടു രാജാക്കന്മാരുണ്ടായി. ഇവരിൽ ആദ്യത്തെ രാമവമ്മാവു് ക്രി. പി. 1510-ൽ തീപ്പെട്ടു. രണ്ടാമത്തെ രാമവമ്മാവിൻെറ ദേഹവിയോഗം 1537–ൽ ആയിരുന്നു എന്നു കാണുന്നു. തദനന്തരം വിദ്വദഗ്രേസരനായ ഒരു ഗോദവർമ്മാവും ഗുണവാനായ ഒരു രവിവർമ്മാവും തുടന്നു നാടുവാണതായി കവി പ്രസ്താവിക്കുന്നു. അവർ താരതമ്യേന അപ്രസിദ്ധന്മാരായിരുന്നതിനാലായിരിക്കണം അവരുടെ

പേർ തൃപ്പൂണിത്തുറ ഗ്രന്ഥവരിയിലും മററും രേഖപ്പെട്ടത്തി ക്കാണാത്തതു്. അവർക്കശേഷം രാജ്യഭാരം ചെയ്തതു് സുപ്രസിദ്ധനായ വീരകേരളവർമ്മത്തമ്പുരാനായിരുന്നു. അദ്ദേഹത്തെയാണു് ''സാവിത്രവംശതിലകസ്സുരിദിവേന്ദ്ര ധാമ'' എന്നും മററും കവി പ്രശംസിക്കുന്നതു്. ആ രാജാവു് 1561–ൽ വടക്കുംകൂർ രാജാവിൻെറ അനുയായികളാൽ വധി ക്കപ്പെട്ടു. പിന്നീടു് 1565–വരെ നാടുവാണ ഉണ്ണിഗോദ വർമ്മാവിനേയും അവിടുത്തെ തുടൎന്നു 14 ദിവസത്തേക്കു മാത്രം രാജ്യഭാരം ചെയ്തു പടവെട്ടി മരിച്ച മറെറാരു വലിയ തമ്പുരാനെയും പററി കവി ഒന്നും പറയുന്നില്ല. വീരകേ ളവർമ്മാവിൻെറ കാലത്താണു് മഹാത്മാവും വിദ്വജ്ജന കല്പവൃക്ഷവും ആയ രാമവർമ്മതമ്പുരാൻ തിരുവതാരംചെ യ്തതു്. ആ രാമവർമ്മാവായിരുന്നു മഴമംഗലഭാണം, ഭാഷാ നൈഷധചമ്പു മുതലായ സാഹിത്യരത്നങ്ങളുടെ പ്രണേ താവായ മഴമംഗലത്തു നാരായണൻ നമ്പൂതിരിയുടെ രത്ന കേതൂദയം, രാമവർമ്മവിജയം മുതലായ നാടകങ്ങൾ രചി ച്ച മൂലാണ്ഡം ബാലകവിയുടെയും മററും പുരസ്കൎത്താവു് എന്നു ഞാൻ മറെറാരവസരത്തിൽ സ്ഥാപിച്ചിട്ടുണ്ടു്. 'കാശിക്കെഴുന്നളിയ തമ്പുരാൻ' എന്നാണു് അവിടുത്തെ പ്പററി സാധാരണമായി പറയാറുള്ളതു്. രാജരത്നാവ ലീയം ചമ്പുവിൽ പ്രകീൎത്തനംചെയ്തിട്ടുള്ളതു് അവിടുത്തെ അപദാനങ്ങളെയാണു്. ചിദംബരം നടരാജക്ഷേത്രത്തിൽ ശിവഭക്തനായ അവിടുത്തെ ശിലാരേഖയുണ്ടു്. രാമവൎമ്മ രാജാവു് 1565–ൽ സിംഹാസനാരൂഢനാകുകയും 1601–ൽ കാശിയിൽവച്ചു തീപ്പെടുകയും ചെയ്തു. കൂടെ കാശിക്കു പോയിരുന്ന അവിടുത്തെ അനുജനും പിൻവാഴ്ചക്കാരനുമായ ഗോദവർമ്മാവു് രാമേശ്വരത്തുവന്നു് അവിടെനിന്നു തിരി യെ എഴുന്നള്ളിയ ഉടൻ മരിച്ചു. പിന്നത്തെ രാജാവാണു് തെക്കെകലനാഥോദയകാരനു് ആശ്രയീഭൂതനായ വീരകേര ളവർമ്മത്തമ്പുരാൻ. അവിടത്തെ വാഴ്ചക്കാലം 1591 മുതൽ

1615 വരെയാണെന്നു കാണുന്ന സ്ഥിതിക്കു് അക്കാലത്താണു് തെക്കൈലനാഥോദയത്തിന്റെ നിർമ്മിതി എന്നു സിദ്ധിക്കുന്നു. ആ വീരകേരളവർമ്മമഹാരാജാവു് വലിയ ഒരു യോദ്ധാവും 'നിശ്ശേഷവിദ്യാനിപുണമതി'യുമായിരുന്നു. വീരലക്ഷ്മിയാൽ സ്വയംവൃതനായ അവിടുന്നു കോഴിക്കോട്ടു സാമൂതിരിപ്പാട്ടുമായി യുദ്ധം ചെയ്യുന്നതിനു് ഒരിക്കൽ വടക്കോട്ടു യാത്രചെയ്യുന്ന അവസരത്തിൽ തൃശ്ശിവപേരൂരും എഴുന്നള്ളുകയുണ്ടായി. ആ ഘട്ടത്തിലായിരുന്നു ആ ക്ഷേത്രത്തിലെ ശിവരാത്രിമഹോത്സവം. ആ മഹോത്സവത്തിനു് അവിടുന്നു ക്ഷേത്രത്തിൽ എഴുന്നള്ളി വടക്കുന്നാഥനെ തൃക്കൺപാർക്കുകയുണ്ടായി. അന്നു് അനവധി പണ്ഡിതന്മാരും സഹൃദയന്മാരുമായി സംഭാഷണംചെയ്തുകൊണ്ടിരിക്കെ അവരാൽ വർണ്ണിക്കപ്പെട്ട ''കൈലാസനാഥപ്രഭാവശ്രീമാഹാത്മ്യങ്ങളാം കേട്ടും പ്രകടിതരുചി കണ്ടും'' പ്രസന്നഹൃദയനായ ആ മഹാരാജാവു് സദസ്സിൽ സന്നിഹിതനായിരുന്ന ശ്രീനീലകണ്ഠകവിയോടു് തെക്കൈലനാഥന്റെ പ്രതിഷ്ഠയെ വർണ്ണിച്ചു് ഒരു പ്രബന്ധം നിർമ്മിക്കണമെന്നു കല്പിച്ചു. ആ ആജ്ഞയെ ശിരസാവഹിച്ചു നീലകണ്ഠൻ നമ്പൂതിരി രചിച്ച മണിപ്രവാളചമ്പുവാണു് തെക്കൈലനാഥോദയം. നീലകണ്ഠകവി മേല്പത്തൂർ ഭട്ടതിരിയുടെ സമകാലികനായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഭട്ടതിരി 'മാടമഹാരാജപ്രശസ്തി'യിൽ സ്തുതിച്ചിട്ടുള്ള വീരകേരളൻ നീലകണ്ഠൻനമ്പൂതിരിയുടെ പുരസ്കർത്താവുതന്നെയാണു്. അവിടത്തെപ്പററി ആ മഹാകവി,

''ആചന്ദ്രാർക്കം ധരിത്ര്യാമിഹ പരിരമതാൽ
 പദ്മപദ്മാക്ഷവക്ഷ-
സ്സദ്മാവാസാനപേക്ഷസ്വയമുപഗതപ-
 ദ്മാലയാലാളിതാത്മാ
സോയം വിഷ്ഫൂർജ്ജസ്വലഭുജമഹിമാ
 ദൃപ്തവേശപ്രതീപ-
ക്ഷ്മാപവ്യൂഹാടവീപാടനരഭസമഹാ-
 പാടവീ മാടവീരഃ.''

എന്നും മററും അനേകം വിശിഷ്ടപദ്യങ്ങരം നിമ്മിച്ചിട്ടുണ്ട്. ഭ്രമരസന്ദേശകാരനായ വാസുദേവൻ നമ്പൂരിയും വീരകേരളവമ്മത്തമ്പുരാനെ സ്തുതിച്ചുകാണുന്നു.

നീലകണ്ഠകവി പ്രസ്തുതപ്രബന്ധത്തിൻെറ മാത്രമല്ല ചെല്ലൂരനാഥോദയം, നാരായണീയം എന്ന രണ്ടു പ്രബന്ധങ്ങളുടെയും കൂടി പ്രണേതാവാണെന്നു് ഇതിലെ ഉപോദ്ഘാതത്തിൽനിന്നു് മനസ്സിലാവുന്നുണ്ടു്. വീരകേരളമഹാരാജാവു് കവിയോടു കല്പിക്കുന്നതു് ഇങ്ങനെയാണു്:—

''വിദ്യാവല്ലഭ! നീലകണ്ഠസുകവേ!
ചെല്ലൂരനാഥോദയം
ചിത്രം പണ്ടു കൃതം പുനശ്ച രചിതം
നാരായണീയം ത്വയാ;
അദ്യൈവാരഭതാം ഗിരാ മമ ഭവാൻ
തെങ്കൈലനാഥോദയ—
പ്രത്യാഖ്യാകലനു ബന്ധുരഗുണം
ബന്ധും പ്രബന്ധോത്തമം.''

ചെല്ലൂരനാഥോദയം പെരിഞ്ചെല്ലൂർ (തളിപ്പറമ്പു്) ശിവൻെറയും നാരായണീയം തൃപ്പൂണിത്തുറെ വിഷ്ണുവിൻെറയും പ്രതിഷ്ഠയെ വണ്ണിക്കുന്ന പ്രബന്ധങ്ങളാണു്. ചെല്ലൂരനാഥോദയത്തിൽ ശതസോമരാജാവു് പരമശിവാനുഗ്രഹലബ്ധമായ ശിവലിംഗത്തെ പെരിഞ്ചെല്ലൂരിൽ പ്രതിഷ്ഠിക്കുന്നതും നാരായണീയത്തിൽ അജ്ജുനൻ ബ്രാഹ്മണബാലന്മാരോടുകൂടി വൈകുണ്ഠമൂത്തിയാൽ ദത്തമായ സന്താനഗോപാലവിഗ്രഹത്തെ തൃപ്പൂണിത്തുറയിൽ പ്രതിഷ്ഠിക്കുന്നതുമാണു് വിഷയം. ഈ രണ്ടു പ്രതിഷ്ഠകളെ വണ്ണിക്കുകയാലാണു് നീലകണ്ഠകവി ''ചെല്ലൂരപൂണ്ണത്രയീശശ്രീമൽകാരുണ്യപാത്രം'' ആയിത്തീന്നതു്. പക്ഷെ അദ്ദേഹം പെരിഞ്ചെല്ലൂർ ഗ്രാമക്കാരനാണെന്നും വരാവുന്നതാണു്. കവി സ്വദേശത്തുവെച്ചു ചെല്ലൂരനാ

ഘോദയം രചിക്കുകയും പിന്നീടു കൊച്ചിമഹാരാജാവായ രാമവർമ്മാവിനെ ആശ്രയിച്ചു തൃപ്പൂണിത്തുറയിൽ താമസിക്കുന്ന അവസരത്തിൽ നാരായണീയവും തദനന്തരം വീരകേരളമഹാരാജാവിൻെറ ആജ്ഞാനുസാരം തെങ്കൈലനാഥോദയവും രചിക്കുകയും ചെയ്തു എന്നു വരാവുന്നതാണല്ലോ. ഈ മൂന്നു പ്രബന്ധങ്ങളും മലയാളത്തിലെ ഓരോ മഹാക്ഷേത്രത്തിൻെറ മൂലചരിത്രം വർണ്ണിക്കുന്നവയാണെന്നുള്ളതുകൊണ്ടു മാത്രമല്ല, മററു വിധത്തിലും ഇവയ്ക്കു തമ്മിൽ സാമ്യം കാണുന്നുണ്ടു്. മൂന്നിലും ഗദ്യപദ്യങ്ങൾ, ശബ്ദാൎത്ഥഭംഗി, വർണ്ണനാവൈചിത്ര്യം, രചനാഗുണം മുതലായവയ്ക്കു് ഏറെക്കുറെ സാമ്യമുണ്ടു്.

നാരായണീയത്തിൽ തൃപ്പൂണിത്തുറ മഹാവിഷ്ണുവിനെ വന്ദിക്കുന്ന

''മേൽപ്പോട്ടു പൊങ്ങിന ഫണീന്ദ്രഫണാമണാളീ–
ദീപ്തിച്ചുടാച്ചുരിതഹേമകിരീടരമ്യം
കാശ്മീരമിശ്രഹരിചന്ദനപങ്കമയ്യാ
വാൎന്നോട്ടു ഫാലഭുവി ചാൎത്തി വിരാജമാനം.''

എന്നു തുടങ്ങിയ ഏഴു ശ്ലോകങ്ങൾക്കും തെങ്കൈലനാഥോദയത്തിൽ കൈലാസസ്ഥനായ പരമശിവനെ വർണ്ണിക്കുന്ന

''വാൎന്നൊന്നു ചെഞ്ചിടകൾ ഭോഗിവരേണ ഭംഗ്യാ
മേല്പോട്ടുകെട്ടി മതിഖണ്ഡകൃതാവതംസം
കാശ്മീരചിത്രകമിവാമലഫാലമദ്ധ്യേ
തീപ്പെയ്യുമത്ഭുതതൃതീയദൃശം ദധാനം.''

എന്നു തുടങ്ങിയ ഏഴു ശ്ലോകങ്ങൾക്കും തമ്മിൽ ആകൃതിയിലും പ്രകൃതിയിലും ബാഹ്യമായും ആഭ്യന്തരമായും പ്രകടമായ സാദൃശ്യം കാണുന്നുണ്ടു്.

ചെല്ലൂരനാഥോദയത്തിൽ കുംഭോദരൻ ശിവനോടും നാരായണീയത്തിൽ സുദക്ഷിണൻ ശ്രീകൃഷ്ണനോടും

ബിംബപ്രതിഷ്ഠായോഗ്യമായ ഭൂമിയെപ്പററി പറയുന്ന തിലെ ആദ്യപദ്യങ്ങരം ''കേരംക്കേണം തമ്പിരാനേ ജയ ജയ'' എന്നാദിയായിട്ടാണു് ആരംഭിക്കുന്നതു്. കുംഭോ ദരൻ പെരിഞ്ചെല്ലൂർ ഗ്രാമത്തിനും സുദക്ഷിണൻ രവിഗ്രാമ ത്തിനും കാണുന്ന നിരതിശയമായ ഉൽക്കഷ്ത്തിൻെറ ഹേതുക്കളിൽ പ്രധാനമായുള്ളതു് അവയിൽ വസിക്കുന്ന ബ്രാഹ്മണരുടെ ധർമ്മാചാരതൽപരതയാകുന്നു. പ്രതിഷ്ഠാ നന്തരം ശതസോമനും അജ്ജുനനും അന്നദാനാദികരം ചെ യ്തതായിപ്പറയുന്ന ശ്ലോകങ്ങരംക്കും സാമ്യമുണ്ടു്. അവ രണ്ടും ''ഇത്ഥംകാരം'' എന്നാണു് ആരംഭിക്കുന്നതു്.

ചെല്ലൂരനാഥോദയം, തെങ്കൈലനാഥോദയം ഇവയ്ക്കു തമ്മിലും ഏറെക്കുറെ സാദൃശ്യമുണ്ടു്. ചെല്ലൂരനാഥോദയ ത്തിലുള്ള ''ജഗൽപ്രാകാശ്യദൃമണേരമുഷ്യ'' എന്നതു തെങ്കൈലനാഥോദയത്തിലെ ''ജഗൽപ്രാകാശ്യശീത ദൃതേ'' എന്ന പ്രയോഗത്തെ ഓമ്മപ്പെടുത്തുന്നു.

''ചിത്രം ചിത്രം കിഴക്കങ്ങുദയഗിരിയോളം
ബാഹുശക്ത്യാ മഹത്യാ
ബദ്ധാഭോഗം ജയിച്ചുമ്മലയമലയൊളം
തെക്കുമുൽക്കുലമാനം''

എന്ന ചെല്ലൂരനാഥോദയത്തിലെ പ്രയോഗം

''ആകമ്രം തെക്കു കന്യാകുമരിയൊളമതി-
ശ്ലാഘ്യരമ്യം വടക്ക-
ങ്ഗോകർണ്ണത്തോളമയ്യാ പുകരംപെരുകിന സ-
ഹ്യസ്യ പാശ്ചാത്യഭാഗേ''

എന്ന തെങ്കൈലനാഥോദയപ്രയോഗത്തോടു് ഒത്തി രിക്കുന്നു.

''എന്നങ്ങുദീര്യ മുനിരേഷ രഹസ്യവിദ്യാം''
(ചെല്ലൂരനാഥോദയം)

''എന്നങ്ങുദീര്യ വിഭ്രമന്തരധത്ത വേഗാൽ''
(തെങ്കൈലനാഥോദയം)
''വികചവിചകിലകുസുമസുമധുര...............''
(ചെല്ലൂരനാഥോദയം)

''വികചവിചകിലമാലതീമല്ലികാപുരസ്സരവികസ്വരകുസുമമാലാലംകൃതം''
(തെങ്കൈലനാഥോദയം)

മേൽക്കാണിച്ച ഉദാഹരണങ്ങളിൽനിന്നും മററും ചെല്ലൂരനാഥോദയം, നാരായണീയം എന്ന രണ്ടു പ്രബന്ധങ്ങളും പ്രകൃതപ്രബന്ധകർത്താവായ നീലകണ്ഠകവിയുടെതന്നെ കൃതികളാണെന്നു തെളിയുന്നുണ്ടല്ലൊ. ''പപ്രഥേ തൽ പൃഥിവ്യാം'' എന്നൊരു കവിമുദ്ര നാരായണീയത്തിലും തെങ്കൈലനാഥോദയത്തിലും മഴമംഗലത്തിൻെറ ചമ്പുക്കളിൽ ഉള്ള ''പ്രത്യക്ഷസ്വൎഗ്ഗസൌഖ്യ''ത്തിൻെറ മാതിരിയിൽ കാണ്മാനുണ്ടു്. 'പപ്രഥേ തൽ പൃഥിവ്യാം' എന്ന വാക്യം കലിസംഖ്യയെ കുറിക്കുന്നതായി ചില പണ്ഡിതന്മാർ ഊഹിക്കുന്നതു ശരിയല്ല. അതു ശരിപ്പെടണമെങ്കിൽ നാരായണീയവും തെങ്കൈലനാഥോദയവും കുറതീൎന്നതു് ഒരേദിവസമാണെന്നു വരണം; അതിനു പുറമെ 1598—ൽ വീരകേരളവൎമ്മാവു വലിയ തമ്പുരാനായിരുന്നിരിക്കുകയും വേണം. അതിനൊന്നും ഉപപത്തിയില്ലാത്ത സ്ഥിതിക്കു് ആ ഊഹത്തിനും അടിസ്ഥാനമില്ല. 'തൽ പുണ്യക്ഷേത്രം പൃഥിവീചക്രവാളേ സമന്തതശ്ശ്രുതസോമരാജൎഷിതിലകപരികല്പിതം പപ്രഥേ' എന്നു ചെല്ലൂരനാഥോദയത്തിലും ആ മുദ്രയുടെ രൂപാന്തരം കാണ്മാനുണ്ടു്.

ചെല്ലൂരനാഥോദയം (ചെല്ലൂരമാഹാത്മ്യം) ആദ്യമായി പ്രസിദ്ധം ചെയ്ത കവനോദയപ്രവൎത്തകന്മാർ അതിൻെറ കർത്തൃത്വം തല്ക്കാലത്തേയ്ക്കു പുനം നമ്പൂരിയിൽ അൎപ്പിച്ചു്

ഉപരിഗവേഷണത്തിന വിട്ടുകൊടുക്കുകയാണു് ചെയ്തത്തു്. നാരായണീയത്തിൻെറ പ്രസിദ്ധീകരണത്തിൽ പ്രസാധകത്വം വഹിച്ച ഡാക്ടർ കൊളത്തേരി ശങ്കരമേനോൻ എം. എ., എൽ. ററി. ആ പ്രബന്ധം 'നാരായണനാമധേയനായ ഒരു മലയാളബ്രാഹ്മണൻെറ കൃതിയായിരിക്കണമെന്നു് ഊഹിക്കുന്നു. ഈ രണ്ടുപേരുടേയും ഊഹങ്ങൾ ശരിയല്ലെന്നു തെങ്കൈലനാഥോദയത്തിൽ നിന്നു വെളിപ്പെടുന്നുണ്ടു്.

ചെല്ലൂരനാഥോദയം, നാരായണീയം, തെങ്കൈലനാഥോദയം എന്നീ മൂന്നു പ്രബന്ധങ്ങളുടെ പ്രണേതാവായ നീലകണ്ഠകവി ഭാഷാചമ്പൂസാമ്രാജ്യത്തിൽ അഭിമാനജനകമായ ഒരു മാന്യസ്ഥാനം വഹിക്കുന്നുണ്ടെന്നുള്ളതു നിർവിവാദമാണു്. രാമായണം, നൈഷധം, കാമദഹനം, കൊടിയവിരഹം, രാജരത്നാവലീയം എന്നീ പ്രബന്ധങ്ങളെക്കഴിച്ചാൽ അടുത്ത സ്ഥാനം നീലകണ്ഠകവിയുടെ പ്രബന്ധങ്ങൾക്കു നിസ്സംശയം കൊടുക്കാവുന്നതാണു്. അവയോടു കിടനില്ക്കുന്ന ഭാഗങ്ങളും പ്രസ്തുത പ്രബന്ധങ്ങളിൽ ഉണ്ടു്. ഭാഷാസംസ്കൃതങ്ങളുടെ ക്ഷീരനീരന്യായേനയുള്ള യോഗമാണു മണിപ്രവാളത്തിൻെറ ജീവനായിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലോ. ഇതാണു് ചമ്പൂപ്രബന്ധങ്ങളുടെ അസാധാരണമായ ആസ്വാദ്യതയ്ക്കു കാരണവും. പ്രസ്തുത കവിക്കു് ഈ വിഷയത്തിലുള്ള നിഷ്കർഷ എത്രത്തോളമുണ്ടെന്നു ''ഹൃദ്യം കല്ലോദാരമണിപ്രവാളൈഃ'' എന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു് അറിയാവുന്നതാണു്.

കുന്നിൻപെണ്ണിൻതടംപോർമുലതടവിന പു-
ണ്യൌഘമേ! നിൻപദാന്തം
വന്ദിക്കും മാദൃശാനാം വരദ! വരുവത-
ല്ലെന്നുമേ ഖേദലേശം;

 38156

ഇന്നിപ്പോളെങ്കിലും കിഞ്ചന വിഷമമുണ്ട–
ത്തുന്നതിന്നാശു നിന്നാ–
ലുന്നിദ്രശ്രീകൃപാലോ! കനമിഹ വിദുഷാ
ദീയതാം ദീനബന്ധോ!

(ചെല്ലൂരനാഥോദയം)

ഈടേറും പീതപട്ടാംബരകലിതമണീ–
മേഖലത്തുമണം പെ–
ട്ടാടീടും വൈജയന്തീലളിതവിപുലദോ–
രന്തരം ബന്ധുരാംഗം
പാടേ തോണ്മേലടിഞ്ഞീടിന മകരമഹാ–
കുണ്ഡലം കൺകുളുക്കെ
പ്രൌഢാഭോഗം ജനൌഘാ ദദൃശുരഭിനവം
കംസഹന്താരമാരാൽ.

(നാരായണീയം)

പാരീരേഴിന്നു നാഥം നെറിതടവുമിടം–
ത്തുത്തുടക്കാമ്പിലമ്പിൽ
ചേരുംഗൌരീമുലക്കൺമുകളിൽ വലമിട്ടും
വാമഹസ്താംഗുലീകം
നേരേ ഹേരംബസേനാനികളെയുമിരുപാ–
ട്ടും മുദാ ചേർത്തു മേളം–
പൂരിക്കും നൃത്തരത്നദ്യുതിനിചുളിതസിം–
ഹാസനേ ഭാസമാനം.

(തെങ്കൈലനാഥോദയം)

പൊല്പ്പൊങ്ങും മാഗധാനാം ജയജയനുതിയും
ഗദ്ഗദം ഭക്തിഭൂമ്നാ
വിപ്രാണാം മംഗലാശീർവ്വചനവുമരികെ–
ക്കേട്ടു ജാതാനുകമ്പം

38156

ഉൽപന്നപ്രീതി കാണ്മാനഹമഹമികയാ
വന്നുതിക്കിത്തിരക്കി-
ക്കെല്ലോടേ ചൂഴമോരോ ജനതതിയെ ദൃശാ
പാൎത്തുപാൎത്താജിഹാനം.

(നാരായണീയം)

ശ്രീകൈലാസാദ്രിശൃംഗേ കനകമയമഹാ-
മന്ദിരേ തോഴ! മെല്ലെ-
ന്നാകമ്രാംഗീമെട്ടത്തത്തിരുമടിയിൽ നിജ-
പ്രേയസീമദ്രികന്യാം
ലോകാനാം നാഥനാകാംക്ഷയൊടണിമുഖവും
പാൎത്തു പേൎത്തും പുണൎന്ന-
ങ്ങേകാന്തേ വാണിരുന്നു പുരരിപുഭഗവാൻ
പൂൎണ്ണകാരുണ്യധാമാ.

(ചെല്ലൂരനാഥോദയം)

ഭക്ത്യാ ചൂഴം നിറഞ്ഞീടിന സനകസന-
ന്ദാദിയോഗീന്ദ്രമദ്ധ്യേ
യുദ്ധാടോപോത്സവം നാരദമുഖഗളിതം
കേട്ടു രോമാഞ്ച്ജനീയം
നൃത്യൽഭോഗീന്ദ്രവാൎകുണ്ഡലമിളകി മറി-
ഞ്ഞുല്ലസൽഗാംഗവീചീ-
മഗ്നോന്മഗ്നേന്ദുരേഖം സദസി തലകുലു-
ക്കിപ്പുരിശ്ശ്ലാഘമാനം.

(തെക്കൈലനാഥോദയം)

മേലുദ്ധരിച്ച പദ്യങ്ങരം ''കല്ലോദാരമണിപ്രവാള ങ്ങരം'' തന്നെയാണെന്നു സഹൃദയന്മാരോടു പറഞ്ഞറിയി ക്കേണ്ടതില്ല.

ഗദ്യങ്ങളുടെ ഭംഗിയും നോക്കേണ്ടതാണു്. ചെല്ലൂര നാഥോദയത്തിലെ കൈലാസാദ്രിവൎണ്ണനയിൽനിന്നു് ഒരു ഭാഗം:—

''വെളുവെള വിലസിന കാന്തിപരമ്പരകൊണ്ടു ജഗത്ത്രിതയത്തെ വെളുപ്പിലൊളിപ്പിച്ചുന്നതി തങ്ങിന ശൃംഗശതങ്ങളിലെങ്ങുമിരുന്നുടനിന്ദ്രിയതുരഗാൻ നിഭൃതമടക്കിപ്പെരിയ സമാധിയുറച്ചു തപസ്ഥിതി ചേർത്തക്കേവലപൂൎണ്ണചിദാനന്ദമയം നിത്യനിരഞ്ജനനിർമ്മലസാരം ബ്രഹ്മസനാതനമുള്ളിലുപാസിച്ചമൃതതരംഗിണിനടുവിലിറങ്ങിപ്പരമാനന്ദമിയന്നു വസിക്കും മുനിജനനിവഹം കുഹചനഭാഗേ താവിന ഭംഗ്യാ താഴ്‌വരതന്നിലുദാരലതാഭവനങ്ങളിലോരോ വിദ്യാധരിമാർ നിജനിജകാന്തന്മാരൊടുകൂടിക്കാമവിനോദകലാകൌശലവും പ്രേമരസേന വളൎത്തുവളൎത്തങ്ങിടയിടെ മെല്ലേ വല്ലകി വായിച്ചഭിനവശിവചരിതോൽകരഗീതം പാടുന്നതു കേട്ടോടിയണഞ്ഞച്ചെവിയും കൂൎപ്പിച്ചുദ്ഗ്രസ്തം തൃണകബളത്തെയുമാശു മറന്നന്നാദസുധാരസപരമാസ്വാദാദവിദിതശങ്കം മൃഗകുലമഖിലം നിഷ്പന്ദതയാ നില്ക്കുമ്പോഴും ത്രിഭുവനജനനീ കൃത്രിമപുത്രകഹരിണകിശോരക സങ്കരശങ്കാമകമേ തടവിപ്പവഴികളെയ്‌വാൻ പേടിച്ചധികം വിധുരതയോടു നടന്നീടും ചില ശബരസമൂഹം കുഹചന ഭാഗേ–'' ഈ ഗദ്യം കിരാതം പ്രബന്ധത്തിലും കാണുന്നതുകൊണ്ടു് ഏതു കവിയാണു് ഇതിൻെറ നിർമ്മാതാവു് എന്നു് പറവാൻ പ്രയാസമുണ്ടു്.

നാരായണീയത്തിൽ ഭഗവാൻ ഭൂസുരപുത്രാർപ്പണാനന്തരം ദ്വാരകയിലേക്കെഴുന്നള്ളുമ്പോൾ അവിടെയുണ്ടായ വിശേഷങ്ങളെ വൎണ്ണിക്കുന്നതിൽനിന്നു് ഒരു ഭാഗം:–

''പുരവരമൊക്കെ നിരക്കയടിച്ചങ്ങഭിനവഹിമസലിലേഷു കലക്കും മൃഗമദപങ്കംകൊണ്ടു തളിച്ചപ്പുതുമധുമൊഴിമാർ വരിയിട്ടഴകൊടു മെഴുകിത്തീർന്നു ചത്വരവീഥികളുരയർപെരുന്തെരുവാപണശാല നടക്കാവുകളും ദേവായതനശ്രേണികളോരോ ഭൂസുരഭവനം മന്ത്രക്കെട്ടുകൾ ചന്തപ്പുരനിര വേശ്യാഭവനം മണിമണ്ഡപനിര ലീലാമന്ദിരമെ

ന്നിവമീതേ മുത്തുപ്പന്തൽനിരക്ക നിരക്കക്കീഴ്പെട്ടഴകൊട്ട പൂംപട്ടുകളംകൊണ്ടത്ഭുതമാം ചില പാവാടകളും കർപ്പൂര ത്തിരിയിട്ടു സലീലം, കനകവിളക്കുകൾ നിരവേ വെക്ക യുമരികേ നീളേ കനകപ്പറകളിൽ മണിനിരകൊണ്ടും വെള്ളിപ്പറകളിൽ മുത്തരികൊണ്ടും നിറപറവെച്ചും കൂട്ട ക്കൊട്ടും നാനാവിധമാം വാദ്യധ്വനിയും പവനവിലോ ളിതകനകപതാകാചുംബിതചാരണമാർഗ്ഗമൊരോന്നേ തോ രണജാലം, നീളെ നിവിത്തും പറവാൻ പണി പണി കുതു കമൊരോന്നേ—''

തെക്കൈലനാഥോദയത്തിൽ പരശുരാമൻെറ ആവശ്യ പ്രകാരം ശ്രീ പരമേശ്വരൻ കൈലാസത്തിൽനിന്നു കേരള ത്തിലേക്കെഴുന്നള്ളുന്നതു വർണ്ണിക്കുന്നതിൽനിന്നു് ഒരു ഭാഗം:—

''മഹാപാർഷദപ്രൌഢരൊക്കപ്പുറപ്പെട്ടെടോ കേൾകട ക്കെന്നെഴുന്നള്ളുമിക്കോപ്പിനങ്ങെന്തുപോൽ മൂലമെങ്ങോട്ടി തെന്നും കുമാരാംബികായാശ്ച യാത്രാസമാരംഭമെത്തമ്പിരാ ട്ടിക്കുമുണ്ടെന്നു കേട്ടു, ഗഭീരം വിഭോരന്തരംഗം ധരിക്കാവ തല്ലൊട്ടുമേ കഷ്ടമോത്താലശേഷം പരിത്യജ്യ യാത്രാ പ്രസംഗം പറഞ്ഞാലിതെന്തായ്‌വരും നില്ല മിണ്ടാഷ്ട ഭോഷാ! ദൃഢം ജാമദഗ്ന്യന്നുവേണ്ടി ത്രിലോകീശ്വരീ കല്പിതംപോലിതത്യത്ഭുതം പ്രക്രമം നിഷ്ഫലം ജല്പനക്കോ പ്പിതെന്തിന്നു വിശേശ്വനോടൊക്ക നിശ്ശങ്കിതം പോകയെ ന്നിപ്പുരം കാര്യചിന്താ നമുക്കെന്തു, പുണ്യാനുഭാവോയമെ ന്നേസുഖം ജാമദഗ്ന്യോ മുനീന്ദ്രൻ വിശിഷ്യൈവ ശിഷ്യേഷു യസ്മിൻ ഘനപ്രേമപര്യാകുലം ഭർത്തുരുൾക്കാമ്പു മുപ്പാരി ലാർക്കാനുമേതാദൃശം ഭാഗ്യമെത്തീടുമോ? മററുമിത്യാദിനാ വചോരീതി കണ്ണൂാണ്ടു തെക്കോട്ടുനോക്കിത്തിരിച്ചു, തദാ കേപിശൈലായുധാഃ തുംഗസാലായുധാഃ കേചിദന്യേ മഹാ കുംഭിസിംഹങ്ങളെത്തങ്ങളേ കസ്സിടിച്ചുത്ഭടാടോപമന്യോ

ന്യമെത്തും ഭയക്രോധഭാവങ്ങളെക്കണ്ടു പാരഞ്ചിരിച്ചും പരേ തെണ്ടു ഘോരന്തിരിച്ചും മദോച്ചണ്ഡദോർദ്ദണ്ഡകണ്ഡൂവിനാശായ രണ്ടായ്തിരിഞ്ഞുദ്ധതം ബാഹുയുദ്ധം തുടന്നും നെറംപൂണ്ട ധാതുദ്രവം ഭസ്മസംമർദ്ദിതം നീളമേന്മേലണിഞ്ഞും ചിലർ–''

മേലുദ്ധരിച്ച രണ്ടു ഗദ്യങ്ങളിലും നീലകണ്ഠകവിയുടെ കവിതയ്ക്കുള്ള ശബ്ദാത്ഥസൌഷ്ടവം തെളിഞ്ഞു കാണുന്നുണ്ടു്. രസഭാവാദികളുടെ വൎണ്ണനമാണല്ലോ കവിശക്തിയുടെ മാററുരച്ചുനോക്കുന്ന നികഷോപലം. ഈ വിഷയത്തിലും പ്രസ്തുത കവി ഭാഷാപ്രബന്ധകാരന്മാരുടെ പിന്നണിയിലല്ലാ നില്ക്കുന്നതെന്നു താഴേ ഉദ്ധരിക്കുന്ന ഭാഗങ്ങൾ തെളിയിക്കും. ചെല്ലൂരനാഥോദയത്തിൽ ശ്രീപാൎവ്വതി പൂജിച്ചുവരുന്ന ശിവലിംഗത്തെ പരമശിവൻ ശതസോമനു കൊടുത്ത വിവരം നാരദമുഖത്തു നിന്നറിഞ്ഞപ്പോൾ സ്നാനത്തിനെഴുന്നള്ളിയിരുന്ന ദേവി കുപിതയായി പ്രത്യാഗമിക്കുന്നതിനെ കവി ഇങ്ങനെ വൎണ്ണിക്കുന്നു:–

''തദനു പനിമലത്തയ്യൽ താനീദ്ദൃശോൽഭ്രതമന്നാരദോക്ത്യാ സമസ്തം ധരിച്ചററമില്ലാതെ കോപാതിഭാരേണ നേരേ സസംരംഭനിവൃത്തിതസ്നാനവേലാവിധൌ നാലുമൂന്നിങ്ങു ശേഷിച്ചുപാടേ കിടക്കും പുരാണപ്രസൂനാഞ്ചിതഞ്ചാലമെത്തുന്ന നൈസൎഗ്ഗികോദഗ്രസൌരഭ്യലുബ്ധ്യാപിരേഫാളികേന്ദ്രം തുലോമാക നോക്കീടിലാഹന്ത പിൻകാലിലേററം കടന്നോരു നീളം കലൎന്നന്തരാ വാരിബിന്ദുക്കളിററിററുവീഴും മലർക്കുന്തൽ മെല്ലെപ്പുറംകൈത്തലേ ചേൎത്തുകൊണ്ടപ്പയഃശ്രേണികാസാന്ദ്രമെപ്പേരുമൊന്നിച്ചു ഫാലാന്തരേ പാററി മിന്നുന്ന നീലാളകച്ചാൎത്തുകൊണ്ടും വിലാസേന മൂന്നൊന്നുശേഷിച്ചു കാണപ്പെടും മുഗ്ദ്ധകസ്തൂരികാചിത്രകംകൊണ്ടുമത്യന്തചേതോഹരം ചെററു കോടിക്കുലഞ്ഞോരു ചില്ലിക്കൊടിത്തെല്ലുമയ്യാ കലങ്ങിച്ചുവക്കും കട

ക്കൺകലാഭംഗിയും പാട്ടപാടേ വിറക്കുന്ന ബിംബാധരേ ഭാവമന്യാദ്ദശം പൂണ്ട പാകീട്ടമപ്പുഞ്ചിരിപ്പൈതലും ചേൎന്ന ബാലാതപശ്രീനിഴൽകൊണ്ടു പൊന്നിൻപയോജം കണക്കേ കൊട്ടംകോപരാഗോദയപ്രൌഢിമെത്തുന്ന വക്ത്രാരവിന്ദശ്രിയാ ലോഭനീയാ തുലോം പ്രൌഢരോമാഞ്ചവാർകഞ്ചുകംചേൎന്ന വക്ഷോജകുംഭദ്വയത്തിന്നുടപ്പാട്ടിലൊട്ടൊട്ടു മെത്തും പയോബിന്ദുസന്ദോഹസാന്ദ്രോജ്വലാ സംഭ്രമശ്രാന്തികൈക്കൊണ്ടുപണ്ടേതിലേററം കുലഞ്ഞിട്ടലഞ്ഞോരു മധ്യവല്ലീമതല്ലീസമുല്ലാസിവാരിപൂരാർദ്രമാം ചാരുപൂഞ്ചേല നന്നായ് നിതംബസ്ഥലേ ചേൎന്നു പററീടിലും ചെററു താനേ കിഴിഞ്ഞീടുമന്നീവിബന്ധം മഹാരത്നകാഞ്ചീധൃതം മധ്യമധ്യേ വലക്കൈത്തലംകൊണ്ടു താങ്ങി ത്വരാചംക്രമപ്രക്രമാപാടലാഭ്യാം പദാഭ്യാം നിജപ്രാണനാഥാന്തികേ ചെന്നു കോപാഭിമാനാങ്കുരവ്യഗ്രഭാവം കലൎന്നുഗ്രശാപപ്രദാനായ ദേവീ തുനിഞ്ഞീടിനാൾ.'' ഇതിൽ കവി വിവരിച്ചിരിക്കുന്ന കുപിതയായ ശ്രീപാൎവ്വതിയുടെ ചിത്രം അദ്ദേഹത്തിനു കാവ്യകലയിലുള്ള അസാധാരണമായ നൈപുണ്യത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

നാരായണീയം പ്രബന്ധം നാനാരസങ്ങളുടെ സ്ഫുരണംകൊണ്ടു നിരവദ്യമാണു്. എന്നാൽ മററു രസങ്ങളെ അപേക്ഷിച്ചു് ഹാസ്യരസത്തിൻെറ പ്രകടനത്തിലാണു് കവി മെച്ചം കൊണ്ടുപോയിരിക്കുന്നതു്. സന്താനഗോപാലം കഥയിൽ ബ്രാഹ്മണൻ തൻെറ പുത്രൻ മരിച്ചപ്പോൾ ശ്രീകൃഷ്ണസവിധത്തിൽ വന്നു് സങ്കടം പറയുന്നതിലും അഭിമാനിയായ അൎജ്ജുനൻ പുത്രരക്ഷാപ്രതിജ്ഞ ചെയ്തപ്പോഴും ആ പ്രതിജ്ഞ വിഫലമായിവന്നപ്പോഴും അദ്ദേഹത്തെക്കുറിച്ചു് അധിക്ഷേപം പറയുന്നതിലും അതിമാത്രമായ പരിഹാസം തുളുമ്പുന്നുണ്ടു്. വൈകുണ്ഠലോകത്തിൽ വെച്ചു വിഷ്ണുഭഗവാൻ ബ്രാഹ്മണബാലന്മാരോടുകൂടി ഭൂമിയിലുണ്ടാകുവാൻ പോകുന്ന 'കലിപരിഭവം' പോക്കുന്നതിനു

വേണ്ടി നല്കിയ വിഗ്രഹബിംബത്തെ അൎജ്ജുനൻ പൂൎണ്ണത്രയീ പുരിയിൽ പ്രതിഷ്ഠിക്കുവാനൊരുങ്ങുന്നു. ആ പ്രതിഷ്ഠാകലശ മഹോത്സവത്തിനുവേണ്ടി നാനാദേശങ്ങളിൽനിന്നു ബ്രാഹ്മ ണർ, മാന്ത്രികന്മാർ, പ്രാശ്നികന്മാർ മുതലായവർ വന്നതി നെ വൎണ്ണിക്കുന്ന ഗദ്യം ഹാസ്യരസത്തിനു മകുടം വയ്ക്കുന്ന താണെന്നുതന്നെ പറയാം. എന്നാൽ അന്യകൃതികളിൽ നിന്നെടുത്തിട്ടുള്ളതാണു്.

ബ്രാഹ്മണരുടെ വരവു്:—''മഹിതമുനീനാം പ്രൌഢ സമാജേ വേദജപത്തിനു കൂട്ടന്നേരം ചങ്ങാത ചെമ്മേ വശമാ യീലുടനെങ്കിലുമെളുതിതു കലശജപത്തിനു കൂടിക്കൊള്ളാം കലശം കലശമതെന്നു ജപിപ്പാൻ കൊള്ളാം നമ്മെ പഞ്ചാ ക്ഷരിയും ചൊല്ലരുതാതോരോത്തന്മാരോടുകൂടെച്ചെന്നാൽ ചാത്തം നൂനം പോരിക വേണ്ട...............

അശനക്കോപ്പുകൾ കേട്ടീലല്ലീ പനസക്കുന്നുകൾ മന സാവാചാ തീൎന്നിട്ടുള്ളതു പത്തമ്പതുപോലാജ്യഘടാവലി കൊണ്ടു നിറഞ്ഞു രാജ്യമശേഷം ദധികുംഭങ്ങളിൽ നിറവേ വെപ്പാനുദധികളിൽ ചില തട്ടുകളിട്ടേ മതിയാവൂപോൽ ക്ഷീരത്തിൻ വരവാശ്ചര്യംപോൽ ക്ഷീരപയോധികൾ പോലെ പാഞ്ഞുപഴുത്തുപഴുത്തു മെഴുത്തൊരു ചിങ്ങൻകുല കളസംഖ്യാതം പോൽ ആനക്കൊമ്പുകൾപോലേ ചില ചില തടിയന്മാരവർ പത്തിരുനൂറൊരുപോലേ വന്നണി പത്രപുടത്തിൽ ചാട്ടന്നേരത്തിത്രസുഖം പുനരൊന്നിനു മുണ്ടോ ഭോജനമേററമെടുത്തതുകൊണ്ടു വിളമ്പുവളംപോലെ ന്നേ സുഖമേ ധന്യാഃസ്മോ വയമിത്ഥമൊരോരോ വാൎത്ത പറഞ്ഞും........വിരവൊടു വന്നു വിഗതകളങ്കം ദ്വിജവര സംഘം.'' ഈ ഭാഗം രാമായണചമ്പുവിൽ രാമാശ്വമേധ ത്തിലും കാണുന്നുണ്ടു്.

മാന്ത്രികന്മാരുടെ വരവു്:— ''പ്രതിഭാവിഘടിനി വിമതോച്ചാടിനി വിശ്വവശങ്കരി ശത്രുഭയങ്കരി വനിതാ

മോഹിനി കനകാവാഹിനി മന്മഥസംഗ്രഹമനുഭവമന്ത്രം ജ്വാലാമാലിനി ലീലാശാലിനി പഞ്ചശതാക്ഷരി വഞ്ചന സാക്ഷിണിയിത്യാദികരം മന്ത്രങ്ങരം ജപിച്ചങ്ങതുമിതുമട നേ സാധിക്കാമെന്നതിചടുലം ചില വെടികളിളക്കിത്താ നേ മാലോകക്ക് വരുന്നതു താൻ കല്പിച്ചവരുത്തുകയെന്നെ ല്ലാരോടും ഘോഷിച്ചുംകൊണ്ടാനബ്ഭോഷ്കുകളൊക്കെ നിറപ്പാൻ മാനിച്ചുള്ള കടാഹംപോലേ വസ്ഥിയുമായി.... ........സൌഭാഗ്യകരമായുഷ്യകരം സൌന്ദര്യപ്രദമഖിലാ കഷ്ണമംഗവിജൃംഭണമനുഭവസാരം വൃഷ്യവരിഷ്ഠം പോ ഷണയന്ത്രം കശ്നയന്ത്രം മേളനയന്ത്രം വിഘടനയന്ത്രം മററുമൊരോരോ യന്ത്രശ്രേണികളെഴുതിച്ചേക്കും ഗ്രന്ഥ ക്കെട്ടും കൈക്കൊണ്ടുടനേ........പെരിങ്കെപ്പെരികെ ബ്ഭള്ളും കാട്ടിക്കന്തിച്ചഴകൊട്ട മോന്തായത്തൊട്ട മുട്ടി നട ന്നും ശ്രീകരഹോമം ഭൂകരഹോമം ഭീഷണഹോമം മോഷ ണഹോമം സംഹൃതിഹോമം മേളനഹോമം വഞ്ചനഹോമം രഞ്ജനഹോമം മാരണഹോമം ദ്വേഷണഹോമം മററുമോരോ രോ ഹോമംകൊണ്ടു വിലക്കിച്ചെങ്ങും............ഉവ്വശി തന്നെ വശത്താക്കവതിന്നിന്ദ്രനിയോഗാൽ തേരുംകൊണ്ടി ഹ മാതലി വന്നു പോയീലിഞ്ഞാനെങ്ങിനെ പോവൂ കാലം പോരാഞ്ഞിങ്ങുഴലുന്നു വാചസ്പതിതാൻ പഴകി പ്പോമ്പോരം വേദനയുണ്ടാകാതോ വൃദ്ധന്നെന്നൊരു ധമ്മം ചിന്തിച്ചത്രേ മാറിക്കൊണ്ടു പൌലോമ്യാദികരം നിൽക്ക ട്ടേ ദൃഢമീഷൽദ്ധ്യാനംകൊണ്ടേ ലക്ഷ്മി മഹേശ്വരി ഭാരതി യെന്നല്ലമരത കൈക്കൊണ്ടപരയുമധുനാ വേണ്ടുകിലിവി ടെപ്പെരിയത്താക്കവനില്ല വികല്പം ബ്രഹ്മാ മുന്നം തേടിയ യപ്പാൻ സമ്മതമോത്തിട്ടിവിടെച്ചെന്നിട്ടക്കാലത്തൊരു രക്ഷാകലശവുമാടിയതിഞ്ഞാൻ ദക്ഷാരാതിപരശ്വധമേ ററിട്ടതുകൊണ്ടും ചാകാഞ്ഞു പോലെന്നു ജനങ്ങരം പുകണ്ണീ ട്ടുന്നു കല്പനയുണ്ടു പിറന്നാരം തോറും പത്മജനിന്നും മംഗല കലശം പാവ്വതിയും പണ്ടെന്നെക്കൊണ്ടൊരുമേളനഹോമം

ചെയ്യിച്ചത്രേ ഹരനൊടു തിരുവുടലദ്ധം പററി ത്രിപുരവധത്തിന്ന കഴിവില്ലാഞ്ഞത്ര്യംബകവചസാ സംഹൃതിഹോമം ചെയ്തേനിഞ്ഞാൻ മൂന്നേമുക്കാൽ നാഴികകൊണ്ടെന്നൊരു പിടി വെണ്ണീറായിതശേഷം ഗരളം പണ്ടു കുടിച്ചോരു നാളും പാവ്വതിയും പണ്ടേന്നേതാനേ മംഗലസൂത്രവിഭംഗഭയം കൊണ്ടെന്നെക്കൊണ്ടോരു നാല്പതു ദിവസം മൃത്യുഞ്ജയവും ചെയ്യിപ്പിച്ചു പലതരമേവം ഡാംഭികമുദ്ര നടിച്ചീട്ടും ചില മാന്ത്രികസംഘം തെരുതെരെ വന്നു.''

ഗണകന്മാരുടെ വരവു്:— ''പലകമലൊക്കപ്പരലുകരം വെച്ചു പരൽപ്പേരിന്നൊരു ബാധ വരാതേ കാട്ടുകയൊച്ചിലപേരുകളിട്ടും പ്രശ്നംവെച്ചും ചെറുതു പറഞ്ഞും പഞ്ചമമുടയവനന്യേ പോയീ ഗുരുവുണ്ടവിടെ സ്ഥിതിചെയ്യുന്നു ആയുസ്സുള്ള ചെറുക്കൻ പെറുകിൽ സന്തതിയെന്നതു നിസ്സന്ദേഹം പാപഗ്രഹമുണ്ടഷ്ടമരാശൌ തദധിപനും ബത രിഃഫേ പുക്കു സങ്കടമായൊരു കാലമിദാനീമെങ്കിലുമായുസ്സററീലെങ്കിൽ ജീവിക്കും ചില ദിവസമിതെന്നും ജാതകമോത്തു വരുത്തുന്നേരം കേസരിയോഗം കാസരയോഗം വിഗ്രഹയോഗം ദ്വിഗ്രഹയോഗം മത്സരിയോഗം തസ്കരയോഗം ബന്ധനയോഗം നിദ്ധനയോഗം ശൂലായോഗം മാലായോഗം കമലായോഗം വിമലായോഗം മററുമൊരോരോ യോഗംകൊണ്ടു തെളിഞ്ഞു പറഞ്ഞും പിന്നെച്ചില കുറി തീൎത്തു പറഞ്ഞുരുവാക്കുകളെല്ലാം ഝടിതി പിഴച്ചും പ്രശ്നച്ചാൎത്തുകരം നാഴികവട്ടക നാരായവുമച്ചീനക്കണ്ണും പരൽപസ്സറയുമൊരോലക്കെട്ടും കൈക്കൊണ്ടുച്ചൈരപശബ്ദത്തിലപസ്വരമിശ്രം ജ്യാക്കളുമുരുവിട്ടിടയിടയിൽ ചില ഭാഷാഭേദവുമുരുവിട്ടൊക്കപ്പരലുനിരത്തിയുമെണ്ണിയുമുടനേ കൂട്ടിയുമാളു നിരത്തിയുമിടയിൽ ചില ചില ഭാഷാഭേദം തങ്ങടെ മുരണ്ടും ചെറുതു വരച്ചും പണിപെട്ടൊക്ക സ്ഫുടതവരുത്തിപ്പാർക്കുന്നേരം പിഴയാസ്സുണ്ടു മനസ്സുംകെട്ടു ചിരങ്ങും നുള്ളിക്കൊണ്ടുന്നോക്കു തന്നി ഭ്രാന്തന്മാരെന്നു നിതാന്തം

തോന്നിച്ചീട്ടം ഗണകകദംബം പല വഴി വന്നു. ''ഈ ഭാഗങ്ങരം രാമായണചമ്പുവിൽ സീതാസ്വയംവരത്തിലുമുണ്ടു്.

തെക്കെ ലനാഥോദയത്തിൽ തൃശ്ശിവപേരൂർ ശ്രീപാർവ്വതിയുടെ കേശാദിപാദാന്തം ഒരു ദണ്ഡകംകൊണ്ടു വർണ്ണിച്ചിട്ടുള്ളതു് ശബ്ദാൎത്ഥഭംഗികൊണ്ടും ഭക്തിയുടെ നിരതിശയമായ പ്രവാഹംകൊണ്ടും അത്യന്തമനോഹരമായിട്ടുണ്ടു്. എന്നാൽ അതും സ്വകീയമല്ല.

''അല്ലോടിടഞ്ഞു പട തല്ലുന്ന കുന്തളസമുല്ലാസി കല്യമലർമാല്യം അല്ലൽപെട മതികലയെ വെല്ലുമൊരു നിടിലതടഫുല്ലമൃഗമദതിലകലീലം. അലർവാണവീര്യനെറി വിളയാട്ടമോമൽമിഴികലകൊണ്ടു കണ്ണിനനുകൂലം അലമമലകുഴലിണയിൽ വിലസുമണിമണിരുചിഭിരൊളിവിളകുമനുപമകപോലം. ചെന്തൊണ്ടിയോടുപമചിന്തിന വാഴ്ത്തലരിൽ മന്ദം മുളച്ച ധൃതിചോരം ചെന്തളിരിലനുമിളിത ചന്ദ്രകരതുലന കലരുന്ന മുട്ടമുറുവലുമുദാരം. ചിതറുന്ന കാന്തിതതി വദനം കലാധിപതിശതകോടിതുല്യഗുണപൂരം ചിതമുടയ ഗളവടിവുമതിലണിയുമതിലളിതഘുസൃണ വലിവിലസിതമപാരം. ആകമ്രപൊല്ക്കുടകവാർ കങ്കണദ്യുതികരം പാകം കുരാബ്ജമഭിരാമം ആകുലിതമണികലശമാക മികുമിളമുലയിലാകലിതനവകനകദാമം. അകളേബരനുമഴലകമേ വളൎക്കുമിത നവരോമവല്ലരി നികാമം അഖിലജനധൃതിഹൃതിയിൽ മികവുടയ കൊടിനടുവുമഹഹ ശിവനയനപരിണാമം. മാണിക്കകൊഞ്ചിനെറി പേണിച്ച പട്ടവസനാനദ്ധമുന്നതവിശാലം മാനമെഴമലർവിശിഖയാനരുചി ജഘനതലമാനമതി തുടയുമിതുമൂലം. മനസാ ദനുജസുരമുനിമണ്ഡലം പണിയുമണിപാദപത്മമനുവേലം മണമുടയ കബരി മുതലണികഴലൊടിടമുഴവനനുപമമമിതമലഗുണജാലം.'' ഈ ദണ്ഡകം രാമായണചമ്പുവിൽ സീതാസ്വയംവരത്തിൽനിന്നുദ്ധരിച്ചിട്ടുള്ളതായാണു് കാണുന്നതു്.

KOTTAYAM PUBLIC LIBRARY KOTTAYAM.

ഒരു സംസ്കൃതകവി എന്നു നിലയിലും നീലകണ്ഠൻ നമ്പൂതിരി നമ്മുടെ സശിരഃകമ്പമായ ശ്ലാഘയെ അൎഹിക്കുന്നു.

പദ്മാനന്ദഥുഹംസ! ഭക്തജനതാ–
 ദോഷാഹതിപ്രത്യുഷഃ!
സത്വാവാസസരിൽപതേ! കുവലയ–
 പ്രാകാശ്യശീതദ്യുതേ!
സത്യാവസ്ഥിതിസാരസോത്ഭവ! സദാ–
 ലംബാംബരാസ്വാദ്യഭാം
സത്വം കാമപി കാമദാനഗിരിശ!
 ശ്രേയഃശ്രിയം കല്പയ.

(തെങ്കൈലനാഥോദയം)

എന്ന പദ്യം പരിശോധിക്കുക. ചെല്ലൂരനാഥോദയത്തിലെ 'അഥനരപതിമുനിസാൎവ്വഭൌമ' എന്നു തുടങ്ങുന്നതും നാരായണീയത്തിലെ ''അഥ തസ്യാം ഖലു പരിസ്ഫുരൽ'' എന്നാരംഭിക്കുന്നതും തെങ്കൈലനാഥോദയത്തിലെ ''തത്ര ചകേഷുചിൽ'' എന്നു തുടങ്ങുന്നതുമായ ഗദ്യങ്ങളുടെ പ്രൌഢിയും മാധുൎയ്യവുംകൂടി ഈ ഘട്ടത്തിൽ പരിശോധനീയമാണു്.

ഇതിനു തെളിവായി തെങ്കൈലനാഥോദയത്തിൽ നിന്നു് ഇനിയും ചില ശ്ലോകങ്ങൾകൂടി ഉദ്ധരിക്കേണ്ടതായുണ്ടു്. കൊച്ചിരാജധാനിയെയും രാജാക്കന്മാരെയും വൎണ്ണിക്കുന്നവയായി ഉപോൽഘാതത്തിലുള്ള ഗദ്യപദ്യങ്ങൾ തുലോം ഹൃദ്യങ്ങളാകുന്നു. അവയിൽവച്ചു്

സുരാലയസ്യോജ്ജയിനീ വിഭൂത്യാ
പരൈരയോദ്ധ്യാ മധുരാ വിശാലാ
വിരാജതേ ഭോഗവതീ സ്വയം യാ
ശ്രിതേവ സംഭൂയ മഹാപുരീഭിഃ.

എന്ന പുരീവൎണ്ണനപദ്യവും

കാന്തിം കാഞ്ചന മൂൎത്തിധാരിമദന-
        പ്രഖ്യാം പ്രവീരശ്രിയം
പ്രൌഢാ:റാമപി ചിത്തവൃത്തിമതിഗം-
        ഭീരാം പ്രിയം ഭാവുകാം
ക്ഷാന്തിം നിസ്സൃഷവൈദുഷീഞ്ച നിതരാം
        ബിഭ്രന്നരേന്ദ്രാൎഭക-
സ്സാന്ദ്രാവിഷ്കൃതദിവ്യലക്ഷണപരീ-
        താത്മാ വ്യലാസീദസൌ.

എന്ന രാജകുമാരവൎണ്ണനപദ്യവും സവിശേഷം പ്രസ്താവയോഗ്യങ്ങളാണു്. 'കേരളക്ഷ്മാപതി' തൃശ്ശിവപേരൂരിലെ 'മൂൎത്തിത്രിതയ'ത്തേയും ശ്രീപാൎവ്വതിയേയും സ്തുതിക്കുന്ന താഴെ ഉദ്ധരിക്കുന്നവയായ പദ്യങ്ങൾ ശബ്ദഭംഗി, അൎത്ഥപുഷ്ടി, അലങ്കാരശോഭ, ഭക്തിനിൎഭരത മുതലായവകൊണ്ടു് അത്യന്തമനോഹരങ്ങളായിരിക്കുന്നു.

കൈലാസസ്ഥം യയാചേ പരശിവമപമി-
        ത്യ സ്വയം ഭക്തിവിത്തൈ-
ൎയ്യദ്രാമോ ജാമദഗ്ന്യസ്തദിഹ വൃഷപുരേ
        കേരളക്ഷോണിഹാരേ
ജ്യോതിൎല്ലിംഗം തദംശം കൃതവസതി ജഗ-
        ന്മണ്ഡലാനുഗ്രഹാൎത്ഥം
വന്ദേ സൎവ്വാത്മനാ പൎവ്വതവരതനയാ-
        സന്നിധാനപ്രസന്നം.
സുവൎണ്ണമകുടീജടാമക-
        രഭോഗഭൃൽ കുണ്ഡലേ
നിവീതവനമുണ്ഡദാമ്നി ധൃ-
        തപീത ചൎമ്മാംബരേ
ഗദാംബുജകപാലശൂലഭൃ-
        തി ധാമ്നി ലീയേ സുസം-
ഗതേ ഘുസൃണഭസ്മലേപിനി
        വൃഷാകപായീപ്രിയേ.

ദേവി! ത്രൈലോക്യരക്ഷാകലിതവൃഷപുരാ—
 വാസലീലായിതേ! ശ്രീ—
പാദാബ്ജം ദക്ഷിണന്തേ മഹിഷമകുടപാ—
 ഷാണഘാതാതിശോണം
അന്യച്ച പ്രേമകോപപ്രണതഹരജടാ—
 ഘട്ടനോത്സർപ്പിഗംഗാ—
പാഥോബിന്ദുക്ഷിതഞ്ചേതസി പരമശിവ—
 പ്രാണനാഥേ! സമിന്ധാം.

''ദേവി! ത്രൈലോക്യരക്ഷേ''ത്യാദിപദ്യം മഹിഷമംഗലഭാണപ്രണേതാവായ മഴമംഗലത്തു നമ്പൂരിയുടെ

''കേളീകോപദശാസു തന്വതി നതിം
 ചന്ദ്രാർദ്ധചൂഡാമണൌ
ചൂഡാചന്ദ്രകലാനുഷംഗകലയാ
 യത്ത്രൃ യതേ കോമളം
യദ്വാ കക്ശകാസരാസുരശിരോ—
 നിഷ്പേഷണേ നിഷ്ഠുരം
പായാദ്വസ്തദിദം ഗിരീന്ദ്രദുഹിതുഃ
 പാദാരവിന്ദദ്വയം.''

എന്ന പ്രസിദ്ധപദ്യത്തോടു് ഏകദേശം സമാനാൎത്ഥകമായിട്ടുള്ളതാണു്. ഈ രണ്ടു പദ്യങ്ങളുടെയും അന്തസ്സും അന്തസ്സാരവും നോക്കിയാൽ രണ്ടും അത്യന്തസുന്ദരങ്ങളെന്നല്ലാതെ ഒന്നു മറേറതിനേക്കാരം മേലെയെന്നോ താഴെയെന്നോ പറയുവാൻ വയ്യ.

''തയാ ഗൃഹീതന്നു മൃഗാംഗനാഭ്യ—
 സ്തതോ ഗൃഹീതന്നു മൃഗാംഗനാഭിഃ.''

എന്നു കാളിദാസൻ സന്ദേഹിച്ചതുപോലെ സന്ദേഹിപ്പാനേ തരമുള്ളൂ.

നീലകണ്ഠകവിയെ ഒരു ഉത്തമനായ ദേശാഭിമാനി എന്ന നിലയിലും നമുക്കു സരോമാഞ്ചം സ്മരിക്കാവുന്നതാ

ണ്. അദ്ദേഹത്തിൻേറതെന്നു് അറിയപ്പെട്ടിട്ടുള്ള മൂന്നു കൃതികളും കേരളത്തിലെ മൂന്നു പ്രസിദ്ധക്ഷേത്രങ്ങളുടെ പ്രതിഷ്ഠയെ വിഷയീകരിച്ചു വിരചിച്ചിട്ടുള്ളതാണെന്നു നാം കണ്ടുവല്ലൊ. ചെല്ലൂരനാഥോദയത്തിൽ.

''വാർമെത്തീടും ചതുസ്സാഗരപരിഗതമാം
ഭൂതലേ ഭാർഗ്ഗവശ്രീ–
രാമൻതന്നാലധിഷ്ഠാപിതമമിതസുഖം
മണ്ഡലം കേരളാഖ്യം.''

ഇത്യാദി പദ്യഗദ്യങ്ങളും, നാരായണീയത്തിൽ

''ജഗതി മുഹുരഖണ്ഡേ പര്യടന്നേഷ കണ്ടേൻ
ഭൃഗുപതിപരിക്ലൃപ്തേ മണ്ഡലേ കേരളാഖ്യേ
പുകഴുപെരുകിനമാന്ധാതാവിനാലാഹിതശ്രീ–
മഹിതഗിരിശബിംബം ചിത്തരമ്യം പ്രദേശം.''

ഇത്യാദി പദ്യങ്ങളും തെക്കൈലനാഥോദയത്തിൽ

''ആകമ്രം തെക്ക കന്യാകുമരിയൊളമതി–
ശ്ലാഘ്യരമ്യം വടക്ക–
ഗ്ഗോകർണ്ണത്തോളമയ്യാ പുകഴുപെരുകിന സ–
ഹ്യസ്യ പാശ്ചാത്യഭാഗേ
വാർകൊള്ളും കൊങ്കണാഖ്യാനമിതതിമഹിതം
ഭാർഗ്ഗവപ്രൌഢദത്തം
ഭോഗശ്രീലോഭനീയം ജനപദമൊരുമി–
ച്ചാവസൻ ഭൂസുരേന്ദ്രാഃ''

ഇത്യാദി പദ്യഗദ്യങ്ങളും നിർമ്മിച്ചചേർത്ത കവിയുടെ ദേശഭക്തി അന്യാദൃശംതന്നെ. ചെല്ലൂരനാഥോദയത്തിലെ,

''ഭൂമീസുരാ ദധതി സീമാതിവൃത്തമൊരു ഭൂമാ (വിന്നേ) മധുരഭീമാഃ പുകഴുപെരിയ കൌമാരകവയസി മാമാ മികവൊടൊരു മതിമഹിമ തടവി മുഹുരതിവിമല

മഖിലജനനയനപുടസോമാഃ സാവിത്രിയാമൊരു സവിത്ര്യാം പിറന്നു പുനരാബദ്ധചാരുഗുരുസേവാഃ സവിതൃസമശോഭാഃ ശിവനിയതഭാവാ ദിവസമനു നിഗമമയജലധികളിലനുകലിതപരമകിടിപരിവൃഢവിഭാവാഃ; സാഹിത്യതന്ത്രകൃതഗാഹക്രമാ മഹിതഗാർഹസ്ഥ്യമാന്ന ചരിതാർത്ഥാഃ സുഖവിദിതശാസ്ത്രാഃ സുവിരചിതധരണിസുരവിബുധപിതൃപരിചരണമുദിതശുഭതനയപൗത്രാഃ പാലാഴിചാരിപുകരാംമാലാമയം കലിതലീലം പ്രപൂര്യ ജഗദന്തേ പലവചനബന്ധേ ഫലവിഭവമെന്തേ നലമുടയ ധരണിസുരകുലപതികളവരതുലഗുണഗരിമ തടവി വിജയന്തേ.''
എന്ന ദണ്ഡകം നമ്പൂരിമാരിൽ ഓരോരുത്തരും വേദംപോലെ നിത്യം ഉരുക്കഴിച്ചു പുളകഭൂഷണഭൂഷിതന്മാരാകേണ്ടതാണു്.

''ധർമ്മങ്ങൾക്കൊരു മൂലസ്ഥാനം
പാവനതായാ ജീവനസാധന-
മാചാരാണാമഭ്യാസഗൃഹം
ഭവസാദത്തിന്നവസാനസ്ഥലി
നിർമ്മലതായാ നർമ്മനികേതം
മര്യാദയ്ക്കൊരു പര്യാധാരം
കിം ബഹുവാചാ
ഭാഗ്യംകോലിന തൽഗുണവൈഭവ-
മോക്കുംതോറും വാക്യവിദൂരം.''

എന്നു മഹാനുഭാവനായ ഈ കവി വർണ്ണിച്ചിട്ടുള്ളതു് നമ്മുടെ മാതൃഭൂമിയെപ്പററിയാണെന്നോർമ്മിക്കുമ്പോൾ ആനന്ദബാഷ്പം വർഷിക്കാത്ത കണ്ണുകളോടുകൂടി സ്ഥാണാകാരന്മാരായി നില്ക്കുവാൻ നമ്മിലെത്രപേർക്കു കഴിയുമെന്നു ഞാൻ സധൈര്യം, സാഹങ്കാരം, ചോദിക്കുന്നു. തിരുവില്വാമല, വർക്കല, തിരുനെല്ലി ഈ മൂന്നു ക്ഷേത്രങ്ങൾക്കും ഭാരതപ്പുഴ, പെരിയാറു്, മൂവാററുപുഴയാറു് ഈ മൂന്നു നദികൾക്കുമുള്ള മഹിമാതിശയത്തേയും നമ്മുടെ കവി സന്ദർഭോചിതമായി സ്മരിക്കുന്നുണ്ടു്.

തെങ്കൈലനാഥോദയത്തിൽ രാമായണചമ്പുവിൽ നിന്നും ഭാരതചമ്പുവിൽനിന്നും ചില ഭാഗങ്ങരം ഉദ്ധരിച്ചിട്ടുള്ളതായി മുൻപു പ്രസ്താവിച്ചുവല്ലോ. ചെല്ലൂരനാഥോദയത്തിൽ ശതസോമൻെറയും ഭാരതചമ്പുവിൽ അജ്ജ്ജുനൻെറയും തപോവണ്ണനം ഒന്നുപോലെയിരിക്കുന്നു എന്നു മാത്രമല്ല ആ ഘട്ടത്തിലെ പദ്യഗദ്യങ്ങളിൽ ചില ഭാഗങ്ങരം അഭിന്നങ്ങളുമാണു്. അതുപോലെ നാരായണീയത്തിൽ വൈകുണ്ഠലോകത്തിൽനിന്നു തിരിയെ എഴുന്നള്ളുന്ന അവസരത്തിലും കംസവധത്തിൽ കംസൻെറ രാജധാനിയിലേക്കു് എഴുന്നള്ളുന്ന അവസരത്തിലും ശ്രീകൃഷ്ണനെ കവി വണ്ണിക്കുന്ന പല ശ്ലോകങ്ങളും ഏകരൂപങ്ങളാകുന്നു. ഈ കാരണങ്ങളെ മാത്രം അടിസ്ഥാനമാക്കി കംസവധത്തിൻെറയും ഭാരതചമ്പുവിൻെറയും കർത്തൃത്വം നീലകണ്ഠകവിയിൽ ആരോപിക്കുന്നതു സാഹസമായിരിക്കും. പൂവ്വസൂരികളുടെ സൂക്തികരം നമ്മുടെ കവിയും യഥോചിതം ഭാഷാന്തരീകരിച്ചിട്ടുണ്ടു്.

''പര്യാതതഃ പാണിധൃതം സരോജം
വിന്യസ്യ വിന്യസ്യ ദൃശോഃ പദവ്യാം
നിദ്രാം പ്രബോധഞ്ച മുഹുന്നയന്തീം
പത്മാസനാം സസ്മിതമീക്ഷമാണം.''

എന്ന ശ്രീകൃഷ്ണവിലാസപദ്യം തെങ്കൈലനാഥോദയത്തിൽ

''പാൎത്തട്ടിലെങ്ങുമിരവും പകലും തിരിക്കും
നേത്രങ്ങരംകൊണ്ടിടയിടെസ്സമുദീക്ഷ്യ സാകം
കാത്യായിനീകരവികസ്വരകേളിപത്മേ
ചീൎത്തോരുറക്കമൊരുപാതിയിലാദധാനം.''

എന്നു ശിവപരമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പരസ്വാദാനംകൊണ്ടു പലവിധത്തിൽ ആധമണ്ണ്യം വന്നുചേൎന്നിട്ടുണ്ടെങ്കിലും അതെല്ലാം തട്ടിക്കഴിച്ചു

നോക്കുന്നതായാലും നീലകണ്ഠൻ അത്യന്തം ഭാവനാസമ്പന്നനും വാഗർത്ഥശേവധിയുമായ ഒരു കവിമൂർദ്ധന്യനായി ത്തന്നെ സമുല്ലസിക്കുന്നതാണു്.

വരുണനെൻറ യജ്ഞായുധമായ ശൂർപ്പം എറിഞ്ഞു പരശുരാമൻ വീണ്ടെടുത്ത കരയാണു് കേരളം എന്നാകുന്നു പ്രസ്തുതകവി നമ്മെ പഠിപ്പിക്കുന്ന ഐതിഹ്യം. ഈ ഐതിഹ്യം കവിക്കു് എവിടെനിന്നു കിട്ടി എന്നു നിശ്ചയമില്ല. എന്നാൽ ശൂർപ്പാരകം എന്ന ദേശമാണു് പരശുരാമനു വേണ്ടി സമുദ്രം നിർമ്മിച്ചതു് എന്നു മഹാഭാരതം ശാന്തിപർവ്വത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്.

''തതശ്ശൂർപ്പാരകം ദേശം
സാഗരസ്തസ്യ നിർമ്മമേ
സഹസാ ജാമദഗ്ന്യസ്യ
സോപരാന്തേ മഹീതലേ.''

ശൂർപ്പാരകം എന്നാൽ ശൂർപ്പം (മുറം) പോലെയുള്ള(ആരം= കോൺ) ഭൂമിയുടെ ഒരു ചെറിയ കോൺ എന്നർത്ഥം. ഇതിൽനിന്നു ക്രിസ്താബ്ദത്തിൻെറ ആരംഭം മുതല്ക്കെങ്കിലും പരശുരാമൻെറ കേരളോദ്ധൃതിയെപ്പററിയുള്ള ഐതിഹ്യം ഭാരതവർഷത്തിൽ എങ്ങും പ്രചരിച്ചിരുന്നതായി ഊഹിക്കാവുന്നതാണു്. ശൂർപ്പംകൊണ്ടു ലഭിച്ച ഭൂകോണം എന്നു് അർത്ഥം കല്പിക്കുവാനും വല്ല പ്രമാണവും കണ്ടേക്കാം. ശൂർപ്പാരകമെന്ന സ്ഥലം ബോംബേക്കു 37 മൈൽ വടക്കും ബസ്സീൻ പട്ടണത്തിനു നാലു മൈൽ വടക്കുപടിഞ്ഞാറുമാകുന്നു. അതു് ഒരു കാലത്തു് അപരാന്തത്തിൻെറ തലസ്ഥാനമായിരുന്നു. ഇന്നത്തെ സൂരത്താണു് ആ സ്ഥലം എന്നു പറയുന്ന പണ്ഡിതന്മാരുമുണ്ടു്. സ്കാന്ദപുരാണം സഹ്യാദ്രിഖണ്ഡത്തിൽ,

''ബ്രാഹ്മണാനാം തതഃ പൃഥ്വീ—
ദാനം കൃത്വാ യഥാവിധി
നവീനം നിർമ്മിതം ക്ഷേത്രം
ശൂർപ്പാരകമനുത്തമം.

വൈതരണ്യാ ദക്ഷിണേ തു
സുബ്രഹ്മണ്യസ്തഥോത്തരേ
സഹ്യാത് സാഗരപര്യന്തം
ശൂർപ്പാകാരം വ്യവസ്ഥിതം.''

എന്നു വർണ്ണിച്ചുകാണുന്നു. വൈതരണി നാസിക്കിനു സമീപമുള്ള ഒരു നദിയാണത്രേ. സുബ്രഹ്മണ്യമെന്നതു് ഉഡുപ്പി സുബ്രഹ്മണ്യക്ഷേത്രമാകുന്നു. ഇതു തിരുവേരകം എന്ന പേരിൽ ദ്രാവിഡത്തിലെ സംഘകാലസാഹിത്യത്തിൽ തന്നെ സുപ്രസിദ്ധവും മലനാട്ടിലുള്ള ഒരു സുബ്രഹ്മണ്യ ക്ഷേത്രമെന്നു വ്യാഖ്യാതാക്കന്മാർ വർണ്ണിച്ചിട്ടുള്ളതുമാണു്. ഏതായാലും ശൂർപ്പാരകം മുറംപോലെയുള്ളതും ഉഡുപ്പിക്കും നാസിക്കിനും മദ്ധ്യത്തിൽ സഹ്യപർവ്വതത്തിനും അറബി ക്കടലിനുമിടയ്ക്കു സ്ഥിതിചെയ്യുന്നതുമായ ഒരു ദേശം മാത്ര മാണെങ്കിൽ കേരളം അതിൽ ഉൾപ്പെടുകയില്ലെന്നുള്ളതു തീർച്ചയാണല്ലൊ. അതുകൊണ്ടു് പരശുരാമൻ ഉദ്ധരിച്ചതു സപ്തകൊങ്കണങ്ങളെയാണെന്നു മറെറാരു ഐതിഹ്യം പിൻകാലത്തു പൊങ്ങിവന്നു. സ്കാന്ദപുരാണം സഹ്യാദ്രി ഖണ്ഡത്തിൽ പരശുരാമൻ വീണ്ടെടുത്ത രാജ്യം നൂറു യോ ജന നീളവും മൂന്നു യോജന വീതിയുമുള്ളതാണെന്നു പ്രസ്താ വിച്ചിട്ടുണ്ടു്. ഏകദേശം തൊള്ളായിരം മൈൽ നീളമുള്ള ഒരു രാജ്യമായിരിക്കാം അതെന്നു് ഈ പ്രസ്താവനയിൽ നിന്നു് അനുമാനിക്കാം. സപ്തകൊങ്കണങ്ങൾക്കു പൊതു വിൽ കൊങ്കണമെന്നും പേരുണ്ടു്. അതുകൊണ്ടാണു് നമ്മു ടെ കവി ''വാർകൊള്ളും കൊങ്കണാഖ്യാനമിതതിമഹിതം ഭാർഗ്ഗവപ്രൌഢദത്തം..........ജനപദ'മെന്നും 'മദ്ധ്യേകൊ ങ്കണരാജ്യമുദ്ധൃതജഗന്നാഥോ വൃഷേന്ദ്രസ്ഥിതാ' എന്നും മററും വർണ്ണിക്കുവാനിടവന്നതു്. പക്ഷേ അതു കന്യാകുമാരി മുതൽ ഗോകർണ്ണത്തോളമുള്ള ദേശമാണെന്നു പറയുന്നതു ശരി യല്ല. ഉഡുപ്പിക്കു് എട്ടു മൈൽ തെക്കുകിഴക്കുള്ള കുഞ്ജരഗിരി യിൽ പരശുരാമൻെറ മാതാവായ രേണുകാദേവിയുടെ

ക്ഷേത്രമുണ്ട്. മഹാരാഷ്ട്രന്മാരും തൌളവന്മാരും അവരുടെ രാജ്യം കേരളംപോലെതന്നെ പരശുരാമൻ സമുദ്രത്തിൽ നിന്നു് ഉദ്ധരിച്ചതെന്നു വിശ്വസിക്കുന്നുണ്ട്. കേരളം, തുളുംഗം, സൌരാഷ്ട്രം, കരഹാടം, ബരാലാടം, ബർബ്ബരം, കൊങ്കണം ഈ ദേശങ്ങളെ സപ്തകൊങ്കണങ്ങരം എന്നു പറയുന്നു. ബരാലാടം, ബബ്ബ്വരം ഇവയ്ക്കു പകരം ചില ഗ്രന്ഥങ്ങളിൽ ഹൈവം, കർണ്ണാടകം എന്നിങ്ങനെ രണ്ടു ദേശങ്ങളുടെ പേരുകരം ചേർത്തും കാണാനുണ്ട്. പ്രപഞ്ചഹൃദയത്തിൽ 'സഹ്യപാദേ പരശുരാമഭൂമിഃ; സാ സപ്തകൊങ്കണാഖ്യാ കൂപക, കേരള, മൂഷികാലുവ, പശു, കൊങ്കണ പരകൊങ്കണഭേദേന ദക്ഷിണോത്തരായാമേന ച വ്യവസ്ഥിതാ; തത്രാനന്തപുരീബില്വാദ്രിഗോകർണ്ണ സപ്തകോടീശ്വരഭേദേന ക്ഷേത്രചതുഷ്ടയമപി ഭുക്തിമുക്തിഫലപ്രദം; സഹ്യാദ്രാവാമലകക്ഷേത്രം' എന്നു വർണ്ണിച്ചുകാണുന്നു. സാക്ഷാൽ കേരളത്തിനു കൂപകം (തിരുവിതാങ്കൂർ)കേരളം, മൂഷികം (കോലത്തുനാട്ട്) എന്നിങ്ങനെ മൂന്നു വിഭാഗങ്ങരം ആ ഗ്രന്ഥകർത്താവു് കല്പിക്കുന്നതിനു പുറമേ അലുവം, കൊങ്കണം, പരകൊങ്കണം എന്നു ബാക്കിയുള്ള വിഭാഗങ്ങരംക്കു നാമനിർദ്ദേശം ചെയ്യുന്നു. നീലകണ്ഠന്റെ വക്കലയ്ക്കു പകരം പ്രപഞ്ചഹൃദയകാരൻ സ്മരിക്കുന്നതു തിരുവനന്തപുരത്തെയാണെങ്കിലും തിരുവില്വാമലയേയും തിരുനെല്ലിയേയും (ആമലകക്ഷേത്രം) രണ്ടുപേരും പ്രത്യേകമെടുത്തുപറയുന്നു എന്നുള്ള വസ്തുത നാം മറക്കരുതു്. സാക്ഷാൽ കൊങ്കണം സൂരത്തിനും ഗോവായ്ക്കുമിടയ്ക്കു് — അഥവാ ഗുജ്ജരത്തിനും ഉത്തരകർണ്ണാടകത്തിനും ഇടയ്ക്കുള്ള രാജ്യമാകുന്നു. അതിന്റെ തലസ്ഥാനം താനാ അല്ലെങ്കിൽ ശ്രീസ്ഥാനകം എന്ന പട്ടണമാണു്. വരുണന്റെ ശൂപ്പം പരശുരാമൻ എറിഞ്ഞുവെന്നല്ല സ്വന്തം വെണ്മഴു എറിഞ്ഞു എന്നുതന്നെയാണു് സഹ്യാദ്രിഖണ്ഡത്തിൽ കാണുന്നതു്. ചിലർ ബാണങ്ങരംകൊണ്ടെയ്തു എന്നും പറയാറുണ്ട്.

'തസ്യാനീകൈർവ്വിസപ്പദ്ഭി-
രപരാന്തജയോദ്യതൈഃ
രാമാസ്ത്രോത്സാരിതോഽപ്യാസീത്
സഹ്യലഗ്ന ഇവാർണ്ണവഃ.'

എന്നു രഘുവംശത്തിൽ കാളിദാസൻ പ്രസ്താവിക്കുന്നു.

പരശുരാമൻ മഹേന്ദ്രഗിരിയിൽ തപസ്സു ചെയ്യുമ്പോളാണു് ബ്രാഹ്മണർ അദ്ദേഹത്തോടു ഭൂമിഭിക്ഷ യാചിച്ചതു് എന്നു് നീലകണ്ഠകവി പറയുന്നതും അപ്രമാണമാണു്. മഹേന്ദ്രഗിരി തിരുവിതാങ്കൂറിന്റെ തെക്കുഭാഗത്തുള്ള ഒരു പർവ്വതശിഖരമാണെന്നുള്ളതിനെപ്പററി ഇന്നു പണ്ഡിതന്മാരുടെ ഇടയിൽ വിവാദമില്ല. ബംഗാൾ ഉൾക്കടലടുപ്പിച്ചു് പണ്ടു കലിംഗരാജ്യത്തിൽ പെട്ടിരുന്ന ഒരു മഹേന്ദ്രഗിരിയുണ്ടെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. ആ ശൈലശൃംഗത്തിനു് ഇവിടെ പ്രസക്തിയില്ലല്ലോ. മഹേന്ദ്രം കേരളത്തിനു മുൻപു് ആവിർഭവിച്ചിരിക്കുവാൻ തരമില്ല. പുരാണങ്ങളിൽനിന്നു നാം അറിയുന്നതും കേരളനിർമ്മിതിക്കു ശേഷം പരശുരാമൻ മഹേന്ദ്രഗിരിയിൽ തപസ്സുചെയ്യുവാൻ പോയി എന്നാണു്.

''ഇത്ഥം നിയുക്തഃ കുരുഭൂമിഭർത്ത്രാ'' എന്ന വരിയിൽ കാണുന്ന കുരുഭൂമിക്കു് അർത്ഥമെന്തു്? മുറിഞ്ഞപുഴയ്ക്കു വടക്കും വരാപ്പുഴയ്ക്കു തെക്കുമുള്ള ഒരു പ്രദേശമാണു് കുരുനാടു്. ഇതു് ഇന്നത്തെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ടു കിടക്കുന്നു. ആ പ്രദേശം കുരുമുളകിനു പണ്ടുപണ്ടേ കീർത്തിപ്പെട്ടിരുന്നതിനാലാണു് അതിനു കുരുനാടെന്നു പേർ വന്നതു്. കൊല്ലം 937-ാമാണ്ടു് ധനുമാസം 12-ാംനു- തിരുവിതാംകൂറും കൊച്ചിയും തമ്മിൽ എഴുതിപ്പിടിച്ച ഉടമ്പടിയിൽ കാണുന്ന ''മുറിഞ്ഞ പുഴയ്ക്കു വടക്കു വരാപ്പുഴയ്ക്കു തെക്കു കുരുനാട്ടുൾപ്പെട്ട പ്രദേശങ്ങളിൽ 33-ാമാണ്ടു് വരയിൽ അടങ്ങനുഭവിച്ചിരിക്കുന്ന പ്രദേശങ്ങൾ നീക്കി ശേഷ

മുള്ള പ്രദേശങ്ങാം ഒക്കയും നാം അനുഭവിച്ചുകൊാംകയും ആം'' എന്ന വാക്യം നോക്കുക. വാസുദേവൻനമ്പൂരിയുടെ ഭ്രമരസന്ദേശത്തിൽ

''താര്യാ സിന്ധുസ്തദനു കുടിലാ
ബിംബലീമാദധാത്രീഃ
സീമാ, രാമാകുചമലയജാ–
മോദഭാരാഭിരാമാ
മഗ്നോന്മഗ്നൈർവ്വദനകമലൈഃ
കൌരവീണാം വധൂനാം
യാ ഹേമാംഭോരുഹവനവതീം
സ്വഢ്യനീമൂഢ്യനീതേ.''

എന്ന മൂവാററുപുഴ (മുറിഞ്ഞപുഴ)യാററിൻെറ വർണ്ണനവും പരിശോധിക്കുക. നാരായണീയത്തിൽ കവി,

''ആശ്ചര്യമെന്തിതു നിജാന്വയനാമചിഹ്നം
രാജ്യം വിധായ തദസൌ കുരുവംശനേതാ
സ്വാച്ഛന്ദ്യമമ്പിന ഹരിം തദധീശിതാരം
പ്രാജ്യാനുഭാവനിധി കല്പിതവാൻ കിരീടി'.'

എന്ന പദ്യത്തിൽ അർജ്ജുനൻ തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ വിഷ്ണുബിംബപ്രതിഷ്ഠ ചെയ്‌വാൻ വന്ന അവസരത്തിൽ കുരുനാടെന്ന പേർ തൻെറ വംശത്തിൻെറ സ്മാരകമായി തൃപ്പൂണിത്തുറ ഉാംപ്പെട്ട പ്രദേശത്തിനു നല്കി എന്നു പ്രസ്താവിച്ചിരിക്കുന്നതു് ഭ്രമവിജൃംഭിതംതന്നെ. കുരുക്കാം എന്ന പേർ തൻെറ ശത്രുക്കളായ സുയോധനാദികാം സ്വീകരിക്കുകയും അവർ ഭാരതയുദ്ധത്തിൽ മൃതരാകുകയും ചെയ്തതിനുശേഷം ആ പേർ കേരളത്തിൽ നിലനിൎത്തുവാൻ, അതു തൻെറ പൂർവ്വഗനായ ഒരു ചക്രവർത്തിയുടെ നാമധേയം തന്നെയാണെങ്കിലും, അർജ്ജുനൻ മുതിൎന്നു എന്നു സങ്കല്പിക്കുന്നതിൽ യുക്തിഭംഗമില്ലെന്നു് എങ്ങനെ പറയാം ?

തൃപ്പൂണിത്തുറയ്ക്കു രവിഗ്രാമമെന്നൊരു പേരുണ്ടെന്നു നാം നാരായണീയത്തിൽനിന്നു മനസ്സിലാക്കുന്നു. ''വിവിധഗുണസമഗ്രേ ശ്രീരവിഗ്രാമദേശേ'' എന്നും ''പറയാവല്ല രവിഗ്രാമത്തിൻ ഭാഗ്യവിലാസം'' എന്നും ആ ഗ്രന്ഥത്തിൽ പ്രസ്താവനയുണ്ടു്. ഇളങ്കോവടികളുടെ ചിലപ്പതികാരത്തിൽ ചെങ്കുട്ടവപ്പെരുമാൾ കണ്ണകിയെ പ്രതിഷ്ഠിക്കുന്നതിനുവേണ്ട ശില സമ്പാദിക്കുവാൻ ഹിമവൽപൎവ്വതത്തിലേക്കു പുറപ്പെട്ടപ്പോൾ സമീപത്തുള്ള ആടക (ഹാടക) മാടത്തിൽനിന്നു ശാന്തിക്കാരൻ പ്രസാദം കൊണ്ടുചെന്നു് അദ്ദേഹത്തിനു സമൎപ്പിക്കുന്നതായി ഒരു വൎണ്ണനം കാണുന്നു. ഈ ആടകമാടം ഏതെന്നുള്ള ഗവേഷണത്തിൽ മഹാമഹോപാധ്യായ ഡോക്ടർ സ്വാമിനാഥയ്യർ ''ഇരവിപുരമെൻപാരുമുളർ'' ഇതു രവിപുരമാണെന്നു പറയുന്നവരുമുണ്ടെന്നു പൂൎവ്വവ്യാഖ്യാതാക്കന്മാരെ അനുസ്മരിച്ചു പ്രസ്താവിക്കുന്നു. എറണാകുളത്തുനിന്നു തൃപ്പൂണിത്തുറയ്ക്കുള്ള റോഡരികിലുള്ള വളഞ്ഞമ്പലം എന്ന സ്ഥലത്തുനിന്നു രണ്ടര ഫർലാങ്ങു് തെക്കാണു് രവിപുരം. വെണ്ണക്കൃഷ്ണനെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ക്ഷേത്രം അവിടെയുണ്ടു്. പണ്ടു തൃപ്പൂണിത്തുറ ഉൾപ്പെട്ട പ്രദേശത്തിനും അതിനും എല്ലാം കൂട്ടിച്ചേൎത്തു രവിഗ്രാമം അല്ലെങ്കിൽ രവിപുരം എന്നു പേരുണ്ടായിരുന്നിരിക്കണം. സ്വാമിനാഥയ്യരുടെ പ്രസ്താവനയ്ക്കു ബലവത്തായ അടിസ്ഥാനമുണ്ടെന്നു വേണം വിശ്വസിക്കുവാൻ. അങ്ങനെയാണെങ്കിൽ തൃപ്പൂണിത്തുറ ക്ഷേത്രത്തിനു ചെങ്കുട്ടവൻെറ കാലത്തു ഹാടകമാടം എന്നു പേരുണ്ടായിരുന്നുവെന്നും അവിടത്തെ പ്രസാദമാണു് ചെങ്കുട്ടവൻ ശാന്തിക്കാരൻെറ കയ്യിൽനിന്നു സ്വീകരിച്ചതെന്നും വന്നുകൂടുന്നു. ചെങ്കുട്ടവൻെറ രാജധാനി വഞ്ചി തിരുവഞ്ചിക്കുളമായിരുന്നു എന്നുള്ളതിനു് ഇതു് ഒരു നല്ല തെളിവാണു്. ഇങ്ങിനെ പ്രാചീനചരിത്രസംബന്ധമായുള്ള ചില വാദങ്ങൾ ശമിപ്പിക്കുന്നതിനും നീലകണ്ഠൻനമ്പൂരിയുടെ കൃതികൾ പ്രയോജകീഭവിക്കുന്നു.

പെരുഞ്ചെല്ലൂർ ക്ഷേത്രത്തിൽ ശിവനെ പ്രതിഷ്ഠിച്ച ശതസോമൻ കേരളരാജാവായിരുന്നു എന്നാണു് നമ്മുടെ കവി തൈക്കൈലനാഥോദയത്തിൽ പ്രസ്താവിക്കുന്നതു്.

''സത്യം മററൊന്നു ചൊല്ലാം നൃവര ! തവ കുലേ
ജാതനാം മേലിലസ്മൽ–
ഭക്തോ രാജർഷി ഭൂമണ്ഡലപതി ശതസോ–
മാഭിധാനോ മഹീയാൻ
അത്രൈവ ക്ഷോണിഭാഗേ പുകഴുപെരുകിന ചെ–
ല്ലൂരനാമ്ന്യഗ്രഹാരേ
കൃത്വാ ബിംബപ്രതിഷ്ഠാം മമ പരമപദം
ദാസ്യതേ വംശജാനാം.''

എന്ന പദ്യം നോക്കുക. ക്രി. പി. പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന അതുലകവിയുടെ മൂഷികവംശത്തിൽ ശതസോമൻ കോലത്തുനാട്ടിലെ ഒരു രാജാവായിരുന്നുവെന്നാണു് പ്രസ്താവിച്ചിരിക്കുന്നതു്.

''ശതൈഃ ക്രതുനാം കുർവ്വാണ–
ശ്ശങ്കാം ഗുർവ്വീം ശതക്രതോഃ
അതിപ്രാപ്തസ്സുതസ്തസ്യ
ശതസോമസ്തതോഭവൽ.

സ പ്രതിഷ്ഠാപയാമാസ
ഗ്രാമേ ചെല്ലൂരനാമനി
കൈലാസാദ്രിപ്രതിച്ഛന്ദ–
മന്ദിരേ ചന്ദ്രശേഖരം.

ശങ്കരസ്യ ഭവേദ്ഭാംശ്യാ–
സ്താൽ പ്രഭൃത്യേകവിംശതിഃ
ഇഷ്ടായുഷോ ഭവിഷ്യന്തീ–
ത്യതിപ്രീത്യാ വരം ദദൌ.''

എന്ന ആ മഹാകാവ്യത്തിലെ പതിനൊന്നാം സർഗ്ഗത്തി ലുള്ള ചില ശ്ലോകങ്ങരം നോക്കുക. കോലത്തുനാട്ട ചിത്ര കേതനൻെറ പുത്രനായിരുന്ന ശതസോമൻ എന്നും അതുലൻ പറയുന്നു. അതു കൂടാതെ ക്രി. പി. പത്താം ശതകത്തിൽ ജീവിച്ചിരുന്ന കോലത്തുനാട്ട വളഭരാജാവിൻെറ പെരു ഞ്ചെല്ലൂർസന്ദർശനത്തെ വർണ്ണിക്കുമ്പോരം

‘‘ദ്രുതതരമവതീര്യ തത്ര യാനാൽ
ഭുവനഗുരും ശിരസാ പ്രണമ്യ ശൌരിം
പുരമഥ ശതസോമനിർമ്മിതം തൽ
സ പുരരിപോരഭിരാമമാസസാദ.’’

എന്നു വീണ്ടും ഒരു പ്രസ്താവന കാണുന്നുണ്ട്. തളിപ്പറ മ്പിൽ ഒരു ശിവക്ഷേത്രം സ്ഥാപിക്കുവാനുള്ള സൌകര്യം കേരളരാജാവിനേക്കാരം അധികമുള്ളതു് കോലത്തിരി ക്കാണല്ലോ. മറിച്ചും വരാൻ പാടില്ലായ്കയില്ല. കേരളേ ശ്വരനായ ഭാസ്കരരവിവർമ്മപ്പെരുമാരം വയനാട്ടിലുള്ള തിരുനെല്ലിക്ഷേത്രത്തിലേക്കു ചില ദാനങ്ങരം ചെയ്ത തായി രേഖകളുണ്ട്. ഈ വിഷയത്തിൽ മൂഷികവംശ മാണു് ഒന്നുകൂടി വിശ്വാസയോഗ്യമായി തോന്നുന്നതു്.

ഇത്ര മനോഹരവും, കൊച്ചിരാജ്യചരിത്രം സംബ ന്ധിച്ചു് ഇത്ര പ്രധാനവും സാക്ഷാൽ വടക്കുന്നാഥൻെറ പ്രതിഷ്ഠയെ വിഷയീകരിച്ചുള്ളതുമായ ഒരു ഭാഷാചമ്പു പ്രസിദ്ധീകരിക്കുന്നതിൽ തൃശ്ശിവപേരൂർ സ്ഥാനസന്യാ സം ചെയ്ത കൊച്ചിയിലെ മഹാരാജശ്രീയാൽ സംസ്ഥാ പിതമായ ഭാഷാപരിഷ്കരണക്കമ്മിററിക്കു സവിശേഷമായ ചാരിതാർത്ഥ്യത്തിനു് അവകാശമുണ്ടെന്നു പ്രത്യേകം പറ യേണ്ടതില്ലല്ലോ.

| | |
|---|---|
| തിരുവനന്തപുരം,<br>27—10—1112. | ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,<br>പ്രസിഡൻറ്,<br>ഭാഷാപരിഷ്കരണക്കമ്മിററി. |

KOTTAYAM PUBLIC LIBRARY
KOTTAYAM.
38156

# തെങ്കൈലനാഥോദയം

## പ്രബന്ധം

ലീലാസല്ലാപമല്ലെൻപ്രിയസഖ! നിയതം
    ഭക്തിഭാജാം വിധേയോ
നാലാമ്നായാഭിധേയസ്ത്രിഭുവനപെരുമാറാം
    പാർവ്വതീഭാഗധേയം;
കൈലാസാൽ പോന്നു ദേവീപരിജനസഹിതോ
    ജാമദഗ്ന്യന്നുവേണ്ടി–
ച്ചേലേന്തും കേരളേ ചെയ്തൊരു വൃഷ പുരസം–
    വാസമേതൽപ്രമാണം.

ശാസ്ത്രാമ്നായേതിഹാസസ്മൃതിഷു വിവിധകാ–
    വ്യോൽകരേ നാടകേഷു
ശ്ലാഘ്യേ സാരസ്വതേ വാക്‌പരി ചിതിഷു പരാം
    കോടിമാടീകമാനേ
ഗംഭീരേഽസ്മിൻ സമാജേ സുമഹതി നവസ–
    ന്ദർഭമാല്യോപഹാര–
പ്രക്രാന്തസ്യാസ്യ മേ ദാസ്യതി വൃഷപുരനാ–
    ദ്ധാനുകമ്പാവലംബം. 2

വാർകോലും കേരളക്ഷ്മാതലവൃഷഭമഹാ–
    ക്ഷേത്രമൂലപ്രതിഷ്ഠാ–
മാഹാത്മ്യോല്ലാസകല്ലോലിതപരമശിവോൽ–
    കഷ്‌സംഭാവനീയം

നീ കേളെന്തോഴ! ചിത്രം ഭൃഗുതനയചരി—
ത്രൈരതിശ്ലാഘനീയൈ—
ർമ്മോഹദ്ധ്വാന്തപ്രകാശം വിപദുദധിതരി—
ത്രം നവീനം പ്രബന്ധം. 3

കല്യാണശ്രീതഴച്ചും ഭുജബലദമിത—
പ്രൌഢവൈരാകരാണാ—
മുല്ലോലഭ്രൂ നടീനാടിതധരണിപരി—
ത്രാണനൃത്താന്തരാണാം
ചൊല്ലേറുംകീർത്തിപാളീകബളിതജഗതാം
കൊച്ചിയെന്നുണ്ടു ഭൂമൌ
വെല്ലുന്നു കാപി മേളംപെരിയ കുലപുരീ
മാടധാത്രീപതീനാം. 4

ഗദ്യം 1:— അസ്തി ഖലു സമസ്തഭുവനവിസ്താരനിസ്തുല പ്രശസ്തിമഹിതാസ്പദേ ഭൃഗുകുലാകല്പകല്പിതേ കേരളക്ഷോണിഭാഗേ നിരന്തരോൽഗത്വരകീർത്തിമൌക്തികച്ഛടാവിതാനിതനിഖിലജഗദണ്ഡമണ്ഡലാനാം പ്രചണ്ഡഭുജശൌണ്ഡീര്യവർജ്ജിത കർണ്ണകിരീടികാകുൽസ്ഥകാർത്തവീര്യാദിവീരപുരുഷഗർവ്വസർവ്വസ്വാനാം നിരതിശയജാജ്വല്യമാനപ്രതാപപാവകജ്വാലാവലീഭിരവലീഢരിപുബലശലഭാനാം വിപുലപ്രഥനവിതന്യമാനവരദാനസംപാദിതവരസുഖലാഭസംഫുല്ലമനസ്സാരസുമനസ്ത്രൈണനിത്യോദീര്യമാണഹൃദ്യാശീർവ്വിശേഷാണാം മനുകുലമണിപ്രദീപാനാം മാടധാത്രീഭൃതാം വിശ്വവിസ്മാപകാഭോഗകൊച്ചീതിനാമ കുലരാജധാനീ.

സുരാലയസ്യോജ്ജയിനീ വിഭൂത്യാ
പരൈരയോദ്ധ്യാ മധുരാ വിശാലാ
വിരാജതേ ഭോഗവതീ സ്വയം യാ
ശ്രിതേവ സംഭ്രമ മഹാപുരീഭിഃ. 5

മനുകുലമണിദീപൌ തത്ര പുര്യാമഭൂതാം
മഹിതഗുണനിധാനൌ രാമവമ്മാഭിധാനൌ
പ്രതിഭടമദകുംഭിപ്രൌഢസംഹാരസിംഹൌ
സലിലനിധിഗഭീരൌ ദ്വൌ മഹീപാലവീരൌ. 6

തദനു വിപുലവൈദുഷീനിധാനം
മനുജവരോജ്ജ്വനി തത്ര ഗോദവമ്മാ
അഗണിതഗുണശേവധിശ്ച മധ്യേ
രവിസദൃശോ രവിവമ്മനാമധേയഃ. 7

ആവിർബ്ബഭൂവ തദനന്തരമാവിഭഗ്ന-
ഭ്രൂ വല്ലിവിഭ്രമവശംവദവിശ്വലോകഃ
സാവിത്രവംശതിലകസ്ത്രിദിവേന്ദ്രധാമാ
ശ്രീവീരകേരള ഇതി ക്ഷിതിപാലചന്ദ്രഃ. 8

ഗദ്യം 2:— തതസ്സ രാജാ സരോജാരിചൂഡാഭരണചരണകമലപരിചരണനിസ്തുഷസംസ്കാരമനസ്കാരസമുദിതവരബോധസാരനിദ്ധാരിതനിഖിലകൃത്യാകൃത്യവിശേഷഃ ചതുരുദധിമേഖലാദാമബന്ധുരാം വസുന്ധരാം വിക്രമോച്ചണ്ഡേന ഭുജദണ്ഡേന ബിഭ്രാണഃ ജഗൽഭ്രമണഹേതി മഹേളാരബ്ധവൈരിവീരകണ്ഠഗ്രഹസമയസമുദിതവരയശോരൂപാത്ഭുതകുമാരവിക്രമാക്രാന്തചതുർദ്ദശഭുവനാന്തരാളഃ ശക്തിത്രയീസമൃദ്ധേന പുണ്യഷാഡ്ഗുണ്യചതുരുപായചതുരേണ രാജജ്ഞാമൃത്തംസായമാനേന ബലവദാജ്ഞാബലേനൈവ സപ്താംഗരാജ്യം യഥാവിധി പരിപാലയൻ പുരുഹൂത ഇവാമരാവതീം പുരാണനഗരീം താം ചിരായ സുഖമധ്യവാസ.

തൽകാലേ ചതുരന്തഭൂമി (വലയ)–
പ്രാകാശ്യഹേതോന്നൃണാ–
മദ്രിക്ഷൈതസ്സകൃതൈസ്സരോരുഹഭവാ
സങ്കല്പിതസ്സാദരം

പ്രൌഢശ്രീരുദിയായ പുണ്യദിവസേ
കശ്ചിൽ കുമാരാത്മനാ
മാടക്ഷ്മാപതിവംശഹർമ്മ്യശിഖരേ
മാണിക്യദീപാങ്കുരഃ. 9

കാന്തിം കാഞ്ചനമൂർത്തിധാരിമദന-
പ്രഖ്യാം പ്രവീരശ്രിയം
പ്രൌഢാനാമപി ചിത്തവൃത്തിമതിഗം-
ഭീരാം പ്രിയംഭാവുകാം
ക്ഷാന്തിം നിസ്സ്പൃഷവൈദുഷീഞ്ച നിതരാം
ബിഭ്രന്നരേന്ദ്രാർക്ക-
സാന്ദ്രാവിഷ്കൃതദിവ്യലക്ഷണപരീ-
താത്മാ വ്യലാസീദസൌ. 10

സാമ്രാജ്യാധികൃതോ വയസ്യഭിനവേ
ശ്രീരാമവർമ്മാഭിധോ
രാജേന്ദ്രസ്സഹ ഗോദവർമ്മസഹജേ-
നാക്രമ്യ വർഗ്ഗം ദ്വിഷാം
കൃത്വാ ദാനവരം തുലാദ്യപുരുഷം
വാരാണസീസന്നിധൌ
സംപ്രാപ്തശ്ശിവലോകമനുഗനുജോ-
പ്യാഗമ്യ രാമേശ്വരാൽ. 11

അനന്തരമനന്തരായര-
മണീയനാനാഗുണ-
പ്രഭാവജിതരാഘവോ വിഹി-
തലാഘവോ വൈരിണാം
ശശാസ വിധിവന്മഹീം ഗുണ-
മഹീയസീം പൂരയൻ
യശോ ജഗതി വീരകേരള
ഇതി പ്രതീതോ നൃപഃ. 12

നീത്യാ ദ്വീപാന്തരേഭ്യഃ പ്രവഹണപുരുഷൈ-
　　രാഹൃതൈതെന്നുപ്പ്യയന്നേ-
വാതൈര്‍ത്ഥരുത്സാര്യ ദൂരം ക്ഷിതിസുരവരദൌ-
　　ശ്ഗ്രത്യമുദ്രാപിശാചീം
യോദ്ധും നവ്യാധികാരാദരിഭിരധികനി-
　　ര്‍വ്യൂഢസര്‍വ്വാഭിസാരൈ-
സ്സാര്‍ദ്ധം സര്‍വ്വത്ര യുദ്ധോത്സവമഹഹ ചിരാ-
　　ദന്വഭൂദുന്നതാത്മാ. 13

സോയം നിശ്ശേഷവിദ്യാനിപുണമതിരുപാ-
　　ലിംഗിതോ വീരലക്ഷ്മ്യാ
മായം കൂടാത മാനാംബുധി വിമതഭടൈ-
　　ര്യൂദ്ധബദ്ധാഭിയോഗൈഃ
ആവിര്‍വ്വൈരം പടയ്ക്കായ് വൃഷപുരിയിലെഴു-
　　ന്നള്ളുമക്കാലമുച്ചൈ-
രാബദ്ധാഡംബരം മേന്മയൊടൊരു ശിവരാ-
　　ത്ര്യുത്സവം പ്രാദുരാസീല്‍. 14

വീരാണാംമണി വീരകേരളനൃപന്‍
　　ദിവ്യോത്സവേ ചെന്നസൌ
നേരേ ശൂരഭടാവലീകളകള-
　　വ്യാലോളിതാശാന്തരം
ഗൌരീനേത്രചകോരപാര്‍വ്വണശര-
　　ച്ചന്ദ്രം പ്രണമ്യ പ്രഭും
വാരാളും വൃഷഭാലയേ സഹൃദയൈ-
　　രൊരുംച്ചേര്‍ന്നിരുന്നീടിനാന്‍. 15

വാര്‍മേവീടുന്ന വിദ്വജ്ജനനിഗദിതതെ-
　　ങ്കൈലനാഥപ്രഭാവ-
ശ്രീമാഹാത്മ്യങ്ങളം കേട്ടും പ്രകടിതരുചി ക-
　　ണ്ടും പ്രസന്നാന്തരാത്മാ

ധീമാനല്പസ്മിതംചെയ്തഖിലസദസി ചെ-
ല്ലൂരപൂർണ്ണത്രയീശ-
ശ്രീമൽകാരുണ്യപാത്രം കവിമഴകിനൊടാ-
ദിഷ്ടവാൻ പദ്യവാചാ:— 16

''വിദ്യാവല്ലഭ! നീലകണ്ഠസുകവേ!
ചെല്ലൂരനാഥോദയം
ചിത്രം പണ്ടു കൃതം പുനശ്ച രചിതം
നാരായണീയം ത്വയാ;
അദ്യൈവാരഭതാം ഗിരാ മമ ഭവാൻ
തെക്കേലനാഥോദയ-
പ്രത്യഗ്രാഖ്യകലന്ന ബന്ധുരഗുണം
ബന്ധും പ്രബന്ധോത്തമം.'' 17

ഇത്ഥം നിയുക്തഃ കുരുഭൂമിഭർത്രാ
ഭദ്രാചലക്ഷേത്രമഹത്ത്വമാന്യം
ഹൃദ്യം കല്ലോദാരമണിപ്രവാളൈ-
ശ്ചിത്രസ്ഫുടാർത്ഥം വിദധേ പ്രബന്ധം. 18

ശ്രീചേന്നീട്ടം മഹേന്ദ്രാചലഭുവി നിഖില-
ക്ഷത്രവൈരാഗ്നിനിർവ്വാ-
ണാശാന്തസ്വാന്തപത്മേ വസതി പരശുരാ-
മേ തപസ്യൈകകാമേ
വ്യാജാപേതാനുഭാവാഃ കതിചന യതയോ
യായജൂകാ മഹാന്ത-
സ്സാശംസം പോന്നുവന്നൂ വിമലതരമനോ-
ഭാസുരാ ഭൂസുരേന്ദ്രാഃ. 19

അപ്പോളത്ഭുതചക്രവർത്തി യമിനാം
മുഖ്യാസനേഷ്വാസ്ഥയാ
വിപ്രേന്ദ്രാൻ വിനിവേശ്യ ഭക്തിയൊടു ചെ-
യ്താതിഥ്യപൂജാവിധിം
മുൻപാടുദ്യതഹസ്തപാളി യുഗപ-
ദ്ദത്താസ്തദീയാശിഷോ

KOTTAYAM PUBLIC LIBRARY KOTTAYAM

ലബ്ധ്വാ വിഷ്ണുരസീമനി സ്വയമപാ-
വിഷ്ടോ ബഭാഷേ കൃതീ:— 20

ധന്യാ വിപ്രേശ്വരാഃ! സ്വാഗതമിഹ ഭവതാം
ബ്രഹ്മവിദ്യാവിനോദം
നന്നായ്‌വീതാന്തരായം ദിനമനു ഘനമോ-
ദേന മേവുന്നതല്ലീ?
എന്നല്ലേ കർമ്മകാണ്ഡപ്രകടനവിധിനാ പാ-
രിലെല്ലാടവും പോ-
ന്നന്യൂനം വാച്ചലാവും കരുണയുമനപാ-
യം വിളങ്ങുന്നതല്ലീ? 21

എന്നാലെന്തു മനോരഥം മനസി പൂ-
ർണ്ണഭ്യോഗതാസ്സാമ്പ്രതം
കിന്നാമാദ്യ വിധേയമാ ശ്രുവജനൈ-
രേഭിഃ പ്രസാദോത്സുകൈഃ.''
എന്നേവം പ്രമിതം ഗഭീരമരുള-
പ്പാടമ്മുനീനാം പ്രഭോ-
രൊന്നിച്ചങ്ങുപകർണ്ണ്യ കോപി നിയമീ
വൃദ്ധോ ബഭാഷേ തദാ. 22

ഗദ്യം 3:— ''ജയ ജയ ദേവ ഭൃഗൂത്തമ! സാമ്പ്രതമാക ർണ്ണയ മമ വാണീമേനാം. ത്രിഭുവനവീരം കൃതവീര്യാത്മ ജമുന്മര്യാദം ബ്രഹ്മവിഘാതിനമാഹവസീമനി ഹേഹയരാ ജം കൊന്നുമുടിച്ചതുമഖിലക്ഷത്രിയജാതിവിഘാതം കാര ണപൂർവ്വം നന്നച്ചെരിതു പിന്നെച്ചെയ്തതുമെന്നേ സുഖമേ പെരിയ വിചിത്രം ശരത്രായുധമിഹ സത്രാശനരുചി പൃ ത്ഥ്വീദേവകദംബമശേഷം ഗതവിത്രാസമിതുന്നതശീർഷം നീള നടക്കമ്മോറു ചമച്ചതുമെന്നേയല്ലേ നിര്യാതായാഃ മര്യാ ദായാഃ സ്ഥിതിമതിമഹതീം പര്യാപ്തം ഭുവി പരികല്പിച്ച തുമൊക്കെശ്രുവണസുധാരസവർഷം കേട്ടു വിചിത്രം മഹിത ചരിത്രം ചേതസി മേദുരകൌതുകമോദാസ്സുചരിതലക്ഷ്മീ

സൗരഭവന്തം ഗിരിവരകന്യാധൎത്ഥസുതന്തം കണ്ടു ഭവന്തം നയനങ്ങൾക്കും പരമാനന്ദം പൂരിപ്പാനായ് നാമിഹ വന്നു. മുന്നം മുന്നം പ്രളയവിരാമേ ദുഷ്ടദനുജൻ കട്ടുമറച്ചൊരു വേദാനാശു കൊടുത്തു വിരിഞ്ചന്തന്നെക്കൊണ്ടു പുരാതന പൂരുഷനഖിലജഗൽപ്രഭു ലോകവിനിൎമ്മിതി ചെയ്യിപ്പിച്ചതു കേൾപ്പുണ്ടിന്നാം; പുനരഥ ഗൎവ്വിതദുൎവ്വാസോമുനിശാപംകൊണ്ടത്രിഭുവനലക്ഷ്മി മറഞ്ഞൊരു നേരം ദേവാസുരകൃതദുഗ്ദ്ധപയോനിധിമഥനാടോപേ താണൊരു മന്ദരമന്ഥാനത്തെക്കമഠാകൃതിപൂണ്ടഴകിലുയൎത്തിക്കട്ടതരമഥിതാൽ കലശമഹാബ്ധ്യൂദ്ധവിലാസം ശുദ്ധമതൊക്കവെളിച്ചത്താക്കിപ്പരിപാലിച്ചതു കേൾപ്പുണ്ടിന്നാം; പിന്നെക്കൊടിയ ഹിരണ്യാക്ഷന്താൻ പാൎത്തലമൊക്കപ്പാൎത്തിരയാക്കിക്കെട്ടിമുറുക്കി മഹാംബുധിതന്നിലൊളിച്ചൊരു കാലത്താദിവരാഹവരാകൃതി കയ്ക്കൊണ്ടവനെക്കൊന്നു ധരിത്രീദേവീമുററം തേടിന തേററത്തെല്ലത്തേററം ഭീതാമഴകിലെടുത്തു യഥാസ്ഥാനം ചേൎത്തദ്രിപ്രൌഢൈരൊപ്പമുറപ്പിച്ചത്ഭുതരേിതം ചരിതമശേഷം കേൾപ്പുണ്ടിന്നാം; ദുഷ്ടശിഖാമണി പിന്നെയൊരുന്നാളുലകിടമഖിലം കളിയായ് വെന്ന ഹിരണ്യപുരസ്സരകശിപു മഹാസുരനസ്ഥഭയാങ്കുരമുദ്ധതചിത്തോ വാഴുംകാലം നരസിംഹാത്മാ ക്രൂരത്തനഖാഗ്രൈരുഗ്രൈരവനുടൽ നടുവേ കീറിക്കുടൎമാലകളുമണിഞ്ഞു ജഗത്ത്യാമാശ്വാസത്തെ വളൎത്തുമയ്യോ കേൾപ്പുണ്ടിന്നാം; പിന്നെ മഹാബലിയായ മഹാബലദനുജമഹീപതി ദേവേന്ദ്രാദിസുധാശനവൃന്ദം കൂട്ടത്തോടെ ദൂരത്താട്ടി ക്രൂരത്വാദ്ധ്യനിരൎഗ്ഗളവീൎയ്യോ ഭുവനംമൂന്നും കാ(ൽ)ക്കീഴാക്കി വസിക്കുംകാലം നവനവകുഹനാവടുവാമനനായ് മൂവ്വടികൊണ്ടുലകൊക്കെയളന്നമ്മാബലിതന്നെ നിബദ്ധ്യ വിദഗ്ദ്ധം ദേവപതിം ദിവിവാഴിപ്പിച്ചക്കരുണാശക്ത്യാ കാത്തതുമയ്യോ കേൾപ്പുണ്ടിന്നാം; നിഖിലജഗൽപരിരക്ഷ കുറിക്കൊണ്ടനന്നവതാരങ്ങളിവണ്ണം മുകിൽവൎണ്ണൻ പൂണ്ടത്തുത

രീത്യാ കീഴിൽ ചെയ്യോരനുപമചരിതവിലാസമതൊക്ക യുമിക്കാലത്തപ്പാൎത്ഥിവ സാൎത്ഥവതംസമഹാമണി കൃത വീര്യാത്മജരക്ഷിതനിഖിലക്ഷത്രിയജാതിവിഘാതംകൊ ണ്ടൊരു ഭൂഭാരം തീൎത്തിടയിളകീടിന ധൎമ്മസ്ഥിതിയെ പ്പരിപാലിച്ചു സുകൎമ്മവിഭൂതിം നീളവിതച്ചു (നണിച്ചു?) വളൎത്തൊരു ലോകാനുഗ്രഹവാപ്തിന്നൊവ്വാ വസ്തുജ്ഞാനേ. നീള നടന്നാലെല്ലാടത്തും നിൻഗ്ഗുണമൊഴിയെക്കേറംപ്പാ നില്ലേ. കനിവിനൊടെന്നാകല്പാവധി ധരണീമേനാമാ കല്പയ നീ. പിന്നെച്ചൊല്ലാമെളിയൊരു കാംക്ഷിതമന്ന ന്നോരോ കൎമ്മകദംബം ചെയ്‌വാനായ്ക്കൊണ്ടനുപമസമ്പൽ സംഭൃതമാമൊരു ഭൂമീഭാഗം ഞങ്ങറംക്കാക്കിപ്പുണ്യശ്രേണീം പരിഗൃഹ്ണീഷ്വ ചതുൎദ്ദശലോകാനുഗൃഹ്ണീഷ്വനിരൎഗ്ഗള ഭാഗ്യ വിലാസപയോധേ!''

വിഖ്യാതാനാം ദ്വിജാനാം സദസി നിയമിവൃ-
ദ്ധോദിതാമത്യുദാരാ-
മഗ്രേ വാണീം ചെവിക്കൊണ്ടനുപമമഹിമാ
സാൎവ്വഭൌമേ മുനീനാം
അക്ഷീണവ്യാകുലത്വം തടവിന മനസാ
ദാനശീലോ മുഹൂൎത്തം
വ്യഗ്രം കണ്ണൊണ്ടു ദദ്ധ്യൌ മഹിതമഖവരോ-
ത്സൃഷ്ടവിശ്വാൎത്ഥഭൂമാ. 23

''എന്തേപോൽ ചെയ്‌വതയ്യോ! ധനമഖിലമൊട്ട-
ങ്ങീ പരായത്തമത്രേ
ചിന്തിച്ചാൽ വാസെവും മേ ദൃഢമവനിസുര-
പ്രാൎത്ഥിതം പൂരണീയം
അന്തംകൂടാതെ വിസ്താരിണമിഹ പയസാം
രാശിമുത്സാൎയ്യ ദൂരം
ചന്തത്തിൽ കല്പയിഷ്യേ നവനവമൊരു ഭൂ-
ഭാഗമേഷാം ദ്വിജാനാം.'' 24

ഇതി നിശ്ചിതധീസ്സ പഞ്ചിമാബ്ധിം
ഗതവാൻ വീര്യഭൃതാമപശ്ചിമോസൗ
ക്ഷിതിദേവസമക്ഷമത്യുദഗ്ര-
പ്രഥിമാനം വരുണം വിളിച്ചുവാദീൽ:— 25

''ഭോഭോ ഗംഭീര ധീരോദ്ധത സലിലനിധേ!
വാരിസങ്കോചജന്യം
ഭൂഭാഗം യാചതേ നിന്നോടു മുനിവൃഷഭോ
ജാതിവൈരീ നൃപാണാം
ആപാദിപ്പാൻ മുനീനാമഭിമതമധുനാ
യജ്വനാമുദ്യതോ ഞാൻ
വൈപുല്യം നിഷ്ഫലം തേ ചെറുതു ബത ചുരു-
ക്കേണമെന്നാലിദാനീം.'' 26

ഇത്ഥം വാക്കുകൾ കേട്ടു ശാപകലഹാ-
ശങ്കീ വെളിച്ചത്തു വ-
ന്നുതസന്നോ ഭഗവാൻ (തദൈവ) വരുണോ
ദൃഷ്ട്വാ മുനീനാം പ്രഭും
ഉദ്യൽബ്രാഹ്മമഹോവിമിശ്രവിജയ-
ശ്രീദീപ്യമാനം തദാ
ചിത്തേ വിസ്മയമാർന്നു സസ്മിതമണ-
ഞ്ഞൂചേ മനോജ്ഞാം ഗിരം:— 27

''പുണ്യാംഭോധേ! മുനീനാം പരിവൃഢ! ഭുവന
സ്വാമിനാം താദൃശാനാ-
മെന്നും മര്യാദക്കൈവിട്ടൊരു വചനമുര-
ക്കെത്തുമോർത്താലയോഗ്യം
എന്നാലും കേളിദാനീം വിരവിലിദമനു-
ഷ്ഠേയമെങ്കിൽ ഭുവോ മേ
ഖണ്ഡം യജ്ഞായുധം ക്ലൃപ്തമിതഴകിലെറി-
ഞ്ഞുള്ളതെല്ലാം വിധേയം.'' 28

അപ്പോാം തഥേതി പരിഗൃഹ്യ കരേണ ശ്രുപ്പം
കെല്പോട്ടയത്തിയെറിവാൻ തുനിയുംദശായാം
മുല്പാടെഴുന്നനലസൂക്ഷ്മശിഖാനികാശം
നിഷ്പന്ദമൈക്ഷത മഹോവിസരം മഹാബ്ധൌ. 29

പെട്ടന്നദ്ക്ഷണംകൊണ്ടുദിതമതു മറ-
ഞ്ഞൊരുനേരത്തു ശ്രുപ്പം
തസ്മിന്നേവ പ്രദേശേ ഭൃഗുകുലമണി ചി-
ക്ഷേപ യജ്ഞായുധം തം
ഒട്ടല്ലേ ചിത്രമപ്പോാം വിരവൊട്ട വരുണോ
വാരിണാ ദൂരെ നീങ്ങി
പൃഷ്ഠാഭോഗം സമന്താത്സമമഥ ദദൃശേ
ഭൂതലം ദൃഷ്ടിരമ്യം. 30

തദനു ഭൃഗുകുലേന്ദ്രന്താനനുജ്ഞാപ്യ വാരാ-
ന്നിധിമനുപമസമ്പൽസംഭൃതം ഭൂവിഭാഗം
സദയമതു കൊടുത്തു കമ്മിണാം ഭൂസുരാണാം
മുദമധികമിയന്നു സവ്വ്ലോകാസ്തദാനീം. 31

ആകന്യം തെക്കു കന്യാകുമരിയൊളമതി-
ശ്ശ്ലാഘ്യരമ്യം വടക്ക-
ഗ്ഗോകണ്ണത്തോളമയ്യാ പുകാംപെരുകിന സ-
ഹ്യസ്യ പാശ്ചാത്യഭാഗേ
വാർകൊള്ളും കൊങ്കണാഖ്യാനമിതതിമഹിതം
ഭാഗ്ഗവപ്രൌഢദത്തം
ഭോഗശ്രീലോഭനീയം ജനപദമൊരുമി-
ച്ചാവസൻ ഭൂസുരേന്ദ്രാഃ. 32

ഗദ്യം 4:— കഥമിഹ കഥയേ കോങ്കണരാജ്യമഹത്ത്വവിശേഷം. ചൊൽക്കൊണ്ടീടിന തെക്കംഗംഗയിതെന്നു യശോനെറിതിക്കും നിരുപമപാവനമഹിമാകൂലദ്വിതയേ നീള വസിക്കും ഭൂമിസുരോത്തമഹോമസമിദ്ധസമിദ്ധവിതുൽഗതസൌരഭസാരം തടവിത്തഃവിപ്പരിതോമുദ്ദമുദ്ദ പെരുമാറീടും പവനവിലോളിതഭംഗുരബാലതരംഗഗഭീരാ പേരാറായ മഹാനദിതാനും, ചൂർണ്ണിതബഹുവിധദുരിതകദംബാ വർഷാസമയജലാന്തശ്ശയനസ്വയമുൽഭൂതമഹേശ്വരബിംബവിഡംബിതശേഷശയാസ്പദകലശസരിൽപതിമഹിമാഭോഗാ നിയതമഹോത്സവഡംബരസംഭൃതഗൌരീസപ്തകപുണ്യസ്നാനാനുഗ്രഹകൃത്യപവിത്രിത മുക്താധവളവിശുദ്ധസ്വാദുലഘൂദകപൂർണ്ണാ ചൂർണ്ണീതടിനിയും, മുല്ലാസത്തോട്ട ഫുല്ലാപഗയും മററുമിവണ്ണം മെത്തുമൊരോരോപുണ്യവഹന്തീപരിസരഭാഗം നീള നിറന്തകുമേലാകേരരസാളക്രമുകഭുജംഗമവല്ലീരംഭാപനസപ്രഭൃതിഭിരതിസുഭഗംഭാവുകനവശീതളഭൂതലമെന്തേ പറവതു മെത്തുംനവനവസസ്യശ്രേണീഹരിതനിചോളമണിഞ്ഞു നദീമാതൃകമാംകേദാരസ്ഥലനിവഹമനോഹരമക്ഷീണദ്യുതി ലക്ഷ്മീവല്ലഭസന്നിധികൊണ്ടതിധന്യാഭോഗം ചൊല്ലാർന്നീടിന വിലാചലമാം കല്യാണസ്ഥലമഴകിയ വല്ലുലതീർത്ഥവിരാജിതമനുപമമഹിമ ജനാർദ്ദനസദനം ദേവാസുരഗണസേവാരംഗം പിതൃജനസന്നിധിമഹനീയാമലപിണ്ഡശിലാതലമണ്ഡിതഭാഗം പാപവിനാശിനി മുതലായ്മേവിന പാവനതീർത്ഥവിദൂരിതദുരിതം പ്രളയത്തിങ്കലുമപഗതവിലയം ഹരഹര ചിത്രം വൈകുണ്ഠാദപി മുരഹരദേവനതിപ്രിയമുച്ചൈസ്സുചരിതഗമ്യം ധാത്രീക്ഷേത്രവുമിത്ഥം മൂന്നായ്മരുവും ദിവ്യക്ഷേത്രംകൊണ്ടു ഗഭീരിമപാത്രം മദ്ധ്യേമദ്ധ്യേപുതുതായ്ത്തീർത്ത സമൃദ്ധികൾമെത്തിന പുണ്യക്ഷേത്രശ്രേണികൾകൊണ്ടും സമധീതാഗമശാസ്ത്രവിമർശക്രമപൂതാത്മഭിരഞ്ചിതപഞ്ചമഖാദിക്രിയചെയ്തവിരതസഞ്ചിതസുചരിത

രാശിഭിരതുലബ്രാഹ്മമഹോമഹനീയൈ രവനിസുരേരന്ദ്രേ രഭിപൂരിതമായ് ചാരുതപൂണ്ട ചതുഷ്ഷഷ്ടിമഹാഗ്രാമവി ഭൂതിസമഗ്രിമകൊണ്ടും പെരികപ്പെരിക വിചിത്രാഭോഗം ധർമ്മങ്ങൾക്കൊരു മൂലസ്ഥാനം പാവനതായാ ജീവന സാധനമാചാരാണാമഭ്യാസഗൃഹം ഭവസാദത്തിന്നവസാന സ്ഥലി നിർമ്മലതായാ നർമ്മനികേതം മര്യാദക്കൊരു വര്യാധാരം കിം ബഹുവാചാ ഭാഗ്യംകോലിനതൽഗ്ഗുണ വൈഭവമോക്കുന്തോറും വാക്യവിദൂരം.

ഭൂയസ്സഞ്ചിന്ത്യ ധീമാൻ മദനമഥനശി—
　　　　ഷ്യാഗ്രണീരത്യുദഗ്രം
മായം കൂടാതവണ്ണം പരിചൊടു പരിപാ—
　　　　ലിപ്പതിന്നപ്രദേശം
സോയം കല്പിച്ചു സൂര്യാന്വയകുലതിലകം
　　　　കേരളാഖ്യം നരേന്ദ്രം
കോലം പ്രീത്യാ ഭവാനീപതിപരിചരണാ—
　　　　ർത്ഥം പ്രപേദേ ഹിമാദ്രിം. 33

കൈലാസദ്വാരദേശാൽ പ്രഭൃതി പുരഹരാ—
　　　　ജ്ഞാകരൈർന്നന്ദിമുഖ്യൈ—
രാലക്ഷ്യപ്രേമഭക്തിപ്രണയബഹുമതി—
　　　　പ്രക്രിയൈരഗ്രഭാഗേ
മേലേമേലേ വണങ്ങിത്തൊഴുതു സവിനയാ—
　　　　ദിഷ്ടവർത്മാ കടന്ന—
മ്മാലാം കക്ഷ്യാലയാനാം വസതിമണിഗൃഹം
　　　　പ്രാപ ബാലേന്ദുമൌലേഃ. 34

പാരീരേഴിന്നു നാഥം നെറിതടവുമിടം–
ത്തുത്തുടക്കാമ്പിലമ്പിൽ
ചേരും ഗൌരീമുലക്കൺമുകളിൽ വലമിടും
വാമഹസ്താംഗുലീകം
നേരേ ഹേരംബസേനാനികളെയുമിരുപാ–
ടും മുദാ ചേർത്തു മേളം–
പൂരിക്കും നൃത്തരത്നദ്യുതിനിചുളിതസിം–
ഹാസനേ ഭാസമാനം, 35

ഭക്ത്യാ ചൂഴം നിറഞ്ഞീടിന സനകസന–
ന്ദാദിയോഗീന്ദ്രമധ്യേ
യുദ്ധാടോപോത്സവം നാരദമുഖഗളിതം
കേട്ടു രാമാജ്ജുനീയം
നൃത്യൽഭോഗീന്ദ്രവാർകുണ്ഡലമിളകി മറി–
ഞ്ഞുല്ലസൽഗാംഗവീചീ–
മഗ്നോന്മഗ്നേന്ദുരേഖം സദസി തലകുലു–
ക്കിപ്പരിശ്ലാഘമാനം, 36

തിങ്ങും ഗന്ധർവ്വയക്ഷപ്രമുഖദിവിചരാ–
രബ്ധസംഗീതകേളീ–
സംഘൃഷ്യന്മദ്ദളാഡംബരമിടിനിനദ–
പ്രൌഢമാകർണ്യ മോദാൽ
ഭംഗ്യാ ശ്രീപാദപീഠോപരി പരിചൊടു വ–
ന്നാസ്ഥിതം ദക്ഷദോഷ്ണാ
ത്തുംഗം കൌമാരവാഹം ചെറു ചിറകു തലോ–
ടിത്തുലോം മാനയന്തം, 37

വാസ്സാന്ന ചെഞ്ചിടകാം ഭോഗിവരേണ ഭംഗ്യാ
മേല്പട്ടു കെട്ടി മതിഖണ്ഡകൃതാവതംസം
കാശ്മീരചിത്രകമിവാമലഫാലമധ്യേ
തീപ്പെയ്യുമത്ഭുതതൃതീയദൃശം ദധാനം, 38

പാൎത്തട്ടിലെങ്ങുമിരവും പകലും തിരിക്കും
നേത്രങ്ങളാൽകൊണ്ടിടയിടെസ്സമുദീക്ഷ്യ സാകം
കാൎത്ത്യായനീകരവികസ്വരകേളിപത്മേ
ചീൎത്തോരുറക്കമൊരു പാതിയിലാദധാനം, 39

തൃക്കാതിലമ്പൊടണികുണ്ഡലമായണിഞ്ഞോ-
രക്ഷാമകുണ്ഡലിഫണാമണിദീപ്തിപൂരം
കൈക്കൊണ്ടു മിന്നിന കവിൾത്തടദൎപ്പണാന്തേ
രക്ഷാനുലേപമിടചേൎത്തധികം ജ്വലന്തം, 40

ദേവീ ഭവാനി മുഖസീമനി നട്ട കാംക്ഷാ-
പൂവല്ലിതൻ മധുരപാൽപ്പഴമെന്നപോലെ
ശ്രീവാൎന്നമോമലണിവാൎമലരിൽ തെളിഞ്ഞു
താവുന്ന മന്ദഹസിതേന വിരാജമാനം, 41

ഹാലാഹലാഞ്ചിതഗളം ഗിരിജാകുചോദ്യ-
ന്മാലേയമേല്പുമുരസാ ധൃതമുണ്ഡമാലം
ചേലാൎന്നെഴും മൃഗകുഠാരവരാഭയശ്രീ-
കോലും കരാത്തഭുജഗാംഗദകങ്കണൌഘം, 42

ദന്തീന്ദ്രചൎമ്മമയമാടയുടുത്തതിന്മേൽ
ചന്തംമികും ഭുജഗമേഖലയാ ലസന്തം
വൃന്ദാരകാളി മുടിമേലണിയുന്ന തൃക്കാൽ-
ച്ചെന്താമരങ്ങളിലെഴും ഫണിനൂപുരാഢ്യം, 43

കണ്ടോളമീക്ഷണസുഖം വിപുലാനുകമ്പാ-
ണ്ഡാരമദ്രിതനയാധ്യുഷിതാങ്കഭാഗം
കൊണ്ടാടി നിന്നു മനസാ നിജമേവ ഭാഗ്യം
കണ്ടാനസൌ സുരധുനിക്കൊരു ഗൂഢജാരം. 44

കാണുന്നേരം കടുക്കെന്നെണിചരണതലേ
വീണു കൂപ്പീടുമേനം
മാണിക്യം മൌനഭോജാം മുറുകമുറുക മാ-
റത്തണച്ചാനതാംഗം
മാനം നില്ലാത രാഗാലണിമുടിയിൽ മുക-
ന്നാവൊളം ധമ്മസൂനും
സാനന്ദം ദമ്പതീ തൌ സകലസദസി സം-
ഭാവ്യ പേത്തും തെളിഞ്ഞാർ. 45

അഗ്രേ നിൽക്കും കുമാരം ദ്വിരദമുഖനെയും
പാഷ്ദാൻ നന്ദിമുഖ്യാ-
നൊക്കെപ്പൊത്താസ്ഥയാ സൽകൃതമൃദുഹസിതോ
ഭക്തിസന്നമ്രമൂദ്ധാ
മുഷ്ലോടംഭോധിദൂരീകരണവുമചിരാ-
ദത്ഥിനാം ഭൂസുരാണാ-
മൊക്കയ്ക്കും ചെയ്ത ഭൂദാനവുമുടനറിയി-
ച്ചത്ഥയാമാസ ദേവം:— 46

''എൻപോററീ! മൽപ്രണീതേ മഹതി ജനപദേ
പോന്നെഴുന്നെള്ളി നീണാ-
ളമ്പിൽ ചെയ്യേണമിന്നിന്തിരുവടി ഹിമവൽ-
കന്യയാ സന്നിധാനം
അംഭോധിപ്രൌഢനും ഞാനുമിതനുമതയ-
ജ്ഞായുധോൽക്ഷേപകൃത്യേ
മുമ്പിൽ ച്ചുററത്തിലുണ്ടായൊരു കലഹവുമാ-
കണ്ണനീയം വിശേഷാൽ. 47

മുഷ്ലോടെട്ടുതെറിയുമൊന്നിനുമെന്നബുദ്ധ്യാ
ചക്രേ പയോധി ചിതൽതീത്തൊരു ശുപ്പനാശം
അക്കോപ്പറിഞ്ഞുടനിറുമ്പുകളെച്ചമച്ച-
ങ്ങഗ്രേ മുടിച്ചിതു സമസ്തവുമക്ഷണേ ഞാൻ. 48

എന്നാൽ തെളിഞ്ഞു മമ ഭൂമിയിൽ വാസമിപ്പോ-
ളെന്നാഥ! സന്നതവിധേയ! വിധേയമെന്നും''
എന്നാശു കേട്ടു ഭഗവാൻ ഭുവനൈകഭർത്താ
മന്ദസ്മിതോജ്ജ്വലമുഖോ മധുരം ബഭാഷേ:— 49

''എൻവത്സ! കേൾ തവ ചരിത്രവിനോദമത്രേ
സംവൃത്തമത്ര ഗുണമിശ്രിതമിത്രനേരം
കർമ്മസ്ഥിതിക്കു വിഹിതം മഹിതം ദ്വിജേഭ്യോ
മർമ്മാ തെളിഞ്ഞിതു തുലോം നവഭൂമിദാനം. 50

എന്നാൽ പൊറുക്ക ചിലനാൾ നവമുത്സവം നീ
നന്നായ്‌വളർത്തിവിടെ നാഗരികേക്ഷണാനാം
എന്നാണ മൽപ്രണയിനീകുളർകൊങ്കയാണാ
നിന്നാണ നിന്നഭിമതം പരിപൂരയേ ഞാൻ.'' 51

മന്ഥരാമിതി നിശമ്യ ഭാരതീ-
മന്തികേ വിമനസി ക്ഷമാഭൃതാം
സുന്ദരീ ദയിതനോടുണർത്തിനാ-
ളന്തരാ തൊഴുതുകൊണ്ടു പാർവ്വതീ:— 52

''കൃപാബ്ധേ! തൃക്കൺപാർത്തരുളുക
മനോഭംഗവിവശ-
സ്തവാഗ്രേ ഭൂഭാഗം കിമപി ച-
രണാഗ്രേണ വിലിഖൻ
ഗഭീരാത്മാ നിൽക്കുന്നിതു നത-
മുഖോയം മുനിവൃഷാ
വിഭോ! മാനിക്കേണം വചനമ-
ചിരാദസ്യ സുമതേഃ. 53

വിധേയത്തിൻ മാഹാത്മ്യവുമഖി–
ലലോകോദയകരം
വ്രതം ഭക്തത്രാണം തവ നിയ–
തമോത്ത്ന്നിരുപമം
പ്രസീദാശു പ്രാണേശ്വര! പര–
മശിഷ്യപ്രണയമ–
ത്യുദാരം പൂരിപ്പാൻ വിരവിലെ–
ഴുന്നള്ളേണമധുനാ.'' 54

ഇത്ഥം നിശമ്യ മൃദുലസ്മിതസുന്ദരാസ്യോ
മുഗ്ദ്ധേ! തഥാസ്തു തവ വാക്യമിതെന്നമന്ദം
ഉത്ഥായ പാണികമലേന പിടിച്ചു ഗൌരീ–
ഭർത്താ ഭൃഗുദ്വഹകരം ഗമനോദ്യതോഭൂൽ. 55

ശൈലാദിഭിംകിരിടിശാസ്ത്രമുഖാസ്തദാനീം
ശൈലാത്മജാമിഴിമുനസ്ഥലറിഞ്ഞുദന്തം
ചേലാന്ന പാഷ്ദവരാ ഗമനാഭിയുക്തം
ത്രൈലോക്യനാഥമൊരുമിച്ചഥ കൈപണിഞ്ഞാർ.

ഗദ്യം 5:–ഹരഹര ശിവശിവ വിസ്മയം വിസ്മയം വിശ്വനാഥപ്രയാണോദ്യമേ തത്ര കൈലാസശൈലേ വളന്നോരുകോലാഹലാഭോഗമുണ്ടോ പറഞ്ഞാലൊടുക്കം വരുന്നൂ! മഹാപാഷ്ദപ്രൌഢരൊക്കപ്പുറപ്പെട്ടെടോ കേഠം കടുക്കെന്നെഴുന്നള്ളമിക്കോപ്പിനങ്ങെന്തുപോൽ മൂലമെങ്ങോട്ടിതെന്നും കുമാരാംബികായാശ്ച യാത്രാസമാരംഭമത്തമ്പിരാട്ടിക്കുമുണ്ടെന്നു കേട്ടു, ഗംഭീരം വിഭോരന്തരംഗം ധരിക്കാവതല്ലൊട്ടുമേ കഷ്ടമോത്താലശേഷം പരിത്യജ്യ യാത്രാപ്രസംഗം പറഞ്ഞാലിതെന്തായ്വരും നില്ല മിണ്ടാട്ടു ഭോഷാ.

ദ്ദ്ധം ജാമദഗ്ന്യന്നുവേണ്ടി ത്രിലോകീശ്വരീകല്പിതംപോ ലിതത്യത്ഭുതം പ്രക്രമം നിഷ്ഫലം ജല്പനക്കോപ്പിതെന്തിന്നു വിശേഷശനോടൊക്കെ നിശ്ശങ്കിതം പോകയെന്നിപ്പരം കാര്യചിന്താ നമുക്കെന്തു, പുണ്യാനുഭാവോയമെന്നേ സുഖം ജാമദഗ്ന്യോ മുനീന്ദ്രൻ വിശിഷ്യൈവ ശിഷ്യേഷു യസ്മിൻ ഘനപ്രേമപര്യാകുലം ഭർത്തുരുംക്കാമ്പു മുപ്പാരിലാക്കേന്നു മേതാദൃശം ഭാഗ്യമെത്തീടുമോ? മററുമിത്യാദിനാനാവചോ രീതി കയ്യേറ്റുകൊണ്ടു തെക്കോട്ടുനോക്കിത്തിരിച്ചു തദാ കേപി ശൈലായുധാഃ തുംഗസാലായുധാഃ കേചിദന്യേ മഹാകുംഭി സിംഹങ്ങളെത്തങ്ങളെ കയ്യിടിച്ചുൽഭടാടോപമന്യോന്യ മെത്തും ഭയക്രോധഭാവങ്ങളെക്കണ്ടു പാരഞ്ചിരിച്ചും പരേ തെണ്ടു ഘോരന്തിരിച്ചും മദോച്ചണ്ഡദോർദ്ദണ്ഡകണ്ഡൂ വിനാശായ രണ്ടായ്തിരിഞ്ഞൂദ്ധതം ബാഹുയുദ്ധം തുടന്നും നെറംപൂണ്ട ധാതുദ്രവം ഭസ്മസമ്മർദ്ദിതം നീളമെന്മേലണി ഞ്ഞും ചിലർ ദേവദേവന്നെഴുന്നള്ളുവാനേററമൂററത്തിൽ മേവും വൃഷക്കൂററനെക്കൊണ്ടു നന്നായണിഞ്ഞഗ്രതോ നിൽത്തിയും വ്യഗ്രഹീനം തിമിത്തുഗ്രദർപ്പേണ മേപ്പട്ടു ചാടി ക്കുതിച്ചും ദിഗന്തങ്ങളെട്ടും മുഴങ്ങീടുമാറൊക്കവേ രംഹസാ സിംഹനാദങ്ങളും ചെയ്തും കൃതം വാക്പ്രപഞ്ചേന കെല്പാ ന്നെഴും ഭൂതവൃന്ദപ്പുറപ്പാടുകൊണ്ടാശു കീഴ്മേലിളക്കംപിടി ച്ചു ജഗച്ചക്രമെല്ലാടവും.

അന്നേരഞ്ചേന്നു ദേവ്യാ വൃഷഭവരമുപാ–
 രുഹ്യ സംസേവ്യമാനോ
ധന്യൈർബ്ബ്രഹ്മാദിദേവൈരഖിലമുനിജന–
 സ്തൂയമാനാനുഭാവഃ
ഒന്നിച്ചന്നന്ദിഭൃംഗിപ്രമുഖഗണഭടൈ–
 രുത്ഭടാഗ്രാനുയാത്രാ–
സന്നാഹൈർദ്ദക്ഷിണാശാം പ്രതി ധൃതകുതുകം
 ദക്ഷഹന്താ നടന്നു. 57

ദ്ദൃത്യവൈരിപുരി കൈലമാമലയിലാല–
    യങ്ങളൊഴിയത്തദാ
ക്ഷേതിപൂണ്ടെഴനെളത്തൊടൊപ്പമൊരുമിച്ചു
    യാത്ര മുതിരുംവിധൌ
സത്രമെന്തു പറയാവതോ സകലഭൃത–
    ലോകപദതാഡനൈ–
രുത്തരോത്തരമുദിത്വരൈരുലകിടം കു–
    ലുങ്ങിയിതശേഷവും. 58

കുഡ്മളീകൃതകരാരവിന്ദമരികേ നി–
    ഷേവ തുടരും മഹാ–
സത്വനാം പരശുരാമനോടു മൃദുഹാസ–
    സാന്ദ്രമുഖചന്ദ്രമാഃ
ഉൾത്തെളിഞ്ഞു ചില് വാർത്തപേർത്തുമരുൾചെയ്തു–
    മേതദുദിതം ജഗ–
ദ്വൃത്തമമ്പിനൊടു കേട്ടുമുമ്പർ പതികൊങ്ക–
    ണക്ഷിതിമുപായയൌ. 59

മദ്ധ്യകൊങ്കണരാജ്യമുദ്ധൃതജഗ–
    ന്നാഥോ വൃഷേന്ദ്രസ്തദാ
ഗച്ഛൻ ഭാർഗ്ഗവദൃഷ്ടതേജസി ചിരാൽ
    സംവാസകൌതുഹലീ
തസ്ഥൌ ഭൂമിതലേ തതസ്സ ഭഗവാൻ
    കർത്തും തദാ കാംക്ഷിതം
തത്രൈവ സ്വയമുദ്യതോ വസതയേ
    ദദ്ധ്യൌ മധുദ്വേഷിണം. 60

KOTTAYAM PUBLIC LIBRARY KOTTAYAM.

അന്നേരത്തു നിജം മനോരഥമറി—
ഞ്ഞഭ്യാഗതം മാനയൻ
മന്ദസ്മേരമുഖഃ സ്മരാരിഭഗവാൻ
മിത്രം സരോജേക്ഷണം
ധന്യന്തെക്കെ നിയുജ്യ വാസവിധയേ
ചക്രേ വടക്കാസ്ഥയാ
വന്ദ്യപ്രാഭവവാസിതേന വസതിം
ജ്യോതിർമ്മയേനാത്മനാ. 61

ഭൂയോ വിചിന്ത്യ ജഗതാം പതി മോഹഭാജാം
പ്രായോ നൃണാമനുജിഘൃക്ഷുരഭേദബോധം
മായാവിഹീനമൊരുമിച്ചു പരേണ പുംസാ
ശ്രേയോഗുണായ വിദധേ നടുവേ നിവാസം. 62

അംബാകൃതം ഘനകൃപാർദ്രകടാക്ഷലീലാ—
സംവാദരീതിമുപലഭ്യ ജഗദ്ധിതാർത്ഥീ
അമ്പോടടുത്തു പുരതോ ജനകസ്യ ചക്രേ
ലംബോദരസ്സ ഭഗവാൻ വസതിം പ്രസാദീ. 63

ദേവാസുരപ്രണതപാദയുഗാ തദാനീം
സേവാകൃതാമഭിമതാർപ്പണകല്പവല്ലീ
ദേവീ ശിവപ്രണയിനീ ദയിതസ്യ പശ്ചാ—
ദാവാസമമ്പൊടു ചകാര നഗേന്ദ്രകന്യാ. 64

ദണ്ഡകം:—അല്ലോടിടഞ്ഞു പടതല്ലുന്ന കുന്തളസമു ല്ലാസികല്യമലർമാലം അല്ലൽപെട മതികലയെ വെല്ലു മൊരു നിടിലതടഫുല്ലമൃഗമദതിലകലീലം. അലർവാ ണവീര്യനെറി വിളയാടുമോമൽമിഴികലകൊണ്ടു കണ്ണിന നുകൂലം അലമമലകഴലിണയിൽ വിലസുമണി മണിരു ചിഭിരൊളിവിളങ്ങുമനുപമകപോലം. ചെന്തൊണ്ടിയോടു

പമ ചിന്തിന വാശ്ചലരിൽ മന്ദം മുളച്ച ധൃതിചോരം ചെന്തളിരിലനമിളിതചന്ദ്രകരതുലന കലരുന്ന മൃദുമുറുവലു മൂദാരാം ചിതറുന്ന കാന്തിതതിവദനം കലാധിപതിശത കോടിതുല്യഗ്ഗുണപൂരം ചിതമുടയ ഗളവടിവുമതിലണിയു മതിലളിതഘുസൃണവല വിലസിതമപാരം. ആകമ്രപൊ ല്ലുടകവാർ കങ്കണദ്യുതികാം പാകും കരാബ്ജമഭിരാമം ആകലിതമണികലശമാക മികുമിളമുലയിലാകലിതനവ കനകദാമം. അകളേബരന്നമഴലകമേ വളക്കുമിത നവ രോമവല്ലരിനികാമം അഖിലജനധൃതിഹൃതിയിൽ മികവു ടയ കൊടിനട്ടവുമഹഹ ശിവ നയനപരിണാമം. മാണി ക്യകാഞ്ചിനെറി പേണിച്ച പട്ടവസനാനദ്ധമുന്നതവി ശാലം മാനമെഴമലർവിശിഖയാനരുചി ജഘനതലമാന മതി തുടയുമിതുമൂലം. മനസാ ദനുജസുരമുനിമണ്ഡലം പണിയുമണിപാദപത്മമനവേലം മണമുടയ കബരിമുതല ണികഴലൊടിടമുഴവനനപമമിതമലഗ്ഗുണജാലം.

ഉല്ലാസഞ്ചേൻലാവും തരുണതപനല–
    ക്ഷണ്ടൊഴം കാന്തിവേണീ–
കല്ലോലേ മുങ്ങുമത്യുത്തതനലതികാ–
    മോഹിതാശേഷലോകാം
മല്ലീബാണാരി നീണാളവിദിതവിരഹം
    പൂണ്ടുപൂണ്ടോമലിക്കും
മല്ലാർകൊങ്കസ്സുണഞ്ഞീടിന ഘുസൃണരജോ–
    വാസിതാശാന്തരാളാം. 65

ഉള്ളേറീട്ടം കൃപാകന്ദളമമിഴമപാം–
    ഗശ്രീയാ വിശ്വഭാജാ–
മെല്ലാക്കുന്നല്ലതേ ചേത്തരുളിന പരമാ–
    നന്ദനിഷ്യന്ദരൂപാം

മല്ലാർദ്ധകേളീസരോജാഞ്ചിതകരകമലാം
കൈവണങ്ങി ത്രിലോകീ–
കല്യാണീം കണ്ടുകണ്ടപ്പൊഴമഖിലജനാ
മേൽക്കുമേലഭ്യനന്ദൻ. 66

ലീലാഭേദേന മൂന്നാസ്സുരചിദമൃതമാ–
ത്മാനമുല്ലാസ്യ തെക്കും–
കൈലാസേ ചേർന്ന ദേവ്യാ ഹിമഗിരിസുതയാ
കൊങ്കണക്ഷോണിഹാരേ
ത്രൈലോക്യാനുഗ്രഹാർത്ഥം മുനിജനധിഷണാ–
ചൂതവാടീവസന്തം
നീലഗ്രീവം വസന്തം ഭൃഗുകുലമണി സേ–
വിച്ചു പുക്കു സമീപേ. 67

അക്കാലം കേരളക്ഷ്മാപതി വിമലഗുണ–
ശ്രേണികൊണ്ടാത്മനാമ–
പ്രഖ്യാതിം ചേർത്തു രാജ്യത്തിനു വിധിവദുപാ–
ദായ വർണ്ണാശ്രമാണാം
രക്ഷാകൃത്യം തുലോന്നാം വയസി പരിണതേ
മന്ത്രിവിന്യസ്തതന്ത്രോ
മുഖ്യാഭോഗാം തപസ്യാകൃതമതിരമലാം
പ്രാപ തെങ്കൈലഭൂമീം 68

കളങ്കഹീനം വൃഷരാജമഗ്രേ
തെളിഞ്ഞ മൂർത്തിത്രിതയഞ്ച സാക്ഷാൽ
വിളഞ്ഞ ഭക്ത്യാ ഗിരിജാഞ്ച മോഹം–
കളഞ്ഞുപശ്ലോകിതവാൻ മനീഷീ. 69

ദക്ഷിണകൈലാസഗതോ
ലക്ഷിതകൈലാസദാരകോല്ലാസഃ
പാതകിലോകപരോക്ഷഃ
പാത്തു മഹോക്ഷശ്ചിരായ ഫാലാക്ഷഃ 70

കൈലാസസ്ഥം യയാചേ പരശിവമപചി-
ത്യ സ്വയം ഭക്തിവിത്തൈ-
ര്യദ്രാമോ ജാമദഗ്ന്യസ്തദിഹ വൃഷപുരേ
കേരളക്ഷോണിഹാരേ
ജ്യോതിർല്ലിംഗം ത്വദംശം കൃതവസതി ജഗ-
ന്മണ്ഡലാനുഗ്രഹാത്ഥം
വന്ദേ സർവ്വാത്മനാ പർവ്വതവരതനയാ-
സന്നിധാനപ്രസന്നം. 71

പത്മാനന്ദഥുഹംസ ! ഭക്തജനതാ-
ദോഷാഹതിപ്രത്യുഷഃ !
സത്വാവാസസരിൽപതേ ! കുവലയ-
പ്രാകാശ്യശീതദ്യുതേ !
സത്യാവസ്ഥിതിസാരസോത്ഭവ ! സദാ-
ലംബാംബരാസ്ഥാദൃശാം
സ ത്വം കാമപി കാമദാനഗിരിശ !
ശ്രേയഃശ്രിയം കല്പയ. 72

സുവർണ്ണമകുടീജടാമകരഭോഗഭൃൽ കുണ്ഡലേ
നിവീതവനമുണ്ഡദാമ്നി ധൃതപീതചർമ്മാംബരേ
ഗദാംബുജകപാലശൂലഭൃതി ധാമ്നി ലീയേ സുസം-
ഗതേ ഘുസൃണഭസ്മലേപിനി വൃഷാകപായീപ്രിയേ.

ദേവി ! ത്രൈലോക്യരക്ഷാകലിതവൃഷപുരാ–
 വാസലീലായിതേ! ശ്രീ–
പാദാബ്ജം ദക്ഷിണന്തേ മഹിഷമകുടപാ–
 ഷാണഘാതാതിശോണം
അന്യച്ച പ്രേമകോപപ്രണതഹരജടാ–
 ഘട്ടനോത്സപ്പിഗംഗാ–
പാഥോബിന്ദുക്ഷിതഞ്ചേതസി പരമശിവ
 പ്രാണനാഥേ ! സമിന്ധാം. 74

ഇത്ഥന്നിരന്തരമതന്ദ്രമനന്തരായം
ഭക്ത്യാ നിഷേവണമശേഷവിഭോവ്വിശേഷാൽ
നക്തന്ദിവം വിദധദസ്തമിതാന്യഭാവ–
സ്തസ്മിന്നുവാസ സ തു രാജവൃഷോ വൃഷാദ്രൌ. 75

ധ്യായൻ ബ്രഹ്മസ്സ്വരത്താമൊരുപൊഴുതു പരാ–
 നന്ദപീയൂഷമൂടേ
പായംപായം പയോജദ്യുതി നയനപുടം
 ചെററടച്ചോരു നേരം
മായംകൈവിട്ടു സാക്ഷാൽപരമശിവനെഴ–
 ന്നള്ളി മുല്പാടു ഭക്തി—
പ്രാചുര്യാനമ്രമൂദ്ധാപ്പിതകരമുകുളം
 പാത്ഥിവന്തം ബഭാഷേ: 76

''പുണ്യാബ്ധേ! കേരളക്ഷോണിപ! തവ കുശലം
 വത്തതാം കമ്മഭൂമിം
നന്നായ്പാലിച്ചു ധമ്മസ്ഥിതിമതിമഹതീം
 ചേത്ത ഭാഗ്യാംബുരാശേ!

ധന്യാൽ കൈലാസശൈലാദപി കലയ മഹാ-
സ്ഥാനമേതൽ പ്രിയമ്മേ
പൊന്നിൻപ്രാസാദസാലാദിഭിരഭിനവമ-
ത്യത്ഭുതം കല്പയേഥാഃ. 77

സത്യം മററൊന്നു ചൊല്ലാം നൃവര! തവ കുലേ
ജാതനാം മേലിലസ്സൽ-
ഭക്തോ രാജഷി ഭൂമണ്ഡലപതി ശതസോ-
മാഭിധാനോ മഹീയാൻ
അത്രൈവക്ഷോണിഭാഗേ പുകഴ്പെരുകിന ചെ-
ല്ലൂരനാമ്ന്യഗ്രഹാരേ
കൃത്വാ ബിംബപ്രതിഷ്ഠാം മമ പരമപദം
ദാസ്യതേ വംശജാനാം. 78

എന്നാലുദഗ്രമദനുഗ്രഹപാത്രമേററം
ധന്യം ഭവിഷ്യതി ഭവൽകുലമായുഗാന്തം''
എന്നങ്ങുദീര്യ വിഭുരന്തരധാത്ത വേഗാ-
ലന്നേരമേ നരവരൻ നയനന്തുറന്നു. 79

ആനന്ദാശ്ചര്യകൌതുഹലഭരിതമനാ
മാനവേന്ദ്രസ്തദാനീം
നാനാരത്നോപലാപാദിതസകലമഹാ-
സാലമാലാഭിരാമം
സ്ഥാനന്തൽ സവ്വലോകാച്ചിതമമലസരോ-
ഗോപുരദ്വാരഹമ്മ്യാ-
സ്ഥാനപ്രാസാദസന്മണ്ഡപപരിലസിതം
കല്പയാമാസ രാജാ. 80

മേളമ്മേവിന്ന പൊന്മതിൽക്ക പുറമേ
കൈവല്യവർത്മോപമം
ചാലത്തീത്ത്വനഘം പ്രദക്ഷിണമഹാ—
മാൎഗ്ഗം നൃപഗ്രാമണീഃ
ചേലമ്പും പ്രമഥാവലിക്കൊരു നിവാ—
സം നീള വിദ്യോതിതം
ബാലാരിഷ്ഠവനൈവ്വിശുദ്ധിസദനം
ചക്രേ തദഭ്യന്തരം. 81

അത്യന്താശ്ചര്യമായ്ത്തീത്ത്ഴകിയ വൃഷഭ—
ക്ഷേത്രമുവ്വീപതീനാ—
മുത്തംസം തീത്ഥവാരാ മണികലശസഹ—
സ്രാഹിതേനാഭിഷേകം
ബദ്ധാഭോഗം വിധാസ്യൻ ഝടിതി ഭഗവതാ—
മാനുപൂവ്വ്യേണ സവ്വം
കത്തവ്യം വാസ്തുശുദ്ധ്യാദികമൃഷിസദസാ
കാരയാമാസ ധീമാൻ. 82

ഗദ്യം 6: — തത്ര ച കേഷുചിൽ പ്രാസാദശുദ്ധ്യാദി ശുദ്ധികമ്മസമ്യഗവിധാനൈകതാനേഷു പരേഷു വിവിധ ഹോമസ്തോമ ജോഷ്യമാനസമിദ്ധഹവിസ്സമിദ്ധവീതിഹോത്രധൂമലേഖാസൗരഭീദീഘ്ഘാഘ്രാണസന്തപ്പിത സകല സാധുലോകേഷു ദിവാനിശം പ്രവർത്തമാനേഷു പുനരന്യേഷു സ്വൎണ്ണദീയമുനാപ്രയാഗഗോദാവരീഗോകൎണ്ണകവേരകന്യാ കലശഭവതീ ത്ഥപാപ നാശിനീ ദക്ഷിണഗംഗാചൂൎണ്ണീഫാൽ ഗുനവല്ക്കലതാമ്രപൎണ്ണീ ധനുഷ്കോട്യാദിപുണ്യതീത്ഥജലാനി നിജദിവ്യാനുഭാവേനൈവ നിവ്വ്യാജം സമാനീ

യ യഥാവിധി വിഹിതനിർമ്മാണസംസ്കാരേ മൃദുലദുകൂലമുക്താവിതാനമണ്ഡിതേ കലശമണിമണ്ഡപേ സമന്തതോ നിരന്തരനിഹിതാസു ശാതകുംഭകുംഭീഷ്വഭിപൂരയൽസു ചതുരമിതരേഷു ദേവതാശക്ത്യാവാഹനപഞ്ചോപഹാരനൈവേദ്യസമർപ്പണാദികർമ്മകർമ്മഠേഷു മുനിപരിവൃഢേഷു ഗഭീരഭേരീമദ്ദള കാഹളശൃംഗമൃദംഗശംഖനിസ്സാണപുരസ്സരവാദ്യനിദ്ധ്വാനദന്തുരിതഹരിദന്തരേ പരിതുഷ്ടപരമേഷ്ഠിമുഖചതുഷ്ടയോദീര്യമാണനിഗമഘോഷേ വൽമീകജന്മസത്യവതീതനയനയവ്യാക്രിയമാണരാമായണമഹാഭാരതേ സകലഭക്തലോകസംകീർത്ത്യമാനശിവനാരായണഹരിഹരാദിനാമോച്ചാരണോച്ചാടിതദുരിതജാതേ വാചസ്പതിഷണ്മുഖസമ്യങ്ങ്നിരൂപിതേ സുമുഹൂർത്തേ നിർമ്മലബ്രഹ്മകലശാംബുഭിരഭിഷിക്തം വികചവിചകിലമാലതീമല്ലികാപുരസ്സരവികസ്വരകുസുമമാലാലംകൃതം ജാജ്വല്യമാനമണിദീപമാലാപ്രകാശപേശലാഭോഗം ഭഗവതാംത്രിതയം മുകുളിതപാണിപുടാസ്സകലലോകാ ജഗദനുഗ്രഹോന്നിദ്രാണമദ്രാക്ഷുഃ.

ഋദ്ധാന്ദേശാനനേകാൻ ബഹുജനഭരിതാൻ
ദേവസാൽകൃത്യ ഭക്ത്യാ
ഹൃദ്യാൻ കല്പിച്ചു മേലേ മഹിമപെരിയ നാ–
നോപഹാരാനുദാരാൻ
നക്തം ദേവർഷിസേവാസമുചിതമൊരു ധൂ–
പോത്സവം കല്പയിത്വാ
പ്രത്യേകം ഭാഗ്യലക്ഷ്മീവസതി ഭഗവതാം
പ്രീതിമേററം പ്രപേദേ. 43

പുഷ്പാരാമങ്ങൾ തീൎത്തമ്മണമിളകിന മാ–
ലാർപ്പണാൎത്ഥം സമന്താ–
ദ്ഭ്യാശേ ശില്പചിത്രാം വ്യതനുത പടലീം
വിഷ്ണുദാസാലയാനാം
കല്പിച്ചാൻ ചാല നാലാശകളിൽ വിധിനിഷേ–
ധപ്രവൃത്ത്യൈ ധൃതപ്രാ–
ഗല്ഭ്യം ദ്വാവിംശതിം ഭൂസുരവരഭവനാ–
നാമസൌ ഭാസുരാണാം. 84

അഗ്രേ കണ്ടു വൃഷാണാം പരിവൃഢനതുകൊ–
ണ്ടും വൃഷക്ഷേത്രമെന്നും
തെക്കും കൈലാസമെന്നും ത്രിപുരവിജയിനോ
നിത്യസാന്നിദ്ധ്യയോഗാൽ
ചൊൽക്കൊണ്ടീടും ശിവശ്രീപുരമിതി ശിവപേ–
രൂരിതെന്നും വിശേഷാ–
ലുൽകൃഷ്ടം ക്ഷേത്രമത്യുത്ഭുതമഹിമ തുലോം
പപ്രഥേ തൽ പൃഥിവ്യാം. 85

തെക്കൈലനാഥോദയം പ്രബന്ധം
സമാപ്തം.

# തെങ്കൈലനാഥോദയം

## ടിപ്പണി

പദ്യം 1. ചമ്പൂപ്രബന്ധങ്ങളിലെ പതിവനുസരിച്ച സുഹൃത്സംഭാഷണരൂപേണ കഥാവസ്തുവിനെ നിർദ്ദേശിക്കുന്നു:—ലീലാസല്ലാപം=നേരമ്പോക്കു പറയൽ. നിയതം=നിശ്ചയമായും. ഭക്തിഭാജാം=ഭക്തിയുള്ളവർക്കു്. വിധേയഃ=വശ്യനാണ്. നാല........ധേയഃ=നാലു വേദങ്ങളുടെ പൊരുളായി. ത്രിഭു......രുമാം=ത്രിലോകനാഥനായ. പാർവ്വതീഭാഗധേയം=ശിവൻ, കൈലാസാൽ=കൈലാസത്തിൽനിന്നു്. ദേവീ........ഹിതഃ=ദേവിയോടും പരിവാരങ്ങളോടും കൂടിയവനായി., ജാമദഗ്ന്യനു=ജമദഗ്നിപുത്രന്നു് (പരശുരാമന്നു). കേരളേ=കേരളത്തിൽ, വൃഷ........വാസം=വൃഷപുരത്തിൽ (തൃശ്ശിവപേരൂരിൽ) ഉള്ള വാസം. ഏതൽപ്രമാണം=ഇതിനു പ്രമാണമാണു്. ഭക്തന്മാർക്കധീനനാണു് ശിവൻ. പരശുരാമന്നുവേണ്ടി കൈലാസത്തിൽനിന്നു പോന്നു് വൃഷപുരത്തിൽ വാസം ചെയ്യുന്നതു് ഇതിനു തെളിവാണു്. ഉത്തരാർദ്ധത്തിൽ ഈ പ്രബന്ധത്തിലെ കഥാവസ്തുവിനെ സംക്ഷേപിച്ചിരിക്കുന്നു. പാർവ്വതിക്കു ഭാഗ്യത്താൽ ലഭിച്ച ദേവനെ ഭാഗ്യരൂപനായിത്തന്നെ കല്പിച്ചിരിക്കയാൽ ഹേത്വതിശയോക്തി അലങ്കാരം. വൃത്തം സ്രഗ്ദ്ധര. (വൃഷപുരം എന്ന സ്ഥലനാമം സിദ്ധിച്ചതെങ്ങനെ എന്നു പ്രബന്ധാന്ത്യശ്ലോകത്തിൽ പറയും.)

2. പ്രബന്ധത്തിന്റെ ഗുണപുഷ്ടിക്കും നിർവ്വിഘ്ന പരിസമാപ്തിക്കും വേണ്ടി ഇഷ്ടദേവതാപ്രാർത്ഥന ചെയ്യുന്നു:— ശാസ്ത്രാ........സ്മൃതിഷു=ശാസ്ത്രങ്ങൾ (ഹിതാനുശാസനഗ്രന്ഥങ്ങൾ) ആമ്നായങ്ങൾ (വേദാഗമാദികൾ) ഇതിഹാസങ്ങൾ (പുരാവൃത്ത

പ്രകാശകഗ്രന്ഥങ്ങാം; ഭാരതാദികാം) സ്മൃതികാം (ധമ്മശാസ്ത്ര ഗ്രന്ഥങ്ങാം) എന്നിവയിലും. വിവിധകാവ്യോൽകരേ=നാനാപ്രകാര മുള്ള കാവ്യസമൂഹങ്ങളിലും. നാടകേഷു=നാടകങ്ങളിലും. ശ്ലാഘ്യ= ശ്ലാഘിക്കത്തക്കതായ. സാരസ്വതേ=വാക്പ്രസംഗത്തിലും. വാക്പ രിചിതിഷു (പ)=വാക്യാനുകരണങ്ങളിലും. പരാം കോടിം=പരമകാ ഷ്ഠയെ. ആടീകമാനേ=പ്രാപിക്കുന്നതായ. ഗംഭീരേ=ആഴമുള്ളതായ (അലംഘനീയമായ). അസ്മിൻ സമാജേ=ഈ സഭയിൽ. സുമഹതി =അതി മഹത്തായ (സമാജവിശേഷണം) നവ........പ്രക്രാന്തസ്യ=നവ സന്ദർഭം (നവീന പ്രബന്ധകഥനം) ആകുന്ന മാല്യോപഹാരത്തിന്നാ രംഭിച്ച. അസ്യ മേ=ഈ എനിക്കു്, ദാസ്യതി=ദാനംചെയ്യും, വൃഷ ........കമ്പാ=വൃഷപുരനാഥൻെറ (വടക്കുന്നാഥൻെറ) ദയ. അവലംബം =ആശ്രയത്തെ (ദാസ്യതി എന്നതിൻെറ കർമ്മം). ശാസ്ത്രാമ്നായാദി കളിൽ അത്യന്തപാണ്ഡിത്യമുള്ള, അതായതു് മഹാവിദ്വാന്മാരാൽ പൂർണ്ണമായ ഈ സമാജത്തിൽ നവീനപ്രബന്ധകഥനമാകുന്ന മാല്യോ പഹാരം ചെയ്വാൻ (പുഷ്പോപഹാരംകൊണ്ടെന്നപോലെ നവപ്ര ബന്ധകഥനം കൊണ്ടു സഭയെ ആരാധിപ്പാൻ) തുടങ്ങുന്ന എനിക്കു് വടക്കുന്നാഥൻെറ കരുണയേ ശരണമുള്ളു. സന്ദർഭശബ്ദത്തിന്നു ''ഗൂഢാ ത്ഥസ്യ പ്രകാശശ്ച സാരോക്തിഃ ശ്രേഷ്ഠയാ ഗിരാ, നാനാത്ഥവത്ത്വം വേദ്യത്വം സന്ദർഭഃ കഥ്യതേ ബുധൈഃ.'' ഇത്യുക്തഗുണസഹിതമായ പ്രബന്ധമെന്നത്ഥം. ''നവസന്ദർഭമാല്യോപഹാര'' എന്നേടത്തു രൂപകമലങ്കാരം.

KOTTAYAM PUBLIC LIBRARY KOTTAYAM

3. പ്രതിപാദ്യമഹിമാതിശയത്താൽ പ്രബന്ധത്തി ന്നുള്ള ഗുണപൌഷ്കല്യത്തെ ഉപന്യസിച്ചു് സദസ്സിനെ പ്രരോചനംചെയ്യുന്നു:— വാർകോലും കേരള..................... ..............സംഭാവനീയം= മഹിമയുടയ കേരളഭൂമിയിലുള്ളവൃഷ ഭമഹാക്ഷേത്രത്തിലെ (തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിലെ) മൂലപ്രതിഷ്ഠയുടെ മാഹാത്മ്യോല്ലാസംകൊണ്ടു കല്ലോലിതം (സഞ്ജാ തകല്ലോലം) ആയ പരമശിവോൽകഷം ഹേതുവായിട്ടു സംഭാവനീ യം (മാനനീയം) ആയ. ചിത്രം=അത്ഭുതമായ. ഭൃഗുതനയചരിത്രൈഃ

=പരശുരാമന്റെ ചരിത്രങ്ങളെക്കൊണ്ടു്. അതിശ്ലാഘനീയൈഃ= ഏററവും ശ്ലാഘ്യങ്ങളായ (ഭൃഗുതനയചരിത്രൈഃ എന്നതിന്റെ വിശേഷണം). മോഹധ്വാന്തപ്രകാശം=മോഹാന്ധകാരത്തിന്ന വെളിച്ചമായ വിപദുദധിതരിത്രം=വിപത്താകുന്ന സമുദ്രത്തിന്ന കപ്പലായ നവീനം =പുതിയ, പ്രബന്ധം=പ്രബന്ധത്തെ (നീ കേളെന്തോഴ എന്നതിനോടു യോജന) തൃശ്ശിവപേരൂർ പ്രതിഷ്ഠയുടെ മാഹാത്മ്യാതിശയംകൊണ്ടു് തിരതല്ലുന്ന പരമശിവപ്രഭാവം നിമിത്തം മാനനീയവും പരശുരാമന്റെ ചരിത്രങ്ങളാൽ വിചിത്രവും മോഹാന്ധകാരത്തെ നീക്കുന്നതും ആപത്സമുദ്രത്തെ കടത്തുന്നതുമായ പുതിയ പ്രബന്ധത്തെ, ഹേ തോഴ, നീ കേട്ടാലും. മോഹത്തെ ധ്വാന്തമായും പ്രബന്ധത്തെ ആ ധ്വാന്തമകററുന്ന പ്രകാശമായും, വിപത്തിനെ ഉദധിയായും പ്രബന്ധത്തെ ആ ഉദധി കടത്തുന്ന കപ്പലായും രൂപണം ചെയ്കയാൽ പരമ്പരിതരൂപകം.

4. കഥാരംഭത്തിനുമുമ്പു് കവി മാടമഹീപതിയുടെ ആജ്ഞയാലാണു് പ്രബന്ധം നിർമ്മിക്കുന്നതെന്നു് ഉപോൽഘാതരൂപേണ പറവാൻ ഭാവിച്ചു് ആദ്യം കൊച്ചിരാജധാനിയെ വർണ്ണിക്കുന്നു:—കല്യാണശ്രീ തഴയ്ക്കും........വൈരാകരാണാം=മംഗലകാന്തിയേറ്റുന്ന ഭുജങ്ങളുടെ ബലംകൊണ്ടു പ്രൌഢന്മാരായ വൈരികളെ ഒതുക്കിയവരായ. ഉല്ലോലഭ്രൂ ................നൃത്താന്തരാണാം=ഇളകുന്ന പുരികക്കൊടിയാകുന്ന നടിയാൽ നടിക്കപ്പെട്ട ഭൂമിപരിപാലനമാകുന്ന നൃത്തത്തിന്റെ ഭേദങ്ങളോടു കൂടിയവരായ. ചൊല്ലേറും കീർത്തി...........ജഗതാം=ചൊല്ലേറുന്ന കീർത്തിസമൂഹങ്ങളാൽ ജഗത്തുകളെ കബളീകരിച്ചവരായ (എല്ലാം മാടധാത്രീപതീനാം എന്നതിന്റെ വിശേഷണം). ഭൂമൌ=ഭൂമിയിൽ, വെല്ലുന്നു= ജയിക്കുന്നു. കാപി=ഒരു. കുലപുരി= കുലരാജധാനി. മാടധാത്രീപതീനാം=കൊച്ചിരാജാക്കന്മാൎക്കു്, ഉല്ലോലഭ്രൂ നടീത്യാദി വിശേഷണത്തിൽ പുരികക്കൊടിയെ നടിയായും ധരണിപരിത്രാണത്തെ ആ നടിയുടെ നൃത്തമായും കല്പിച്ചിരിക്കുന്നു. ഇതിൽനിന്നു ഭൂമിപരിത്രാണം അവൎക്കു ഭ്രൂചലനമാത്രസാദ്ധ്യവും കേവലം ഒരു ലീല

പോലെ ക്ലേശരഹിതവുമാണെന്നു സിദ്ധിക്കുന്നു. പരമ്പരിതരൂപകം അലങ്കാരം.

ഗദ്യം 1. അസ്തി ഖലു ഉണ്ടു്. സമസ്ത................മഹിതാസ്പദ=എല്ലാ ഭുവനങ്ങളിലുമുള്ള വിസ്താരംകൊണ്ടു നിസ്തുലയായ പ്രശസ്തിക്കു (പ്രശംസാവചനത്തിന്നു) മഹിതമായ ആസ്പദമായിരിക്കുന്ന. ഭൃഗു................കല്പിതേ=ഭൃഗുവംശത്തിന്നു അലങ്കാരഭൂതനായവനാൽ (പരശുരാമനാൽ) കല്പിക്കപ്പെട്ട. കേരളക്ഷോണിഭാഗേ=കേരളഭൂഖണ്ഡത്തിൽ. നിരന്തരോൽ.........................മണ്ഡലാനാം=നിരന്തരമാകുംവണ്ണം ഉൽഗമിക്കു ശീലമായ കീർത്തിയാകുന്ന മൌക്തികച്ഛട (മുത്തുമണിനിര) കൊണ്ടു് എല്ലാ ജഗദണ്ഡമണ്ഡലങ്ങളേയും മൂടിയവരായ. പ്രചണ്ഡ...............ഗർവ്വസർവ്വസ്വാനാം=പ്രചണ്ഡം(ദുർദ്ധർഷം) ആയ ഭുജശൌണ്ഡീര്യം (ഭുജബലാഹങ്കാരം) കൊണ്ടു കർണ്ണൻ, കിരീടി(അർജ്ജുനൻ), കാകുൽസ്ഥൻ (ശ്രീരാമൻ), കാർത്തവീര്യൻ മുതലായ വീരപുരുഷന്മാരുടെ ഗർവ്വം മുഴവൻ കളഞ്ഞവരായ. നിരതിശയ...............ജ്വാലാവലീഭിഃ= എതിരില്ലാതെ അത്യന്തം ജ്വലിക്കുന്ന പ്രതാപാഗ്നിയുടെ ജ്വാലാസമൂഹങ്ങളെക്കൊണ്ടു്. അവലീഢ............... ശലഭാനാം=ശത്രുസൈന്യങ്ങളാകുന്ന പാററകളെ നശിപ്പിച്ചവരായ. വിപുലപ്രധന............ശീർവ്വിശേഷാണാം =വിസ്തൃതമായ പ്രധനത്തിൽ (യുദ്ധത്തിൽ) വിതന്യമാനമായ (ചെയ്യപ്പെടുന്ന) വരദാനം (ഭർത്തൃദാനം) കൊണ്ടു സമ്പാദിക്കപ്പെട്ട ഭർത്തൃസുഖലാഭത്താൽ സംഫുല്ലം (ഉന്മിഷിതം) ആയ മനസ്സാരത്തോടു (മനോവൃത്തിയോടു) കൂടിയ സുമനഃസ്ത്രൈണങ്ങളാൽ (ദേവസ്ത്രീഗണങ്ങളാൽ) നിത്യമായി പറയപ്പെടുന്ന ഹൃദ്യങ്ങളായ ആശീർവ്വാദവിശേഷങ്ങളോടുകൂടിയവരായ. മനു..................പ്രദീപാനാം=മനുവംശത്തിനു മണിവിളക്കുകളായ. മാടധാത്രീഭൃതാം=കൊച്ചിമഹാരാജാക്കന്മാക്കു്. വിശ്വ...............ഭോഗാ=വിശ്വത്തെ വിസ്മയിപ്പിക്കുന്ന ആഭോഗത്തോടു (പരിപൂർണ്ണതയോടു) കൂടിയ. കൊച്ചീതിനാമ =കൊച്ചി എന്നു പേരായ. കുലരാജധാനീ=വംശരാജധാനി. ഭൃഗുകുലാകല്പകല്പിതേ, എന്നതുവരെ കേരളക്ഷോണിഭാഗത്തിൻെറ വിശേഷണം. 'നിരന്തരോദ്ഗത്വര' എന്നു തുടങ്ങി 'മനുകുലമണിപ്രദീപാ

നാം ' ഇത്യന്തം മാടധാത്രീഭൃത്തുകളുടെ വിശേഷണം. വിപുലപ്രധനേത്യാദിവിശേഷണത്തിനു യുദ്ധത്തിൽ മരിച്ചു വീരസ്വർഗ്ഗം പ്രാപിക്കുന്ന വീരന്മാരെ ദേവസ്ത്രീകൾ ഭർത്താക്കന്മാരായി വരിക്കയും ആ ഭർത്തൃലാഭത്തിനു കാരണമായ കൊച്ചിമഹാരാജാക്കന്മാരെ അവർ ആശീർവ്വദിക്കയും ചെയ്യുന്നുവെന്നു താൽപര്യം. വിശേഷണങ്ങളെക്കൊണ്ടു മഹാരാജാക്കന്മാരുടെ നിസ്സീമമായ കീർത്തി, ഭുജപരാക്രമം, പ്രതാപം, ധർമ്മയുദ്ധസ്ഥൈര്യം, ധർമ്മനിഷ്ഠ എന്നിവ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

5. സുരാലയസ്യ=സ്വർഗ്ഗത്തിൻെറ (അമരാവതിയുടെ) ഉജ്ജയിനീ=ജയശീലയായ. വിഭൂത്യാ=ഐശ്വര്യംകൊണ്ടു്. പരൈഃ=ശത്രുക്കളാൽ. അയോദ്ധ്യാ= എതിർക്കപ്പെടുവാൻ കഴിയാത്തതായ. മധുരാ=മനോഹരയായ, വിശാലാ=വിസ്താരമുള്ളതായ. വിരാജതേ=ശോഭിക്കുന്നു. ഭോഗവതീ=ഭോഗങ്ങൾ (സുഖോപകരണങ്ങൾ) ധാരാളമുള്ളതായ. സ്വയം=തന്നെത്താൻ. യാ=യാതൊരു കൊച്ചി രാജധാനി. ശ്രിതാ ഇവ=ആശ്രയിക്കപ്പെട്ടതോ എന്നു തോന്നുംവണ്ണം. സംഭൂയ= ഒന്നിച്ചുചേൎന്നിട്ടു്. മഹാപുരീഭിഃ=മഹാപുരികളാൽ. ഐശ്വര്യംകൊണ്ടു് അമരാവതിയെ ജയിക്കുന്നതും (ഉജ്ജയിനി) ശത്രുക്കൾക്കെതിർപ്പാൻ കഴിയാത്തതും (അയോദ്ധ്യ)മനോഹരയും (മധുര) വിസ്താരമുള്ളതും (വിശാല) സുഖോപകരണങ്ങൾ തികഞ്ഞതും (ഭോഗവതീ) ആയ കൊച്ചി രാജധാനി മഹാപുരികളാൽ ഒന്നിച്ചു ചേൎന്നു് ആശ്രയിക്കപ്പെട്ടതോ എന്നു തോന്നുമാറു് ശോഭിക്കുന്നു. ഉജ്ജയിനീ ഇത്യാദി പദങ്ങൾ പ്രകൃതാൎത്ഥനിഷ്പാദനാനന്തരം പ്രകൃതസംബന്ധിയായിത്തന്നെയുള്ള പുരീവിശേഷാൎത്ഥത്തെ കൂടി സൂചിപ്പിക്കുന്നതിനാൽ മുദ്രാലങ്കാരം. അതിനെ അവലംബിച്ചു ഉൽപ്രേക്ഷാലങ്കാരവും. സുരാലയം സ്വർഗ്ഗത്തിലെ നഗരിയും ഭോഗവതി പാതാളത്തിലെ നഗരിയും ഉജ്ജയിനി അയോദ്ധ്യ, മധുര, വിശാല എന്നിവ ഭൂമിയിലെ പ്രസിദ്ധനഗരികളുമാകുന്നു. അവയെല്ലാം ഒരുമിച്ചുവന്നു കൊച്ചിനഗരിയെ ആശ്രയിക്കുന്നതായി ഉൽപ്രേക്ഷിച്ചിരിക്കയാൽ കൊച്ചിക്കു് ത്രൈലോക്യമഹാനഗരികളേക്കാൾ ഉൽകൃഷ്ടാതിശയം സിദ്ധിക്കുന്നു. വൃത്തം 'ഉപേന്ദ്രവജ്രയ്ക്കു ജതം ജഗംഗം'.

6. മനു...................ദീപൌ=മനുവിൻെറ വംശത്തിന്നു മണി വിളക്കുകളായ. തത്ര പുര്യാം=ആ പുരിയിൽ. അഭൂതാം=ഉണ്ടായി. മഹിത................ധാമനൗ= പൂജിതങ്ങളായ ഗുണങ്ങൾക്ക് ആശ്രയ ഭൂതന്മാരായ. രാമ............ധാമനൗ=രാമവമ്മാ എന്നു പേരായ, പ്രതി...........സിംഹൌ=ശത്രുഭടന്മാരാകുന്ന മത്തഗജവീരന്മാരുടെ സംഹാരത്തിങ്കൽ സിംഹങ്ങളായ, ലി................ഭീരൌ=സമുദ്രം പോലെ ഗംഭീരന്മാരായ, ദ്വൌ=രണ്ടു്. മഹീ............വീരൌ=രാജ വീരന്മാർ, ആ കൊച്ചിരാജധാനിയിൽ രാമവമ്മ എന്നു തിരുനാമ മുള്ള വീരന്മാരായ രണ്ടു രാജാക്കന്മാർ ഉണ്ടായി. രൂപകവും ഉപമയും അലങ്കാരങ്ങൾ. മാലിനീവൃത്തം. 'നനമയയുഗമെട്ടിൽ തട്ടണം മാലിനിക്കു.'

7. തദനു=അതിനുശേഷം, വിപുല....... ......ധാനം=വലിയ വൈദഗ്ദ്ധ്യത്തിന്നിരിപ്പിടമായ.മനുജവരഃ=രാജാവു്.അജനി=ജനിച്ചു. തത്ര=അവിടെ. ഗോദവമ്മാ=ഗോദവമ്മാവു്. അഗണിത............ വധിഃ=ഗണിക്കപ്പെടാത്ത (ഗണിപ്പാൻസാധിക്കാത്ത) ഗുണങ്ങളുടെ നിധിയായ, മദ്ധ്യേ=മദ്ധ്യത്തിൽ രവിസദൃശഃ=സൂര്യതുല്യനായ. രവി...........ധേയഃ (ച)=രവിവമ്മാ എന്നു പേരായ രാജാവും. പി ന്നെ മഹാവിദ്വാനായ ഗോദവമ്മ, അതിഗുണവാനായ രവിവമ്മ, എന്ന രാജാക്കന്മാർ ജനിച്ചു, പുഷ്പിതാഗ്രാവൃത്തം. 'നനരയ വിഷമ ത്തിലും സമത്തിൽ പുനരിഹ നം ജജരംഗ പുഷ്പിതാഗ്രാ.'

8. ആവിർബ്ബഭൂവ=ഉണ്ടായി, തദനന്തരം= അതിൽപ്പിന്നെ ആവി................ലോകഃ=ആവിഭുഗ്നയായ (കുറഞ്ഞൊന്നു ചുളി ഞ്ഞ) ഭ്രൂവല്ലി (പുരികക്കൊടി) യുടെ വിഭ്രമംകൊണ്ടു വശത്തുവന്ന സവ്വജനങ്ങളോടുകൂടിയവനായ. സാവിത്ര........ലകഃ=സൂര്യവംശ ത്തിനു തിലകമായ. ത്രിദി .....ധാമാ=ദേവേന്ദ്രൻെറ തേജസ്സുപോലെ യുള്ള തേജസ്സോടുകൂടിയ.ശ്രീവീരകേരളഃ ഇതി=ശ്രീവീരകേരളനെന്നു. ക്ഷിതി...............ചന്ദ്രഃ=ചന്ദ്രനെന്നപോലെ ആഹ്ലാദകാരിയായ രാജാവു്. അതിനുശേഷം ശ്രീവീരകേരളനെന്നു തിരുനാമമായ മഹാ

രാജാവു തിരുവവതാരം ചെയ്തു. ആവിർഭൂതഗന്ധേത്യാദിവിശേഷണത്തിന്നു പുരികക്കൊടിയുടെ ചെറിയൊരു ചുളിവുകൊണ്ടുതന്നെ സർവ്വരേയും കീഴടക്കിയവൻ എന്നർത്ഥം. പുരികക്കൊടി സലീലമായി തെല്ലൊന്നു ചുളിഞ്ഞപ്പോഴേയ്ക്കുതന്നെ സർവ്വരും കീഴടങ്ങി എന്നു പറഞ്ഞതിൽനിന്നു സകോപമായി ഭ്രൂഭംഗം ചെയ്താലുള്ള കഥ പറയേണ്ടതില്ലല്ലോ എന്നു അർത്ഥാപത്ത്യലങ്കാരം വ്യഞ്ജിക്കുന്നു. 'ക്ഷിതിപാലചന്ദ്രഃ' എന്നതിലെ ഉപമകൊണ്ടു കാന്തിമത്ത്വം, ആഹ്ലാദകാരിത്വം എന്നിവ തോന്നുന്നു. വസന്തതിലകം വൃത്തം, 'ചൊല്ലാം വസന്തതിലകം തഭജംജഗംഗം.'

ഗദ്യം 2. തതഃ=പിന്നെ. സ രാജാ=ആ രാജാവു്. സരോജാരി......................കൃത്യാകൃത്യവിശേഷഃ=സരോജാരിചൂഡാഭരണന്റെ (ശിവന്റെ) ചരണകമലങ്ങളുടെ പരിചരണം (സേവ) കൊണ്ടു നിസ്തുഷം (ശുദ്ധം) ആയ സംസ്കാരത്തോടു (പ്രാക്തനവാസനയോടു) കൂടിയ മനസ്സാരത്തിൽ (മനോവൃത്തിയിൽ) സമുദിതമായ (വഴിപോലെ ഉദിക്കുന്ന) ബോധസാരംകൊണ്ടു എല്ലാ കൃത്യാകൃത്യവിശേഷങ്ങളേയും നിർദ്ധാരണം ചെയ്യുവനായ (രാജാവിന്റെ വിശേഷണം). ചതു ...............ബന്ധുരാം=നാലു സമുദ്രങ്ങളാകുന്ന അരഞ്ഞാണുകൊണ്ടു ബന്ധുര (രമണീയ)യായ. വസുന്ധരാം=ഭൂമിയെ, വിക്രമോച്ചണ്ഡേന=വിക്രമംകൊണ്ടു ഉച്ചണ്ഡം (ദൃപ്തം) ആയ. ഭുജദണ്ഡേന= ദണ്ഡം (പരിഘം) പോലെയുള്ള കൈകൊണ്ടു്, ബിഭ്രാണഃ=ഭരിക്കുന്നവനായി. ജഗൽഭ്രമണ.............ന്തരാളഃ=ജഗൽഭ്രമണത്തിൽ (ലോകസഞ്ചാരത്തിൽ. അതായതു ദിഗ്ജയയാത്രയിൽ) ഹേതി (ആയുധം) യാകുന്ന മഹേളയാൽ (സ്ത്രീയാൽ) ആരബ്ധമായ വൈരിവീരകണ്ഠഗ്രഹത്തിന്റെ=ശത്രുവീരകണ്ഠഗ്രഹണത്തിന്റെ (കണ്ഠാലിംഗനത്തിന്റെ എന്നും) സമയത്തിങ്കൽ സമുദിതനായ (ആവിർഭവിച്ച) യശോരൂപാത്ഭുതകുമാരന്റെ (യശസ്സാകുന്ന അത്ഭുതബാലന്റെ) വിക്രമങ്ങളാൽ (ചംക്രമങ്ങളാൽ) ചതുർദ്ദശഭുവനങ്ങളുടെ അന്തരാളങ്ങളെ ആക്രമിച്ചവനായി. ശക്തി....................മൃദ്ധേന=മൂന്നു ശക്തികളും [പ്രഭാവോത്സാഹമന്ത്രങ്ങളും] കൊണ്ടു സമൃദ്ധവും. പുണ്യ ...............ചത്വരേണ=പുണ്യമായ ഷാഡ്ഗുണ്യത്തിൽ [സന്ധി,

വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം എന്ന ആറു ഗുണങ്ങളിൽ] ചതുരുപായങ്ങരം [സാമ-ദാന-ഭേദ-ദണ്ഡങ്ങരം] കൊണ്ടു ചതുരവും. രാജ്ഞാം=രാജാക്കന്മാക്കു്, ഉത്തംസായമാനേന= ഉത്തംസം [ശിരോലങ്കാരം] പോലെയിരിക്കുന്നതുമായ [ആജ്ഞാബലവിശേഷണം]. ബലവൽ=ബലത്തോടുകൂടുംവണ്ണം [ക്രി.വി). ആജ്ഞാബലേന ഏവ=ആജ്ഞാശക്തികൊണ്ടുതന്നെ. സപ്താംഗ രാജ്യം= ഏഴംഗങ്ങളോടു[സ്വാമി, അമാത്യൻ, സുഹൃത്തു്, കോശം, രാഷ്ട്രം, ദുഗ്ഗം, ബലം എന്നിവയോടു] കൂടിയ രാജ്യത്തെ. യഥാവിധി=വിധിപോലെ. പരിപാലയൻ=രക്ഷിക്കുന്നവനായിട്ടു്. പുരുഹൂത: ഇവ അമരാവതീം= ഇന്ദ്രൻ അമരാവതിയെ എന്നപോലെ. പുരാണനഗരീം താം =ആ പഴയ പുരിയെ. ചിരായ=വളരെക്കാലം. സുഖം=സുഖമാകുംവണ്ണം. അദ്ധ്യവാസ=അധിവസിച്ചു. സരോജാരിചൂഡേത്യാദി വിശേഷണത്തിന്നു് ഭഗവൽപാദാരവിന്ദഭജനത്താൽ ശുദ്ധമായ മനസ്സംസ്കാരം സിദ്ധിക്കുകയും അതിനാൽ മനോവൃത്തിയിൽ തത്ത്വബോധമുദിക്കുകയും ചെയ്കയാൽ കത്തവ്യാകത്തവ്യങ്ങളെ സ്വയമേവ നിശ്ചയിച്ചവനെന്നു താല്പര്യം. ജഗൽഭ്രമണേത്യാദി വിശേഷണത്തിന്നു് ദിഗ്ജയയാത്രയിൽ തന്റെ ആയുധമാകുന്ന സ്ത്രീ ശത്രുവീരന്മാരുടെ കണ്ഠഗ്രഹണം ചെയ്കപ്പോരം പിറന്ന യശസ്സാകുന്ന അത്ഭുതകുമാരന്റെ വിക്രമങ്ങളെക്കൊണ്ടു് പതിന്നാലുലോകങ്ങളെ ആക്രമിച്ചവനെന്നു സാരം. അതിൽ രൂപകവും വിരോധാഭാസവും അലങ്കാരങ്ങരം. രാജാക്കന്മാക്കു് ശിരോലങ്കാരംപോലെയുള്ളതെന്ന ആജ്ഞാബലവിശേഷണത്തിന്നു രാജാക്കന്മാർ ശിരസാ ധരിക്കുന്നതു് എന്നു താല്പര്യം. ഇതിൽ വീരകേരളമഹാരാജാവിന്റെ ഈശ്വരഭക്തി, ജ്ഞാനശക്തി, കത്തവ്യാകത്തവ്യവിവേകം, ഭൂഭരണസാമത്ഥ്യം, രണപരാക്രമം, യശസ്സു്, നീതിശാസ്ത്രനൈപുണ്യം എന്നിവ പറയപ്പെട്ടിരിക്കുന്നു.

9. രാജവംശത്തിൽ പിന്നെയും സന്താനമുണ്ടായതിനെ പറയുന്നു:— തൽകാലേ= അക്കാലത്തു്. ചതുരന്ത......... ........ഹേതോഃ=നാലന്തങ്ങളോടുകൂടിയ [ചതുസ്സാഗരപര്യന്തമായ] ഭൂമണ്ഡലത്തിന്റെ പ്രാകാശ്യത്തിന്നു [പ്രകാശാവസ്ഥയ്ക്കു]വേണ്ടി,

നൃണാം= മനുഷ്യരുടെ. ഉദ്രിക്തൈ:=വർദ്ധിച്ചവയായ, സുകൃതൈഃ= പുണ്യങ്ങളാം ഹേതുവായിട്ട്. സരോ................ഭുവാ=ബ്രഹ്മാവിനാൽ സങ്കല്പിതഃ=സങ്കല്പിക്കപ്പെട്ടവനായ, സാദരം= ആദരത്തോടെ [സങ്കല്പക്രിയാവിശേഷണം].പ്രൌഢശ്രീഃ=വളൎന്ന കാന്തിയോടുകൂടിയവനായ. ഉദിയായ=ഉണ്ടായി. പുണ്യദിവസേ=ശുഭദിനത്തിൽ. കശ്ചിൽ.=ഒരു [മാണിക്യദീപാങ്കുരഃ എന്നതിനോടു യോജന] കുമാരാത്മനാ= കുമാരസ്വരൂപത്തോടുകൂടി. മാട................ശിഖരേ =മാടരാജവംശമാകുന്ന മാളികയുടെ അഗ്രത്തിൽ. മാണി............. ങ്കുരഃ=മാണിക്യവിളക്കിൻെറ നാളം. അക്കാലത്തു് ജനങ്ങളുടെ സുകൃതസഞ്ചയംനിമിത്തം ചതുരന്തഭൂമണ്ഡലത്തിനു മുഴുവൻ പ്രകാശം സിദ്ധിക്കുന്നതിനു ബ്രഹ്മാവിനാൽ സങ്കല്പിക്കപ്പെട്ട കുമാരരൂപേണയുള്ള ഒരു മാണിക്യമണിവിളക്കിൻെറ അങ്കുരം മാടരാജവംശമാകുന്നമാളികയുടെ അഗ്രത്തിൽ ആവിർഭവിച്ചു. രാജകുമാരങ്കൽ മാണിക്യദീപാങ്കുരത്വത്തെ ആരോപിക്കുന്നതിനുവേണ്ടി 'കുമാരാത്മനാ' എന്ന പദംകൊണ്ടു കുമാരത്വത്തെ നിഷേധിച്ചിരിക്കയാൽ അപഹ്നുതി അലങ്കാരം. രാജവംശത്തെ ഹർമ്മ്യശിഖരമായി കല്പിക്കയാലുള്ള രൂപകം അപഹ്നുതിയുടെ അംഗം: അവ രണ്ടും കൂടി സങ്കരം. നാലു ദിഗന്തങ്ങളോളമുള്ള ഭൂമി മുഴുവൻ പ്രകാശിപ്പിക്കുന്നതിനു ദീപം സർവ്വോന്നതമായ സ്ഥാനത്തു വെയ്ക്കാതെ സാധിക്കാത്തതുകൊണ്ടു് ഹർമ്മ്യശിഖരത്വേന രൂപണംചെയ്യപ്പെട്ട രാജവംശത്തിൻെറ വിശേഷോത്തരമായ ഔന്നത്യം വ്യഞ്ജിക്കുന്നു. ശാർദ്ദൂലവിക്രീഡിതം വൃത്തം. 'പന്ത്രണ്ടാൽ മസജം സതം ത ഗുരുവും ശാർദ്ദൂലവിക്രീഡിതം'

10. കാന്തിം കാഞ്ചന = ഒരു കാന്തിയെ. മൂർത്തി................ പ്രഖ്യാം=മൂർത്തിയെ ധരിച്ച കാമനോടു തുല്യമായ. പ്രവീരശ്രിയം= പ്രകൃഷ്ടയായ വീരശ്രീയോടുകൂടിയ [രണ്ടും കാന്തിവിശേഷണം]. പ്രൌഢാനാം അപി=പ്രൌഢന്മാൎക്കുപോലും. അതിഗംഭീരാം=ഏററവും ഗാംഭീര്യമുള്ള. പ്രിയംഭാവുകാം=പ്രിയമായിത്തോന്നിക്കുന്ന [രണ്ടും ചിത്തവൃത്തിവിശേഷണം]. ക്ഷാന്തിം=ക്ഷമയെ. നിസ്തുഷവൈദുഷീം=നിസ്തുഷമായ [ശുദ്ധമായ] വൈദുഷ്യത്തേയും. നിതരാം= ഏററവും. ബിഭ്രൽ=വഹിക്കുന്നവനായ, നരേന്ദ്രാർഭകഃ=രാജകുമാരൻ,

സാന്ദ്രാ............രീതാത്മാ=സാന്ദ്രം [പൂർണ്ണം] ആകുംവണ്ണം പ്രകാശിപ്പിക്കപ്പെട്ട ദിവ്യലക്ഷണങ്ങളാൽ വ്യാപ്തമായ ആത്മാവോടുകൂടിയവനായിട്ടു്. വ്യലാസീൽ=വിലസിച്ചു. അസൌ=ഈ [നരേന്ദ്രാങ്കഃ എന്നതിനോടു യോജന.] മൂർത്തിമാനായ കാമദേവനോ എന്നു തോന്നുമാറുള്ളതും വലിയ വീരലക്ഷ്മിയോടു കലൻതുമായ കാന്തി, പ്രൌഢന്മാർക്കുപോലും ദുരവഗാഹവും പ്രിയമായി തോന്നുന്നതുമായ മനോവൃത്തി, ക്ഷമ, പരിശുദ്ധമായ വൈദുഷ്യം എന്നിവ തികഞ്ഞ ആ രാജകുമാരൻ ദിവ്യലക്ഷണങ്ങളെ തികച്ചും പ്രകാശിപ്പിച്ചുംകൊണ്ടു വിളങ്ങി.

11. സാമ്രാജ്യാധികൃതഃ=സാർവ്വഭൌമത്വത്തിൽ നിയുക്തനായ വയസി അഭിനവേ=പുതിയ വയസ്സിൽ [യൌവനത്തിൽ], ശ്രീരാമ............ധഃ=ശ്രീരാമവർമ്മാ എന്നു നാമമായ. രാജേന്ദ്രഃ=രാജശ്രേഷ്ഠൻ. സഹ ഗോദവർമ്മസഹജേന=ഗോദവർമ്മ എന്ന സോദരനോടുകൂടി. ആക്രമ്യ=ആക്രമിച്ചിട്ടു്. വർഗ്ഗം=സമൂഹത്തെ. ദ്വിഷാം=ശത്രുക്കളുടെ. കൃത്വാ=ചെയ്തിട്ടു്. ദാനവരം=ശ്രേഷ്ഠമായ ദാനത്തെ. തുലാദ്യപുരുഷം=തുലാ എന്നു് ആദിയിലുള്ള പുരുഷശബ്ദത്തോടുകൂടിയ [ദാനവരവിശേഷണം.] വാരാണസീസന്നിധൌ=ശ്രീകാശീസന്നിധാനത്തിൽ. സംപ്രാപ്തഃ=പ്രാപിച്ചു. ശിവലോകം=ശിവലോകത്തെ അനന്തരം=പിന്നാലെ. അനുജഃ അപി=അനുജനും ആഗമ്യ=വന്നിട്ടു്. രാമേശ്വരാൽ=രാമേശ്വരത്തുനിന്നു്. ശ്രീരാമവർമ്മരാജാവു് ചെറുപ്പത്തിൽതന്നെ രാജ്യഭാരം വഹിച്ചു് അനുജൻ ഗോദവർമ്മരാജാവിനോടുകൂടി ശത്രുക്കളെ ജയിക്കുകയും കാശിക്കെഴുന്നള്ളി തുലാപുരുഷദാനം [ആളുകളുടെ തൂക്കത്തോളം സ്വർണ്ണം തൂക്കി അതു ബ്രാഹ്മണർക്കു ദാനം ചെയ്യുക] ചെയ്തു് ശിവലോകം പ്രാപിക്കയും ചെയ്തു. പിന്നാലെ എഴുന്നള്ളിയ അനുജൻ തിരിച്ചുപോന്നു് രാമേശ്വരത്തുനിന്നു വന്നതിനുശേഷം തീപ്പെട്ടു.

12. അനന്തരം=പിന്നെ. അനന്തരാ..............................രാഘവഃ=അനന്തരായങ്ങളാം [നിർവ്വിഘ്നങ്ങളാം] ആയും രമണീയങ്ങളാ

യുമുള്ള നാനാഗുണപ്രഭാവങ്ങളെക്കൊണ്ടു് ശ്രീരാമചന്ദ്രനെ ജയിച്ച വനായ. വിഹിതലാഘവ:=ലാഘവത്തെ [ലഘുത്വത്തെ] ചെയ്ത വനായ. വൈരിണാം=ശത്രുക്കാംക്കു്. ശശാസ=ശാസിച്ചു. വിധിവൽ=വിധിപോലെ. മഹീം=ഭൂമിയെ, ഗുണമഹീയസീം=ഗുണങ്ങളെക്കൊണ്ടു് അതിമഹതിയായ [മഹീവിശേഷണം]. പൂരയൻ=നിറയ്ക്കുന്നവനായിട്ടു്. യശ:=കീൎത്തിയെ. ജഗതി=ലോകത്തിൽ. വീരകേരള: ഇതി പ്രതീത:=വീരകേരളനെന്നു പ്രസിദ്ധനായ. നൃപ:=രാജാവു്. അനന്തരം അതിഗുണവാനും ശത്രുഭഞ്ജകനുമായ വീരകേരളവൎമ്മമഹാരാജാവു് രാജ്യം വാണു. പൃത്ഥ്വീവൃത്തം. 'ജസം ജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം.'

13. നീത്യാ=നീതിയോടുകൂടി. ദ്വീപാന്തരേഭ്യഃ=അന്യദ്വീപങ്ങളിൽനിന്നു്. പ്രവഹണപുരുഷൈഃ=സാമാനങ്ങാം ചുമന്നുകൊണ്ടുവരുന്ന ആളുകളാൽ. ആഹൃതൈഃ=കൊണ്ടുവരപ്പെട്ട (അൎത്ഥവിശേഷണം). തൃപ്തയൻ ഏവ=തൃപ്തിപ്പെടുത്തുന്നവനായിട്ടുതന്നെ. അൎത്ഥൈഃ=ധനങ്ങളെക്കൊണ്ടു്. ഉദ്ധാര്യ=കളഞ്ഞിട്ടു്. ദൂരം=ദൂരത്തേയ്ക്കു്. ക്ഷിതിസുര............പിശാചീം=ബ്രാഹ്മണശ്രേഷ്ഠന്മാരുടെ ദൌൎഗ്ഗത്യമുദ്ര (ദാരിദ്ര്യബന്ധനം) ആകുന്ന പിശാചിയെ. യോദ്ധും=യുദ്ധംചെയ്വാൻ നവ്യാധികാരാൽ=പുതിയ അധികാരം ഹേതുവായിട്ടു്. അരിഭി:=ശത്രുക്കളോടു്. അധിക........സാരൈഃ=സൎവ്വാഭിസാരത്തെ (ചതുരംഗസൈന്യസന്നാഹത്തോടുകൂടിയ യുദ്ധയാത്രയെ) അധികമായി ചെയ്തവരായ (അരിവിശേഷണം). സാൎദ്ധം=കൂടെ. സൎവ്വത്ര=എല്ലാടത്തും. യുദ്ധോത്സവം=യുദ്ധമാകുന്ന ഉത്സവത്തെ. അഹഹ=ആശ്ചൎയ്യം. ചിരാൽ=വളരെക്കാലം. അന്വഭൂൽ=അനുഭവിച്ചു. ഉന്നതാത്മാ സഃ=മഹാത്മാവായ അദ്ദേഹം. ആ വീരകേരളമഹാരാജാവു് അന്യദ്വീപുകളിൽനിന്നു ചുമന്നുകൊണ്ടുവരുവിച്ച ധനരാശികളെക്കൊണ്ടു ബ്രാഹ്മണരുടെ ദാരിദ്ര്യപ്പിശാചിനെ ബലികൊടുത്തൊഴിപ്പിക്കയും പുതിയ ഭരണാധികാരമാകയാൽ യുദ്ധത്തിന്നു സവിശേഷം സന്നാഹം ചെയ്തു വന്ന ശത്രുക്കളോടു വളരെക്കാലം യുദ്ധംചെയ്തു് എല്ലാടത്തും യുദ്ധോത്സവം അനുഭവിക്കുകയും ചെയ്തു. രൂപകാലങ്കാരം.

38156

14. സോയം=അദ്ദേഹം. നിശ്ശേഷ............മതിഃ=സർവ്വവിദ്യകളിലും നിപുണബുദ്ധിയായ. ഉപാലിംഗിതഃ വീരലക്ഷ്മ്യാ=വീരലക്ഷ്മിയാൽ ആലിംഗനം ചെയ്യപ്പെട്ട. മാനാംബുധിഃ=മാനസമുദ്രമായ (എല്ലാം സോയം എന്നതിൻെറ വിശേഷണങ്ങൾ). വിമതഭടൈഃ=ശത്രുഭടന്മാരോട്. യുദ്ധ......യോഗൈഃ=യുദ്ധത്തിന്നഭിയോഗം ചെയ്ത (വിമതഭടവിശേഷണം). ആവിർവൈരം=ഉണ്ടായ വൈരത്തോടുകൂടി. (ക്രി.വി.)ഉച്ചൈഃ ആബദ്ധാഡംബരം=ഏററവും ആഡംബരം ചെയ്യപ്പെട്ട. പ്രാദുരാസീൽ=ഉണ്ടായി. ആ വീരകേരളമഹാരാജാവു് ശത്രുഭടന്മാരോടുകൂടി യുദ്ധത്തിന്നായി തൃശ്ശിവപേരൂരിൽ എഴുന്നള്ളിയകാലത്തു് ഒരു ശിവരാത്രി മഹോത്സവം ഉണ്ടായി.

15. വീരാണാംമണി=വീരന്മാരിൽവെച്ചു രത്നഭൂതനായ. ദിവ്യോത്സവേ=ദിവ്യമായ ഉത്സവത്തിൽ. അസൌ=ഈ. ശൂര ............................ന്തരം=ശൌര്യമേറിയ ഭടസമൂഹങ്ങളുടെ കോലാഹലങ്ങളാൽ ദിഗന്തരങ്ങളെ മുഴക്കുമാറു് (ചെന്നു് എന്ന ക്രിയയുടെ വിശേഷണം). ഗൌരീ...........ചന്ദ്രം=ശ്രീപാർവ്വതിയുടെ നേത്രങ്ങളാകുന്ന ചകോരങ്ങൾക്കു ശരൽകാലപൂർണ്ണചന്ദ്രനായ. പ്രണമ്യ=നമസ്കരിച്ചിട്ടു്. പ്രഭും=സ്വാമിയെ (ശിവനെ) വൃഷാചലയേ=തൃശ്ശിവപേരൂരിൽ. സഹൃദയൈഃ=സഹൃദയന്മാരോട്. ശ്രീവീരകേരളമഹാരാജാവു് ഭടനിരയുടെ കോലാഹലങ്ങളാൽ ദിഗന്തരങ്ങളെ മുഴക്കിക്കൊണ്ടു് ദിവ്യമായ ആ ശിവരാത്രിമഹോത്സവത്തിനു ചെന്നു സഹൃദയന്മാരോടു മേളിച്ചു് തൃശ്ശിവപേരൂരിൽ വസിച്ചു.

16. വാർമേവീടുന്ന വിദ്വ..........................................മാഹാത്മ്യങ്ങൾ=നല്ല പാണ്ഡിത്യശക്തിയുള്ള വിദ്വജ്ജനങ്ങളാൽ പറയപ്പെട്ട തെക്കെലനാഥപ്രഭാവത്തിൻെറ ശോഭനമാഹാത്മ്യങ്ങൾ. പ്രകടിതരുചി=പ്രകാശിതമായ രുചിയോടുകൂടുംവണ്ണം (ക്രി. വി.) പ്രസന്നാന്തരാത്മാ=പ്രസാദിച്ച മനസ്സോടുകൂടിയ. ധീമാൻ (സഃ)=ബുദ്ധിമാനായ അദ്ദേഹം. അല്പസ്മിതം=മന്ദസ്മിതം. അഖിലസദസി=എല്ലാവരും ചേർന്ന സഭയിൽവച്ചു്. ചെല്ലൂര...........പാത്രം=ചെല്ലൂരേശൻെറ (പെരിഞ്ചെല്ലൂരപ്പൻെറ)യും പൂർണ്ണത്രയീശൻെറ (തൃപ്പൂണി

ത്തുറയപ്പൻെറ)യും ശ്രീമത്തായ കാരുണ്യത്തിന്നു പാത്രമായ. കവിം= കവിയോട്ട്. ആദിഷ്ടവാൻ=കല്പിച്ചു. പദ്യവാചാ=പദ്യരൂപേണയുള്ള വാക്കുകൊണ്ട്. ആ വീരകേരളമഹാരാജാവു് വിദ്വാന്മാർ പറഞ്ഞു് തൃശ്ശിവപേരൂർ വടക്കുന്നാഥൻെറ മാഹാത്മ്യങ്ങൾ കേട്ടും ആസക്തിയോടുകൂടി കണ്ടും അറിഞ്ഞിട്ടു് മനസ്സുതെളിഞ്ഞു ചെല്ലൂരനാഥൻെറയും പൂർണ്ണത്രയീശൻെറയും കരുണക്കു പാത്രമായ കവിയോടു പദ്യരൂപേണ ഇങ്ങനെ കല്പിച്ചു.

17. വിദ്യാവല്ലഭ=വിദ്യകൾക്കു പ്രിയനായവനേ! നീലകണ്ഠസുകവേ=നീലകണ്ഠനെന്ന സൽകവേ! ചെല്ലൂരനാഥോദയം=ആ പേരുള്ളതും പെരിഞ്ചെല്ലൂർപ്രതിഷ്ഠയെ വർണ്ണിക്കുന്നതുമായ ചമ്പൂപ്രബന്ധം. ചിത്രം=മനോഹരമായ (ചെല്ലൂരനാഥോദയത്തിൻെറ വിശേഷണം). കൃതം=ഉണ്ടാക്കപ്പെട്ടു. പുനശ്ച=പിന്നെയും. രചിതം=നിർമ്മിക്കപ്പെട്ടു. നാരായണീയം=ആ പേരുള്ള ചമ്പൂപ്രബന്ധം. ത്വയാ= അങ്ങയാൽ. അദ്യൈവ=ഇന്നുതന്നെ, ആരഭതാം=ആരംഭിക്കണം. ഗിരാ=വാക്കിനാൽ. മമ=എൻെറ. തെക്കെല............കലന്=തെക്കെലനാഥോദയമെന്ന പ്രത്യഗ്രമായ (പുതിയ) പേരുള്ള. ബന്ധുരഗുണം=മനോഹരങ്ങളായ ഗുണങ്ങളോടുകൂടിയ (പ്രബന്ധോത്തമവിശേഷണം). ബന്ധും=നിബന്ധിപ്പാൻ. പ്രബന്ധോത്തമം=വിശിഷ്ടപ്രബന്ധത്തെ. അല്ലയോ നീലകണ്ഠകവീന്ദ്ര! അങ്ങു് ചെല്ലൂരനാഥോദയവും നാരായണീയവും നിർമ്മിച്ചിട്ടുണ്ടല്ലോ. ഇനി എൻെറ വചനമനുസരിച്ചു തെക്കെലനാഥോദയമെന്ന പുതിയ പേരോടുകൂടിയ വിശിഷ്ടപ്രബന്ധം രചിക്കുവാൻ ഇന്നുതന്നെ ആരംഭിക്കണം. [ഇതിൽ പുനശ്ച എന്നതിൻെറ സ്ഥാനത്തു് 'നാണിച്ചു' എന്നും പാഠം കാണുന്നു. 'നാണിച്ചു' എന്താണെന്നു വ്യക്തമാകുന്നില്ല. 'നണകുത' എന്നാൽ പഴയ മലയാളത്തിൽ ചേരുക എന്നൎത്ഥം. 'യോജിപ്പിച്ചു്' എന്നായിരിക്കുമോ എന്നു സംശയിക്കുന്നു.]

18. ഇത്ഥം=ഇപ്രകാരം. നിയുക്തഃ=നിയോഗിക്കപ്പെട്ടവനായിട്ടു്. കുരുഭൂമിഭർത്ത്രാ=കുരുഭൂമിയുടെ ഭരണാധികാരിയാൽ (കൊച്ചിമഹാരാജാവിനാൽ) ഭദ്രാചല........മാന്യം=ഭദ്രാചലക്ഷേത്രത്തിൻെറ (വൃഷാദ്രിക്ഷേത്രത്തിൻെറ) മാഹാത്മ്യംനിമിത്തം മാനനീയമായ

ഹരമായ, കളോ...........പ്രവാളൈഃ=മധുരങ്ങളും ഔദാര്യഗുണമുള്ള വയുമായ മണിപ്രവാളങ്ങൾ (ഭാഷയും സംസ്കൃതവും ഇണങ്ങിച്ചേ ൎന്ന ഗദ്യപദ്യങ്ങൾ). ചിത്രസ്പഷ്ടാൎത്ഥം=ചിത്രങ്ങളായും സ്പഷ്ടങ്ങളായു മുള്ള അൎത്ഥങ്ങളോടുകൂടിയ(പ്രബന്ധവിശേഷണം). വിദധേ=ഉണ്ടാ ക്കുന്നു. പ്രബന്ധം=പ്രബന്ധത്തെ. കുരുഭൂമിനാഥനായ കൊച്ചിമഹാ രാജാവു് ഇങ്ങനെ നിയോഗിക്കുകയാൽ ഞാൻ (നീലകണ്ഠകവി) വൃഷാദ്രിക്ഷേത്രമാഹാത്മ്യം നിമിത്തം സൎവ്വജനമാനനീയമായ പ്രബ ന്ധത്തെ നിൎമ്മിക്കുന്നു. ഇന്ദ്രവജ്രാവൃത്തം ''കേളിന്ദ്രവജ്രയ്ക്കു തതം ജഗം ഗം.'' [കുരുഭൂമി:—മുറിഞ്ഞപുഴയ്ക്കു വടക്കും പേരാറ്റുപുഴയ്ക്കു തെക്കുമുള്ള പ്രദേശത്തിനു കുരുനാട്ടു് എന്നു പേരുണ്ടു്. ഇന്നത്തെ കുണയന്നൂർ താലൂക്കിൽ പെട്ടതും അഞ്ചിക്കൈമൾ പ്രദേശമുൾപ്പെട്ടതും ആയ ആ പ്രദേശം കുരുമുളകിനു പണ്ടു വളരെ കീൎത്തിപ്പെട്ടിരുന്നു. ആ പ്രദേശ ത്തിനു നാഥനാകയാൽ കുരുഭൂമിഭൎത്താവെന്നു കൊച്ചിരാജാവിനു പേ രു വന്നു. ''കൌരവീണാം വധൂനാം'' എന്നു ഭ്രമരസന്ദേശകാരൻ.]

19. ഉപോൽഘാതം കഴിഞ്ഞു് കഥ ആരംഭിക്കുന്നു.

ശ്രീ ചേൎന്നീടും........ഭുവി=ശ്രീമത്തായ മഹേന്ദ്രപൎവ്വതപ്രദേശത്തിൽ. നിഖില...........പത്മേ=എല്ലാ ക്ഷത്രിയരിലുമുള്ള വൈരമാകുന്ന അഗ്നികൊണ്ടു നിൎവ്വാണം (കത്തിയൊതുങ്ങിയതു്) ആയും അശാന്തമാ യുമിരിക്കുന്ന മനഃപത്മത്തോടുകൂടിയവനായി. വസതി (സതി)=വ സിക്കുന്ന സമയത്തു്. പരശുരാമേ=പരശുരാമൻ (വസതി എന്നതി നോടു് യോജന). തപ......കാമേ=തപസ്യ (തപസ്സു്)എന്ന ഒന്നിൽ കാമത്തോടുകൂടിയ (പരശുരാമവിശേഷണം). വ്യാജാ........ഭാവാ= നിൎവ്യാജമായ തേജോവിശേഷത്തോടുകൂടിയ. കതിചന=ചില. യതയഃ=സന്ന്യാസിമാരായ. യായജൂകാഃ=പിന്നെയും പിന്നെയും യാഗം ചെയ്യുന്നവരായ. മഹാന്തഃ=മഹാന്മാരായ. സാശംസം=ആശം സ (അലബ്ധമായ വസ്തു ലഭിപ്പാനുള്ള ഇച്ഛ)യോടുകൂടുംവണ്ണം (ക്രി. വി). വിമല........സുരാഃ=അതിനിൎമ്മലമായിരിക്കുന്ന മനസ്സുകൊ ണ്ടു ശോഭിക്കുന്നവരായ. ഭൂസുരേന്ദ്രാഃ=ബ്രാഹ്മണശ്രേഷ്ഠന്മാർ. പരശു രാമൻ ക്ഷത്രിയവൈരാഗ്നികൊണ്ടു കത്തിയൊതുങ്ങി ശാന്തത വരാ ത്ത മനസ്സോടുകൂടി മഹേന്ദ്രഗിരിയിൽ തപസ്സു ചെയ്തുംകൊണ്ടു വസി

കുന്ന കാലത്തു് സന്ന്യാസിമാരും യാഗശീലന്മാരുമായ ചില ബ്രാഹ്മണോത്തമന്മാർ ഒരു കാര്യം കരുതിക്കൊണ്ടു് അദ്ദേഹത്തിൻെറ അടുക്കൽ വന്നു.

20. അത്ഭു..........വത്തി=ആശ്ചര്യഭൂതനായ ചക്രവത്തി. യമിനാം=യമങ്ങളെ (അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം) ആചരിക്കുന്ന വ്രതികളിൽവെച്ചു്. മുഖ്യാസനേഷു=ഉത്തമങ്ങളായ ആസനങ്ങളിൽ. ആസ്ഥയാ=ആദരത്തോടെ. വിപ്രേന്ദ്രാൻ=ദ്വിജശ്രേഷ്ഠന്മാരെ. വിനിവേശ്യ=ഇരുത്തീട്ടു്. ആതിത്ഥ്യപൂജാവിധിം=അതിഥിസൽക്കാരത്തെ. ഉദ്യതഹസ്തപാളി=കൈകളുയത്തിക്കൊണ്ടു് (ക്രി.വി.). യുഗപൽ=ഒരുമിച്ചു്. ദത്താഃ=നല്കപ്പെട്ട. തദീയാശിഷഃ=അവരുടെ ആശീർവ്വാദങ്ങളെ. ലബ്ധ്വാ=ലഭിച്ചിട്ടു്. വിഷ്ടരസീമനി=ആസനത്തിൽ. സ്വയമുപാവിഷ്ടഃ=താനും ഇരുന്നിട്ടു്. ബഭാഷേ=പറഞ്ഞു. കൃതീ=കൃതാത്ഥനായിട്ടു്. ആശ്ചര്യഭൂതനായ ആ വ്രതിസാർവ്വഭൌമൻ (പരശുരാമൻ) ബ്രാഹ്മണരെ പൂജിച്ചു് അനുഗ്രഹം വാങ്ങി താനും ഇരുന്നു് ഇങ്ങനെ പറഞ്ഞു.

21. ധന്യാഃ=സുകൃതികളേ! വിപ്രേശ്വരാഃ=ബ്രാഹ്മണവരന്മാരേ! സ്വാഗതം ഇഹ ഭവതാം=ഇവിടെ നിങ്ങൾക്കു് സ്വാഗതം. ബ്രഹ്മവിദ്യാവിനോദം=ബ്രഹ്മവിദ്യ (ശുദ്ധചൈതന്യാത്മകമായ ബ്രഹ്മത്തെ ആത്മാഭിന്നമായി അറിയുക)യാകുന്ന ലീല. വീതാന്തരായം=വിഘ്നംകൂടാതെ. ദിനമനു=ദിനന്തോറും. ഘനമോദേന=വലിയ മോദത്തോടെ. കമ്മ........വിധിനാ=കമ്മകാണ്ഡത്തിൻെറ (യജ്ഞാദികമ്മപ്രതിപാദകമായ വേദഭാഗത്തിൻെറ) പ്രകാശനവിധികൊണ്ടു്. അന്യൂനം=കുറവു കൂടാതെ, അനപായം=നാശം കൂടാതെ (ക്രി. വി. ) അല്ലയോ സുകൃതികളായ ബ്രാഹ്മണവര്യന്മാരേ! നിങ്ങൾക്കു സ്വാഗതം. നിങ്ങളുടെ ബ്രഹ്മവിദ്യാവിനോദം നിർവ്വിഘ്നം നടക്കുന്നില്ലേ ? കമ്മകാണ്ഡപ്രകാശനം (യജ്ഞാദികമ്മങ്ങളുടെ യഥാവദനുഷ്ഠാനം) കൊണ്ടു വദ്ധിച്ച സർവ്വഭൂതാനുകമ്പയും വിളങ്ങുന്നില്ലേ ? ആദ്യത്തെ കുശലപ്രശ്നം യതികളേയും രണ്ടാമത്തേതു യായജൂകന്മാരേയും ഉദ്ദേശിച്ചാകുന്നു.

22. മനോരഥം=അഭിലാഷം. മനസി=മനസ്സിൽ. അഭ്യാഗതാഃ= വന്നിരിക്കുന്നു. സാമ്പ്രതം=ഇപ്പോൾ. കിന്നാമ=എന്തൊന്ന്. അദ്യ= ഇന്ന്. വിധേയം=ചെയ്യപ്പെടണം. ആശ്രവജനൈഃ ഏഭിഃ=ഈ വിധേയജനങ്ങളാൽ (എന്നാൽ.) പ്രസാദോത്സുകൈഃ=പ്രസാദത്തെ കാംക്ഷിക്കുന്നവരായ (ആശ്രവജനൈഃ എന്നതിൻെറ വിശേഷണം). പ്രമിതം=അല്പം. ഗഭീരം=സാരഗർഭം. മുനീനാം പ്രഭോഃ=മുനികൾക്കീശ്വരൻെറ. ഉപകർണ്ണ്യ=കേട്ടിട്ട്. കോപി നിയമീ വൃദ്ധഃ=വൃദ്ധനായ ഒരു വ്രതി. എന്തു കാര്യം കരുതിയാണ് നിങ്ങൾ ഇപ്പോൾ വന്നിരിക്കുന്നത്? നിങ്ങളുടെ ചൊൽക്കീഴിൽനില്ക്കുന്ന ഇജ്ജനം നിങ്ങൾക്കവേണ്ടി എന്തൊന്നാണ് ചെയ്യേണ്ടത്? എന്തും ചെയ്വാൻ തയ്യാറാണെന്നു സാരം.

ഗദ്യം 3. ജയ ജയ=ജയിച്ചാലും ജയിച്ചാലും. ദേവ ഭൃഗുത്തമ= ദേവനായ പരശുരാമ! സാമ്പ്രതം=ഇപ്പോൾ. ആകർണ്ണയ=കേട്ടാലും. മമ=എൻെറ. വാണീമേനാം=ഈ വാക്കിനെ. ത്രിഭുവനവീരം=മൂന്നു ലോകങ്ങളിൽവെച്ചു വീരനായ. കൃതവീര്യാത്മജം=കൃതവീര്യൻെറ പുത്രനായ. ഉന്മര്യാദം=മര്യാദ ലംഘിച്ചവനായ. ബ്രഹ്മവിഘാതിനം=ബ്രാഹ്മണനെ കൊന്നവനായ (എല്ലാം ഹേഹയരാജവിശേഷണം). ആഹവസീമനി=യുദ്ധഭൂമിയിൽ. ഹേഹയരാജം=ഹേഹയ രാജാവിനെ (കാർത്തവീര്യാർജ്ജുനനെ). അഖില........ഘാതം=എല്ലാ ക്ഷത്രിയജാതിക്കാരുടേയും നിഗ്രഹം. കാരണപൂർവ്വം=കാരണത്തോടു കൂടി. ഉച്ചൈഃ=ഏററവും പെരിയ. വിചിത്രം=വലിയ ആശ്ചര്യം. ഛത്രായുധം=ഛത്രം (കുട) ആയുധമായ. സത്രാശനരുചി=ദേവന്മാരെപ്പോലെ തേജസ്സുള്ള. പൃഥ്വീ.........ദംബം=ബ്രാഹ്മണസമൂഹം. അശേഷം=മുഴുവൻ. ഗതവിത്രാസം=ഭയംകൂടാതെ. ഉന്നതശീർഷം=ശിരസ്സുയർത്തി [ക്രി.വി.] എന്നേയല്ലേ=എന്നുതന്നെയല്ല. നിര്യാതായാഃ= പോയതായ. മര്യാദായാഃ=മര്യാദയുടെ. സ്ഥിതിം അതിമഹതീം=അതിമഹത്തായ നിലനില്പിനെ. പര്യാപ്തം=മതിയാംവണ്ണം. ശ്രവണ........വർഷം=കാതുകൾക്ക് അമൃതരസവർഷത്തോടുതുല്യമായ, വിചിത്രം=നാനാപ്രകാരമായ. മഹിതചരിത്രം=പൂജിതമായ ചരിത്രത്തെ. ചേതസി=മനസ്സിൽ, മേദു........മോദാഃ=വ

KOTTAYAM PUBLIC LIBRARY KOTTAYAM

ദ്ധിച്ച കൌതുകത്തോടും മോദത്തോടും കൂടിയവരായിട്ട് [നാമിഹ വന്നു എന്നതിനോട്ട് യോജന] സുചരി........വന്തം=സുകൃതലക്ഷ്മിയുടെ സൌരഭ്യത്തോടുകൂടിയവനായ. ഗിരി........സുതം=ശ്രീപാർവ്വതിയുടെ ധർമ്മപുത്രനായ [ശിവൻെറ ശിഷ്യനാകയാൽ ധർമ്മംകൊണ്ടു ശ്രീപാർവ്വതിക്കു പുത്രനായ] തം ഭവന്തം=ആ അങ്ങയെ, നയനങ്ങാം=കണ്ണുകാം. പരമാനന്ദം=പരമസന്തോഷം. അല്ലയോ പരശുരാമ! ഞങ്ങളുടെ വാക്കു കേട്ടാലും. കാർത്തവീര്യാർജ്ജുനനെ കൊന്നതും സർവ്വക്ഷത്രസംഹാരം ചെയ്തതും ബ്രാഹ്മണവർഗ്ഗത്തിനു ഭയം കൂടാതെ തല പൊക്കി നടക്കാറാക്കിയതും മര്യാദയെ പുനഃസ്ഥാപിച്ചതുമായി ശ്രോത്രങ്ങളിൽ അമൃതു പൊഴിയുന്ന അങ്ങയുടെ പവിത്രചരിത്രം കേട്ടു മനസ്സിൽ കൌതുകവും സന്തോഷവും വദ്ധിക്കുകയാൽ ശ്രീപാർവ്വതിയുടെ ധർമ്മപുത്രനായ അങ്ങയെ കണ്ടു് കണ്ണുകാംക്കും ആനന്ദം വളത്താൻവേണ്ടിയാണു് ഞങ്ങാം ഇവിടെ വന്നിരിക്കുന്നതു്. മുന്നം മുന്നം=വളരെ മുമ്പു്. പ്രളയവിരാമേ=കല്പാന്തത്തിൽ. ദുഷ്ടദനുജൻ=ദുഷ്ടദൈത്യൻ [ഹയഗ്രീവൻ]. കട്ടുമറച്ചൊരു=കട്ടൊളിപ്പിച്ച, വേദാൻ=വേദങ്ങളെ. ആശു=വേഗത്തിൽ. വിരിഞ്ചൻ=ബ്രഹ്മാവു്. പുരാ........ഷൻ=പുരാണപുരുഷൻ. അഖി........പ്രഭു=സർവ്വലോകസ്വാമി. ലോകവിനിർമ്മിതി=ലോകസൃഷ്ടി. പണ്ടു് കല്പാന്തത്തിൽ ഹയഗ്രീവൻ കട്ടൊളിപ്പിച്ച വേദങ്ങളെ [ഹയഗ്രീവനെക്കൊന്നിട്ടെന്നു് അത് പ്രസിദ്ധം] വീണ്ടെടുത്തുകൊടുത്തു് ബ്രഹ്മാവിനെക്കൊണ്ടു വിഷ്ണുഭഗവാൻ ലോകസൃഷ്ടി ചെയ്യിച്ചതായി ഞങ്ങാം കേട്ടിട്ടുണ്ടു്. പുനരഥ=പിന്നെയും. ഗർവ്വി....ശാപം=ഗർവ്വിതനായ ദുർവ്വാസസ്സെന്ന മഹർഷിയുടെ ശാപം. ത്രിഭു........ക്ഷ്മി=ത്രൈലോക്യാധിപത്യം. ദേവാസുര........ടോപേ=ദേവാസുരന്മാരാൽ ചെയ്യപ്പെട്ട ക്ഷീരസമുദ്രമഥന സംരംഭത്തിൽ. മന്ദ........നത്തെ=മന്ദരാദ്രിയാകുന്ന മന്ഥദണ്ഡത്തെ. കമഠാകൃതി=ആമയുടെ രൂപം. കട........ഥിതാൽ=അതികഠിനമാകുംവണ്ണം കടയപ്പെട്ട. കലശമഹാബ്ധേഃ=കലശംപോലെയുള്ള [മഥനക്രിയയിൽ കലശംപോലെ ആധാരമായ] മഹാസമുദ്രത്തിൽനിന്നു്. ഊഢവിലാസം=വഹിക്കപ്പെട്ട വിലാസത്തോടുകൂടുംവണ്ണം [ക്രി. വി.] ഗൂഢം=മറഞ്ഞ. പിന്നെ ദുർവ്വാസാവിൻെറ ശാപത്താൽ ഇന്ദ്രൻെറ ത്രൈലോക്യാധിപത്യം മറഞ്ഞ കാലത്തു ദേവാ

സുരന്മാർ യോജിച്ച് സമുദ്രമഥനം ചെയ്യുമ്പോറം മന്ഥദണ്ഡമായ മന്ദരപർവ്വതം താണുപോയ സമയം ഭഗവാൻ ആമയുടെ ആകൃതി പൂണ്ടു കടലിൽ മറഞ്ഞ അതിനെ സലീലം പ്രകാശിപ്പിച്ചു രക്ഷിച്ചതായും ഞങ്ങറം കേട്ടിട്ടുണ്ടു്. ഹിരണ്യാക്ഷൻ=ആ പേരുള്ള അസുരൻ. മഹാംബുധി=മഹാസമുദ്രം. ആദി........കൃതി=ആദിവരാഹവരന്റെ [വരാഹമൂർത്തിയുടെ] ആകൃതി. ധരി........വീം=ഭൂമിയെ. തേററത്തെല്ലത്തു്=തേററയുടെ തലപ്പത്തു്. ഭീതാം=ഭയപ്പെട്ട [ധരിത്രീദേവീവിശേഷണം]. യഥാസ്ഥാനഃ=സ്ഥാനം തെററാതെ. അദ്രിപ്രൌഢൈഃ=മഹാദ്രികളോടു്. ഒപ്പം = തുല്യമായി. അത്ഭുതചരിതം=ആശ്ചര്യം നിറഞ്ഞ. ചരിതം=ചരിത്രം. പിന്നെ ഹിരണ്യാക്ഷൻ ഭൂമിയെ ചുരുട്ടിയെടുത്തു സമുദ്രത്തിലൊളിപ്പിച്ച കാലത്തു വരാഹമായവതരിച്ചു ഭൂമിയെ തേററമേലെടുത്തു പൂർവ്വസ്ഥാനത്തുവെച്ച് ഉറപ്പിച്ച കഥയും ഞങ്ങറം കേട്ടിട്ടുണ്ടു്. ദുഷ്ട........മണി=ദുഷ്ടന്മാക്കു ശിരോമണിയായ. വെന്ന=ജയിച്ച. ഹിരണ്യ.........ശിപു=ഹിരണ്യകശിപു. മഹാസുരൻ=മഹാദൈത്യൻ. അസ്തഭയാങ്കുരം=ഭയത്തിന്റെ അങ്കുരം [മുള] കൂടാതെ [ക്രി. വി.] ഉദ്ധതചിത്തഃ=ഗർവ്വിതമാനസനായി. നരസിംഹാത്മാ=നരസിംഹരൂപനായിട്ടു്. നഖാഗ്രൈഃ=നഖമുനകറംകൊണ്ടു്. ഉഗ്രൈഃ =ഭയങ്കരങ്ങളായ [നഖാഗ്രവിശേഷണം]. ജഗത്യാം=ലോകത്തിൽ. പിന്നെ ഹിരണ്യകശിപുവിന്റെ വാഴ്ചക്കാലത്തു നരസിംഹമായവതരിച്ച് അവനെ നഖങ്ങളെക്കൊണ്ടു ദേഹം കീറിക്കൊന്നു് ലോകത്തെ ആശ്വസിപ്പിച്ച കഥയും ഞങ്ങറം കേട്ടിട്ടുണ്ടു്. മഹാബലിയായ=ആ പേരായ. മഹാ...........പതി=അതീബലവാനായ അസുരരാജാവു്. ദേവ........വൃന്ദം=ഇന്ദ്രൻ തുടങ്ങിയ ദേവഗണത്തെ, ക്രൂര........വീര്യഃ=ക്രൂരതയേറിയതും പ്രതിബന്ധമില്ലാത്തതുമായ വീര്യത്തോടുകൂടിയവനായിട്ടു്. കാക്കീഴാക്കി=കാൽക്കു കീഴിലാക്കി. നവ...........മനനായ്=പുതിയ പുതിയ വഞ്ചനകളോടുകൂടിയ വാമനബ്രഹ്മചാരിയായിട്ടു്. നിബദ്ധ്യ=ബന്ധിച്ചിട്ടു്. വിദഗ്ദ്ധം=നിപുണമാകുംവണ്ണം [ക്രി.വി.] ദേവപതിം=ദേവേന്ദ്രനെ. ദിവി=സ്വർഗ്ഗത്തിൽ. കരുണാശക്ത്യാ=ദയയുടെ ശക്തികൊണ്ടു്. പിന്നെ ബലമേറിയ ദൈത്യരാജൻ മഹാബലി ഇന്ദ്രാദിദേവ

ന്മാരെ ആട്ടിയോടിച്ച ത്രൈലോക്യം കീഴടക്കി വാണ കാലത്തു കുഹനാനിപുണനായ വടുവാമനമൂൎത്തിയായവതരിച്ച് മൂന്നടികൊണ്ടു ലോകമെല്ലാമളന്നു മഹാബലിയെ ബന്ധിച്ച് ഇന്ദ്രനെ സ്വൎഗ്ഗത്തിൽ വാഴിച്ചു രക്ഷിച്ചതും ഞങ്ങൾ കേട്ടിട്ടുണ്ടു്. നിഖില........ രക്ഷ=സൎവ്വലോകങ്ങളുടെ രക്ഷ. കുറിക്കൊണ്ടു്=ഉദ്ദേശിച്ച്. മുകിൽവൎണ്ണൻ=വിഷ്ണു. അത്ഭുതരീത്യാ=ആശ്ചര്യമായ രീതിയോടുകൂടി. അനുപ........ലാസം=അതുല്യമായ ചരിതത്തിന്റെ വിലാസം. പാൎത്ഥി............ജാതിവിഘാതം=രാജസമൂഹങ്ങൾക്കു ശിരോരത്നമായ കാൎത്തവീര്യനാൽ രക്ഷിക്കപ്പെട്ട എല്ലാ ക്ഷത്രിയജാതിക്കാരുടേയും വധം. ഭൂഭാരം=ഭൂമിയുടെ കനം. ഇടയിളകീടിന=ഇടയിൽ ഇളകിവശായ ധൎമ്മസ്ഥിതിയെ=ധൎമ്മമര്യാദയെ. സുകൎമ്മവിഭൂതിം=സൽകൎമ്മസമൃദ്ധിയെ. ലോകാ........വാപ്തിന്നു=ലോകാനുഗ്രഹത്തിന്റെ പുഷ്ടിക്കു്. ഒവ്വാ=ഒക്കുകയില്ല. വസ്തുജ്ഞാനേ=വസ്തുവിചാരത്തിൽ. സൎവ്വലോകരക്ഷയെ ഉദ്ദേശിച്ച വിഷ്ണുഭഗവാൻ ഇങ്ങനെ പല അവതാരങ്ങളും പരിഗ്രഹിച്ച് കീഴിൽ ചെയ്ത അത്ഭുതചരിത്രമൊക്കെയും ഇക്കാലത്തു കാൎത്തവീര്യാൎജ്ജുനന്റെ രക്ഷയിലിരുന്ന സൎവ്വക്ഷത്രിയജാതിക്കാരേയും നിഗ്രഹിച്ചു ഭൂമിയുടെ ഭാരം തീൎത്തു ഇളകിവശായ ധൎമ്മമര്യാദയെ പരിപാലിച്ചു സൽകൎമ്മസമൃദ്ധിയെ വിതച്ചു ലോകാനുഗ്രഹം ചെയ്തതിനോടു് വാസ്തവം ആലോചിക്കുമ്പോൾ ഒക്കുകയില്ല. മുമ്പു ചെയ്തതെല്ലാം ചരിത്രവിലാസമാണു്. സൎവ്വക്ഷത്രസംഹാരമാണ് യഥാൎത്ഥമായ ലോകാനുഗ്രഹമെന്നു സാരം. ആകല്പാവധി=കല്പാന്തത്തിങ്കലോളം. ധരണീമേനാം=ഈ ഭൂമിയെ. ആകല്പയ=അലങ്കരിച്ചാലും. എളിയൊരു കാംക്ഷിതം=ചെറിയൊരനുഗ്രഹം. കൎമ്മകദംബം=കൎമ്മസമൂഹം. അനു........ഭൂതം=അതുല്യസമ്പത്തു നിറഞ്ഞ. പുണ്യശ്രേണീം=പുണ്യരാശിയെ. പരിഗൃഹാണീഷ്വ=പരിഗ്രഹിച്ചാലും. ചതുൎദ്ദശലോകാൻ=പതിന്നാലു ലോകങ്ങളെ, അനുഗൃഹാണീഷ്വ=അനുഗ്രഹിച്ചാലും. നിര....പയോധേ=തടവില്ലാത്ത ഭാഗ്യവിലാസങ്ങൾക്കു സമുദ്രമേ! ഞങ്ങൾക്കു ചെറിയൊരു മനോരഥമുള്ളതു പറയാം. കൎമ്മാനുഷ്ഠാനത്തിന്നായി സമ്പൽസമൃദ്ധമായ ഒരു ഭൂവിഭാഗം ഞങ്ങൾക്കു തന്നു പുണ്യരാശിയെ സ്വീകരിച്ചാലും. പതിന്നാലു ലോകങ്ങളെ അനുഗ്രഹിക്കയും

ചെയ്താലും. 'ഒരു ഭൂമീഭാഗം' തന്നു് 'പുണ്യശ്രേണി'യെ പരിഗ്രഹിക്കുന്നതു് ന്യൂനത്തെ കൊടുത്തു അധികത്തെ വാങ്ങുകയാകയാൽ ഇവിടെ പരിവൃത്തി അലങ്കാരം. ഇതിൽ ''പൂരിപ്പാനായ് നാമിഹ വന്നു'' എന്നതുവരെ ആഗമനത്തിൻെറ സാമാന്യപ്രയോജനവും, പിന്നെ ''കാത്തതുമയ്യോ കേശംപ്പുണ്ടിന്നാം.'' എന്നതുവരെ മത്സ്യ—കൂമ്മ—വരാഹ_നൃസിംഹ—വാമനാവതാരകഥനവും, പിന്നെ ''വാഴ്ചിന്നൊാവ്വാ വസ്തുജ്ഞാനേ''എന്നതുവരെ പരശുരാമാവതാരത്തിന്നു് ഇതരാവതാരാപേക്ഷയാ ഉള്ള ഉൽകഷ്വും, ''നീള നടന്നാൽ'' എന്നുതുടങ്ങി ''ആകല്പയ നീ'' ഇത്യന്തം സ്തുതിയും ആശിസ്സും, ''പിന്നെച്ചൊല്ലാം'' എന്നതുമുതൽ ആഗമനത്തിൻെറ വിശേഷ പ്രയോജനവും വണ്ണിതമായിരിക്കുന്നു.

23. വിഖ്യാതാനാം=പ്രസിദ്ധന്മാരായ. ദ്വിജാനാം=ബ്രാഹ്മണരുടെ. സദസി=സദസ്സിൽ. നിയമിവൃദ്ധോദിതാം=വൃദ്ധനായ നിയമിയാൽ പറയപ്പെട്ട. അത്യുദാരാം=ഏററവും ഔദാര്യത്തോടുകൂടിയതായ (വാണീവിശേഷണം). അഗ്രേ=മുമ്പിൽവെച്ചു്. വാണീം=വാക്കിനെ. അന....ഹിമാ=അതുല്യമായ മാഹാത്മ്യത്തോടുകൂടിയ. സാർവ്വഭൌമഃ മുനീനാം=മുനികളുടെ ചക്രവത്തി (പരശുരാമൻ.) അക്ഷീ....ത്വം തടവിന=ഏററവും പാരവശ്യം പൂണ്ട. മനസാ=മനസ്സോടുകൂടി. ദാനശീലഃ=ദാതാവായ (മുനിസാവ്വഭൌമവിശേഷണം.)മുഹൂത്തം=കുറച്ചുനേരം. വ്യഗ്രം=വ്യഗ്രത (ഭാവപ്രധാനനിർദ്ദേശം).ദദ്ധ്യൗ =ധ്യാനിച്ചു. മഹിത........ഭൂമാ=വിശിഷ്ടമായ ശ്രേഷ്ഠയാഗത്തിങ്കൽ എല്ലാ ധനസമൃദ്ധികളേയും ദാനംചെയ്തവനായ. മഹാബ്രാഹ്മണസദസ്സിൽ ആ നിയമിവൃദ്ധൻ പറഞ്ഞ വാക്കുകേട്ടിട്ടു് ഒരു യാഗത്തിൽവെച്ചു സർവ്വസമ്പത്തുകളും ദാനംചെയ്ത പരശുരാമമുനി കുറച്ചുനേരം മനസ്സിൽ വ്യാകുലതയോടുകൂടി ധ്യാനിച്ചു.

24. പരായത്തം=പരാധീനം. വാസം=പാപ്പു്. മേ=എൻെറ. ദൃഢം=തീർച്ചയായും. അവ........ത്ഥിതം=ബ്രാഹ്മണരുടെ അപേക്ഷ. പൂരണീയം=നിറവേററപ്പെടേണ്ടതാണു്. അന്തം....രിണം=അവസാനമില്ലാത്ത വിസ്താരമുള്ള. പയസാംരാശിം=സമുദ്രത്തെ. ഉത്സാര്യ ദൂരം=അകലത്തേയ്ക്കു നീക്കിയിട്ടു്. കല്പയിഷ്യേ=ഉണ്ടാക്കുന്നുണ്ടു്.

നവനവം=ഏറ്റവും പുതിയ. ഏഷാം ദ്വിജാനാം=ഈ ബ്രാഹ്മണക്ക്. എൻെറ ധനമെല്ലാം ഒടുങ്ങി; പാപ്പുംകൂടി പരാധീനമാണ്. ബ്രാഹ്മണരുടെ അഭീഷ്ടം സാധിപ്പിക്കേണ്ടതുമാണ്. അതിനാൽ അവസാനമില്ലാത്തത്ര വിസ്താരമുള്ള സമുദ്രത്തെ അകലെ നീക്കി ഈ ബ്രാഹ്മണക്കു പുതിയൊരു ഭൂഭാഗം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

25. ഇതി=ഇപ്രകാരം. നിശ്ചിതധീഃ=ഉറച്ച ബുദ്ധിയോടുകൂടിയ. സഃ=ആ. പശ്ചിമാബ്ധിം=പടിഞ്ഞാറെ സമുദ്രത്തിലേയ്ക്ക്. ഗതവാൻ=പോയിട്ട്. വീര്യഭൃതാം=വീര്യവാന്മാരിൽവെച്ച്. അപശ്ചിമഃ=മുമ്പനായ. അസൌ=അദ്ദേഹം. ക്ഷിതി....മക്ഷം=ബ്രാഹ്മണരുടെ മുമ്പിൽവെച്ച്. അത്യ........മാനം=അതിമഹത്തായ വിസ്താരത്തോടുകൂടിയ. വരുണം=വരുണനെ. അവാദീൽ=പറഞ്ഞു. ഇങ്ങനെ ഉറച്ച് പടിഞ്ഞാറെ സമുദ്രത്തിങ്കലേയ്ക്കു പോയി അതിവീര്യവാനായ പരശുരാമൻ ബ്രാഹ്മണരുടെ മുമ്പാകെ അത്യന്തവിസ്താരമുള്ള വരുണനെ വിളിച്ചുപറഞ്ഞു. വസന്തമാലികാവൃത്തം. ''വിഷമേ സസജം ഗഗം, സമത്തിൽ സഭരേഫം യ വസന്തമാലികയ്ക്കു്.''

26. ഭോ ഭോ-അല്ലയോ അല്ലയോ, ഗംഭീര=ആഴമേറിയവനേ! ധീരോദ്ധത=ധീരനും ഉദ്ധതനുമായിരിക്കുന്നവനേ! സലിലനിധേ=സമുദ്രമേ! വാരി....ജന്യം=വെള്ളത്തെ ചുരുക്കുന്നതുകൊണ്ടുണ്ടാകുന്ന. ഭൂഭാഗം=ഭൂമിയെ. യാചതേ=യാചിക്കുന്നു. മുനിവൃഷഭഃ=മുനിശ്രേഷ്ഠൻ. ജാതിവൈരീ=ജന്മശത്രുവായ (മുനിവൃഷഭവിശേഷണം.) നൃപാണാം=രാജാക്കന്മാൎക്ക്. ആപാദിപ്പാൻ=സമ്പാദിക്കുന്നതിനുവേണ്ടി. മുനീനാം=മുനിമാരുടെ. അഭിമതം=അഭീഷ്ടത്തെ. അധുനാ=ഇപ്പോൾ. യജ്വനാം=വിധിപോലെ യാഗംചെയ്തവരായ (മുനീനാം എന്നതിൻെറ വിശേഷണം.) ഉദ്യതഃ=ഉദ്യുക്തനാകുന്നു. വൈപുല്യം=വിസ്താരം.നിഷ്ഫലം=ഫലമില്ലാത്ത.തേ=നിൻെറ.ഇദാനീം=ഇപ്പോൾ അല്ലയോ മഹാസമുദ്രമേ! ക്ഷത്രിയരുടെ ജന്മശത്രുവായിരിക്കുന്ന മുനിശ്രേഷ്ഠനായ ഞാൻ നിൻെറ വെള്ളം കുറെ ചുരുക്കിയാൽ ഒഴിഞ്ഞുണ്ടാകുന്ന ഭൂഭാഗത്തെ യാചിക്കുന്നു. മുനിമാരുടെ അഭിമതം സാധിക്കുന്നതിനാണ് ഞാൻ ഉത്സാഹിക്കുന്നതു്. അതിനാൽ നിഷ്ഫലമായ ഒരു വസ്തുവിനെ സഫലമായ ഒന്നിൻെറ സിദ്ധിയ്ക്കുവേണ്ടി ത്യജിക്കുന്നതു് മഹാന്മാൎക്കുചിതമാണെന്നു ഹൃദയം.

27. ശാപ....ശങ്കീ=ശാപത്തെയും കലഹ (യുദ്ധ)ത്തെയും ആശങ്കിക്കുന്നവനായി. ഉത്സന്നഃ=ക്ഷീണനായിട്ട്. ഭഗവാൻ=ഭഗവാനായ. വരുണഃ=വരുണൻ. ദൃഷ്ട്വാ=കണ്ടിട്ട്. മുനീനാം പ്രഭും=മുനിമാർക്കധീശ്വരനെ. ഉദ്യൽ....ദീപ്യമാനം=ഉദിക്കുന്ന ബ്രാഹ്മമഹസ്സിനോടു (ബ്രഹ്മതേജസ്സിനോട്)മിശ്രയായ വിജയശ്രീയെക്കൊണ്ടു ജ്വലിക്കുന്നവനായ (മുനീനാം പ്രഭും എന്നതിൻെറ വിശേഷണം.) ചിത്തേ=മനസ്സിൽ.വിസ്മയം=ആശ്ചര്യം.സസ്മിതം=പുഞ്ചിരിയോടുകൂടി (ക്രി.വി.) ഊചേ=പറഞ്ഞു. മനോജ്ഞാം ഗിരം=മനോഹരയായ വാക്കിനെ. ഇപ്രകാരമുള്ള വാക്കുകൾ കേട്ടു വരുണഭഗവാൻ മുനി തന്നെ ശപിക്കുകയോ എതിർക്കുകയോ ചെയ്തേയ്ക്കുമോ എന്നു ശങ്കിച്ച് പരവശനായി പുറത്തുവന്നപ്പോൾ ബ്രഹ്മതേജസ്സിനോടിടകലൎന്ന വിജയലക്ഷ്മിയെക്കൊണ്ടു ജ്വലിക്കുന്ന പരശുരാമമുനിയെ കണ്ടു വിസ്മയംപൂണ്ട് പുഞ്ചിരിതൂകിക്കൊണ്ടു മനോഹരമായ വചനത്തെ പറഞ്ഞു.

28. പുണ്യാംഭോധേ=സുകൃതസമുദ്രമേ! മുനീനാം പരിവൃഢ=മുനിശ്രേഷ്ഠ! ഭുവ.......നാം=ലോകാധിപന്മാരായ. ത്വാദൃശാനാം=അങ്ങയെപ്പോലെയുള്ളവൎക്ക്. ഉറക്കത്തും=ഉറക്കത്തിലും. അയോഗ്യം=അനുചിതമാണ്. ഇദം=ഇതു്. അനുഷ്ഠേയം=അനുഷ്ഠിക്കപ്പെടേണ്ടതു്. ഭുവഃ=ഭൂമിയുടെ (ഖണ്ഡം എന്നതിനോടു യോജന) മേ=എൻെറ. ഖണ്ഡം=ഭാഗം. യജ്ഞായുധം=യാഗത്തിന്നായുധമായ. ശൂൎപ്പം=മുറം. വിധേയം=അധീനം. അല്ലയോ മുനീന്ദ്ര! ലോകനാഥന്മാരായ അങ്ങയെപ്പോലെയുള്ളവൎക്ക് മര്യാദവിട്ടുള്ള വാക്കു് ഉറക്കത്തിൽപോലും യുക്തമല്ല. എങ്കിലും അങ്ങയുടെ ഹിതം ഞാൻ ചെയ്യണമെങ്കിൽ യജ്ഞത്തിൻെറ ആയുധമായ എൻെറ ഈ മുറം എറിഞ്ഞാൽ അതു ചെന്നു വീഴുന്നേടത്തോളമുള്ള സ്ഥലം അങ്ങേയ്ക്കധീനമായിവരും.

29. തഥാ ഇതി=അപ്രകാരമാവട്ടെ എന്നു പറഞ്ഞു്. പരിഗൃഹ്യ=വാങ്ങിയിട്ട്. കരേണ=കൈകൊണ്ടു്. ശൂൎപ്പം=മുറത്തെ. തുടരുന്ദശായാം-തുടങ്ങുമ്പോൾ. മുല്പാട്ട്=മുൻഭാഗത്തു്. എഴ........കാശം=

ഉയരുന്ന അഗ്നിയുടെ സൂക്ഷ്മജ്വാലയോടു സദൃശമായ. നിഷ്പന്ദം=നിശ്ചലമായ (മഹോവിസരവിശേഷണം.) ഐക്ഷത=കണ്ടു. മഹോവിസരം=മഹസ്സിന്റെ (തേജസ്സിന്റെ) ജ്വാലയെ. മഹാബ്ധൌ=സമുദ്രത്തിൽ. പരശുരാമൻ അതു സമ്മതിച്ചു് മുറം കൈകൊണ്ടു വാങ്ങി. പൊക്കി എറിവാൻ തുടങ്ങുമ്പോൾ സമുദ്രത്തിൽ മുൻഭാഗത്തായിട്ടു് കത്തിപ്പൊങ്ങുന്ന ചെറിയ തീജ്വാലപോലെയുള്ള ഒരു തേജസ്സു് കാണുമാറായി.

30. അദ്ധ്ക്ഷണം=അരക്ഷണം. ഉദിതം=ഉദിച്ച. അതു=തേജസ്സു്. തസ്മിന്നേവ പ്രദേശേ=ആ പ്രദേശത്തിൽതന്നെ. ഭൃഗുകുലമണി=പരശുരാമൻ. ചിക്ഷേപ=എറിഞ്ഞു. യജ്ഞായുധം തം=യജ്ഞായുധമായ അതിനെ (മുറത്തെ). ചിത്രം=അത്ഭുതം, വരുണഃ=വരുണൻ. വാരിണാ=വെള്ളത്തോടുകൂടി. പുഷ്ടാഭോഗം=വദ്ധിച്ച വിസ്താരത്തോടുകൂടിയ. സമന്താൽ=ചുററും. സമം=സമമായ. ദദൃശേ=കാണപ്പെട്ടു. ഭൂതലം=ഭൂഭാഗം. ദൃഷ്ടിരമ്യം=കണ്ണുകൾക്കു കമനീയമായ. ജ്വലിച്ചുകണ്ട ആ തേജസ്സു് അരക്ഷണത്തിനുള്ളിൽ മറഞ്ഞു. അപ്പോൾ പരശുരാമൻ അതു കണ്ട പ്രദേശത്തേയ്ക്കു മുറം എറിഞ്ഞു. ആ സമയത്തു വരുണൻ വെള്ളത്തോടുകൂടി ദൂരെ നീങ്ങുകയും, പരന്നതും ചുററും സമവും രമണീയവുമായ ഒരു ഭൂഭാഗം കാണപ്പെടുകയും ചെയ്തു.

31. ഭൃഗുകുലേന്ദ്രൻ=പരശുരാമൻ. അനുജ്ഞാപ്യ=അനുവദിപ്പിച്ചിട്ടു്. വാരാന്നിധിം=സമുദ്രത്തെ. അനു........ഭൂതം=അതുല്യമായ സമ്പത്തുനിറഞ്ഞ. സദയം=ദയയോടെ (ക്രി.വി.) കമ്മിണാം=കമ്മികളായ. ഭൂസുരാണാം=ബ്രാഹ്മണക്കു്. മുദം=മോദത്തെ. ഇയന്തു=പ്രാപിച്ചു. സവ്വലോകാഃ=എല്ലാ ജനങ്ങളും. പിന്നെ പരശുരാമൻ വരുണന്റെ സമ്മതം വാങ്ങി ആ ഭൂഭാഗം കമ്മികളായ ബ്രാഹ്മണക്കു കൊടുത്തു.

32. കന്യാകുമരി=കന്യാകുമാരി. അതി... ....രമ്യം=ഏററവും ശ്ലാഘ്യവും രമണീയവുമായ. അയ്യാ=ആശ്ചര്യദ്യോതകം. സഹ്യസ്യ=സഹ്യപവ്വതത്തിന്റെ. പാശ്ചാത്യഭാഗേ=പാടിഞ്ഞാറേ

ഭാഗത്തു്. കൊങ്കണാഖ്യാനം=കൊങ്കണമെന്നു പേരോടുകൂടിയ. അതിമഹിതം=അത്യന്തപൂജിതമായ. ഭാർഗ്ഗ....ത്തം=പരശുരാമനാൽ ദാനം ചെയ്യപ്പെട്ട. ഭോഗ........നീയം=ഭോഗങ്ങളുടെ (സുഖോപ കരണങ്ങളുടെ) സമൃദ്ധികൊണ്ടു സ്പൃഹണീയമായ. ജനപദം= ദേശത്തെ. ആവസൻ=ആവസിച്ചു. ഭൂസുരേന്ദ്രാഃ=ബ്രാഹ്മണശ്രേഷ്ഠ ന്മാർ. തെക്കു കന്യാകുമാരിയോളവും വടക്കു ഗോകൎണ്ണത്തോളവു മായി സഹ്യഗിരിയുടെ പടിഞ്ഞാറുഭാഗത്തു സ്ഥിതിചെയ്യുന്നതും പരശുരാമൻ ദാനം ചെയ്തതുമായ കൊങ്കണദേശത്തിൽ ബ്രാഹ്മണ രെല്ലാംകൂടി വസിച്ചു. [സപ്തകൊങ്കണങ്ങൾ എന്ന ഏഴു ദേശങ്ങൾ ഗോകൎണ്ണം മുതൽ കന്യാകുമാരിവരെയുണ്ടെന്നു ചില പുരാണങ്ങ ളിലും സ്ഥലമാഹാത്മ്യങ്ങളിലും കാണുന്നു. കേരളം അവരുടെ മത മനുസരിച്ചു് അവയിൽ പെടും.]

ഗദ്യം—4. കഥമിഹ കഥയേ=എങ്ങനെ ഞാൻ പറയുന്നു. കൊങ്കണ........ശേഷം=കൊങ്കണരാജ്യത്തിൻെറ മാഹാത്മ്യാതി ശയത്തെ. തെക്കംഗംഗ=ദക്ഷിണഗംഗ. യശോ........മഹിമാ=കീ ൎത്തിവിലാസം പെരുകിയതും നിസ്തുലവും പാവനവുമായ മഹി മാവിനോടുകൂടിയ. കൂലദ്വിതയേ=ഇരുതീരങ്ങളിൽ. ഭൂമിസുരോ ....സാരം=ബ്രാഹ്മണശ്രേഷ്ഠന്മാരുടെ ഹോമംകൊണ്ടു സമിദ്ധമായ (വൎദ്ധിച്ച) സമിത്തുകളിൽ (ചമതകളിൽ) നിന്നും ഹവിസ്സുകളിൽ നിന്നും ഉൽഗതമായ (പുറപ്പെട്ട) സൌരഭ്യവിശേഷം. തടവി ത്തടവി=തലോടിത്തലോടി. പരിതഃ=ചുററും. മൃദുമൃദു=അതിമൃദു വായി. പവന........ഗഭീരാ=കാററിനാൽ ഇളക്കപ്പെട്ടു് മറി യുന്ന ചെറുതിരകളോടുകൂടിയതും ആഴമുള്ളതുമായ. പേരാററ.... നദി=ഭാരതപ്പുഴ. ചൂൎണ്ണിത........കദംബാ=പലവിധമുള്ള ദുരിത സമൂഹങ്ങളെ ചൂൎണ്ണീകരിച്ചതായ. വൎഷാസമയ........മഹിമാ ഭോഗാ=വൎഷാസമയത്തു് ജലാന്തൎഭാഗത്തിൽ ശയിക്കുന്നതും സ്വയമേവ ഉത്ഭവിച്ചതുമായ മഹേശ്വരബിംബത്താൽ ശേഷ ശയൻെറ (വിഷ്ണുവിൻെറ) ആസ്പദമായ കലശസമുദ്രത്തിൻെറ മാഹാത്മ്യാതിശയത്തെ വിഡംബനംചെയ്തതായ (അനുകരിച്ച) നിയത........ലഘു ദകപൂൎണ്ണാ=നിയതമായ മഹോത്സവഘോഷ ത്തിൽ സംഭരിക്കപ്പെട്ട ഗൌരീസപ്തകത്തിൻെറ [ഏഴു ഗൌരി

മാരുടെ] പുണ്യസ്സാനമാകുന്ന അനുഗ്രഹകൃത്യത്താൽ ശുദ്ധമാക്കപ്പെട്ടതും മുത്തുപോലെ ധവളവും വിശുദ്ധവും സ്വാദുവും ലഘുവുമായിരിക്കുന്ന വെള്ളംകൊണ്ടു നിറഞ്ഞതായ. ചൂൎണ്ണീതടിനി= പെരിയാറു് [ആലുവാപ്പുഴ]. ഉല്ലാസം=ശോഭ. ഫുല്ലാപഗ=ഫുല്ലയാറു് [പാഴൂർപുഴ]. ഓരാരോ പുണ്യ...........ഭാഗം=പുണ്യനദികൾ ഒഴുകുന്ന സ്ഥലമായ. നിറന്തകും = ശോഭയുള്ള. ഏലാ...........പ്രഭൃതിഭി:=ഏല (ഏലവള്ളി,) കേരം [തെങ്ങു്],രസാളം[മാവു്,] ക്രമുകം[കവുങ്ങു്,]ഭുജംഗമവല്ലി [വെററിലക്കൊടി,]രംഭ[വാഴ,]പനസം [പ്ലാവു്] മുതലായവയെക്കൊണ്ടു്. അതിസുഭഗം........ഭൂതലം=ഏററവും സുഭഗമായിത്തോന്നിക്കുന്നതും കുളൎമ്മയുള്ളതുമായ ഭൂതലം. എന്തേ പറവതു=എന്തു പറയാം. [വൎണ്ണിപ്പാൻ അശക്യം.] മെത്തുന്ന വനവ...........നിചോളം=വൎദ്ധിച്ച പുതിയ പുതിയ സസ്യനിരയാകുന്ന പച്ചവസ്ത്രം. നദീമാതൃകമാം കേദാ...........ഹരം=നദീമാതൃകമായ [നദീജലംകൊണ്ടു നനച്ചു കൃഷി ചെയ്യപ്പെടുന്ന] കേദാരസ്ഥലനിവഹം [വയൽനിര] കൊണ്ടു മനോഹരമായ. അക്ഷീണദ്യുതി...ന്നിധികൊണ്ടു്=അത്യന്തശോഭയോടുകൂടിയ വിഷ്ണുഭഗവാൻെറ സാന്നിദ്ധ്യംകൊണ്ടു്. അതിധന്യാഭോഗം=അതിധന്യമായ ആഭോഗത്തോടു (വിശാലതയോടു)കൂടിയ. ചൊല്ലാൎന്നീടിന=കേളികേട്ട. വില്വാചലമാം=തിരുവില്വാമല എന്ന. കല്യാണസ്ഥലം=പുണ്യസ്ഥലം. അഴകിയ=രമ്യമായ. വല്കല........ജിതം=വല്കലതീൎത്ഥം [വക്കലത്തീൎത്ഥം]കൊണ്ടു ശോഭിച്ചതായ. അനുപമമഹിമ=അതുല്യമാഹാത്മ്യത്തോടുകൂടിയ. ജനാൎദ്ദനസദനം=ജനാൎദ്ദനക്ഷേത്രം. ദേവാ........രംഗം=ദേവഗണങ്ങളുടേയും അസുരഗണങ്ങളുടേയും സേവസ്സുരംഗമായ. പിതൃ........ഭാഗം=പിതൃക്കളുടെ സാന്നിദ്ധ്യംകൊണ്ടു പൂജനീയവും നിൎമ്മലവുമായ പിണ്ഡപ്പാറയാൽ അലങ്കരിക്കപ്പെട്ട ഭാഗത്തോടുകൂടിയതായ, പാപവിനാശിനി=ഒരു തീൎത്ഥത്തിൻെറ പേർ. പാവന........ദുരിതം=ശുദ്ധികരങ്ങളായ തീൎത്ഥങ്ങളെക്കൊണ്ടു ദുരിതങ്ങളെ ദൂരീകരിച്ചതായ. പ്രളയ........വിലയം=പ്രളയകാലത്തും നാശമില്ലാത്തതായ. വൈകുണ്ഠാദപി=വൈകുണ്ഠത്തെക്കാളും. മുര.....പ്രിയം=വിഷ്ണുവിന്നു് അധികം പ്രിയമായ. ഉച്ചൈഃ=ഉന്നതമായ. സുചരിതഗമ്യം=സുകൃതംകൊണ്ടു പ്രാപ്യമായ. ധാത്രീക്ഷേത്രം=തിരു

നെല്ലിക്ഷേത്രം. മൂന്നായ്മരുവും ദിവ്യക്ഷേത്രം=ഒന്നുതന്നെ മൂന്നായി സ്ഥിതിചെയ്യുന്ന ദിവ്യമായ ക്ഷേത്രം. ഗഭീരിമപാത്രം=ഗാംഭീര്യത്തിന്നു പാത്രമായ. മദ്ധ്യേമദ്ധ്യേ=ഇടയിലിടയിൽ. സമൃദ്ധികരം മെത്തിന=അധികം സമൃദ്ധികളുള്ള. പുണ്യ....ണികരം=പുണ്യക്ഷേത്രനിരകരം. സമധീതാ....താത്മഭിഃ=വഴിപോലെ അഭ്യസിക്കപ്പെട്ട ആഗമങ്ങളുടേയും ശാസ്ത്രങ്ങളുടേയും വിമർശം (വിചാരം) കൊണ്ടു ശുദ്ധഹൃദയന്മാരായ. അഞ്ചി....ക്രിയ=പൂജിതങ്ങളായ പഞ്ചമങ്ങരം (സ്വാധ്യായം, അഗ്നിഹോത്രം, അതിഥിപൂജ, പിതൃതർപ്പണം, ഭൂതബലി എന്ന പഞ്ചമഹായജ്ഞങ്ങരം) മുതലായവയുടെ അനുഷ്ഠാനം, അവിരത.........രാശിഭിഃ=ഇടവിടാതെ സുകൃതരാശികളെ സമ്പാദിച്ചവരായ. അതുല........നീയൈഃ=അതുല്യമായ ബ്രഹ്മതേജസ്സുകൊണ്ടു പൂജനീയന്മാരായ. അവനിസുരേന്ദ്രൈഃ=ബ്രാഹ്മണോത്തമന്മാരാൽ. അഭിപൂരിതമായ്=നിറയ്ക്കപ്പെട്ടതായി. ചാരുതപൂണ്ട=ഭംഗിയുള്ള ചതുഷ്ഷഷ്ടി........ഗ്രാമ=അറുപത്തിനാലു ഗ്രാമങ്ങളിലെ ഐശ്വര്യപരിപൂർത്തി. പെരികപ്പെരിക=ഏററവുമധികം. വിചിത്രാഭോഗം=വിചിത്രമായ വിസ്താരത്തോടുകൂടിയ. ധർമ്മ.......സ്ഥാനം=ധർമ്മങ്ങരംക്കെല്ലാമൊരു മൂലഗൃഹം. പാവനതായാഃ=പരിശുദ്ധിക്കു്. ജീവനസാധനം=ജീവനൌഷധം. ആചാരാണാം=ആചാരങ്ങരംക്കു്. അഭ്യാസഗൃഹം=കളരി. ഭവസാദത്തിന്നു്=സംസാരംകൊണ്ടുള്ള ക്ഷീണതയ്ക്കു്. അവസാനസ്ഥലി=വിരാമസ്ഥാനം. നിർമ്മലതായാഃ=നൈർമ്മല്യത്തിനു്. നർമ്മനികേതം=കേളീഗൃഹം. വര്യാധാരം=ശ്രേഷ്ഠമായ ആധാരം. കിം ബഹുവാചാ=വളരെ വാക്കുകൊണ്ടെന്തു്, തൽഗുണവൈഭവം=അതിൻെറ (കൊങ്കണരാജ്യത്തിൻെറ) മാഹാത്മ്യം. വാക്യവിദൂരം=വാക്യത്തിന്നകലപ്പെട്ടതു്. കൊങ്കണരാജ്യത്തിൻെറ മഹത്വം എങ്ങനെ വർണ്ണിക്കാം ? പേരാറു്, പെരിയാറു്, ഫല്ഗുയാറു് മുതലായ പുണ്യനദികരം ഒഴുകുന്നതും ഏലാകേരാദികളാൽ കമനീയവും നവസസ്യനിരയാകുന്ന പച്ചപ്പട്ടുകിലണിഞ്ഞു നദീമാതൃകമായിരിക്കുന്ന വയലുകരംകൊണ്ടു മനോഹരവും തിരുവില്വാമല, വക്കലെ, തിരുനെല്ലി എന്നിങ്ങനെ മൂന്നായി കാണുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഒന്നുതന്നെയായ ദിവ്യക്ഷേത്രംകൊണ്ടു് അന്യാദൃശമായ ഗാംഭീര്യമുള്ളതും ഇടയിലിടയിൽ പുതുതായി നിർമ്മിച്ച മററനേകം മഹാ

ക്ഷേത്രങ്ങൾകൊണ്ടു മഹനീയവും ആഗമശാസ്ത്രാദിവിചാരംകൊണ്ടു മനശ്ശുദ്ധിയും പഞ്ചമഹായജ്ഞാദികൾകൊണ്ടു സുകൃതവും സമ്പാദിച്ച വിശിഷ്ടബ്രാഹ്മണരാൽ നിറയപ്പെട്ടതും അറുപത്തിനാലു ഗ്രാമങ്ങളിലെ ഐശ്വര്യസമൃദ്ധിയാൽ വിചിത്രവും ധർമ്മങ്ങൾ, പരിശുദ്ധി, ആചാരങ്ങൾ, നൈർമ്മല്യം, മര്യാദ ഇവയ്ക്കിരിപ്പിടവും സംസാരതാപം തീർക്കുന്നതുമായ ആ കൊങ്കണദേശത്തിന്റെ ഗുണസമൃദ്ധി വാക്കുകളെക്കൊണ്ടു വർണ്ണിക്കുവാൻ സാധിക്കുന്നതല്ല. (പേരാറ് ഭാരതപ്പുഴയും ചൂർണ്ണി പെരിയാറും ആകുന്നു. ''ചൂർണ്ണിമാഹോദയപുരവധൂരോജചൂർണ്ണീകൃതോർമ്മിഃ'' എന്നു ലക്ഷ്മീദാസൻ.) ഫുല്ലയാറ്=പാഴൂർ പുഴ (മൂവാററുപുഴയാറ്). ''തീരഗ്രാവസ്ഖലിതസലിലാം സിന്ധുമുല്ലംഘ്യ ഫുല്ലാം'' എന്നു വീണ്ടും ലക്ഷ്മീദാസൻ. 'ഗൌരീസപ്തകം' ഏതു ദേവിമാരെല്ലാമാണെന്നു വ്യക്തമാകുന്നില്ല. കൊടുങ്ങല്ലൂരിനു ചുററുമുള്ള ഏഴു ഭഗവതിമാരെ ആറാട്ടിന്നു എഴുന്നള്ളിച്ച് പെരിയാററിൽ ആറാടിക്കുന്നുണ്ടായിരിക്കും. അറുപത്തിനാലു ഗ്രാമങ്ങൾ:— 1. ഗോകർണ്ണം, 2. ഗോമകുടം, 3. കാരവള്ളി, 4. മല്ലൂർ, 5. എപ്പന്നൂർ, 6. ചെപ്പന്നൂർ, 7. കാടലൂർ, 8. കല്ലന്നൂർ, 9. കാര്യച്ചിറ, 10. പയ്യഞ്ചിറ, 11. തൃക്കണി, 12. തൃക്കട, 13. തൃക്കൺപാല, 14. തൃച്ചോല, 15. കൊല്ലൂർ, 16. കോമലം, 17. വെള്ളാര, 18. വെങ്ങാട്ട്, 19. വെകടം, 20. ചെങ്ങോട്ട്, 21. കോടീശ്വരം, 22. മഞ്ചീശ്വരം, 23. ഉട്ടപ്പ്, 24. ശങ്കരനാരായണം, 25. കോട്ട, 26. ശിവള്ളി, 27. മൊറ, 28. പഞ്ച, 29. ഇട്ടലി, 30. കുഞ്ഞിമംഗലം, 31. അനന്തപുരം, 32. കണ്ണപുരം ഇങ്ങനെ തുളുനാട്ടിൽ മുപ്പത്തിരണ്ടും; 1. പയ്യന്നൂർ, 2. പെരിഞ്ചെല്ലൂർ. 3. ഈശാനമംഗലം, 4. തൃപ്പാനഞ്ചി, 5. കരിക്കാട്ട്, 6. ആലത്തൂർ, 7. പന്നിയൂർ, 8. ശുകപുരം, 9. തൃശ്ശിവപേരൂർ, 10. പെരുവനം (കരുവന്നൂർ പുഴയ്ക്കു വടക്ക്), 11. ചെമ്മണ്ട, 12. ഇരിങ്ങാലക്കുട, 13. അവിട്ടത്തൂര്, 14. അട്ടൂർ, 15. കഴൂർ, 16. ഐരാണിക്കുളം, 17. മൂഴിക്കുളം, 18. ചെങ്ങമനാട്ട്, 19. തഴതനാട്ട്, 20. പറവൂർ; 21. ഉളിയന്നൂർ, 22. ഇളിഭ്യം (ആലുവാ തെക്കേ പുഴയുടെ വടക്ക്), 23. കാട്ടുമറി, 24, ഏററുമാനൂർ, 25. കിടങ്ങൂർ, 26. കുമാരനെല്ലൂർ, 27. തിരുവല്ലാ, 28. കവിയൂർ, 29. ചെങ്ങന്നൂർ, 30. ആറന്മുള, 31. വെണ്മണി, 32. നീർമണ്ണ ഇങ്ങനെ മലയാളത്തിൽ മുപ്പത്തിരണ്ടും കൂടി വകരണ്ടിൽ ഗ്രാമം 64.

33. ഭൂയഃ=പിന്നെയും. സഞ്ചിന്ത്യ=വഴിപോലെ ചിന്തിച്ചിട്ട്. ധീമാൻ=ബുദ്ധിമാനായ. മദന........ഗ്രണീഃ=ശിവശിഷ്യന്മാരിൽ മുമ്പനായ (സോയം എന്നതിനോട്ട യോജന). അത്യുദഗ്രം=അത്യൽകൃഷ്ടമായ. അപ്രദേശം=ആ ദേശത്തെ. സോയം=അദ്ദേഹം. സൂര്യാ........ലകം=സൂര്യവംശത്തിന്നു തൊട്ടകുറിയായ. കേരളാഖ്യം=കേരളനെന്നു പേരുള്ള. നരേന്ദ്രം=രാജാവിനെ. കോല്യം പ്രീത്യാ=ഇയലുന്ന പ്രീതിയോടെ. ഭവാനീ........ണാൎത്ഥം=ശിവൻെറ സേവനത്തിനുവേണ്ടി. പ്രപേദേ=പ്രാപിച്ചു. ഹിമാദ്രിം=ഹിമാലയപൎവ്വതത്തെ (ഹിമവാൻെറ ഒരു ഭാഗമായ കൈലാസത്തെ). പരശുരാമൻ വീണ്ടും ആലോചിച്ചിട്ട് സൂര്യവംശ്യനായ കേരളനെന്നു പേരുള്ള രാജാവിനെ കൊങ്കണരാജ്യം രക്ഷിപ്പാൻ നിയോഗിച്ച് ശിവനെ സേവിക്കുന്നതിനുവേണ്ടി ഹിമാലയത്തെ പ്രാപിച്ചു. (വീരകേരളൻ എന്നൊരു രാജാവാണ് ആദ്യമായി കേരളം ഭരിച്ചതെന്നു ചില ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കുന്നു. ''ജയന്തതനയോ യസ്തു കേരളോ നാമ വീര്യവാൻ.തേനേയം പാലിതാ ഭൂമിർമുനീശ്വര ചിരം പുരാ'' എന്നു കേരളമാഹാത്മ്യത്തിൽ ഈ കഥ സ്വല്പം വ്യത്യാസത്തോട്ടുകൂടിയും വിവരിച്ചു കാണുന്നു).

34. കൈലാസ........ഭൂതി=കൈലാസത്തിലെ ഗോപുരദ്വാരം മുതൽ. പുര............കരൈഃ=ശിവകിങ്കരന്മാരാൽ. നന്ദിമുഖ്യൈഃ=നന്ദികേശ്വരൻ മുമ്പായ. ആലക്ഷ്യ............പ്രക്രിയൈഃ=കാണപ്പെടാവുന്ന പ്രേമഭക്തിസ്നേഹബഹുമാനചിഹ്നങ്ങളോട്ടുകൂടിയ (രണ്ടും പുരഹരാജ്ഞാകരവിശേഷണം). അഗ്രഭാഗേ=മുമ്പിൽ. സവി........വൎത്മാ=വിനയത്തോട്ടുകൂടി വഴികാട്ടപ്പെട്ടവനായിട്ട്. അമ്മാലാം=ആ സമൂഹത്തെ. കക്ഷ്യാലയാനാം=കക്ഷ്യാഗൃഹങ്ങളുടെ. വസ........ഗൃഹം=മണിമയമായ വാസഗൃഹത്തെ. പ്രാപ=പ്രാപിച്ചു. ബാലേന്ദുമൌലേഃ=ശിവൻെറ. കൈലാസഗോപുരദ്വാരം മുതൽക്ക് നന്ദികേശ്വരൻ തുടങ്ങിയ ശിവപാരിഷദന്മാരാൽ വഴികാട്ടപ്പെട്ട് ചുററുകളുടെ നിരയെല്ലാം കടന്നു പരശുരാമൻ ബാലചന്ദ്രചൂഡനായ ശിവൻെറ വാസഗൃഹത്തിൽ ചെന്നുചേൎന്നു.

35. ഇനി പത്തു ശ്ലോകംകൊണ്ടു ശിവനെ വൎണ്ണിക്കുന്നു:– പാരീ............നാഥം=പതിന്നാലു ലോകങ്ങൾക്കു നാഥനായ. നെറി............ഗ്ഗലീകം=ഇടത്തേ തുടമേൽ ഇരിക്കുന്ന ശ്രീപാൎവ്വതിയുടെ മുലക്കണ്ണിന്റെ മുകളിൽ വലംവെയ്ക്കുന്ന ഇടത്തുകൈവിരലുകളോടു കൂടിയവനായ. ഹേരം........കളെയും=ഗണപതിയെയും സുബ്രഹ്മണ്യനെയും. മുദാ=മോദത്തോടെ. മേളംപൂരി........സനേ=ഭംഗിയേറിയ നൂതനരത്നങ്ങളുടെ (പുതുമണികളുടെ) ദ്യുതികളാൽ മൂടപ്പെട്ട സിംഹാസനത്തിൽ. ഭാസമാനം=ശോഭിക്കുന്നവനായ. (എല്ലാം നാല്പത്തിനാലാം ശ്ലോകത്തിലുള്ള 'കണ്ടാനസൌ സുരധുനിക്കൊരു ഗൂഢജാരം' എന്നതിനോടു ചേൎത്തു് ഒന്നിച്ചന്വയിക്കണം.) ഇടത്തു കൈവിരലുകൾകൊണ്ടു ഇടംതുടമേലിരിക്കുന്ന ശ്രീപാൎവ്വതിയുടെ മുലക്കണ്ണു തിരുമ്മിയും ഗണപതി, സുബ്രഹ്മണ്യൻ എന്നിവരെ ഇരുഭാഗങ്ങളിൽ ചേൎത്തും രത്നസിംഹാസനത്തിലിരുന്നരുളുന്ന ശിവനെ പരശുരാമൻ കണ്ടു.

36. ഭക്ത്യാ=ഭക്തിയോടെ. സന............മദ്ധ്യേ=സനകൻ, സനന്ദൻ തുടങ്ങിയ യോഗിവൎയ്യന്മാരുടെ നടുവിൽ. യുദ്ധാ........ത്സവം=യുദ്ധാഹങ്കാരമഹോത്സവത്തെ. നാര........ളിതം=നാരദന്റെ മുഖത്തു നിന്നു നിൎഗ്ഗമിച്ച, രാമാൎജ്ജുനീയം=പരശുരാമനെയും കാൎത്തവീൎയ്യാൎജ്ജുനനെയും സംബന്ധിച്ച (രണ്ടും യുദ്ധാടോപോത്സവവിശേഷണം.) നൃത്യൽ........വാർകുണ്ഡലം=നൃത്തംചെയ്യുന്ന സർപ്പേന്ദ്രകുണ്ഡലത്തോടുകൂടുംവണ്ണം. ഇളകി........ന്ദുരേഖം=ഇളകിമറിഞ്ഞു വിലസുന്ന ഗംഗയുടെ തിരകളിൽ മുങ്ങിയും പൊങ്ങിയും ഇരിക്കുന്ന ചന്ദ്രകലയോടുകൂടുംവണ്ണം (രണ്ടും തലകുലുക്കി എന്ന ക്രിയയുടെ വിശേഷണം.) സദസി=സഭയിൽ. പരിശ്ലാഘമാനം=ശ്ലാഘിക്കുന്നവനായ (ശിവവിശേഷണം). ഭക്തിയോടെ ചുററും നില്ക്കുന്ന സനകസനന്ദാദികളായ യോഗീശ്വരന്മാരുടെ മുമ്പിൽവെച്ചു നാരദമുനി വൎണ്ണിച്ച പരശുരാമനും കാർത്തവീൎയ്യാൎജ്ജുനനും തമ്മിലുള്ള യുദ്ധോത്സവത്തെ കേട്ടു് സൎപ്പരാജകുണ്ഡലം നടമാടുകയും ഇളകിമറിഞ്ഞു വിളങ്ങുന്ന ഗംഗയുടെ തിരകളിൽ ചന്ദ്രക്കല മുങ്ങിപ്പൊങ്ങിക്കളിക്കുകയും ചെയ്യുമാറു് തലകുലുക്കി ശ്ലാഘിക്കുന്നവനായിരുന്ന ശിവൻ. പ്രിയശി

ഷ്യനായ പരശുരാമൻെറ പരാക്രമത്തെക്കുറിച്ചുള്ള ബഹുമാനാതിരേകമാണു് തലകുലുക്കുവാൻ കാരണം.

37. തിങ്ങും ഗന്ധ...........ഡംബരം=തിങ്ങുന്ന ഗന്ധർവ്വന്മാർ, യക്ഷന്മാർ തുടങ്ങിയ ആകാശചാരികളാൽ ആരംഭിക്കപ്പെട്ട സംഗീതക്രീഡയിൽ ശബ്ദിക്കുന്ന മദ്ദളത്തിൻെറ മുഴക്കത്തെ. ഇടി........പ്രൌഢം=ഇടിമുഴക്കംപോലെ പ്രൌഢമായ. (മദ്ദളാഡംബരവിശേഷണം). ആകർണ്ണ്യ=കേട്ടിട്ടു്, മോദാൽ=മോദം ഹേതുവായിട്ടു്. ഭംഗ്യാ=ഭംഗിയോടേ. ശ്രീപാദ........പരി=തൃപ്പാദപീഠത്തിൻെറ മുകളിൽ. ആസ്ഥിതം=സ്ഥിതിചെയ്ത. ദക്ഷദോഷ്ണാ=വലത്തുകൈകൊണ്ടു്. തുംഗം = ഉന്നതമായ. കൌമാരവാഹം=സുബ്രഹ്മണ്യൻെറ വാഹനത്തെ (മയിലിനെ). മാനയന്തം=മാനിക്കുന്നവനായ (ശിവവിശേഷണം.) ഗന്ധർവ്വന്മാർ യക്ഷന്മാർ മുമ്പായ വ്യോമചാരികൾ ആരംഭിച്ച സംഗീതത്തിലെ മദ്ദളത്തിൻെറ ഇടിമുഴക്കംപോലെയുള്ള നാദം കേട്ടു് ഇടിയാണെന്നു ഭ്രമിച്ച മോദംപൂണ്ടു് (ആട്ടത്തിന്നൊരുങ്ങി) തൃപ്പാദപീഠത്തിന്മേൽ വന്നുനിന്ന സ്കന്ദവാഹനമായ മയൂരത്തെ ചെറു ചിറകു തലോടി മാനിച്ചുംകൊണ്ടിരുന്ന ശിവൻ. 'ഇടിനിനദപ്രൌഢം' എന്നേടത്തു ഭ്രാന്തിമദലങ്കാരം വ്യംഗ്യം.

38. ചെഞ്ചിടകൾ = ചെമ്പിച്ച ജടകൾ, ഭോഗിവരേണ=സർപ്പേന്ദ്രനെക്കൊണ്ടു്, മതി.......തംസം=ചന്ദ്രഖണ്ഡംകൊണ്ടു് അവതംസം (ശിരോലങ്കാരം)ചെയ്തവനായ. കാശ്മീ........മിവ=കുങ്കുമപ്പൊട്ടുപോലെ. അമലഫാലമദ്ധ്യേ=നിർമ്മലമായ നെററിയുടെ നടുവിൽ. തീപ്പെയ്യു........ദൃശം=തീവർഷിക്കുന്ന അത്ഭുതമായ മൂന്നാം തൃക്കണ്ണിനെ. ദധാനം=ധരിക്കുന്നവനായ, ജടകൾ മെടഞ്ഞു പാമ്പിനെക്കൊണ്ടു മേല്പോട്ടു കെട്ടി ചൂഡാരത്നമായി ചന്ദ്രക്കല ചൂടിയും ഫാലമദ്ധ്യത്തിൽ കുങ്കുമപ്പൊട്ടുപോലെ വിളങ്ങുന്നതും ചെന്തീ വർഷിക്കുന്നതുമായ മൂന്നാംതൃക്കണ്ണിനെ ധരിച്ചുമിരിക്കുന്നവനായിരുന്ന ശിവൻ.

39. പാർത്തട്ടി...........നേത്രങ്ങൾകൊണ്ടു് =ലോകത്തിൽ എവിടെയും രാത്രിയും പകലും വേർതിരിക്കുന്ന [ചന്ദ്രനും സൂര്യനുമാകു

ന്ന] കണ്ണുകരംകൊണ്ടു്. സമുദീക്ഷ്യ=നോക്കീട്ടു്, സാകം=കൂടെ, കാത്ത്യാ........പത്മേ=ശ്രീപാർവ്വതിയുടെ കൈയ്യിലുള്ള വിരിഞ്ഞ കളിത്താമരപ്പൂവിൽ. ചീത്തോരുറക്കം=വലിയ ഉറക്കം (കൂമ്പൽ). ഒരു പാതിയിൽ=ഒരദ്ധത്തിൽ. ആദധാനം=ചെയ്യുന്നവനായ, സൂര്യചന്ദ്രന്മാരാകുന്ന കണ്ണുകരംകൊണ്ടു് ഇടസ്സിടസ്സു നോക്കി ശ്രീപാവ്വതിയുടെ കൈയ്യിലുള്ള വിരിഞ്ഞ കളിത്താമരപ്പൂവിൻെറ ഒരദ്ധത്തിൽ ഉറക്കം വരുത്തിക്കൊണ്ടിരുന്ന ശിവൻ, വിരിഞ്ഞ താമര ചന്ദ്രദശ്നത്തിൽ കൂമ്പുമെന്നു പ്രസിദ്ധം, സൂര്യചന്ദ്രന്മാരാകുന്ന കണ്ണുകരം എന്നതു വ്യംഗ്യഭംഗിയിൽ 'ഇരവും പകലും തിരിക്കും നേത്രങ്ങരം' എന്നായിപ്പറകയാൽ പര്യായോക്തം അലങ്കാരം.

40. അണികുണ്ഡലം=അലങ്കാരമായ കുണ്ഡലം. അക്ഷാമ.... ....പൂരം=അക്ഷാമമായ (മുഴുത്ത) സപ്പഫണരത്നത്തിൻെറ കാന്തി പ്രവാഹം കവിരം........ണ്ഡാന്തേ=കണ്ണാടിപോലെയുള്ള കവിരംത്തടങ്ങളിൽ. രക്ഷാനുലോപം=രക്ഷാത്ഥമായുള്ള കുറി. അധികം ജ്വലന്താം=അധികം ജ്വലിക്കുന്നവനായ. കാതിൽ കുണ്ഡലമായണിഞ്ഞ പാമ്പിൻെറ പടത്തിന്മേലുള്ള രത്നത്തിൻെറ കാന്തിപൂരം പ്രതിഫലിച്ചു മിന്നുന്നതും കണ്ണാടിപോലെ നിമ്മലവുമായ കവിരംത്തടത്തിൽ രക്ഷാത്ഥമായുള്ള കുറിയും കൂടിചേത്തു് അധികം പ്രകാശിച്ചുംകൊണ്ടിരുന്ന ശിവൻ.

41. ദേവീ ഭവാനി=ശ്രീപാവ്വതീദേവി, മുഖസീമനി=മുഖപ്രദേശത്തിൽ, കാംക്ഷാപൂവല്ലി=കാംക്ഷ(കാമം)യാകുന്ന വള്ളി. മധുരപ്പൊൽപ്പഴം=മധുരമായ പൊൻപഴം, ശ്രീവാ........................ലരിൽ=ഭംഗിയേറിയ മൃദുവായ അധരത്തിൽ. തെളി................വുന്ന=തെളിഞ്ഞു പെരുകുന്ന. മന്ദഹസിതേന=പുഞ്ചിരിയാൽ, വിരാജമാനം=ശോഭിക്കുന്നവനായ. ശ്രീപാവ്വതി മുഖദേശത്തിൽ നട്ട രാഗമാകുന്ന വള്ളിയുടെ മധുരമായ പൊമ്പഴമോ എന്നു തോന്നുംവണ്ണം ശോഭിക്കുന്ന മൃദുലാധരത്തിൽ തെളിഞ്ഞു വിളങ്ങുന്ന പുഞ്ചിരിയാൽ പ്രകാശിച്ചുകൊണ്ടിരുന്ന ശിവൻ. രൂപകവും ഉൽപ്രേക്ഷയും അലങ്കാരങ്ങരം.

42. ഹാലാ..............ഗളം=ഹാലാഹലമെന്ന വിഷത്താൽ അലംകൃതമായ കഴുത്തോടുകൂടിയവനായ. ഗിരിജാ..........രസാ= പാർവ്വതിയുടെ കുചങ്ങളിലുള്ള ചന്ദനക്കുറി പകൻ്റ മാറിടംകൊണ്ടു്, ധൃത..........മാലം=മുണ്ഡമാലയെ ധരിച്ചവനായ. മൃഗ.............. കങ്കണൌഘം = മൃഗം [മാൻ] കഠാരം [മഴു] വരം [വരമുദ്ര] അഭയം [അഭയമുദ്ര] എന്നിവയുടെ ശ്രീചേൻ്റ കൈകളിൽ സർപ്പമയങ്ങളായ തോരംവളകളും കൈവളകളും ധരിച്ചവനായ [എല്ലാം ശിവവിശേഷ ണങ്ങരം], കഴുത്തിൽ വിഷം കലൻ്റും ശ്രീപാർവ്വതിയുടെ സ്തനങ്ങ ളിലെ ചന്ദനക്കുറി പതിഞ്ഞ മാറിടത്തിൽ മുണ്ഡമാലയണിഞ്ഞും മാനും മഴുവും വരദവും അഭയവും പൂണ്ട കൈകളിൽ സർപ്പമയങ്ങളായ തോരംവളകളും കൈവളകളും ധരിച്ചുമിരുന്നു ശിവൻ.

43. ദന്തീ.......മയം=ആനത്തോലാകുന്ന. ആട=വസ്ത്രം. ചന്തം.......ലയാ=ഭംഗിയേറിയ സർപ്പമേഖലകൊണ്ടു്. ലസന്തം= ശോഭിക്കുന്നവനായ. വൃന്ദാരകാളി=ദേവസമൂഹം. ഫണി.......... ഢ്യം=പാമ്പുകളാകുന്ന കാൽച്ചിലമ്പുകരംകൊണ്ടു ശോഭിക്കുന്ന വനായ. ആനത്തോലാകുന്ന വസ്ത്രം ഉടുത്തു് അതിനു മീതെ പാമ്പാ കുന്ന അരഞ്ഞാണണിഞ്ഞും ദേവകരം ശിരസ്സിലണിയുന്ന (നമസ്ക രിക്കുന്നവയും) ചെന്താമരപ്പൂക്കരംപോലെ വിലസുന്നവയുമായ തൃക്കാലുകളിൽ പാമ്പുകളാകുന്ന ചിലമ്പുകരം ധരിച്ചുമിരുന്നു ശിവൻ.

44. കണ്ടോ... ....,സുഖം=കാണുന്തോറും കണ്ണുകരംക്കു സുഖം നല്കുന്നവനായ. വിപു.......ണ്ഡാരം=വിശാലമായ ദയയ്ക്കു നിക്ഷേ പഗൃഹമായ. അദ്രി.......ഭാഗം=പാർവ്വതിയാൽ അധിവസിക്കപ്പെട്ട അങ്കത്തോടുകൂടിയവനായ. മനസാ=മനസ്സുകൊണ്ടു്. നിജമേവ ഭാഗ്യം=തൻെറ ഭാഗ്യത്തെത്തന്നെ. കണ്ടാനസൌ=അദ്ദേഹം കണ്ടു. സുരധു.........ജാരം=ഗംഗാദേവിയുടെ ഗൂഢജാരനെ (ശിവനെ) കാണു ന്തോറും കണ്ണുകരംക്കു സുഖം നല്കുന്നവനായും വലുതായ കാരുണ്യത്തി ന്നൊരു ഭണ്ഡാരമായും മടിയിൽ മലമകരം കുടികൊള്ളുന്നവനായു മുള്ള ഗംഗാജാരനായ പരമശിവനെ പരശുരാമൻ കണ്ടു.

45. കടക്കെന്നു്=പൊട്ടുന്നനവെ, അണി............തലേ=ഭംഗിയുള്ള തൃക്കാൽക്കൽ, ഏനം=ഇവനെ. മാണിക്യം മൌനഭാജാം=മുനികളിൽവെച്ച മാണിക്യമായ. ആനതാംഗം=ആനതങ്ങളായ [താഴ്ത്തപ്പെട്ട] അംഗങ്ങളോടുകൂടിയവനായ (ഏനം എന്നതിന്റെ വിശേഷണങ്ങൾ), മാനംനില്ലാതരാഗാൽ=അളവററ സ്നേഹത്താൽ. ധമ്മസൂനം=ധമ്മംകൊണ്ടു പുത്രനായ. (ഏനം എന്നതിന്റെ വിശേഷണം). സാനന്ദം=ആനന്ദത്തോടെ [ക്രി. വി,]. ദമ്പതീ തൌ=ആ ദമ്പതിമാർ (പാർവ്വതീപരമേശ്വരന്മാർ). സകലസദസി=നിറഞ്ഞ സഭയിൽ. സംഭാവ്യ=മാനിച്ചിട്ടു്. കാണമ്പോഴേക്കും പെട്ടെന്നു കാൽക്കൽവീണു വണങ്ങിയ ആ ധമ്മപുത്രനായ പരശുരാമനെ മുറുകെ പുണന്നു് മൂദ്ധാവിൽ ഘ്രാണിച്ചു് ആ നിറഞ്ഞ സഭയിൽ വെച്ചു മാനിച്ചു് പാർവ്വതീപരമേശ്വരന്മാർ ഏററവും ആഹ്ലാദിച്ചു. 'ആനതാംഗം' എന്നതിന്നു് 'ജാനുഭ്യാഞ്ച തഥാ പദ്ഭ്യാം പാണിഭ്യാമുരസാ ധിയാ, ശിരസാ വചസാ ദൃഷ്ട്യാ പ്രണാമോഷ്ടാംഗ ഈരിതഃ.' എന്ന വിധിപ്രകാരം സാഷ്ടാംഗമായി നമസ്കരിച്ചവൻ എന്നത്ഥം ഗ്രഹിക്കണം.

46. അഗ്രേ=മുമ്പിൽ. കുമാരം=സുബ്രഹ്മണ്യനെ. ദ്വിരദമുഖനെയും=ഗണപതിയെയും. പാഷ്ദാൻ=ശിവാനുചരന്മാരെ, നന്ദിമുഖ്യാൻ=നന്ദികേശ്വരൻ തുടങ്ങിയ (പാഷ്ദവിശേഷണം), ആസ്ഥയാ=ആദരവോടെ. സൽകൃ............സിതഃ= (സമ്മാനിക്കപ്പെട്ട) മന്ദഹാസത്തോടുകൂടിയവനായി. ഭക്തി ...............മൂദ്ധാ=ഭക്തികൊണ്ടു വഴിപോലെ നമിക്കുന്ന ശിരസ്സോടുകൂടിയവനായിട്ടു്. മുഷ്ടോടെ=മിടുക്കോടുകൂടി. അംഭോ............രണം=സമുദ്രത്തെ അകലത്താക്കൽ. അചിരാൽ=താമസംകൂടാതെ. അത്ഥിനാം=അത്ഥിക്കുന്നവരായ. ഭൂസുരാണാം=ബ്രാഹ്മണക്കു്. ഒക്കയ്ക്കും=എല്ലാവക്കും. ഭൂദാനം=ഭൂമിദാനം. അത്ഥയാമാസ=യാചിച്ചു. ദേവം=ദേവനോടു്. മുമ്പിൽ നില്ക്കുന്ന സുബ്രഹ്മണ്യനെയും ഗണപതിയെയും നന്ദി തുടങ്ങിയ ശിവപാർശ്വവത്തികളേയുംകണ്ടു പുഞ്ചിരി സമ്മാനിച്ചു ഭക്തിപൂർവ്വം തലകുനിച്ചു് താൻ സമുദ്രത്തെ നീക്കിയതും ബ്രാഹ്മണക്കു ഭൂദാനം ചെയ്തതും ശിവനെ ധരിപ്പിച്ചു് ഇങ്ങനെ അപേക്ഷിച്ചു.

47. എൻപോററീ=എൻെറ രക്ഷിതാവേ! മൽപ്രണീതേ=എന്നാൽ വിരചിക്കപ്പെട്ട, മഹതി=മഹത്തായ. ജനപദേ=ദേശത്തിൽ, ഹിമവൽകന്യയാ=ശ്രീപാവ്വ്തിയോടുകൂടി. സന്നിധാനം=സാന്നിദ്ധ്യം. അംഭോധിപ്രൌഢനും ഞാനും=വരുണനും ഞാനും തമ്മിൽ. അനു.... ........കൃത്യേ=അനുവദിക്കപ്പെട്ട യജ്ഞായുധോൽക്ഷേപം [ശൂപ്പം എറിയൽ] എന്ന കൃത്യത്തിൽ. കലഹം=ശണ്ഠ. ആകണ്ണനീയം= കേൾക്കപ്പെടേണ്ടതാണു്. വിശേഷാൽ=വിശേഷിച്ചും. സ്വാമിൻ! ഞാൻ നിമ്മിച്ച ആ കൊങ്കണദേശത്തിൽ നിന്തിരുവടി എഴുന്നള്ളി ശ്രീപാവ്വ്തിയോടുകൂടി നിത്യസന്നിധാനം ചെയ്യണം. വരുണനും ഞാനും തമ്മിൽ സമ്മതിച്ചു നിശ്ചയിച്ചതായ ശൂപ്പമെറിയൽ എന്ന കൃത്യത്തിൽ ഉണ്ടായ കലഹത്തെ വിശേഷിച്ചു കേൾക്കുകയും വേണം.

KOTTAYAM PUBLIC LIBRARY KOTTAYAM

48. ആ കലഹത്തെത്തന്നെ വിവരിക്കുന്നു:— മുഷ്ണോ............ബുദ്ധ്യാ=മുഷ്ണോടെ ഇനിയും എടുത്തെറിയുമെന്ന വിചാരത്താൽ. ചക്രേ=ചെയ്തു. പയോധി=സമുദ്രം (വരുണൻ). ശൂപ്പനാശം=മുറത്തിൻെറ നാശത്തെ. അകോപ്പ്=ആ ഒരുക്കം. അഗ്രേ= മുമ്പിൽ- സമസ്തവും=എല്ലാം. അക്ഷണേ=ആ സമയത്തു്. ശൂപ്പം വീണേടത്തുനിന്നു വീണ്ടും എടുത്തെറിയുമെന്ന വിചാരത്താൽ വരുണൻ മുൻകൂട്ടി ചിതൽസൃഷ്ടിച്ചു ശൂപ്പത്തിന്നു നാശമുണ്ടാക്കി. (നാശത്തിന്നു വഴിയുണ്ടാക്കി എന്നു സാരം.) ആ ഒരുക്കം മുൻകൂട്ടിത്തന്നെ അറിഞ്ഞു് ഞാൻ ഉറുമ്പുകളെ സൃഷ്ടിച്ചു് ചിതലുകളെയെല്ലാം നശിപ്പിച്ചു.

49. വാസം=സന്നിധാനം. എന്നാഥ=എൻെറ സ്വാമിൻ! സന്ന..........ധേയ=നമസ്കരിച്ചവക്കു വിധേയനായവനേ! വിധേയം=ചെയ്യപ്പെടണം. ആശു=വേഗത്തിൽ. ഭഗവാൻ ഭു........ഭത്താ= ലോകങ്ങൾക്കു് ഏകനാഥനായ ശിവൻ. മന്ദ........മുഖഃ=പുഞ്ചിരി കൊണ്ടു ശോഭിക്കുന്ന മുഖത്തോടുകൂടിയവനായിട്ടു്. മധുരം=മനോഹരമാകുംവണ്ണം [ക്രി. വി.]. ബഭാഷേ=പറഞ്ഞു. ആകയാൽ, ഭക്തന്മാക്കു വശ്യനായ ഭഗവാനേ, അവിടുന്നു് എൻെറ ഭൂമിയിൽ എന്നും

എഴുന്നള്ളി താമസിക്കണം. ഇങ്ങനെ പരശുരാമൻ പറഞ്ഞതുകേട്ട് ഭഗവാൻ പുഞ്ചിരിപൂണ്ടു് അരുളിച്ചെയ്തു.

50. എൻവത്സ=എൻെറ ഉണ്ണി! തവ ചരി...........ദം=നിൻെറ ചരിത്രംകൊണ്ടുള്ള വിനോദം. സംവൃത്തം=ഉണ്ടായതു്. അത്ര=ഇവിടെ. ഗുണമിശ്രിതം=ഗുണങ്ങളിടചേൎന്നതായ. കൎമ്മസ്ഥിതിക്ക=കൎമ്മങ്ങളുടെ നിലനില്പിനുവേണ്ടി. വിഹിതം=ചെയ്യപ്പെട്ട. മഹിതം=പൂജിതമായ. ദ്വിജേഭ്യഃ=ബ്രാഹ്മണൎക്കായിക്കൊണ്ടുള്ള. മൎമ്മോഹൎഷദ്യോതകം. തെളിഞ്ഞിതു=ബോധിച്ചു. നവഭൂമിദാനം=പുതിയ ഭൂമിയുടെ ദാനം. ഉണ്ണി! നിൻെറ വീര്യശൌര്യാദിഗുണങ്ങളിടകലൎന്ന വിക്രമചരിതം കേട്ട വിനോദിക്കുകയാണു് ഇവിടെ ഇത്രനേരം ഉണ്ടായതു്. കൎമ്മങ്ങളുടെ നിലനില്പിനുവേണ്ടി ബ്രാഹ്മണൎക്കു പുതിയൊരു ഭൂമി ദാനം ചെയ്തതു് എനിക്കു ഏററവും ബോധിച്ചു.

51. പൊറുക്ക=ക്ഷമിച്ചിരിക്കുക. നവം ഉത്സവം=പുതിയ ഉത്സവം നാഗരികേക്ഷണാനാം=നഗരവാസികളുടെ കണ്ണുകൾക്കു്. നിന്നഭിമതം=നിൻെറ ഇഷ്ടത്തെ. പരിപൂരയേ ഞാൻ=ഞാൻ നിറവേററുന്നുണ്ടു്. നഗരവാസികളുടെ കണ്ണുകൾക്കു് ആനന്ദം വളൎത്തുംകൊണ്ടു കുറച്ചുദിവസം ഇവിടെ വസിച്ചാലും. നിൻെറ അഭീഷ്ടം സത്യമായും ഞാൻ സാധിപ്പിക്കാം.

52. മന്ഥരാം = മന്ദമായ. ഇതി=ഇപ്രകാരം. നിശമ്യ=കേട്ടിട്ടു്. ഭാരതീം=വാക്കിനെ. അന്തകേ വിമനസി (സതി) ക്ഷമാഭൃതാം=രാജാക്കന്മാരുടെ അന്തകൻ (പരശുരാമൻ) മനസ്സുഖമില്ലാത്തവനായിരിക്കുന്ന സമയത്തിങ്കൽ. സുന്ദരീ = സുന്ദരിയായ. ദയിതനോട്=ഭൎത്താവിനോടു്. അന്തരാ=മദ്ധ്യത്തിൽ. ഭഗവാൻെറ ഈ മന്ദമായ വചനം കേട്ടപ്പോൾ ക്ഷത്രിയാന്തകനായ പരശുരാമനു മനസ്സുഖമില്ലാതായി. അപ്പോൾ ശ്രീപാൎവ്വതി ഇടയിൽക്കടന്നു് ഭൎത്താവിനോടു പറഞ്ഞു. വൃത്തം രഥോദ്ധത. 'രംനരംലഗുരുവും രഥോദ്ധതാ.'

53. കൃപാംബുധേ=ദയാസമുദ്രമേ! മനോ...........വശഃ=ഇച്ഛാഭംഗത്താൽ പരവശനായി.തവ അഗ്രേ=നിന്തിരുവടിയുടെ മുമ്പിൽ. ഭൂഭാഗം=ഭൂതലത്തെ. കിമപി=കുറഞ്ഞൊന്നു്. ചരണാഗ്രേ=കാലി

ൻെറ അഗ്രംകൊണ്ടു്. വിലിഖൻ=വരക്കുന്നവനായി. ഗഭീരാത്മാ= ഗംഭീരചിത്തനായി. നതമുഖഃ=മുഖം താന്നവനായിട്ടു്. അയം മുനിവൃഷാ=ഈ മുനീന്ദ്രൻ. വിഭോ=ഹേ പ്രഭോ! അചിരാൽ=താമസിയാതെ. അസ്യ സുമതേഃ = സൽബുദ്ധിയായ ഇവൻെറ. സ്വാമിൻ! പരശുരാമമുനി ഇച്ഛാഭംഗപ്പെട്ടു് കാൽവിരൽകൊണ്ടു നിലം വരച്ചു് മുഖം താഴ്ത്തിനില്ക്കുന്നതു നോക്കൂ. ഇദ്ദേഹം പറഞ്ഞതു താമസിക്കാതെ മാനിക്കേണ്ടതാണു്. ശിഖരിണീവൃത്തം. 'യതിക്കാറിൽ തട്ടും യമനസഭലംഗം ശിഖരിണീ.'

54. വിധേ........ത്ത്വം=ചെയ്യേണ്ട കാര്യത്തിൻെറ മഹത്ത്വം, അഖി............കരം=എല്ലാ ലോകങ്ങൾക്കും അഭ്യുദയമുണ്ടാക്കുന്ന, വ്രതം ഭക്തത്രാണം=ഭക്തസംരക്ഷണമെന്ന വ്രതം, നിയതം=നിശ്ചയമായും. നിരുപമം = നിസ്തുലമായ (വ്രതവിശേഷണം). പ്രസീദ= പ്രസാദിച്ചാലും, പ്രാണേശ്വര=ഹേ പ്രാണനാഥ!പര........ണയം= ശിഷ്യോത്തമൻെറ യാചു്ഞ. അത്യുദാരം=അത്യന്തം ഔദാര്യത്തോടെ (ക്രി.വി.). പൂരിപ്പാൻ=നിറവേററുവാൻ. ഹേ പ്രാണനാഥ! ചെയ്യേണ്ട കാര്യത്തിൻെറ മഹത്ത്വവും ഇവിടത്തെ അതുല്യമായ ഭക്തപരിത്രാണവ്രതവും വിചാരിച്ചു് ശിഷ്യസത്തമൻ യാചിച്ചതിനെ ഔദാര്യത്തോടെ നിറവേററുന്നതിന്നു് ഇപ്പോൾത്തന്നെ എഴുന്നള്ളുവാൻ പ്രസാദിച്ചാലും.

55. മൃദ........രാസ്യഃ=മൃദുവായ പുഞ്ചിരിയാൽ സുന്ദരമായ മുഖത്തോടുകൂടിയവനായിട്ടു്. മുഗ്ദ്ധേ=ഹേ സുന്ദരി! തഥാസ്തു= അപ്രകാരം ഭവിക്കട്ടെ. അമന്ദം=വേഗത്തിൽ. ഉത്ഥായ=എഴുന്നേററിട്ടു്. പാണി................ന=കരപത്മംകൊണ്ടു്. ഗൌരീഭത്താ=ശിവൻ. ഭൃഗു...........കരം=പരശുരാമൻെറ കരത്തെ. ഗമനോദ്യതോഭൂൽ= പോകാൻ, ഉദ്യുക്തനായി. ഇതു കേട്ട പാർവ്വതീകാന്തൻ പുഞ്ചിരിതൂകി 'ഹേ സുന്ദരി! നീ പറഞ്ഞതുപോലെ ചെയ്യാം' എന്നു പറഞ്ഞു് വേഗം എഴുന്നേററു് പരശുരാമൻെറ കൈ പിടിച്ചു പോവാനുത്സാഹിച്ചു.

56. ശൈലാ...........മുഖാഃ=ശൈലാദി(നന്ദികേശ്വരൻ), ഭിംകിരിടി(ഭൃംഗിരിടി), ശാസ്താവു മുതലായ (പാർഷദവരവിശേഷണം).

തദാനീം=അപ്പോഠ. ശൈലാ............നക്ഷൽ=ശ്രീപാർവ്വതിയുടെ തൃക്കൺകോണിൽ. അറിഞ്ഞുദന്തം=വൃത്താന്തം അറിഞ്ഞിട്ടു്. പാഷ ദവരാഃ=ശിവകിങ്കരശ്രേഷ്ഠന്മാർ. ഗമനാഭിയുക്തം=യാത്രയ്ക്കൊരുങ്ങി യ. ത്രൈലോക്യനാഥം=ത്രിലോകസ്വാമിയെ, നന്ദികേശ്വരൻ, ഭൃംഗിരിടി, ശാസ്താവു് തുടങ്ങിയ പ്രമഥവരന്മാർ ശ്രീപാർവ്വതിയുടെ തൃക്കൺമുനയിൽനിന്നു വിവരം ധരിച്ചു് യാത്രോദ്യുക്തനായ പരമ ശിവനെ വണങ്ങി.

ഗദ്യം 5:—കൈലാസത്തിൽനിന്നു കൊങ്കണദേശ ത്തേയ്ക്കുള്ള പരമശിവൻെറ എഴുന്നള്ളത്തു വർണ്ണിക്കുന്നു:-

വിസ്മയം വിസ്മയം=ആശ്ചര്യമാശ്ചര്യം. വിശ............ദ്യമേ=ശ്രീ പരമേശ്വരൻെറ യാത്രപുറപ്പാടിൽ. തത്ര കൈ........ലേ=ആ കൈ ലാസപർവ്വതത്തിൽ. കോലാ............ഗം=കോലാഹലത്തിൻെറ വ ലുപ്പം. മഹാ........പ്രൌഢർ=ശിവകിങ്കരവരന്മാർ. കട്ടക്കെന്നു്= പെട്ടെന്നു്, കുമാരാംബികായാഃ=സുബ്രഹ്മണ്യൻെറ അമ്മയായ (ത മ്പിരാട്ടിക്കും എന്നതിൻെറ വിശേഷണം). യാത്രാസമാരംഭം=യാത്ര പുറപ്പാടു്. ഗഭീരം=ആഴമുള്ള [അചഞ്ചലമായ]. വിഭോഃ അന്തരംഗം =സ്വാമിയുടെ ഹൃദയം. അശേഷം=എല്ലാററിനേയും, പരിത്യജ്യ= ഉപേക്ഷിച്ചിട്ടു്, യാത്രാപ്രസംഗം=എഴുന്നള്ളത്തു് (കഷ്ടമോർത്താൽ എന്നതിനോടു യോജന). ദൃഢം=തീർച്ചയായും. ജാമദഗ്ന്യന്നു=പരശു രാമന്നു്. ത്രിലോ............തം പോൽ=ശ്രീപാർവ്വതീദേവിയാൽ നി ശ്ചയിക്കപ്പെട്ടതാണുപോൽ. ഇതത്യ............ക്രമം=ഈ അത്യത്ഭുത ആരംഭം. നിഷ്ഫലം=പ്രയോജനമില്ലാത്ത. ജല്പനക്കോപ്പു്=പ്രലപനം. വിശ്വേശനോടു്=വിശ്വനാഥനോടു്. നിശ്ശങ്കിതം=ശങ്കകൂടാതെ. പോകയെന്നി=പോകയല്ലാതെ, പരം=മേൽ, കാര്യചിന്താ=കാര്യ വിചാരം. പുണ്യാനുഭാവഃ=പുണ്യമായ അനുഭാവത്തോടു (മഹിമാ തിശയത്തോടു)കൂടിയവനാണു്. അയം=ഈ. ജാമദഗ്ന്യോ മുനീന്ദ്രൻ= മഹാമുനിയായ പരശുരാമൻ. വിശിഷ്യൈവ=വിശേഷിച്ചും. ശി ഷ്യേഷു=ശിഷ്യന്മാരിൽവെച്ചു്. യസ്മിൻ=യാതൊരുവനിൽ. ഘന ............കലം=ഘനമായ പ്രേമം (വാത്സല്യം)കൊണ്ടു പൂർണ്ണമാണു്. ഭർത്തുഃ ഉൾക്കാമ്പു്=സ്വാമിയുടെ മനസ്സു്, ആകേണം=ആകെക്കിലും.

ഏതാദൃശം ഭാഗ്യം=ഇപ്രകാരമുള്ള ഭാഗ്യം, എത്തീടുമോ=വരുമോ ? ഇത്യാദി....... രീതി=ഇങ്ങനെ തുടങ്ങി പലവിധമുള്ള വാക്കുകളുടെ രീതി. കേപി=ചിലർ. ശൈലായുധാഃ=പർവ്വതങ്ങളാകുന്ന ആയുധങ്ങളോടുകൂടിയവർ. തുംഗ..........ധാഃ=ഉന്നതങ്ങളായ വൃക്ഷങ്ങളാകുന്ന ആയുധങ്ങളോടുകൂടിയവർ. അന്യേ=മററുചിലർ. മഹാ........ങ്ങളെ=വലിയ ആനകളേയും സിംഹങ്ങളെയും. തങ്ങളെ കൈയ്യിടിച്ച്=തങ്ങൾതന്നെ കൈയ്യിൽ പിടിച്ച്. ഉത്ഭടാടോപം=വലിയ അഹങ്കാരത്തോടുകൂടി (ക്രി. വി.) അന്യോന്യമെത്തും ഭയ........ളെ=പരസ്പരം വരുന്ന ഭയം, ക്രോധം എന്നീ വികാരങ്ങളെ, പരേ=വേറെച്ചിലർ. തെണ്ടു=ദണ്ഡം. ഘോരം=ഭയങ്കരമായ (തെണ്ടിൻെറ വിശേഷണം) മദോ....... ശായ=മദത്താൽ ഉച്ചണ്ഡങ്ങൾ (ഉഗ്രങ്ങൾ) ആയ ദോർദ്ദണ്ഡങ്ങളുടെ (ദണ്ഡാകാരങ്ങളായ കൈകളുടെ) ചൊറിച്ചിൽ ശമിക്കുന്നതിനുവേണ്ടി. ഉദ്ധതം=ഔദ്ധത്യത്തോടുകൂടിയ. ബാഹുയുദ്ധം=മല്ലിടുത്തം. ധാതുദ്രവം=ധാതുക്കളുടെ (കാവിമണ്ണ് മുതലായവയുടെ ചാറ്,) ഭസ്മസമ്മർദ്ദിതം=ഭസ്മംകൊണ്ടു മർദ്ദിച്ചതു്. ദേവദേവന്ന്=ശിവന്ന്. വൃഷക്കൂററനെ=കാളക്കൂററനെ. അഗ്രതഃ=മുമ്പിൽ, വ്യഗ്രഹീനം=വ്യാകുലത കൂടാതെ. ഉഗ്രദർപ്പേണ=ഉഗ്രമായ അഹങ്കാരംകൊണ്ടു്. ദിഗന്തങ്ങളെട്ടും=എട്ടുദിക്കുകളുടെ അന്തങ്ങളും. രംഹസാ=വേഗത്തോടെ, സിംഹനാദങ്ങൾ=ഗജ്ജനങ്ങൾ. കൃതംവാക്പ്രപഞ്ചേന=വാക്കുകളുടെ വിസ്തരംകൊണ്ടു മതി. ഭൂതവൃന്ദപ്പുറപ്പാടു്=ഭൂതഗണങ്ങളുടെ പുറപ്പാടു്. ജഗച്ചക്രം=ലോകചക്രം. വിശ്വനാഥസ്വാമിയുടെ എഴുന്നള്ളത്തുപുറപ്പാടിൽ കൈലാസത്തിലുണ്ടായ കോലാഹലം പറഞ്ഞാലവസാനിക്കുന്നതല്ല. മഹാപാഷദന്മാരെല്ലാം പുറപ്പെട്ടു തമ്മിൽ പലവിധത്തിലുള്ള വാക്കുകൾ പറഞ്ഞുകൊണ്ടു് തെക്കുദിക്കുനോക്കി നടന്നു. ''എടോ കേൾ'' എന്നു തുടങ്ങി ''ഭാഗ്യമെത്തീടുമോ'' എന്നുവരെ പാഷദന്മാരുടെ സംവാദം. ''കേപി ശൈലായുധാഃ'' എന്നു തുടങ്ങി പാഷദന്മാരുടെ യാത്രയെ വിവരിക്കുന്നു. ചിലർ മലകൾ പുഴക്കിയും ചിലർ മരങ്ങൾ പറിച്ചും, മററു ചിലർ വലിയ ആനകളെയും സിംഹങ്ങളെയും കൈകളിലെടുത്തു് അടുപ്പിച്ചു പിടിച്ച് അവയ്ക്കു പരസ്പരമുണ്ടാകുന്ന ഭയക്രോധങ്ങൾ കണ്ടു രസിച്ചുചിരിച്ചും, വേറെച്ചിലർ ഘോരമായ ദണ്ഡം ചുഴററിയും, ചിലർ

മദത്താലുള്ള കൈത്തരിപ്പു തീരുവാൻ രണ്ടു ചേരിയായിത്തിരിഞ്ഞു ബാഹുയുദ്ധം ചെയ്തും, ചിലർ ധാതുദ്രവവും ഭസ്മവും കൂട്ടിക്കുഴച്ച് ദേഹത്തിലണിഞ്ഞും, പരമശിവന്നു് എഴുന്നള്ളുവാനുള്ള കാളക്കൂറ്റനെ കൊണ്ടുവന്നു് അലങ്കരിച്ച് തിരുമുമ്പിൽ നിർത്തിയും, അഹങ്കാരത്തോടുകൂടി ചാടിക്കുതിച്ചും, ഉറക്കെ സിംഹനാദങ്ങൾ ചെയ്തും ഉള്ള ഭൂതവൃന്ദങ്ങളുടെ പുറപ്പാടുകൊണ്ടു് ഭുവനചക്രം കീഴ്മേൽ ഇളകിത്തുടങ്ങി.

57. ചേൎന്നു ദേവ്യാ=ദേവിയോടൊന്നിച്ച്. വൃഷഭവരം=കാളക്കൂറ്റനെ (അതിൻെറ പുറത്തെന്നൎത്ഥം.) ഉപാരുഹ്യ=കയറി. സംസേവ്യമാനഃ=സേവിക്കപ്പെടുന്നവനായിട്ടു്. ധന്യൈഃ=ഭാഗ്യവാന്മാരായ. ബ്രഹ്മാ....വൈഃ=ബ്രഹ്മാവു് മുതലായ ദേവന്മാരാൽ [സംസേവ്യമാനഃ എന്നതിനോടു യോജന] അഖി........ഭാവഃ=എല്ലാ മുനിജനങ്ങളാലും സ്തുതിക്കപ്പെടുന്ന മാഹാത്മ്യത്തോടു കൂടിയവനായിട്ടു്. ഒന്നിച്ചുനന്ദി........ഭടൈഃ=നന്ദികേശ്വരൻ, ഭൃംഗിരിടി തുടങ്ങിയ ഗണഭടന്മാരോടു ചേൎന്നു്. ഉത്ഭടാ........ഘൈഃ=സാഘോഷമായ അഗ്രാനുയാത്രയുടെ [മുമ്പിലകമ്പടി പോകലിൻെറ] സന്നാഹത്തോടു കൂടിയ [ഗണഭടവിശേഷണം]. ദക്ഷിണാശാംപ്രതി=തെക്കെ ദിക്കിനെക്കുറിച്ച്. ധൃതകൗതുകം=കൌതുകത്തോടെ [ക്രി.വി.] ദക്ഷഹന്താ=ശിവൻ. ദേവിയോടൊരുമിച്ച് കാളപ്പുറത്തുകയറി ദേവകളാൽ സേവിക്കപ്പെടുകയും മുനികളാൽ മാഹാത്മ്യം വാഴ്ത്തപ്പെടുകയും ചെയ്തവനായിട്ടു് മുമ്പിലകമ്പടി സേവിക്കുന്ന ഗണഭടന്മാരോടൊന്നിച്ച് ദക്ഷാന്തകനായ ശിവൻ എഴുന്നള്ളി.

58. മൃത്യ............പുരി=കാലാന്തകൻെറ പുരി. കൈലമാമലയിൽ=കൈലാസാദ്രിയിൽ. ആലയങ്ങളൊഴികെ=ഗൃഹങ്ങൾ ഒഴിച്ച്. യാത്രമുതിരും വിധൌ=യാത്ര തുടങ്ങുമ്പോൾ. സത്രം=ഘോഷം. സകല........ഡനൈഃ=എല്ലാ ഭൂതജനങ്ങളുടെ കാൽച്ചവിട്ടുകളാൽ ഉത്തരോത്തരം ഉദിതപരൈഃ=മേൽക്കുമേൽ ഉയരുന്ന [പദതാഡനവിശേഷണം] കൈലാസാദ്രിയിലുള്ള ഗൃഹങ്ങൾ ഒഴിച്ച് കാലാരിയുടെ പുരി (പുരീവാസികളെല്ലാവരും) ഭക്തിപൂൎവ്വം എഴുന്നള്ളത്തോടൊരുമിച്ചു യാത്ര പുറപ്പെടുമ്പോൾ ഉണ്ടായ ഘോഷം പറയാവുന്നതല്ല.

മേൽക്കുമേൽ പുറപ്പെട്ട ഭൂതഗണങ്ങളുടെ കാൽച്ചവിട്ടുകരാംകൊണ്ടു ലോകമെല്ലാം കുലുങ്ങി. കുസുമമഞ്ജരീവൃത്തം, 'രംനരംനരനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരീ.''

59: കുഡ്മ........വിന്ദം= കുഡ്മളമാക്കപ്പെട്ട (കൂമ്പിക്കപ്പെട്ട) കരപത്മത്തോടുകൂടുംവണ്ണം (ക്രി വി.). നിഷേവ=സേവ. മഹാസത്ത്വൻ=മഹത്തായ പരാക്രമത്തോടുകൂടിയവൻ. മുദ........ചന്ദ്രമാഃ =മുദവായ പുഞ്ചിരികൊണ്ടു നിറഞ്ഞ മുഖചന്ദ്രനോടുകൂടിയവനായ (ഉമ്പർപതിയുടെ വിശേഷണം). ഏതദുദിതം=ഈ പരശുരാമനാൽ പറയപ്പെട്ട. ജഗദ്വൃത്തം=ലോകവാർത്ത. ഉമ്പർപതി=ദേവേശ്വരൻ (ശിവൻ). കൊങ്കണക്ഷിതിം= കൊങ്കണഭൂമിയെ. ഉപായയൌ=ഗമിച്ചു. കൈകരാം കൂപ്പിക്കൊണ്ടു് അരികേ സേവിക്കുന്ന പരശുരാമനോടു പുഞ്ചിരിതൂകി ചില വാർത്തകരാം പറഞ്ഞും അദ്ദേഹം പറഞ്ഞ വാർത്തകരാം കേട്ടും ഭഗവാൻ കൊങ്കണഭൂമിയിലേക്കെഴുന്നള്ളി. കരത്തെ പത്മമായും മുഖത്തെ ചന്ദ്രനായും രൂപണം ചെയ്കയാൽ രൂപകമലങ്കാരം. ചന്ദ്രൻ പ്രകാശിക്കുമ്പോരാം താമര തനിയേ കൂമ്പുന്നതു പ്രസിദ്ധം.

60. മദ്ധ്യേ........രാജ്യം=കൊങ്കണരാജ്യത്തിന്റെ മദ്ധ്യത്തിൽ. ഉദ്ധൃ........നാഥഃ=ജഗന്നാഥനെ (ശിവനെ) വഹിച്ചു. വൃഷേന്ദ്രഃ= കാളക്കൂററൻ. ഗച്ഛൻ=ഗമിക്കുന്ന (വൃഷേന്ദ്രവിശേഷണം). ഭാർഗ്ഗവദൃഷ്ടതേജസി=പരശുരാമനാൽ കാണപ്പെട്ട തേജസ്സോടു കൂടിയ (ഭൂമിതലവിശേഷണം.) ചിരാൽ=വളരെക്കാലം സംവാ........ഹലീ= വഴിപോലെയുള്ള വാസത്തിൽ കൌതുകത്തോടുകൂടിയവനായിട്ടു്. തസ്ഥൌ=സ്ഥിതിചെയ്തു. ഭൂമിതലേ=ഭൂപൃഷ്ഠത്തിൽ. സ ഭഗവാൻ= ആ ശിവൻ. കർത്തും=ചെയ്‌വാൻ. തദാകാംക്ഷിതം=അദ്ദേഹത്തിന്റെ ഇഷ്ടത്തെ. തത്രൈവ=അവിടെത്തന്നെ. സ്വയം ഉദ്യതഃ വസതയേ= തന്നത്താൻ വസതിയെച്ചെയ്‌വാൻ ഉദ്യുക്തനായിട്ടു്. ദദ്ധ്യൌ= ധ്യാനിച്ചു. മധുദ്വേഷിണം=വിഷ്ണുവിനെ. കൊങ്കണരാജ്യത്തിന്റെ മദ്ധ്യത്തിൽ ഭഗവാനെ വഹിച്ചുകൊണ്ടു പോകുമ്പോരാം കാളക്കൂററൻ ഒരു സ്ഥലത്തു ചിരകാലവാസത്തിനു കൌതുകം തോന്നി ഭൂമിയിൽ

നില്പായി. ആ സ്ഥലത്തു പരശുരാമൻ ഒരു തേജസ്സ് കാണുകയും ചെയ്തു. അപ്പോൾ ഭഗവാൻ അദ്ദേഹത്തിൻെറ അഭീഷ്ടം സാധിപ്പിക്കുന്നതിനുവേണ്ടി അവിടെത്തന്നെ വാസമാക്കുവാൻ വിചാരിച്ച് വിഷ്ണുവിനെ ധ്യാനിച്ചു.

61. നിജം മനോരഥം=തൻെറ ആഗ്രഹം. അഭ്യാഗതം=വന്ന (സരോജേക്ഷണവിശേഷണം). മാനയൻ=മാനിക്കുന്നവനായ. മന്ദസ്മേരമുഖഃ=മന്ദമാംവണ്ണം ഹസിക്കുന്ന മുഖത്തോടുകൂടിയ. സ്മരാരിഭഗവാൻ=ശിവൻ. മിത്രം=സുഹൃത്തായ. സരോജേക്ഷണം=വിഷ്ണുവിനെ. ധന്യം=ധന്യനായ (സരോജേക്ഷണവിശേഷണം). നിയുജ്യ=നിയോഗിച്ചിട്ട്. വാസവിധയേ=വാസം ചെയ്യുന്നതിന്. ചക്രേ=ചെയ്തു. വന്ദ്യ....തേന=വന്ദ്യമായ പ്രഭാവംകൊണ്ടു സുരഭിതമായ (ആത്മനാ എന്നതിൻെറ വിശേഷണം). വസതിം=വാസത്തെ. ജ്യോതിർമ്മയേന=ജ്യോതിസ്സ്വരൂപമായ. ആത്മനാ=ആത്മാവ് [ലിംഗം]കൊണ്ട്. ധ്യാനക്ഷണത്തിൽ തൻെറ ആഗ്രഹമറിഞ്ഞു വന്നുചേൎന്ന മിത്രമായ വിഷ്ണുവിനെ തെക്കുഭാഗത്തു വസിപ്പാൻ നിയോഗിച്ചു പരമശിവൻ അത്യന്തപ്രാഭവത്തോടുകൂടിയ ജ്യോതിർല്ലിംഗത്താൽ വടക്കുഭാഗത്തു വാസംചെയ്തു. ദേവപ്രതിഷ്ഠയിങ്കൽ ദേവവിഗ്രഹത്തിന്നു അധിവാസനം [ഗന്ധമാല്യാദികളെക്കൊണ്ടു സംസ്കാരാധാനം] ആവശ്യകമാണ്. പ്രകൃതജ്യോതിർല്ലിംഗത്തിൽ ആ സംസ്കാരം അതിൻെറ നിരതിശയപ്രഭാവത്താൽതന്നെ സിദ്ധമായി എന്നു ''ധന്യപ്രാഭവവാസിതേന'' എന്ന വിശേഷണംകൊണ്ടു കിട്ടുന്നു.

62. ഭൂയഃ=വീണ്ടും. വിചിന്ത്യ=ആലോചിച്ചിട്ട്. ജഗതാം പതി=ശിവൻ. മോഹഭാജാം=മോഹം(ഭ്രാന്തി) ഉള്ളവരായ പ്രായഃ=മിക്കതും. നൃണാം=മനുഷ്യൎക്ക്. അനുജിഘൃക്ഷുഃ=അനുഗ്രഹിപ്പാൻ (ദാനം ചെയ്‌വാൻ) ഇച്ഛയോടുകൂടിയവനായിട്ട്. അഭേദബോധം=അഭേദജ്ഞാനത്തെ. മായാവിഹീനം=മായയോടുകൂടാതെ (ക്രി. വി.) പരേണ പുംസാ=പരനായ പുരുഷനോടു (വിഷ്ണുവിനോടു) ശ്രേയോഗുണായ=ശ്രേയസ്സിൻെറ ഗുണത്തിന്നു (ആവൃത്തിക്കു) വേണ്ടി. വിദധേ നിവാസം=നിവാസത്തെ ചെയ്തു. വീണ്ടും വിചാരി

ച്ചിട്ട വിശ്വനാഥൻ പ്രായേണ മോഹിതമാനസരായ മനുഷ്യക്ക അഭേദജ്ഞാനത്തെ അനുഗ്രഹിപ്പാൻവേണ്ടി പരമപുരുഷനോട താനും ഒരുമിച്ചു ചേൎന്ന് (ശങ്കരനാരായണനായിട്ടു) ശ്രേയസ്സിരട്ടിക്കുന്നതിനായി നടുവിൽ സന്നിധാനംചെയ്തു. അഭേദബോധം എന്നതിനു ഭേദമില്ല എന്ന ജ്ഞാനമെന്നത്ഥം. ശിവനും വിഷ്ണുവും ചേൎന്ന ഒരു മൂത്തിയായിട്ടിരിക്കുന്നതു കണ്ടാൽ ജനങ്ങൾക്ക ഭേദഭ്രമം നീങ്ങി അഭേദജ്ഞാനം ഉദിക്കുമല്ലൊ. സ്വപ്രവൃത്തികൊണ്ടു ജനങ്ങൾക്ക ഒരു ഉപദേശത്തെ ദൃഷ്ടാന്തപ്പെടുത്തികൊടുക്കുന്നതിനാൽ ക്രിയകൊണ്ടു കാൎയ്യബോധനമെന്ന നിദൎശനാലങ്കാരം.

63. അംബാകൃതം=അംബയാൽ ചെയ്യപ്പെട്ട. ഘന........ ............രീതിം=ഘനമായ കൃപകൊണ്ടു ആർദ്രയായ കടാക്ഷ ലീലയാകുന്ന സംഭാഷണഭംഗിയെ. ഉപലഭ്യ=ലഭിച്ചിട്ട്. ജഗദ്ധിതാത്ഥീ=ലോകങ്ങളുടെ ഹിതത്തെ കാംക്ഷിക്കുന്നവനായിട്ട്. പുരതഃ=മുമ്പിൽ. ജനകസ്യ=അച്ഛൻെറ. ചക്രേ=ചെയ്തു. ലംബോദരഃ സഃ ഭഗവാൻ=ആ ഗണപതിഭഗവാൻ. വസതിം=വാസത്തെ. പ്രസാദീ=പ്രസാദത്തോടുകൂടിയവനായിട്ട്. അമ്മയാൽ ചെയ്യപ്പെട്ട കൃപാശീതളമായ കടക്കൺകളികൊണ്ടുള്ള സൂചനയെ അറിഞ്ഞിട്ടു ശ്രീഗണപതിഭഗവാൻ ലോകഹിതൈഷിയായിട്ട് അച്ഛൻെറ പുരോഭാഗത്തിൽ അടുത്തായിത്തന്നെ പ്രസന്നനായി വാസംചെയ്തു.

64. ദേവാ........യുഗാ=ദേവന്മാരാലും അസുരന്മാരാലും നമസ്കരിക്കപ്പെട്ട കാലിണയോടുകൂടിയ. സേവാകൃതാം=സേവയെ ചെയ്യുന്നവൎക്ക്. അഭി.........വല്ലീ=അഭീഷ്ടങ്ങളെ നല്കുന്നതിൽ കല്പവല്ലിയായ. ദേവീ=ദേവി. ശിവപ്രണയിനി=ശിവപത്നിയായ. ദയിതസ്യ പശ്ചാൽ=ഭൎത്താവിൻെറ പിന്നിൽ. ചകാര=ചെയ്തു. നഗേന്ദ്രകന്യാ =പൎവ്വതരാജപുത്രിയായ [ദേവീവിശേഷണം.] ദേവാസുരന്മാർ അടിപണിയുന്നവളും സേവിക്കുന്നവൎക്ക് അഭീഷ്ടദാനം ചെയ്യുന്നതിൽ കല്പകലതയോടു തുല്യയുമായ ശ്രീപാൎവ്വതി ഭൎത്താവിൻെറ പിന്നിൽ വാസം ചെയ്തു.

ദണ്ഡകം— ശ്രീപാൎവ്വതിയെ കേശാദിപാദാന്തമായി വൎണ്ണിക്കുന്നു. അല്ലോ.........മലർമാലം=ഇരുളിനോടു പടവെട്ടുന്ന [ഇരുളം നിറമുള്ള] കുന്തളത്തിൽ ശോഭിക്കുന്ന കല്യ [ശോഭന]യായ പൂമാലയോടുകൂടിയ. അല്ലൽ ........ലീലം=അല്ലൽപെടുമാറു് ചന്ദ്രക്കലയെ ജയിക്കുന്ന നെററിത്തടത്തിൽ ഫുല്ലമായ [ശോഭിച്ച] മൃഗമദതിലകത്തിൻെറ [കസ്തൂരിപ്പൊട്ടിൻെറ] വിലാസത്തോടുകൂടിയ. അലൎവ്വാണ............നനുകൂലം=കാമദേവൻെറ വീര്യമഹിമ വിളയാടുന്ന ഓമൽക്കടാക്ഷംകൊണ്ടു് കണ്ണിന്നു പ്രിയം. അലമമല.........കപോലം=ഏററവും നിൎമ്മലമായ കഴലിണയിൽ [ഇരുകൺണങ്ങളിൽ] വിലസുന്ന ഭംഗിയേറിയ രത്നങ്ങളുടെ പ്രഭകൾകൊണ്ടു് ഒളിവിളങ്ങുന്ന [മിന്നിച്ച കലരുന്ന] അതുല്യങ്ങളായ കവിൾത്തടങ്ങളോടുകൂടിയ. ചെന്തൊണ്ടി...........ചോരം=ചുമന്ന തൊണ്ടിപ്പഴത്തോടു സാദൃശ്യം കലരുന്ന വായ്മലരിൽ [അധരത്തിൽ]മന്ദമാംവണ്ണം പ്രതിഫലിച്ചു് ധൃതിചോരം [ധൈര്യത്തെ കവരുന്നതു്] ആയിട്ടു്. ചെന്തളിരി..... ...മൃദാരം=ചുവന്ന തളിരിൽ പതിഞ്ഞ ചന്ദ്രരശ്മിയോടു തുലന [സാദൃശ്യം] കലരുന്ന സുന്ദരമായ മൃദുമുറുവലോടു [മൃദുവായ ദന്തങ്ങളോടു] കൂടിയ. ചിതറുന്ന കാന്തിതതി=ചിതറുന്ന കാന്തിസമൂഹത്തോടുകൂടിയ. വദനം=മുഖം. കലാ............പുരം=നൂറുകോടി കലാധിപതികളോടു [ചന്ദ്രന്മാരോടു] തുല്യമായ ഗുണങ്ങളോടുകൂടിയ. ചിത........ ....മപാരം=ചേൎച്ചയുള്ള കണ്ഠത്തിൻെറ ഭംഗിയും അതിലണിയുന്ന അതിമനോഹരമായ ഘുസൃണവലി [കുങ്കുമവരക്കുറി] യുടെ അപാരമായവിലാസവും. ആകമ്ര...........രാമം=അത്യന്തമനോഹരങ്ങളായ പൊൽക്കടകങ്ങൾ [പൊൻവളകൾ] വാർകങ്കണങ്ങൾ[രത്നം പതിച്ച വളകൾ] എന്നിവയുടെ കാന്തികൾ പതിഞ്ഞതും താമരപ്പൂപോലെ ഭംഗിയുള്ളതും മനോഹരവുമായ കൈ. ആകലിത.........ദാമം=രത്നകലശത്തെ ആകുലമാക്കിച്ചെയ്യുതാകുമാറു് മികുന്ന (വളരുന്ന) കുളുർമുലയിൽ ആകലിതമായ [അണിയപ്പെട്ട]പുതിയ പൊന്മാലയോടുകൂടിയ. അകളേ..........വല്ലരി=അനംഗനുംകൂടി ഉള്ളിൽ അഴൽ വളൎക്കുന്ന ഇത[സീമ]യായ പുതിയ രോമരാജി, അഖില... .......നടുവും=സകല ജനങ്ങളുടെയും ധൈര്യഹരണത്തിൽ മിടുക്കുള്ള കൊടിനടുവും (നാഭിമദ്ധ്യവും.) അഹഹ..............പരിണാമം=അ

ത്യാശ്ചര്യം. കണ്ണുകളുടെ ഭാഗ്യപരിണാമംതന്നെ. മാണിക്കകാഞ്ചി ............വിശാലം=മാണിക്യമയമായ അരഞ്ഞാണിന്റെ കാന്തി കലൎന്ന പട്ടവസ്ത്രംകൊണ്ടു മൂടപ്പെട്ടതും ഉയൎന്നതും വിസ്താരമുള്ളതുമായി. മാനമെഴ... ........തലം=മാനശാലിയായ കാമന്റെ യാന (രഥ)ത്തിന്റെ ശോഭപോലെയുള്ള ശോഭയോടുകൂടിയതായിരിക്കുന്ന ജഘനപ്രദേശം. ആനമതി=താഴുന്നു. ഇതുമൂലം ജഘനം കാരണം(ജഘനഗൗരവംനിമിത്തം) തുട താഴുന്നു. മനസാ·········മന്ദവേലം=മനസ്സുകൊണ്ടു സുരാസുരമുനിസമൂഹങ്ങൾ സദാ വന്ദിക്കുന്ന മനോഹരമായ പാദപത്മം. മണ.......... ജാലം=സൗരഭ്യമുള്ള കേശംമുതൽ പാദംവരെ മുഴുവനും നിസ്തുലവും നിൎമ്മലഗുണസമൂഹത്തോടുകൂടിയതുമാകുന്നു. ഇരുളോടു പടപൊരുതുന്ന പുരികുഴലിൽ കുസുമമാലയും തിങ്കൾക്കലയെജ്ജയിക്കുന്ന തുനെററിയിൽ കസ്തൂരിപ്പൊട്ടും പൂണ്ടും കാമന്റെ വീര്യം കളിയാടുന്ന കടാക്ഷത്താൽ കണ്ണിനെ കുളിപ്പിച്ചും കാതുകളിൽ വിലസുന്ന ആഭരണമണികളുടെ കാന്തി കവിൾത്തടങ്ങളിൽ പതിഞ്ഞു മിന്നിയും ചെന്തൊണ്ടിയോടൊത്ത അധരത്തിൽ തട്ടി ചെന്തളിരിൽ പതിഞ്ഞ ചന്ദ്രകിരണങ്ങൾപോലെ കാണികളുടെ ധൈര്യം കവൎന്നുകൊണ്ടു വിളങ്ങുന്ന ദന്തപംക്തികളോടുകൂടിയുമിരിക്കുന്നതായ തിരുമുഖം നൂറുകോടി ചന്ദ്രമണ്ഡലങ്ങളുടെ ഗുണങ്ങളിണങ്ങുന്നതാകുന്നു. ഏററവും ചേൎച്ചയുള്ള കഴുത്തിന്റെ വടിവും അതിലണിഞ്ഞ കുങ്കുമവരക്കുറിയുടെ വിലാസവും അപാരംതന്നെ. കനകകടകങ്ങളുടെയും കങ്കണങ്ങളുടെയും കാന്തികൾ കലൎന്ന കരാരവിന്ദം അത്യന്തമനോഹരം. മണികലശത്തെക്കാൾ കവിഞ്ഞ കാന്തിയോടുകൂടിയ കുളൎമുലയിലണിഞ്ഞ പൊന്മാലയും കാമനുകൂടി അഴലേകുന്ന ഇതയായ രോമരാജിയും സൎവ്വജനങ്ങളുടെയും ധൈര്യഹരണത്തിൽ മിടുക്കുള്ള നാഭിയും കണ്ണുകളുടെ പുണ്യപരിണാമംതന്നെ. മാണിക്യകാഞ്ചിയുടെ നിറംപകൎന്ന പട്ടവസ്ത്രത്താൽ മൂടിയ ഉയൎന്നു പരന്ന ജഘനം കാമദേവന്റെ തേത്തടംപോലെ ശോഭിക്കുന്നു. ആ ജഘനത്തിന്റെ ഗൗരവംമൂലം തുട തെല്ലൊന്നു നമിക്കുകയും ചെയ്യുന്നു. സുരാസുരമുനിജനങ്ങൾ മനസാ വന്ദിക്കുന്നതാണു് പാദപത്മം. കേശാദിപാദാന്തം എല്ലാ അവയവവും അതുല്യവും അതിഗുണപൂൎണ്ണവുമാകുന്നു. [''അകളേബരന്റമഴലകമേ വളൎക്കമിത

നവരോമവല്ലരി''—തമ്മിൽ തിരക്കുന്ന സ്തനങ്ങളെ വേർതിരിക്കുന്ന ഇത (എലുക) പോലെയുള്ളതാണു് രോമരാജി എന്നു സാരം. ''ഇപ്പാടിതിന്നിദമിതിന്നിതു ചൊല്ലിവേണ്ടാപോരാട്ടമിമ്മുലയിണക്കിതി മന്മഥേന ഭൃംഗാവലീരചിതഞാൺതഴകൊണ്ടു മദ്ധ്യേ സീമാകൃതേവ തവ രാജതി രോമരാജിഃ'' എന്ന പ്രയോഗം നോക്കുക.]

65, 66. തരുണതപനലക്ഷം=ലക്ഷം ബാലാദിത്യന്മാർ. കാന്തി.........ല്ലോല=കാന്തിപ്രവാഹത്തിരയിൽ. അത്യ.........ലോകാം=അത്യത്ഭുതയായ തനുലതിക(പ്രശസ്തദേഹം)കൊണ്ടു് എല്ലാ ജനങ്ങളേയും മോഹിപ്പിച്ചവളായ. മല്ലീബാണാരി=ശിവൻ. അവിദിതവിരഹം=വിരഹമറിയാതെ (ക്രി. വി.) പൂണ്ടു........ശാന്തരാളാം=പുണന്നു പുണന്നു ലാളിക്കുന്ന പത്മതുല്യമായ കൊങ്കമേൽ അണിഞ്ഞ കുങ്കുമപ്പൊടികൊണ്ടു് ദിഗന്തരാളത്തെ മണം പിടിപ്പിച്ചവളായ. കൃപാകന്ദളം=കാരുണ്യാങ്കുരം. അപാംഗശ്രിയാ=കടക്കൺകാന്തികൊണ്ടു്. വിശ്വഭാജാം=ഭുവനവാസികൾക്കു്. നല്ലതേചേത്തു്=നന്മതന്നെ അണച്ചു്, പര...........രൂപാം=പരമാനന്ദത്തിൻെറ നിഷ്യന്ദം (ഒലിവു്) ആകുന്ന രൂപത്തോടുകൂടിയവളായ. മല്ലാർ...........കമലാം=ഭംഗിയുള്ള കളിത്താമരപ്പൂകൊണ്ടു ശോഭിച്ച കരപത്മത്തോടുകൂടിയവളായ. ത്രിലോകീകല്യാണീം=ത്രൈലോക്യമംഗളയെ (ശ്രീപാർവ്വതിയെ.) അഖിലജനാഃ=സർവ്വജനങ്ങളും.അഭ്യനന്ദൻ=അഭിനന്ദിച്ചു. ശ്രീപാർവ്വതിയെ വണങ്ങി സർവ്വരും കൊണ്ടാടി. ശേഷം സ്പഷ്ടം. രണ്ടു ശ്ലോകവുംകൂടി യുഗ്മകം.

67. ലീലാഭേദേന...........ല്ലാസ്യ=ലീലകൊണ്ടു പരമവും ചിന്മയവും [ജ്ഞാനമയവും] അമൃതവുമായ ആത്മാവിനെ മൂന്നായി പ്രകാശിപ്പിച്ചിട്ടു്. തെക്കുംകൈലാസേ=ദക്ഷിണകൈലാസത്തിൽ. ചേന്നു...........തയാ=ഹിമവൽപുത്രിയായ ദേവിയോടു ചേന്നു്. കൊങ്കണ...............രെ=കൊങ്കണഭൂമിക്കു്. ഹാരം=മുത്തുമാല ആയ (തെക്കുംകൈലാസേ എന്നതിൻെറ വിശേഷണം).ത്രൈ........ത്ഥം=മൂന്നു ലോകങ്ങളെ അനുഗ്രഹിക്കുന്നതിനുവേണ്ടി. മുനി.........സന്തം=മുനിജനങ്ങളുടെ ബുദ്ധിയാകുന്ന മാന്തോപ്പിന്നു വസന്തമായ. നീലഗ്രീവം=നീലകണ്ഠനെ. വസന്തം=വസിക്കുന്നവനായ (നീലഗ്രീവവി

ശേഷണം). ഭൃഗുകുലമണി=പരശുരാമൻ. പരമചിദ്രൂപനായ ആത്മാവിനെ മുന്നായികാണിച്ച് ശ്രീപാൎവ്വതിയോടു ചേൎന്ന് ദക്ഷിണകൈലാസത്തിൽ വസിക്കുന്നവനും മാന്തോപ്പിനെ വസന്തമെന്നപോലെ മുനിജനങ്ങളുടെ ബുദ്ധിയെ ആമോദിപ്പിക്കുന്നവനുമായ പരമശിവനെ സേവിച്ചുകൊണ്ടു് പരശുരാമൻ അരികിൽത്തന്നെ സന്നിധാനം ചെയ്തു.

68. കേരളക്ഷ്മാപതി=കേരളരാജാവ്. വി........ശ്രേണി=നിൎമ്മലങ്ങളായ ഗുണങ്ങളുടെ സമൂഹം. ആത്മനാമപ്രഖ്യാതിം=തന്റെ നാമംകൊണ്ടുള്ള പ്രസിദ്ധിയെ. വിധിവൽ=വിധിപോലെ. ഉപാദായ=വഹിച്ചിട്ട്. വൎണ്ണാശ്രമാണാം=വൎണ്ണങ്ങളുടെയും ആശ്രമങ്ങളുടെയും. രക്ഷാകൃത്യം=സംരക്ഷണഭാരത്തെ. ഭൂലോന്നാരം=വളരെക്കാലം. വയസി പരിണതേ=പരിണതമായ വയസ്സിൽ (വാൎദ്ധക്യത്തിൽ). മന്ത്രി.......തന്ത്രഃ=മന്ത്രിമാരിൽ തന്ത്രത്തെ (സ്വരാഷ്ട്രഭാരത്തെ) വിന്യസിച്ചവനായിട്ട്. മുഖ്യാഭോഗാം=മുഖ്യമായ ആഭോഗത്തോടു (ഗുണപൂൎത്തിയോടു) കൂടിയ. തപസ്യാ........മതിഃ=തപസ്സുചെയ്‌വാൻ മനസ്സിലുറച്ചവനായിട്ട്. അമലാം=നിൎമ്മലമായ. തെക്കെകൈലഭൂമിം=തെക്കെകൈലാസത്തെ. അക്കാലത്തു് കേരളരാജാവ് ഗുണഗണങ്ങളാൽ രാജ്യത്തിനു തന്റെ പേരിൽ പ്രസിദ്ധിചേൎത്തു് (കേരളരാജ്യമെന്നു പ്രസിദ്ധിവരുത്തി) വളരെക്കാലം രാജ്യഭാരം വഹിച്ചതിനുശേഷം വാൎദ്ധക്യം വന്നപ്പോൾ മന്ത്രിമാരിൽ രാജ്യഭാരം ഏല്പിച്ച് തപസ്സുചെയ്‌വാൻവേണ്ടി തെക്കെകൈലാസത്തിൽ എത്തി.

69. കളങ്കഹീനം=കളങ്കമില്ലാത്ത. വൃഷരാജം=വൃഷേന്ദ്രനെ (കൂററനെ). അഗ്രേ=മുമ്പിൽ. മൂൎത്തിത്രിതയം ച=മൂന്നു മൂൎത്തികളെ (വടക്കും നടുവിലും തെക്കും വസിക്കുന്ന മൂൎത്തികളെ)യും. സാക്ഷാൽ=പ്രത്യക്ഷമായിട്ട്. വിളഞ്ഞ ഭക്ത്യാ=പെരുകിയ ഭക്തിയോടെ. ഗിരിജാം ച=ശ്രീപാൎവ്വതിയേയും. മോഹം=ഭ്രമം. ഉപശ്ലോകിതവാൻ=ശ്ലോകങ്ങളെക്കൊണ്ടു സ്തുതിച്ചു. മനീഷീ=വിദ്വാൻ. വിദ്വാനായ കേരളരാജാവ് വൃഷരാജനെയും വടക്കുന്നാഥൻ മുതലായ മൂന്നു മൂൎത്തികളേയും ശ്രീപാൎവ്വതിയേയും ഭക്തിപൂൎവ്വം ശ്ലോകരൂപേണ സ്തുതിച്ചു.

KOTTAYAM PUBLIC LIBRARY KOTTAYAM.

70. വൃഷരാജസ്തുതി:—ദക്ഷി........ഗതഃ =തെക്കെകൈലാസത്തെ ഗമിച്ച. ലക്ഷിത........ല്ലാസഃ=ലക്ഷിതമായ കൈലാസദാരകോല്ലാസത്തോട [കൈലാസത്തിൻെറ കിടാവിൻെറ ശോഭയോട] കൂടിയ. പാതകി....... ക്ഷഃ=പാപിജനങ്ങൾക്ക കാണാൻ കഴിയാത്ത [എല്ലാം, മഹോക്ഷവിശേഷണം]. പാതു=രക്ഷിക്കട്ടെ. മഹോക്ഷഃ=വലിയ കാള. ചിരായ=വളരെക്കാലം. ഫാലാക്ഷഃ=നെററിയിൽ കണ്ണുള്ള [മഹോക്ഷവിശേഷണം]. തെക്കെകൈലാസത്തിൽ സന്നിഹിതനായും കണ്ടാൽ കൈലാസപർവ്വതത്തിൻെറ കിടാവോ എന്ന തോന്നുമാറു ശോഭിക്കുന്നവനായും പാപികളുടെ കണ്ണിന്നു് അവിഷയമായും നെററിയിൽ കണ്ണോടുകൂടിയവനായുമിരിക്കുന്ന വൃഷരാജൻ രക്ഷിക്കട്ടെ. വൃഷരാജന്നു ഫാലാക്ഷത്വം ശിവസാരൂപ്യത്താൽ സിദ്ധം. വൃത്തം ഗീതി. 'ആര്യാപൂവ്വാദ്ധത്തിന്നുരചെയ്തിട്ടുള്ള ലക്ഷണംതന്നെ, മാററാതെയുത്തരാദ്ധത്തിന്നുമുപയോഗിക്ക ഗീതിയാമെന്നാൽ.'

71. വടക്കുന്നാഥസ്തുതി:—കൈലാസസ്ഥം = കൈലാസത്തിൽ സ്ഥിതിചെയ്യുന്ന [ശിവവിശേഷണം]. യയാചേ=യാചിച്ചു. പരശിവം=പരമശിവനെ. അപമിത്യ=അപമയനം [പരിവത്തനം] ചെയ്തിട്ടു്. സ്വയം=താൻതന്നെ. ഭക്തിവിത്തൈഃ=ഭക്തിയാകുന്ന ധനങ്ങളെക്കൊണ്ടു് [അപമിത്യ എന്നതിനോട യോജന]. യൽ=യാതൊന്നു്. രാമോ ജാമദഗ്ന്യഃ=ജമദഗ്നിപുത്രനായ രാമൻ. തൽ=അതിനാൽ. ഇഹവൃ........ഹാരേ=കേരളഭൂമിയുടെ ഹാരമായ ഈ വൃഷപുരത്തിൽ. ജ്യോതിർല്ലിംഗം=ജ്യോതിർല്ലിംഗത്തെ. ത്വദംശം=നിന്തിരുവടിയുടെ അംശമായ. കൃതവസതി=വാസംചെയ്ത (ജ്യോതിർല്ലിംഗവിശേഷണം). ജഗ........ത്ഥം=ലോകാനുഗ്രഹത്തിന്നുവേണ്ടി. വന്ദേ=ഞാൻ വന്ദിക്കുന്നു. സവ്വാത്മനാ=സവ്വപ്രകാരേണ. പവ്വത........പ്രസന്നം=പാവ്വതീദേവിയുടെ സാന്നിദ്ധ്യത്താൽ പ്രസന്നമായ. കൈലാസവാസിയായ പരമശിവനോട ഭക്തിയാകുന്ന ധനങ്ങൾ കൊടുത്തു മാററം വാങ്ങി ശ്രീപരശുരാമൻ യാചിച്ചതിനാൽ കേരളഭൂമിക്കു മുത്തുമാലയായ വൃഷപുരിയിൽ ലോകാനുഗ്രഹത്തിനുവേണ്ടി സന്നിധാനം ചെയ്യുന്നതും ശ്രീപാർവ്വതിയുടെ നിത്യസാന്നി

ദ്ധ്യത്താൽ പ്രസന്നവുമായ ശ്രീപരമശിവാംശമായിരിക്കുന്ന ജ്യോതിർല്ലിംഗത്തെ ഞാൻ വന്ദിക്കുന്നു.

72. തെക്കുന്നാഥസ്തുതി:—പത്മാനന്ദഘഹംസ = പത്മയെ [ലക്ഷ്മിയെ] ആനന്ദിപ്പിക്കുന്ന ഹംസ (വിഷ്ണോ!) പത്മങ്ങളെ ആനന്ദിപ്പിക്കുന്ന സൂര്യ [സൂര്യമൂർത്തിയായ ശിവ!] എന്നും. ഭക്ത............ പ്രത്യുഷഃ=ഭക്തജനസമൂഹത്തിൻെറ ദോഷാഹതിയിൽ [ദോഷങ്ങളെ നശിപ്പിക്കുന്നതിൽ എന്നും രാത്രിയെ അവസാനിപ്പിക്കുന്നതിൽ എന്നും] പ്രത്യുഷസ്സ് (അഹർമ്മുഖം) ആയവനേ! സത്വാ........പതേ =സത്വങ്ങളുടെ (ജീവികളുടെ) ആവാസത്തിന്നു സരിൽപതി [സമുദ്രം] ആയവനേ! [സമുദ്രത്തിൽ ജന്തുക്കൾ പാക്കുന്നതുപോലെ സർവ്വ ജീവികളും ഉള്ളിൽ വസിക്കുന്നവനേ!] കുവലയ........ദൃതേ=കുവലയത്തിൻെറ [ഭൂമണ്ഡലത്തിൻെറ എന്നും കുവലയപുഷ്പത്തിൻെറ എന്നും] പ്രകാശാവസ്ഥയിങ്കൽ ചന്ദ്രനായവനേ! സത്യാ........ത്ഭവ =സത്യത്തിൽ [സത്യലോകത്തിൽ എന്നും] ഉള്ള അവസ്ഥിതി കൊണ്ടു് ബ്രഹ്മാവായിട്ടുള്ളവനേ! സദാ........ബര=സജ്ജനങ്ങളുടെ [നക്ഷത്രങ്ങളുടെ എന്നും] ആലംബത്തിൽ ആകാശമായവനേ! അസ്മാദൃശാം=നമ്മെപ്പോലെയുള്ളവക്കു്. സ ത്വം=ആ നീ. കാമപി= ഒരു. കാമദാനഗിരിശ=അഭീഷ്ടദാനത്തിൽ ശിവനായവനേ! ശ്രേയഃശ്രിയം=ശ്രേയസ്സുകളുടെ സമൃദ്ധിയെ. കല്പയ=ചെയ്യാലും. പത്മാനന്ദത്തിൽ സൂര്യനായും, ഭക്തജനദോഷാഹതിയിൽ ഉഷസ്സായും, സത്വാവാസത്തിൽ സമുദ്രമായും, കുവലയപ്രകാശനത്തിൽ ചന്ദ്രനായും, സത്യാവസ്ഥിതിയിൽ ബ്രഹ്മാവായും, സദാലംബത്തിൽ ആകാശമായും, കാമദാനത്തിൽ ശിവനായുമിരിക്കുന്ന ദേവ! ആ നിന്തിരുവടി ശ്രേയസ്സുകളെ നല്ലണമേ.

73. ശങ്കരനാരായണസ്തുതി:—സുവർണ്ണ.......കുണ്ഡലേ= സ്വർണ്ണകിരീടം, ജട എന്നിവയോടും മകരകുണ്ഡലം, സർപ്പകുണ്ഡലം എന്നിവയോടും കൂടിയ. നിവീത........ദാമ്നി=വനമാലയേയും മുണ്ഡമാലയേയും ധരിച്ച. ധൃത........ബരേ=പീതാംബരത്തേയും ചർമ്മാംബരത്തേയും ധരിച്ച. ഗദാം........ഭൃതി=ഗദയേയും പത്മത്തേയും കപാലത്തേയും ശൂലത്തേയും വഹിച്ച. ധാമ്നി=തേജ

സ്സിൽ. ലീയേ=ഞാൻ ലയിക്കുന്നു. സുസംഗതേ=നല്ലവണ്ണം ചേൎന്നിരിക്കുന്ന. ഘുസൃ........പിനി=കുങ്കുമവും ഭസ്മവും പൂശിയ. വൃഷാ..........പ്രിയേ=വൃഷാകപായിയുടെ (ശ്രീയുടെ; ഗൌരിയുടെ എന്നും) പ്രിയനായ (ധാമ്നി എന്നതിൻെറ വിശേഷണം). പൊൻകിരീടവും, ജടാമകുടവും, മകരകുണ്ഡലവും, സൎപ്പകുണ്ഡലവും, വനമാലയും, മുണ്ഡമാലയും, പീതാംബരവും, ചൎമ്മാംബരവും, ഗദയും, പത്മവും, കപാലവും, ശൂലവും ധരിച്ചും കുങ്കുമവും ഭസ്മവും പൂശിയും ഒന്നിച്ചു ചേൎന്നിരിക്കുന്ന വിഷ്ണുശിവമയമായ തേജസ്സിൽ ഞാൻ ലയിക്കുന്നു. പൊൻകിരീടം, മകരകുണ്ഡലം, വനമാല, പീതാംബരം, ഗദാപത്മങ്ങൾ, കുങ്കുമലേപം എന്നിവ നാരായണന്നും ജട, സൎപ്പകുണ്ഡലം, മുണ്ഡമാല, ചൎമ്മാംബരം, കപാലശൂലങ്ങൾ, ഭസ്മലേപം എന്നിവ ശങ്കരന്നും ഉള്ളതാകുന്നു. '' വൃഷാകപായീ ശ്രീഗൌൎയ്യോഃ'' എന്നു് അമരം. പൃത്ഥ്വീവൃത്തം.

74. ശ്രീപാൎവ്വതീസ്തുതി:— ദേവി=ഹേ ദേവി! ത്രൈലോക്യ........യിതേ=ത്രൈലോക്യരക്ഷയ്ക്കുവേണ്ടി വൃഷപുരാവാസമെന്ന ലീലായിതത്തെ (ലീലയെ) ചെയ്യുവളേ! ശ്രീപാദാബ്ജം =തൃപ്പാദപത്മം. ദക്ഷിണം=വലത്തേതു്. തേ=നിന്തിരുവടിയുടെ. മഹിഷ........ശോണം= മഹിഷൻെറ കിരീടത്തിലെ കല്ലുകളെ ചവിട്ടിത്തകൎത്തതിനാൽ അത്യന്തം രക്തനിറമായ. അന്യൽ ച= മറേറതും [വാമപാദാബ്ജവും] പ്രേമ........ക്ഷിതം=പ്രണയകോപത്തിങ്കൽ നമസ്കരിച്ച ശിവൻെറ ജടയിലുള്ള താഡനം നിമിത്തം പ്രവഹിക്കുന്ന ഗംഗാജലബിന്ദുക്കളാൽ നനയ്ക്കപ്പെട്ട. ചേതസി=മനസ്സിൽ. പര............നാഥേ = ശിവവല്ലഭേ! സമിന്ധാം=വഴിപോലെ ദീപിക്കട്ടെ. ത്രൈലോക്യരക്ഷയ്ക്കുവേണ്ടി വൃഷപുരത്തിൽ വാണരുളുന്ന ശ്രീപാൎവ്വതീദേവി! നിന്തിരുവടിയുടെ മഹിഷാസുരമകുടപേഷണത്താൽ തുടുത്ത വലത്തേ പാദാബ്ജവും പ്രണയകലഹത്തിൽ നമസ്കരിച്ച ശിവൻെറ ജടയിൽ ചവുട്ടിയപ്പോൾ ഒഴുകിയ ഗംഗാജലകണങ്ങളാൽ നനഞ്ഞ ഇടത്തേ പാദപത്മവും എൻെറ മനസ്സിൽ തെളിഞ്ഞുവിളങ്ങട്ടെ.

75. ഇത്ഥം=ഇപ്രകാരം. നിരന്തരം=ഇടവിടാതെ. അതന്ദ്രം =മടികൂടാതെ. അന്തരായം=വിഘ്നംകൂടാതെ. ഭക്ത്യാ=ഭക്തിയോടെ.

നിഷേവണം=ഭ'സവയെ. അശേഷവിഭോഃ=സവ്വപ്രഭുവിൻെറ. വിശേഷാൽ=വിശേഷിച്ചും. നക്തന്ദിവം=രാവും പകലും. വിദധൽ=ചെയ്യുന്നവനായി. അന്യ........ഭാവഃ=അന്യചിന്തയില്ലാത്തവനായിട്ടു്. തസ്ഥിൻ=ആ (വൃഷാദ്രൌ എന്നതിനോട്ട യോജന). ഉവാസ=വസിച്ചു. സഃ തു രാജവൃഷാ=ആ രാജേന്ദ്രനാകട്ടെ. വൃഷാദ്രൌ=വൃഷാദ്രിയിൽ. ഇങ്ങനെ സവ്വേശ്വരനായ വടക്കുന്നാഥനെ രാപ്പകൽ സേവിച്ചുകൊണ്ടു് ആ രാജേന്ദ്രൻ വൃഷാദ്രിയിൻ താമസിച്ചു.

76. ധ്യായൻ=ധ്യാനിക്കുന്ന. ബ്രഹ്മസ്ഫുരത്താം=ബ്രഹ്മപ്രകാശത്തെ. പരാനന്ദപീയൂഷം=പരമാനന്ദാമൃതത്തെ. പായം പായം=പാനംചെയ്തു പാനംചെയ്തു്. പയോജദ്യുതി=താമരപ്പൂപോലെ ശോഭയുള്ള. നയനപുടം=നേത്രത്തെ. സാക്ഷാൽ=പ്രത്യക്ഷമായിട്ടു്. മുല്പാട്ട=മുമ്പിൽ. ഭക്തി........മുകുളം=ഭക്തിയുടെ ആധിക്യത്തിൽ കുനിഞ്ഞ ശിരസ്സിൽ മുകുളാകാരങ്ങളായ കൈകളെ അപ്പിച്ചു. പാത്ഥിവം തം=ആ രാജാവിനോട്ടു്. ബഭാഷേ=പറഞ്ഞു. ഒരിക്കൽ ആ രാജാവു്. പരബ്രഹ്മജ്യോതിസ്സിനെ ധ്യാനിച്ചുംകൊണ്ടു് ഉള്ളിലൂടെ ഉറന്ന പരമാനന്ദാമൃതം നുകൻ നുകൻ തെല്ലൊന്നു കണ്ണടച്ചപ്പോൾ പരമശിവൻ മുമ്പിൽ പ്രത്യക്ഷീഭവിച്ചു് ഭക്തിഭാരത്താൽ തലയിൽ കൂപ്പുകൈവച്ചു നിൽക്കുന്ന അദ്ദേഹത്തോട്ടു് അരുളിച്ചെയ്തു.

77. പുണ്യാംബ്ധേ=സുകൃതസമുദ്രമേ! കേരളക്ഷോണിപ=കേരളരാജാവേ! തവ=അങ്ങയ്ക്കു്. കുശലം വത്തതാം=ക്ഷേമമുണ്ടാകട്ടെ. കമ്മഭൂമിം=കമ്മഭൂമിയെ. ധമ്മ........ഹതീം=ഏററവും വലുതായ ധമ്മസ്ഥിതിയെ. ഭാഗ്യാംബുരാശേ=ഭാഗ്യസമുദ്രമേ! ധന്യാൽ=പുണ്യമായ. കൈലാസശൈലാൽ അപി=കൈലാസപവ്വതത്തേക്കാളും. കലയ=അറിഞ്ഞാലും. മഹാസ്ഥാനമേതൽ=ഈ മഹാസ്ഥാനം. പ്രിയം മേ=എനിക്കു പ്രിയമാണു്. പൊന്നിൻ........ദിഭിഃ=പൊൻകൊണ്ടുള്ള പ്രാസാദം (അമ്പലം) മതിൽ മുതലായവയാൽ. അഭിനവം=പുതുതായി. അത്യത്ഭുതം=അത്യാശ്ചര്യകരമായി. കല്പയേഥാഃ=കല്പിക്കണം. അല്ലയോ പുണ്യവാനായ കേരളരാജാവേ, അങ്ങയ്ക്കു ക്ഷേമം ഭവിക്കട്ടെ. കമ്മഭൂമിയെ നന്നായി രക്ഷിച്ചു ധമ്മം നിലനിത്തിയ ഭാഗ്യസമുദ്രമേ, മഹത്തായ ഈ സ്ഥാനം എനിക്കു

കൈലാസത്തേക്കാളും അധികം പ്രിയമാണ്. ഇതിനെ അങ്ങ് പൊന്മയമായ അമ്പലം, മതിൽ മുതലായവകൊണ്ട് അത്യത്ഭുതമാക്കിത്തീൎക്കണം.

78. നൃവര=രാജാവേ! തവ കുലേ=അങ്ങയുടെ വംശത്തിൽ. ജാതനാം=ജനിക്കും. അസ്മൻ............ഷി=നമ്മുടെ ഭക്തനായ രാജഷി. ഭൂമണ്ഡലപതി=ഭൂവലയത്തിന്നു നാഥനായ. ശതസോമാഭിധാനഃ=ശതസോമൻ എന്നു പേരായ. മഹീയാൻ=ഏററവും മഹാനായ (രാജർഷിവിശേഷണം).അത്രൈവക്ഷോണിഭാഗേ=ഈ ഭൂഭാഗത്തിൽ (കൊങ്കണത്തിൽ)തന്നെ. ചെല്ലൂരനാമ്നി=ചെല്ലൂരരെന്നു പേരായ. അഗ്രഹാരേ=ഗ്രാമത്തിൽ. കൃത്വാ=ചെയ്തിട്ട്, ബിംബപ്രതിഷ്ഠാം=ബിംബപ്രതിഷ്ഠയെ. മമ=എൻെറ. പരമപദം=മുക്തിയെ. ദാസ്യതേ=നല്കും. വംശജാനാം=വംശത്തിൽ പിറക്കുന്നവൎക്ക്. ഹേ രാജാവേ! അങ്ങയുടെ വംശത്തിൽ ശതസോമൻ എന്നു പേരായിട്ട് എൻെറ ഭക്തനായ ഒരു രാജഷിയുണ്ടാകും. അദ്ദേഹം ഈ കൊങ്കണഭൂമിയിൽ തന്നെ ചെല്ലൂരെന്നു പേരായ ഗ്രാമത്തിൽ എൻെറ ബിംബപ്രതിഷ്ഠ ചെയ്ത് അങ്ങയുടെ വംശ്യന്മാൎക്ക് മുക്തി വരുത്തും.

79. ഉദഗ്ര............പാത്രം=ഉൽകൃഷ്ടമായ എൻെറ അനുഗ്രഹത്തിന്നു പാത്രം. ധന്യം=ഐശ്വര്യത്തോടുകൂടിയത്. ഭവൽകുലം=അങ്ങയുടെ വംശം. ആയുഗാന്തം=യുഗാവസാനത്തിങ്കലോളം. ഉദീര്യ=പറഞ്ഞിട്ട്. വിഭുഃ=ഈശ്വരൻ. അന്തരധത്ത=അന്തൎദ്ധാനം ചെയ്തു. നരവരൻ=രാജാവ്. എന്നാൽ അങ്ങയുടെ വംശം എൻെറ അനുഗ്രഹവിശേഷത്തിന്നു പാത്രമായി യുഗാവസാനകാലത്തോളം ഐശ്വര്യയുക്തമായി നിലനില്ക്കും. ഇങ്ങനെ പറഞ്ഞ് ഭഗവാൻ മറഞ്ഞു. അപ്പോൾതന്നെ രാജാവ് ഉണരുകയും ചെയ്തു.

80. ആനന്ദാ............മനാഃ=ആനന്ദവും അത്ഭുതവും കൌതുകവും നിറഞ്ഞ മനസ്സോടുകൂടിയ. മാനവേന്ദ്രഃ=രാജശ്രേഷ്ഠൻ. നാനാ........രാമം=പല രത്നക്കല്ലുകൾകൊണ്ടുണ്ടാക്കപ്പെട്ട എല്ലാ മതിൽക്കൂട്ടങ്ങളെക്കൊണ്ടും മനോഹരമായി. സ്ഥാനം തൽ=ആ സ്ഥാനത്തെ. സൎവ്വലോകാൎച്ചിതം=എല്ലാ ലോകങ്ങളാലും പൂജിതമായ (സ്ഥാനവിശേഷണം). അമല........ലസിതം=നിൎമ്മലങ്ങളായ സരസ്സുകൾ,

ഗോപുരദ്വാരങ്ങരം, ഹമ്മ്യങ്ങരം, ആസ്ഥാനങ്ങരം, പ്രാസാദങ്ങരം, മണ്ഡപങ്ങരം എന്നിവയാൽ ശോഭിതമായി. കല്പയാമാസ=ചെയ്തു. അപ്പോരം രാജാവു് ആനന്ദവും അത്ഭുതവും കൌതുകവും കലൻ, സവ്വലോകപൂജിതമായ ആ സ്ഥാനത്തെ, പല രത്നങ്ങരംകൊണ്ടു പണിചെയ്ത മതിലുകളാൽ ശോഭിക്കുന്നതും സരസ്സുകരം, ഗോപുര ദ്വാരങ്ങരം, ഹമ്മ്യങ്ങരം, ആസ്ഥാനങ്ങരം, പ്രാസാദങ്ങരം, മണ്ഡപ ങ്ങരം എന്നിവയാൽ വിരാജിതവുമാക്കി ചെയ്തു.

81. കൈവല്യവർത്മോപമം=മോക്ഷമാർഗ്ഗത്തോടു തുല്യം. അനഘം=ദോഷമില്ലാത്ത. പ്രദക്ഷിണമഹാമാർഗ്ഗം=വലിയ പ്രദ ക്ഷിണവഴി. നൃപഗ്രാമണീഃ=രാജശ്രേഷ്ഠൻ. പ്രമഥാവലിക്കൊരു നിവാസം=ശിവഭൃതഗണത്തിന്നൊരു വാസസ്ഥാനമായ. നീളവി ദ്യോതിതം=എങ്ങും ശോഭിതമായ. ബാലാരിഷ്ടവനൈഃ=വേപ്പിൻ തൈകളുടെ കാടുകരംകൊണ്ടു്. വിശുദ്ധിസദനം=വിശുദ്ധിക്കിരിപ്പിട മാക്കി. ചക്രേ=ചെയ്തു. തദഭ്യന്തരം=അതിൻെറ ഉരംഭാഗത്തെ. ക്ഷേത്രത്തിലെ പൊന്മതിലിന്നു പുറത്തു,കൈവല്യത്തിലേക്കുള്ള വഴി യോ എന്നു തോന്നുമാറിരിക്കുന്ന വലിയ പ്രദക്ഷിണവഴി പണി യിച്ചു്, ആ മതിലിന്നും പ്രദക്ഷിണ വഴിക്കും മദ്ധ്യത്തിലുള്ളതും ശിവഭൃതഗണങ്ങളുടെ വാസസ്ഥാനവുമായ സ്ഥലത്തു വേപ്പിൻകാടു കരം വെച്ചുപിടിപ്പിച്ചു് അവിടം അത്യന്തപരിശുദ്ധമാക്കിച്ചമച്ചു.

82. അത്യ...........മായ്=ഏററവും അത്ഭുതകരമായി. വൃഷ ഭക്ഷേത്രം=തൃശ്ശിവപേരൂർ ക്ഷേത്രം. ഉവ്വീ...........ത്തംസം=രാജാ ക്കന്മൊക്കു ശിരോലങ്കാരം. തീർത്ഥവാരാ=തീർത്ഥജലംകൊണ്ടു്. മണി...........തേന=അനവധി രത്നകലശങ്ങളിൽ ആക്കപ്പെട്ട (തീ ർത്ഥവാരാ എന്നതിൻെറ വിശേഷണം) അഭിഷേകം=അഭിഷേകത്തെ. ബദ്ധാഭോഗം (ക്രി. വി.)=ഗുണപരിപൂർത്തിയോടുകൂടി. വിധാസ്യൻ= വിധാനംചെയ്‌വാൻ പോകുന്നവനായിട്ടു്. ഝടിതി=വേഗത്തിൽ ഭഗവതാം=ദേവന്മാക്കു്. ആനുപൂവ്വ്യേണ=ക്രമത്തോടുകൂടി. സവ്വം= എല്ലാം. കത്തവ്യം=ചെയ്യപ്പെടേണ്ടതായ. വാസ്തുശുദ്ധ്യാദികം=വാ സ്തുശുദ്ധി മുതലായതിനെ ഋഷിസദസാ=മഹഷിസമൂഹത്തെക്കൊണ്ടു കാരയാമാസ=ചെയ്യിച്ചു. ധീമാൻ=ബുദ്ധിമാൻ. ബുദ്ധിമാനായ

ആ രാജശ്രേഷ്ഠൻ തൃശ്ശിവപേരൂർ ക്ഷേത്രത്തെ ആശ്ചര്യകരമായി പണിയിച്ചിട്ട് രത്നകലശങ്ങളിൽ സംഭൃതമായ തീൎത്ഥജലംകൊണ്ട മൂന്ന മൂൎത്തികൾക്കും ക്രമത്തിൽ അഭിഷേകം കഴിപ്പാനുറച്ചിട്ട് അതിനുവേണ്ടതായ വാസ്തുശുദ്ധി മുതലായത്ത മഹൎഷിമാരെക്കൊണ്ട ചെയ്യിച്ചു.

ഗദ്യം 6:–തത്ര ച=അവിടെ. കേഷുചിൽ പ്രാസാ............താനേഷു=ചിലർ പ്രാസാദശുദ്ധി (ദേവന്റെ വാസസ്ഥാനത്തിലെ ശുദ്ധി) തുടങ്ങിയ ശുദ്ധികൎമ്മങ്ങൾ വഴിപോലെ ചെയ്യുന്നതിൽ ഏകാഗ്രചിത്തന്മാരായും. പരേഷു വിവിധ...............സാധുലോകേഷു =മററു ചിലർ പലവിധമുള്ള ഹോമസമൂഹങ്ങളിൽ ഏററവും ഹോമിക്കപ്പെടുന്ന ചമതകൾകൊണ്ടും ഹവിസ്സുകൊണ്ടും വഴിപോലെ വൎദ്ധിച്ച അഗ്നിയുടെ ധൂമപടലത്തിന്റെ സൌരഭ്യത്തിന്റെ ദീൎഘഘ്രാണംകൊണ്ട സജ്ജനസമൂഹങ്ങളെ സന്തൎപ്പണം ചെയ്യുവരായും. ദിവാനിശം പ്രവൎത്തമാനേഷു (സൽസു)=രാപ്പകൽ പ്രവൎത്തിക്കുന്നവരായിരിക്കുമ്പോൾ. പുനരന്യേഷു=പിന്നെച്ചിലർ (അഭിപൂരയൽസു എന്നതിനോട യോജന). സ്വൎണ്ണദീ...... ........ജലാനി=ഗംഗ, യമുന, പ്രയാഗ, ഗോദാവരി, ഗോകൎണ്ണം, കാവേരി, അഗസ്ത്യതീൎത്ഥം, പാപനാശിനി, ദക്ഷിണഗംഗ (പേരാറ്),ചൂൎണ്ണി, ഫാല്ഗുനം, വല്ക്കലം, താമ്രപൎണ്ണി, ധനുഷ്കോടി മുതലായ പുണ്യതീൎത്ഥങ്ങളിലെ ജലങ്ങളെ. നിജ............നൈവ=തങ്ങളുടെ ദിവ്യശക്തികൊണ്ട തന്നെ. നിൎവ്യാജം=വ്യാജംകൂടാതെ. സമാനീയ=കൊണ്ടുവന്നിട്ട്. യഥാവിധി വിഹിതനിൎമ്മാണസംസ്കാരേ=വിധിപ്രകാരം നിൎമ്മിക്കുകയും സംസ്കരിക്കുകയും ചെയ്യപ്പെട്ടതായി. മൃദുല........മണ്ഡിതേ=മൃദുവായ പട്ടുകൊണ്ടും മുത്തുവിതാനംകൊണ്ടും അലങ്കരിക്കപ്പെട്ടതായിരിക്കുന്ന, കലശമണിമണ്ഡപേ=കലശം പൂജിക്കാനുള്ള രത്നമണ്ഡപത്തിൽ. സമന്തതഃ=ചുററും. നിരന്തരനിഹിതാസു=ഇടതിങ്ങുമാറു വെക്കപ്പെട്ട. ശാതകുംഭകുംഭീഷു=സ്വൎണ്ണകലശങ്ങളിൽ. അഭിപൂരയൽസു(സൽസു)=നിറക്കുന്ന സമയത്തിങ്കൽ. ചതുരം=ചാതുൎയ്യത്തോടുകൂടി (ക്രി. വി). ഇതരേഷു=മററു ചിലർ. ദേവതാ............കൎമ്മഠേഷു (സൽസു)=ദേവതാശക്തിയെ ആവാഹിക്കൽ, പഞ്ചോപഹാരങ്ങളേയും നൈവേദ്യത്തേയും സമൎപ്പിക്കൽ മുതലായ കൎമ്മങ്ങളിൽ

നിപുണന്മാരായി ഏൎപ്പെട്ടിരിക്കുന്ന സമയത്തിൽ. ഗംഭീര............ ദന്തരേ=ഗംഭീരങ്ങളായ പെരുമ്പറ, മദ്ദളം,കാഹളം,കൊമ്പു്, മൃദംഗം, ശംഖം, നിസ്സാണം മുതലായ വാദ്യങ്ങളുടെ ശബ്ദങ്ങളെക്കൊണ്ടു ദിക്കുകളുടെ മധ്യങ്ങളെ പൂരിപ്പിച്ചതായി. പരിതുഷ്ട............... ഘോഷേ=സന്തുഷ്ടനായ ബ്രഹ്മാവിൻെറ നാലു മുഖങ്ങളാൽ ഉച്ചരിക്കപ്പെടുന്ന വേദഘോഷത്തോടുകൂടിയതായി. വൽമീക............ഭാരതേ =വാൽമീകിയാലും വ്യാസനാലും രാമായണവും ഭാരതവും വ്യാകരിക്കപ്പെടുന്നതായി. സകല...........ദുരിതജാതേ=എല്ലാ ഭക്തജനങ്ങളാലും സങ്കീൎത്തനം ചെയ്യപ്പെടുന്ന ശിവൻ, നാരായണൻ, ഹരിഹരൻ (ശങ്കരനാരായണൻ) എന്നിവരുടെ നാമങ്ങളുടെ ഉച്ചാരണത്താൽ പാപസമൂഹങ്ങളെ അകററിയതായി. വാച............വിതേ=ബൃഹസ്പതിയാലും സുബ്രഹ്മണ്യനാലും വഴിപോലെ നോക്കപ്പെട്ടതായിരിക്കുന്ന. സുമുഹൂൎത്തേ=നല്ല മുഹൂൎത്തത്തിൽ. നിൎമ്മ...........ബുഭിഃ അഭിഷിക്തഃ=നിൎമ്മലങ്ങളായ ബ്രഹ്മകലശജലങ്ങളെക്കൊണ്ടു് അഭിഷേകം ചെയ്യപ്പെട്ട. വികച...........മാലാലംകൃതം=വികചങ്ങളായ (വിരിഞ്ഞ) വിചകിലം (മുല്ല) മാലതി (പിച്ചകം) മല്ലിക മുതലായി വികസ്വരങ്ങളും (പ്രകാശിക്കുന്ന) ആയിരിക്കുന്ന പുഷ്പങ്ങളുംകൊണ്ടുള്ള മാലകളംകൊണ്ടലങ്കരിക്കപ്പെട്ട. ജാജ്വല്യമാന............ ഭോഗം=ഏററവും ജ്വലിക്കുന്ന രത്നദീപസമൂഹങ്ങളുടെ പ്രകാശംകൊണ്ടു മനോഹരമായ ആഭോഗമഹിമാതിശയത്തോടുകൂടിയ. ഭഗവതാം ത്രിതയം=മൂന്നു ഭഗവാന്മാരെ. മുകു...........പുടാഃ=കൈകളുംകൂപ്പിയ. സകലലോകാഃ=എല്ലാ ജനങ്ങളും. ജഗദനുഗ്രഹോന്നിദ്രാണം=ലോകാനുഗ്രഹത്തിൽ ഉണൎന്നിരിക്കുന്ന (ഭഗവതാം ത്രിതയം എന്നതിൻെറ വിശേഷണം) അദ്രാക്ഷുഃ=ദൎശിച്ചു. ചില മുനീന്ദ്രന്മാർ പ്രാസാദശുദ്ധി മുതലായ ശുദ്ധികൎമ്മങ്ങളും വഴിപോലെ ചെയ്യുന്നതിൽ ഏൎപ്പെട്ടും മററു ചിലർ വിവിധഹോമങ്ങളിൽ ഹോമിച്ച ചമതകളാലും ഹവിസ്സുകളാലും ജ്വലിക്കുന്ന അഗ്നിയിൽനിന്നു പുറപ്പെട്ട ധൂമലേഖയുടെ സൌരഭ്യോദ്ഘ്രാണംകൊണ്ടു് സജ്ജനങ്ങളെ സംതൃപ്തിപ്പെടുത്തിയും രാപ്പകൽ പ്രവൎത്തിച്ചുംകൊണ്ടിരുന്നു. വേറെച്ചിലർ ഗംഗ, യമുന മുതലായ പുണ്യതീൎത്ഥങ്ങളിലെ ജലങ്ങളെ തങ്ങളുടെ ദിവ്യമായ അനുഭവത്താൽത്തന്നെ കൊണ്ടുവന്നു് വിധിപ്രകാരം നിൎമ്മിച്ച സംസ്കരിച്ചു് മൃദുവായ പട്ടുകൊണ്ടും മുത്തുവിതാനംകൊണ്ടുമലങ്കരിച്ച കലശ

മണ്ഡപത്തിൽ ചുററും നിരത്തിവെച്ച സ്വൎണ്ണകലശങ്ങളിൽ നിറച്ചും കൊണ്ടിരുന്നു. ഇനിച്ചിലർ ദേവതാശക്തിയെ ആവാഹിക്കുക, പഞ്ചോപഹാരങ്ങൾ ചെയ്യു, നൈവേദ്യം നിവേദിക്കുക മുതലായ കൎമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഭേരീമദ്ദളാദികളായ വാദ്യങ്ങളുടെ ഘോഷം ദിക്കുകളിലെങ്ങും മുഴങ്ങി. സന്തുഷ്ടനായ ബ്രഹ്മാവു് നാലു മുഖങ്ങളെക്കൊണ്ടും വേദങ്ങൾ ഘോഷിച്ചു, വാൽമീകി രാമായണവും വ്യാസൻ മഹാഭാരതവും വ്യാകരിച്ചു. ഭക്തജനങ്ങൾ ശിവനാരായണ ഹരിഹരാദിനാമസങ്കീൎത്തനങ്ങൾ ചെയ്തു. ഇങ്ങനെയെല്ലാമിരിക്കെ, ബൃഹസ്പതിയും സുബ്രഹ്മണ്യനും വഴിപോലെ നിരൂപിച്ചുണ്ടാക്കിയ ശുഭമുഹൂൎത്തത്തിൽ പരിശുദ്ധങ്ങളായ ബ്രഹ്മകലശജലങ്ങൾകൊണ്ടു മൂന്നു ദേവന്മാരേയും അഭിഷേകം ചെയ്തു. അനന്തരം മുല്ല, പിച്ചകം, മല്ലിക മുതലായവയുടെ പൂക്കൾകൊണ്ടുള്ള മാലകൾ ചാൎത്തിയും രത്ന ദീപപ്രഭകൾകൊണ്ടു ശോഭിച്ചുമിരിക്കുന്നവരും ലോകാനുഗ്രഹത്താൽ ജാഗരൂകരുമായ മൂന്നു ദേവന്മാരേയും ജനങ്ങൾ കൈക്കൂപ്പി ദൎശിച്ചു.

83. ഋദ്ധാൻ=സമൃദ്ധിയുള്ള. ദേശാനനേകാൻ=വളരെ ദേശങ്ങളെ ബഹു..........താൻ=വളരെ ജനങ്ങൾ ഉള്ള (ദേശവിശേഷണം). ദേവ സാൽകൃത്യ=ദേവന്നധീനങ്ങളാക്കിച്ചെയ്തിട്ടു്. ഹൃദ്യാൻ=ഹൃദയപ്രിയ ങ്ങളായ, നാനോപഹാരാൻ=പല ഉപഹാരങ്ങളെ. ഉദാരാൻ=ഉൽകൃഷ്ട ങ്ങളായ (ഉപഹാരവിശേഷണം). നക്തം=രാത്രിയിൽ. ദേവ........ ചിതം=ദേവൎഷികളുടെ സേവയ്ക്കു യോഗ്യമായ. ധൂപോത്സവം=ത്രൂപ്പു കമഹോത്സവത്തെ. കല്പയിത്വാ=നിശ്ചയിച്ചിട്ടു്. പ്രത്യേകം=ഓരോ രുത്തൎക്കും. ഭാഗി........തി=ഭാഗ്യശ്രീയുടെ ഇരിപ്പിടം (കേരളരാജാ വു്). പ്രീതിം=സന്തോഷത്തെ. പ്രപേദേ=പ്രാപിച്ചു. കലശാഭിഷേ കത്തിന്നുശേഷം ഭാഗ്യവാനായ കേരളരാജാവു് സമ്പത്സമൃദ്ധിയുള്ളവ യും വളരെ ജനങ്ങൾ വസിക്കുന്നവയുമായ അനേകം ദേശങ്ങൾ ദേവ സ്വമായി വിട്ടുകൊടുക്കുകയും, വിശിഷ്ടങ്ങളായ പല നൈവേദ്യാ ദ്യുപഹാരങ്ങൾ നിശ്ചയിക്കയും, രാത്രിയിൽ ദേവൎഷിമാൎക്കു സേവി ക്കുന്നതിന്നുചിതമായ ഒരു ത്രൂപ്പുക ഏൎപ്പെടുത്തുകയുംചെയ്തു് ഏററവും പ്രീതിയെ പ്രാപിച്ചു. കലശം കഴിഞ്ഞാൽ ദേവസ്വമായി സ്വത്തു കൾ നീക്കുക മുതലായവ ചെയ്യണമെന്നു ശാസ്ത്രവിധിയുണ്ടു്.

84. പുഷ്പാരാമങ്ങൾ=പൂന്തോട്ടങ്ങൾ (പള്ളിത്താമം). മണ........ ണാൎത്ഥം=സൌരഭ്യമുള്ള പുഷ്പമാലകൾ അപ്പിക്കുന്നതിനുവേണ്ടി. സമന്താൽ=ചുററും. അഭ്യാശേ=സമീപത്തിൽ. ശില്പചിത്രാം=ശില്പപ്പണിയിൽ നൈപുണ്യമുള്ള. വ്യതനുത=ഉണ്ടാക്കി. പടലീം=സമൂഹത്തെ. വിഷ്ണു...........യാനാം=വിഷ്ണുദാസഗൃഹങ്ങളുടെ (പടലീം എന്നതിനോടു യോജന).നാലാശകളിൽ=നാലു ദിക്കുകളിൽ. വിധി ........ത്തൈ്യ=വിധിനിഷേധങ്ങളുടെ (ക്ഷേത്രത്തിലെ കൎത്തവ്യാകൎത്തവ്യങ്ങളുടെ) പ്രവൃത്തിക്കു്. ധൃതപ്രാഗൽഭ്യം=പ്രഗൽഭതയുള്ള. ദ്വാവിംശതിം ഭൂസു ...........നാം=ഇരുപത്തിരണ്ടു ബ്രാഹ്മണരുടെ ഇല്ലങ്ങളെ. അസൌ=അദ്ദേഹം (കേരളരാജാവു്). ഭാസുരാണാം= ശോഭനങ്ങളായ (ഭവനവിശേഷണം). പൂന്തോട്ടങ്ങൾ നിൎമ്മിച്ചു്, ക്ഷേത്രത്തിലേക്കു സൌരഭ്യഭരിതങ്ങളായ പുഷ്പമാലകൾ അപ്പിക്കുന്നതിനുവേണ്ടി ചുററും അടുത്തായിട്ടു ശില്പവൈദശ്ധ്യമുള്ള വിഷ്ണുദാസന്മാരുടെ ഭവനങ്ങൾ പണിയിച്ചു. (വിഷ്ണുദാസന്മാർ പള്ളിത്താമത്തിൽ മാലവെക്കുകയും അവിടെനിന്നു് ശാന്തിക്കാർ ക്ഷേത്രത്തിലേക്കു മാല എഴുന്നള്ളിക്കുകയും ചെയ്യുന്നു.) ക്ഷേത്രത്തിൽ വിധിനിഷേധങ്ങൾ നടത്തുന്നതിന്നുവേണ്ട വൈദഗ്ദ്ധ്യമുള്ള ഇരുപത്തിരണ്ടു ബ്രാഹ്മണരുടെ ഇല്ലങ്ങളും നാലു ദിക്കുകളിലുമായിട്ടു് ഏൎപ്പെടുത്തി. വിഷ്ണുദാസന്മാൎക്കുള്ള ശില്പസാമൎത്ഥ്യത്തെ അവരുടെ ആലയപടലിയിലും ഭൂസുരന്മാൎക്കുള്ള വിധിനിഷേധപ്രവൃത്തിപ്രഗല്ഭതയെ അവരുടെ ഗൃഹസമൂഹത്തിലും ആരോപിക്കുകയാൽ ഈ വിഷ്ണുദാസഗൃഹങ്ങളിൽ ജനിച്ചവർ എല്ലാവരും ശില്പനിപുണന്മാരും ഭൂസുരഗൃഹങ്ങളിൽ ജനിച്ചവർ മുഴുവനും പ്രഗല്ഭന്മാരുമാണെന്നു സിദ്ധിക്കുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

85. അഗ്രേ=മുമ്പിൽ. വൃഷാണാം പരിവൃഢൻ=വൃഷശ്രേഷ്ഠൻ. ത്രിപുരവിജയിനഃ=ശിവന്റെ. നിത്യസാന്നിദ്ധ്യയോഗാൽ=നിത്യസന്നിധാനമുള്ളതുകൊണ്ടു്. ശിവശ്രീപുരമിതി=ശിവന്റെ ശ്രീപുരമാകയാൽ. ഉൽകൃഷ്ടം=ഉൽക്കൎഷമുള്ള. അത്യത്ഭുതമഹിമ=അത്യാശ്ചര്യമായ മാഹാത്മ്യത്തോടുകൂടിയ. പപ്രഥേ=പ്രസിദ്ധപ്പെട്ടു. പൃഥിവ്യാം=ഭൂമിയിൽ. മുമ്പിൽ വൃഷശ്രേഷ്ഠൻ കണ്ടതുകൊണ്ടു വൃഷ

ക്ഷേത്രമെന്നും, ശിവൻെറ നിത്യസാന്നിദ്ധ്യമുള്ളതുകൊണ്ടു തെക്കും കൈലാസമെന്നും, ശിവൻെറ ശ്രീപുരമാകകൊണ്ടു തൃശ്ശിവപേരൂരെന്നും ആ ക്ഷേത്രം ഭൂമിയിൽ പ്രസിദ്ധിയെ പ്രാപിച്ചു.

ശുഭം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M03 *Acc. No.* 38156

This book should be returned on or before the date last stamped below.

13 SEP 1985

M03 38156

കേരളസാഹിത്യഅക്കാദമി
[illegible]